...YALAM READERS

Authorised by the Government of Travancore
and prescribed for use in schools
by the Director of Public Instruction, Travancore

FOURTH READER

MACMILLAN & CO., LTD.
BOMBAY

Price: 6 As. 9 P. വില: ൬ണ. ൯പൈ

208

T.S 164

L. G. T. School
Kottayam

155

51

LABEL FOR LIBRARY BOOKS.

1. Name of School
2. General Stock No. 164
3. Division or classified No. ——
4. Section.
5. When added.
6. Price (Nett.) 12

C. P. P. 440. Edn. 2. 58,000. 12-5- 116.

MALAYALAM

FOURTH READER

മലയാള

നാലാംപാഠപുസ്തകം

SPECIALLY COMPILED FOR ELEMENTARY SCHOOLS IN TRAVANCORE
AND APPROVED FOR USE IN CLASS IV
BY THE DIRECTOR OF PUBLIC INSTRUCTION, TRAVANCORE.

MACMILLAN & CO., LIMITED:
LONDON, BOMBAY, CALCUTTA, AND MADRAS
1918

All Rights reserved.

Price: { 12 Chuckrams. / 6 As. 9 Ps.

വില: ൧൨ ചക്രം.

PRINTED AT THE BASEL MISSION PRESS, MANGALORE

അനുക്രമണിക.

പാഠം.		പുറം.
1.	ആരോഗ്യം	5
2.	സ്വരാജ്യസ്നേഹവും ധർമ്മബോധവും	9
3.	വിദ്യുച്ഛക്തിയാലുള്ള കമ്പിത്തപാൽ	12
4.	ഒരു പ്രാർത്ഥന	16
5.	ന്യായം നടത്തുന്ന മണി	18
6.	മാണ്ഡവ്യചരിതം	21
7.	ധീരോദാത്തത	24
8.	പരോപകാരം ചെയ്ത സ്ത്രീകൾ	26
9.	കലികാലം	29
10.	കുഞ്ചൻനമ്പിയാർ	30
11.	ഗദ്യമെഴുത്ത്	35
12.	മേഘോപാലംഭം	38
13.	താതോപദേശം	41
14.	മനുഷ്യൻ	44
15.	അനുപമൻ എന്ന മഹർഷി	49
16.	ഘനം അല്ലെങ്കിൽ ഗുരുത്വം	53
17.	കപടവൃത്തിയുടെ ഫലം	56
18.	പുരാതനഹിന്ദുക്കളുടെ രാജ്യഭാരക്രമം	60
19.	ഗാന്ധാരീവിലാപം	64
20.	ദഹനം (ഒന്നാം ഭാഗം)	68
21.	ദഹനം (രണ്ടാം ഭാഗം)	73
22.	ഓണത്തെക്കുറിച്ചു ചില ഐതിഹ്യങ്ങൾ	77
23.	അച്ചടിയന്ത്രം	81
24.	അഗസ്ത്യനിശ്രേണി	86
25.	ബുദ്ധിശക്തി	89
26.	ഒരു തിരുനാൾ ആഘോഷം	92
27.	പരിപക്വജീവിതം	98
28.	ശിവസമുദ്രത്തെക്കുറിച്ച് ഒരു ഐതിഹ്യം	101
29.	വില	104

പാഠം.		പുറം.
30.	ഒരു അനുശോചനം	110
31.	കൈയ്	112
32.	താൻ കുഴിച്ച കുഴിയിൽ താൻ തന്നെ ചാടും	116
33.	ജന്തുക്കളുടെ ബുദ്ധിചാതുര്യം	118
34.	നന്മക്കു നാശമില്ല (ഒന്നാം ഭാഗം)	123
35.	" " (രണ്ടാം ഭാഗം)	127
36.	" " (മൂന്നാം ഭാഗം)	131
37.	ശ്രീവഞ്ചിമഹീശരഥാരോഹണം	135
38.	അന്ധവിശ്വാസം (ഒന്നാം ഭാഗം)	137
39.	" (രണ്ടാം ഭാഗം)	145
40.	ആഹാരം	149
41.	കർത്തവ്യകർമ്മം	152
42.	ആസന്നമരണനായ ഒരു കൃമി	155
43.	സീതാന്വേഷണം	159
44.	അനുമാനം	161
45.	കൂലി അല്ലെങ്കിൽ ശമ്പളം	168
46.	ഇന്ദ്രജിത്തിന്റെ മായാസീതാവധം	172
47.	ഇംഗ്ലണ്ടിലെ ഇറയിലിയും രാജ്യഭരണവും	178
48.	വിവേകം	181
49.	ഭിക്ഷുർ	186

164
TS
ആരോഗ്യം

നാലാംപാഠപുസ്തകം.

പാഠം ൧.

ആരോഗ്യം.

ആരോഗ്യത്തെക്കുറിച്ചും അതു നേടേണ്ട മാൎഗ്ഗത്തെക്കുറിച്ചും പലരും ഒട്ടുവളരെ എഴുതുകയും പറകയും ചെയ്തിട്ടുണ്ട്. ആരോഗ്യമെന്നുവെച്ചാൽ എന്താണെന്ന് ഒന്നാലോചിച്ചു നോക്കുവാൻ നിങ്ങൾക്കു തോന്നിയിട്ടുണ്ടോ? അകത്തുള്ള ചക്രങ്ങളും മററും കേടു കൂടാതെ ഇരിക്കുന്ന കാലത്തോളം ശരിയായി നടക്കുന്ന ഒരു മണിയോടു നമുക്കു ദേഹത്തെ ഉപമിക്കാം; എന്നാൽ ചക്രങ്ങളുടെ ഇടയിൽ വല്ല പൊടിയോ മണ്ണോ കയറാൻ ഇടയായി എന്നു വിചാരിക്കുക; ഉടനെ അതെടുത്തു മാററി തുടച്ചു ശരിയാക്കിയില്ലെങ്കിൽ, മണിക്കു കേടു പററുന്നു; അതു് ഓടുകയില്ല. നമ്മെ ജീവിക്കുന്നതിന്നു സഹായിക്കുന്ന അന്തരവയവങ്ങളോടു മിക്കവാറും തുല്യമാകുന്നു മണിയിൽ കാണുന്ന ചക്രങ്ങൾ മുതലായ വേലകൾ. അവ കേടു കൂടാതെ പ്രവൎത്തിച്ചുകൊണ്ടിരിക്കുന്ന കാലത്തോളം നമുക്ക് ആരോഗ്യമുണ്ടെന്നു പറയാം. അവ തങ്ങളുടെ പ്രവൃത്തി ചെയ്യാതിരിക്കുന്ന പക്ഷം, നമുക്കും ആരോഗ്യമില്ലെന്നോ രോഗമുണ്ടായിരിക്കുന്നുവെന്നോ വേണം അൎത്ഥമാക്കാൻ. അതിനാൽ യാതൊരു കേടും കൂടാതെ അവയവങ്ങൾ തങ്ങളുടെ പ്രവൃത്തികളെ ശരിയായി നിൎവഹിക്കുന്നതിലാണ് ആരോഗ്യം അന്തൎഭവിച്ചിരിക്കുന്നതു് എന്നു പറയാം.

സുഖജീവിതത്തിന് ആരോഗ്യം എത്രമാത്രം ആവശ്യമാണെന്നു പ്രത്യേകിച്ചു പറയേണ്ടതില്ല. അന്തരവയവങ്ങൾ

ശരിയായി പ്രവൎത്തിക്കാതേയും തിന്നുന്ന ആഹാരത്തിനു ദഹനം ഉണ്ടാകാതേയും ഇരുന്നാൽ മഹാഭാഗ്യവാന്മാരുടെ പോലും ജീവിതം ദുഃഖസമ്മിശ്രമായിട്ടേ ഇരിക്കൂ. ആരോഗ്യമില്ലായ്മ നിമിത്തം കഷ്ടപ്പാടുകൾ നേരിടുകയും കോപാദിവികാരങ്ങൾ മൂൎഛിക്കയും ചെയ്യുന്നു. കൂടക്കൂടെ ദീനം പിടിപെടുകയാൽ ഉണ്ടാകുന്ന അനാവശ്യച്ചിലവും സാരമില്ലാത്തതല്ല. ചിലപ്പോൾ വെളിയിൽ പോയി വേല ചെയ്തു കാലക്ഷേപത്തിനുള്ള വഴി നേടേണ്ട ആളായിരിക്കും ദീനത്തിൽ പെടുക; അതിനാൽ പണം ധാരാളം ചിലവുള്ള ആ കാലങ്ങളിൽ കുടുംബം ദാരിദ്ര്യദുഃഖമനുഭവിക്കാൻ ഇടയാകുന്നു. ഇതിലൊക്കെ വലുതായ ദോഷം, ദേഹത്തിന് ആരോഗ്യമില്ലെങ്കിൽ മനസ്സിനും ആരോഗ്യമില്ലാതിരിക്കുക എന്നുള്ളതാണ്. ആരോഗ്യകാലത്ത് എന്നതുപോലെ ദീനകാലത്തു തലച്ചോറും പരിശുദ്ധമായിരിക്കയില്ല; നല്ല ദഹനശക്തിയും രക്തപരിവാഹവും ഇല്ലാതിരുന്നാൽ തലച്ചോറു ക്ഷീണിച്ച് ആലോചനാശക്തി മങ്ങിപ്പോകുന്നു.

ആരോഗ്യത്തിൻെറ മാഹാത്മ്യവും അത്യന്താവശ്യകതയും അറിയുന്നതിന് ഇത്രയും പറഞ്ഞതുകൊണ്ടു മതിയാകും. നമ്മുടെ സാമാന്യമായ സുഖത്തിനും ഗുണത്തിനും ആരോഗ്യം എത്രത്തോളം അത്യന്താപേക്ഷിതമാണെന്നു വിവരിച്ചു കഴിഞ്ഞുവല്ലോ. ഇനി അതിനെ പരിപാലിക്കേണ്ടത് എങ്ങനെയാണെന്ന് ആലോചിച്ചുനോക്കാം; എന്തെന്നാൽ, അതു പൊയ്പോയതിനു ശേഷം, വീണ്ടും സമ്പാദിക്കുന്നതിനു വേണ്ടി സമയവും പണവും വ്യയം ചെയ്യാൻ ഇടയാകുന്നതിനേക്കാൾ അതിനെ സൂക്ഷിച്ചു രക്ഷിക്കുകയാണല്ലോ നന്ന്.

ഒരു നഗരത്തിലെ ജനങ്ങളെ അവരുടെ രക്ഷയ്ക്കായി ഉണ്ടാക്കീട്ടുള്ള നിയമങ്ങൾകൊണ്ടു ഭരിക്കുന്നതുപോലെ,

മാനുഷശരീരത്തെ ആരോഗ്യരക്ഷാൎത്ഥം നിൎമ്മിച്ചിട്ടുള്ള നിയമങ്ങൾകൊണ്ടു ഭരിക്കേണ്ടതാകുന്നു; രാജശാസനങ്ങൾക്കു വിപരീതമായി പ്രവൎത്തിക്കുന്നവരെ പ്രായശ്ചിത്തംകൊണ്ടോ ബന്ധനംകൊണ്ടോ ശിക്ഷിച്ചുവരുന്ന പ്രകാരം, ആരോഗ്യനിയമങ്ങളെ ലംഘിക്കുന്നവരെ വേദനകൊണ്ടോ കഷ്ടതകൊണ്ടോ അല്ലെങ്കിൽ രോഗംകൊണ്ടോ ശിക്ഷിച്ചുവരുന്നുണ്ടു്.

ആരോഗ്യനിയമങ്ങൾ എന്തെല്ലാമാണ്? പോഷകവും വിഹിതവും ആയ ഭക്ഷ്യപേയാദികളെ വേണ്ടിടത്തോളം ദേഹത്തിന് നൽകിക്കൊണ്ടിരിക്കാത്തപക്ഷം, അതു വേഗത്തിൽ ക്ഷീണിച്ചുപോകുന്നു. അതിനാൽ ആരോഗ്യനിയമങ്ങളിൽ വച്ചു പ്രാധാന്യം ഭക്ഷണത്തിനു തന്നെ ആകുന്നു. ഉചിതമായ വിധത്തിൽ വസ്ത്രധാരണം ചെയ്യേണ്ടതും ആരോഗ്യത്തിന് അത്യന്തം ആവശ്യകമാണ്. ആവശ്യമുള്ളിടത്തോളം വസ്ത്രങ്ങൾ ധരിക്കാതിരിക്കയാൽ ഉണ്ടാകാറുള്ള കടുത്ത രോഗങ്ങൾക്കോ ചിലപ്പോൾ നേരിടാറുള്ള മരണങ്ങൾക്കു തന്നെയോ ഒരു കൈയും കണക്കുമില്ല.

ശുദ്ധവായു വേണം ശ്വസിക്കുന്നതിന് എന്ന സംഗതി ഒരു നിമിഷംപോലും മറന്നുകളയത്തക്കതല്ല. ആരോഗ്യത്തിന് മാത്രമല്ല, ജീവിച്ചിരിക്കുന്നതിന് തന്നെയും ശുദ്ധവായു എത്രമാത്രം ആവശ്യകമാണെന്ന് അറിയണമെങ്കിൽ, വായും മൂക്കും ഒന്നായി അടച്ചു പിടിച്ചു ശ്വാസം വിടാതെ കുറേ നേരം ഇരിക്കുവാൻ ശ്രമിച്ചുനോക്കുക. ഒന്നോ രണ്ടോ നിമിഷം കഴിയുന്നതിന് മുമ്പിൽ നിങ്ങൾക്കു ശ്വാസം മുട്ടുകയും ദേഹത്തിന് അത്യന്തം ആവശ്യപ്പെട്ട ശുദ്ധവായുവിനെ കുറെ ഏറെ നിങ്ങൾ വലിച്ചെടുക്കുകയും ചെയ്യും.

ശുദ്ധവായുവിനെപ്പോലെതന്നെ ആവശ്യമുള്ളവയാണ്

ച്ചൂട്ടും വെളിച്ചവും. ഇവയിൽ ആദ്യം പറഞ്ഞതു നമുക്കു ഉചിതാഹാരങ്ങൾമൂലവും ഉചിതവസ്ത്രധാരണംമൂലവും ലഭിക്കുന്നുണ്ടു; മറ്റേതു വായുമണ്ഡലത്തിൽനിന്നു കിട്ടുന്നതാണ്. ദേഹത്തിന് വേണ്ട ചൂടില്ലാതിരുന്നാൽ, ശരീരധാതുക്കൾ മുറയ്ക്കു വേലചെയ്യുകയില്ല; വെളിച്ചം ഏല്ക്കാതിരുന്നാൽ സസ്യാദികൾക്കുപോലും തഴച്ചുവളരാൻ പ്രയാസം.

വ്യായാമവും ആരോഗ്യത്തിന് കൂടിയേ തീരൂ എന്നുള്ളതാണ്. വ്യായാമം ഇല്ലാതിരുന്നാൽ ഞരമ്പുനാരുകളും ശരീരശക്തിയും ക്ഷയിച്ചുപോകുന്നതാകുന്നു. ഉപയോഗിക്കാതെ ഇട്ടിരിക്കുന്ന മേദസ്സുകൾ ക്ഷീണിച്ചുപോകയും തടിച്ചു തുങ്ങുകയും ചെയ്യുന്നു; എന്നു മാത്രമല്ല, ഉപയോഗപ്പെടുത്താത്ത മാനസികശക്തികൾ മുരടിച്ചുപോകുന്നതു കൂടാതെ, വാസ്തവത്തിൽ അവയ്ക്കു ക്ഷയം സംഭവിക്കയും ചെയ്യും.

വ്യായാമത്തെ തുടൎന്നു വിശ്രമവും വേണ്ടതാണ്. ഈ സംഗതി വിസ്മരിച്ചു പ്രവൎത്തിക്കുന്ന കൂലിക്കാരും മറ്റും, ഒടുവിൽ ആ വിസ്മൃതിയുടെ ഫലം അനുഭവിച്ചു കഷ്ടപ്പെടുകയും, അപ്പോൾ ആരോഗ്യസംരക്ഷണത്തിന് അതെത്രമാത്രം ആവശ്യമാണെന്നു ധരിക്കയും ചെയ്യുന്നു.

ആരോഗ്യസമ്പാദനത്തിൽ സ്വഭാവകരണത്തിന് നാം വിചാരിക്കുന്നതിലധികം പ്രസക്തിയുണ്ടു്. സത്സ്വഭാവം ക്ഷീണന്മാരെ ബലവാന്മാരാക്കുകയും, ദുസ്സ്വഭാവം ബലവാന്മാരെ ക്ഷീണന്മാരാക്കുകയും ചെയ്യുന്നു.

ശുചിത്വം ആരോഗ്യത്തിനു കൂടിയേ തീരൂ എന്നില്ലെന്നു ആരും പറയുകയില്ല. വൃത്തികേട് ദീനത്തെ ക്ഷണിച്ചു വരുത്തുന്നു; ശുചിത്വം അതിനെ അകറ്റുന്നു. വൃത്തികേടുകൊണ്ടു് ഉളവാകുന്ന ദീനം അതുണ്ടായ സ്ഥലത്തുതന്നെ നില്ക്കാതെ പകരുന്നതിനാൽ, ശുചിത്വം നമ്മുടെ അയൽക്കാരുടെ നേക്കു നാം അനുവൎത്തിക്കേണ്ട ഒരു ധൎമ്മവും

ആകുന്നു; എന്തെന്നാൽ, വൃത്തികെട്ട ഓരോ മനുഷ്യനും ജനസാമാന്യത്തിനു പരക്കെ ആപത്തു വരുത്തിവെയ്ക്കുന്നവനാണല്ലോ.

ഇവയാണ് ആരോഗ്യസംരക്ഷണനിയമങ്ങൾ. ഇവയെ അറിഞ്ഞു നാം അനുവൎത്തിക്കണം. ദീനങ്ങളുടെ ആക്രമത്തെ മുടക്കാൻ ഈ ഒരു വഴിയേ ഉള്ളു.

പാഠം ൨.

സ്വരാജ്യസ്നേഹവും ധൎമ്മബോധവും.

യൂറോപ്പുഭൂഖണ്ഡത്തിന്റെ ഉത്തരഭാഗത്തു ഹാളൻഡ് എന്നൊരു രാജ്യമുണ്ട്. ഈ പേരിന്റെ അൎത്ഥം തന്നെ ഹാളോ ലാൻഡ് (താണ ഭൂമി) എന്നാണ്. ഈ രാജ്യം സമുദ്രനിരപ്പിൽനിന്ന് ഏതാനും അടികൾ താണു സ്ഥിതിചെയ്യുകയാൽ ഉള്ളിലേക്കു ജലം കടന്നു ശല്യം ചെയ്യാതിരിക്കുന്നതിനുവേണ്ടി കടലോരങ്ങളിൽ ബലമേറിയ മതിലുകളാൽ സംരക്ഷിക്കപ്പെട്ടിരിക്കുന്നു. പട്ടണത്തിലേ ഗതാഗതമാൎഗ്ഗങ്ങൾ എല്ലാം ചെറുതോടുകൾ ആകുന്നു. ഈ തോടുകളിൽ ജലദുൎഭിക്ഷമുണ്ടാകുന്ന കാലങ്ങളിൽ ആവശ്യമുള്ളിടത്തോളം വെള്ളം കയറ്റുന്നതിനും മറ്റുമായി അണയിൽ അവിടവിടെ ചീപ്പുകളും നിൎമ്മിക്കപ്പെട്ടിട്ടുണ്ട്. ഇങ്ങനെ ഉണ്ടാക്കിയിരിക്കുന്ന ചീപ്പുകളിൽ വല്ല ഉടവുകളോ മറ്റോ വീഴുന്നുണ്ടോ എന്നു സൂക്ഷിക്കുന്നതിനും വെള്ളം കയറ്റുന്നതും ഇറക്കുന്നതും ക്രമപ്പെടുത്തുന്നതിനും ആയി സൎക്കാരിൽനിന്ന് അനവധി കാവൽക്കാരെ നിയമിച്ചിട്ടുണ്ട്.

ഒരു ദിവസം ഉച്ചസമയത്ത് ഏതാനും ബാലന്മാർ വള്ളം കളിച്ചു രസിക്കാനായിട്ടു തോട്ടരികത്തു പോയി. ധാരാളം തോടുകളും കായലുകളും ഉള്ള നമ്മുടെ രാജ്യത്തു വള്ളം

കളി ബാലന്മാൎക്കും വൃദ്ധന്മാൎക്കും ഒരു വ്യായാമമാൎഗ്ഗവും വിനോദമാൎഗ്ഗവും ആയിത്തീൎന്നിട്ടുണ്ടല്ലോ. ഇതു തന്നെയാണ് ആ ദിക്കിലും അവസ്ഥ. അവർ അത്യുത്സാഹമായി വള്ളം കളിച്ചു രസിച്ചു. നേരം സന്ധ്യയാകാറായി. ദിക്കെങ്ങും ക്രമേണ അന്ധകാരം വ്യാപിച്ചുതുടങ്ങി. ജോലിക്കാർ അവരവരുടെ പണി നിറുത്തി ഭവനങ്ങളിലേക്കു പുറപ്പെടുവാൻ ആരംഭിച്ചു. ആ സമയത്തു നമ്മുടെ ബാലന്മാരും കളി നിറുത്തി ആയാസം തീൎക്കുന്നതിനായി സമുദ്രതീരത്തുള്ള സേതുവിന്മേൽ കയറി കാറേറൽക്കുവാൻ പുറപ്പെട്ടു. അവർ അവിടെ എത്തി ഓരോ നേരംപോക്കുകളും പറഞ്ഞു ഉലാത്തിക്കൊണ്ടു നില്ക്കവേ, അണയുടെ അടിവാരത്ത് അല്പം അകലെ ആയി മഴ തോൎന്നാൽ വാരിയിൽനിന്നും വെള്ളം ഇററിററു വീഴുന്ന മാതിരിയിൽ ഒരു ശബ്ദം കേൾക്കാറായി. ഈ ഒച്ച കേട്ടിട്ടു കളിഭ്രാന്തന്മാരായ കുട്ടികൾ ആരും വകവെച്ചില്ല; എങ്കിലും ആ കൂട്ടത്തിൽ വച്ച് പ്രായം കുറഞ്ഞവനും മുഖത്തു നോക്കിയാൽ അല്പം ഗൗരവഭാവം തോന്നുന്നവനും ആയ ഒരു ബാലൻ, ബഹുനിസ്സാരങ്ങളായ കാൎയ്യങ്ങൾ പോലും പലപ്പോഴും അത്യനൎത്ഥങ്ങൾക്കു കാരണമായി തീൎന്നിട്ടുണ്ടെന്നും, തീ മുഴുവൻ കെട്ടു എന്നു വിചാരിച്ച് വായിൽനിന്നും വലിച്ചെടുത്തു് അലക്ഷ്യമായി ദൂരത്തെറിഞ്ഞ ചുരുട്ടിന്റെ അററത്തു ചാരം പൊതിഞ്ഞു കാണ്മാൻ പാടില്ലാതിരുന്ന കടുകിൻ പ്രമാണമായ കനൽ ചില സന്ദൎഭങ്ങളിൽ ഒരു മഹാ നഗരത്തേപ്പോലും ഭസ്മീകരിച്ചു നാമാവശേഷമാക്കിയേക്കാമെന്നും ഉള്ള പരമാൎത്ഥങ്ങളെ ധരിച്ചിട്ടാണോ എന്നു തോന്നുമാറു്, മററു കുട്ടികളെ വിട്ടുപിരിഞ്ഞു പെട്ടെന്ന് ആ ശബ്ദം പുറപ്പെടുന്ന സ്ഥലത്തെത്തി പരിശോധിച്ചു. അപ്പോൾ അവിടെ അണയുടെ മേൽവശത്തുനിന്ന് ഒരുഞൊടി താഴത്തായി, കടൽത്തീരത്തിൽ

മണലിൽ ഞണ്ടു തുളയ്ക്കുന്ന ദ്വാരങ്ങളിൽനിന്ന് അല്പം ചെറുതായ ഒന്ന് ആ മതിലിൽ വീണിരിക്കുന്നതും, അതിൽക്കൂടി വെള്ളം തുള്ളിതുള്ളിയായി അകത്തേയ്ക്ക് ഊറുന്നതും അയാൾ കണ്ടു. ആ ദ്വാരം അടച്ച് ആ ഊററു തടുത്തില്ലെങ്കിൽ, അന്നു രാത്രികൊണ്ടു തനിക്കും തൻെറ കുടുംബത്തിനും പ്രത്യേകമായും, രാജ്യത്തിന് പൊതുവേയും നേരിടാവുന്ന അത്യാപത്തിനേപ്പററി ആ ബാലൻ ഓൎത്തു. സമീപത്തുള്ള അണമേൽ വിചാരിപ്പുകച്ചേരിയിൽ ചെന്ന് വിവരം ധരിപ്പിച്ചു വേണ്ട മുൻകരുതലുകൾ ചെയ്യിച്ചിട്ടു വീട്ടിലേക്കു മടങ്ങാമെന്നു വിചാരിച്ചു ബാലൻ അങ്ങോട്ട് ഓടി. അവിടെ ചെന്നപ്പോൾ കച്ചേരി അടച്ചിരുന്നു. ഇതു കണ്ട് എന്താണു ചെയ്യു എന്ന് അമ്പരന്ന ബാലൻ തിരിച്ച് ഓടി. അപ്പോൾ നേരം നല്ലപോലെ ഇരുട്ടി. തൻെറ കൂട്ടുകാരെ അവിടെ എങ്ങും കാണ്മാനില്ലായിരുന്നു. ബാലൻ വിഷമിച്ചു.

ഏതെങ്കിലും രാത്രി റോന്തിന് ആൾ വരാതിരിക്കില്ലെന്നും അതുവരെ ദ്വാരത്തെ തൻെറ കൈകൊണ്ട് അടച്ചു പിടിച്ചുകൊണ്ടിരിക്കാമെന്നും തീൎച്ചപ്പെടുത്തിയിട്ടു ബാലൻ സ്വയം സ്വീകരിച്ച രാജ്യസംരക്ഷണകൃത്യത്തെ നിൎവ്വഹിക്കുന്നതിന് ഒരുമ്പെട്ടു. എത്രതന്നെ അമൎത്തിപ്പിടിച്ചിട്ടും പുറത്തുനിന്നുള്ള തള്ളൽകൊണ്ടു കൈ ഇളകിപ്പോകുന്നതുപോലെയും ദ്വാരം ഒന്നിനൊന്നു വലുതായി വരുന്നതുപോലെയും ബാലന് തോന്നി. അതിനാൽ അവൻ തൻെറ ചൂണ്ടുവിരൽ ആ ദ്വരത്തിൽ കടത്തി ഒരടപ്പായി വച്ചുകൊണ്ടിരുന്നു. കുററാക്കൂററിരുട്ട്; സമുദ്രത്തിൻെറ ഇരപ്പ് ഒഴിച്ചാൽ ചുററിലും ഒരു മഹാനിശ്ശബ്ദത; ബാലന് വിശപ്പും ക്ഷീണവും അതികഠിനം; തണുപ്പോ മഹാദുസ്സഹം; മണിയും എട്ടു കഴിഞ്ഞു ഒൻപതായി; എന്നിട്ടും ആരെയും കാണ്മാനില്ല; ഒരു രണ്ടു മണിക്കൂറു കൂടി ഇങ്ങനെ ഇരിക്കേണ്ടിവന്നാൽ തൻെറ കാൎയ്യം

തീരും എന്ന് അവൻ ഓൎത്തു. എങ്കിലും, പല ആളുകളുടെ നാശത്തിന് കാരണമാകുന്ന ഒരു സംഗതിയെ ഒരാളിന്റെ നാശത്താൽ പരിഹരിക്കാമെങ്കിൽ അതാണു നന്ന് എന്ന തത്വം ഗ്രഹിച്ച ധൎമ്മബദ്ധനായ ആ ബാലൻ നിരാശപ്പെ-ട്ടില്ല. അയാൾ വിരൽകൊണ്ടു ദ്വാരം ഭദ്രമായി അടച്ചു-പിടിച്ചുകൊണ്ടു് അവിടെത്തന്നെ ഇരുന്നു. ഒടുവിൽ ഉറക്കം കൊണ്ടും ക്ഷീണംകൊണ്ടും അയാൾ മോഹാലസ്യപ്പെട്ടു വീണു. എന്നിട്ടും, ദ്വാരത്തിലിരുന്നു മരവിച്ചുപോയ ആ ചെറിയ വിരൽ ഭാഗ്യംകൊണ്ടു് അവിടെനിന്ന് ഇളകിപ്പോ-യില്ല.. ഇങ്ങനെ നേരം വെളുക്കുന്നതുവരെ അവൻ അവിടെ കിടന്നു. നേരം വെളുത്തപ്പോൾ അവനെ അന്വേഷിച്ചു പുറപ്പെട്ട ആളുകൾ യദൃച്ഛയാ അവിടെ എത്തി. കുട്ടി-യുടെ സ്ഥിതി കണ്ടു പരിതപിച്ചു എങ്കിലും, തലേ ദിവസം രാത്രിയിൽ തങ്ങൾക്കും നാട്ടിനും സംഭവിക്കാമായിരുന്ന അത്യാഹിതത്തെ ഓൎത്തു് അതിനെ പരിഹരിച്ച ആ ബാല-ന്റെ ആത്മപരിത്യാഗത്തേയും ധൎമ്മനിഷ്ഠയേയും അഭിന-ന്ദിച്ചതേയുള്ളു.

ക്ഷണേന ഈ വൎത്തമാനം നാടൊക്കെ പരന്നു. കുട്ടി-യുടെ മോഹാലസ്യം നിശ്ശേഷം നീങ്ങി. അവന്റെ ധീര-തയെ നാട്ടുകാർ കൊണ്ടാടി. അവന് യഥാവസരം രാജ്യ-ത്തിൽ ഒരു ഉന്നതസ്ഥാനം ലഭിക്കയും ചെയ്തു.

പാഠം ൩.

വിദ്യുച്ഛക്തിയാലുള്ള കമ്പിത്തപാൽ.

നവീനശാസ്ത്രത്താൽ സാധിതമായ അനവധി കാൎയ്യ-ങ്ങളിൽ ഏററവും പ്രധാനപ്പെട്ടതു മിന്നൽകമ്പി, അല്ലെ-ങ്കിൽ വിദ്യുച്ഛക്തികൊണ്ടുള്ള കമ്പിത്തപാൽ ഏൎപ്പാടാകുന്നു.

ഇന്ദ്രിയഗോചരമായ സൎവ്വവസ്തുവിലും വിദ്യുച്ഛക്തി മറ-
ഞ്ഞിരിക്കുന്നുണ്ടു്. ഈ ശക്തിയുടെ സ്വഭാവത്തെപ്പററി-
യുള്ള പരിപൂൎണ്ണജ്ഞാനം ഇപ്പോൾ ലോകത്തിന് സിദ്ധി-
ച്ചിട്ടുള്ള ശാസ്ത്രപരിചയംകൊണ്ടു് ഉണ്ടാകുന്നില്ല. വിദ്യു-

ച്ഛക്തിയുടെ സ്വഭാവത്തെക്കുറിച്ചുള്ള അഭിപ്രായങ്ങൾ
എന്തെങ്കിലും ആയിരിക്കട്ടെ; അതിന്റെ സഹായത്താലാ-
ണ് ഭൂലോകത്തിലെ അതിദൂരസ്ഥലങ്ങളായ രാജ്യങ്ങൾക്കു
ക്ഷണമാത്രംകൊണ്ടു വൎത്താനിവേദനം ചെയ്വാൻ കഴിയു-
ന്നതു് എന്നതിനു സന്ദേഹമില്ല.

മിന്നൽകമ്പിപ്രവൎത്തനത്തിന്റെ രീതി യൂറോപ്പിലും
അമേരിക്കയിലും ഭിന്നമായിരിക്കുന്നു. എന്നാൽ കമ്പിയുടെ
ഉഭയാഗ്രങ്ങളിലും ഘടിപ്പിച്ചിട്ടുള്ള യന്ത്രവിശേഷങ്ങളിൽ
ഈ ശക്തിയുടെ പ്രവാഹം തട്ടുമ്പോൾ ഉണ്ടാകുന്ന വികാര-

ത്തിൽനിന്നാകുന്നു വർത്തമാനങ്ങൾ ഗ്രഹിക്കുന്നതു് എന്ന കരംശത്തിൽ രണ്ടു രാജ്യക്കാരുടെ ഏൎപ്പാടുകളും യോജിക്കു-



ന്നുണ്ടു്. മഹത്തായ ഈ ഏൎപ്പാടിന്റെ അതിരസകരമായ ഭാഗം വൎത്തമാനങ്ങൾ സ്വീകരിച്ച് അയക്കുന്ന ആഫീസാണ്. ഒരു വലിയ പട്ടണത്തിലെ കമ്പിആഫീസിലല്ലാതെ മറേറതൊരു സ്ഥലത്താണ് ആളുകൾ രാപ്പകലില്ലാതെ തിക്കിത്തിരക്കി കൂടുന്നതു്? ലോകത്തിന്റെ നാനാഭാഗങ്ങളിൽനിന്നും വന്ന കമ്പികളുംകൊണ്ടു ശീഘ്രപാദന്മാരായ വാൎത്താവാഹകന്മാർ ജനസമ്മൎദ്ദത്തിന്റെ ഇടയിൽ കൂടി തള്ളിക്കയറിപ്പോകുന്നതു കാണേണ്ട ഒരു കാഴ്ച തന്നെയാണ്. സന്താപനിമഗ്നമായ ഒരു കുടുംബം ഒരു ഇഷ്ടബന്ധുവിന്റെ ചരമഗതിയെപ്പററിയുള്ള വൃത്താന്തം അയക്കയായിരിക്കാം; ജയപരാജയവാൎത്തകളെ വഹിച്ചുംകൊണ്ടു യുദ്ധരംഗത്തിൽനിന്നു വരുന്നതായിരിക്കാം മറെറാരു കമ്പി; വേറൊന്നു വിവാഹാദിസന്തോഷവാൎത്താപ്രതിപാദകമായി വരാം. തീവണ്ടിഅപകടം, നെല്ലുവില അധികപ്പെട്ടതു്, ഉണ്ടിയൽക്കട പൊളിഞ്ഞതു് എന്നുവേണ്ട നാനാപ്രകാരത്തിലുള്ള വൎത്തമാനങ്ങളും ഈ ഒരൊററ സ്ഥാപനത്തിൽനിന്നു നാലുപാടും പരക്കുന്നു. കലാപവാൎത്തയെ നിവേദിപ്പിച്ച കമ്പിതന്നെ സമാധാനവാൎത്തയെയും നിവേദിപ്പിക്കുന്നു; ഒരവസരത്തിൽ വിജയത്തെ ഘോഷിച്ച വസ്തുതന്നെ മറെറാരവസരത്തിൽ അപജയത്തെ ഘോഷിക്കുന്നു; സന്തോഷവൃത്താന്തത്തെ കഥിച്ച കമ്പിതന്നെ പെട്ടെന്നു സന്താപവൃത്താന്തത്തേയും കഥിക്കുന്നു.

കമ്പിഏൎപ്പാടിനെ ഇത്രമാത്രം ആശ്ചൎയ്യകരമാക്കിത്തീൎക്കുന്നതു അതിന്റെ പരിണാഹം തന്നെ ആകുന്നു. കമ്പികൊണ്ടു ബന്ധിക്കപ്പെട്ടിട്ടില്ലാതെ പരിഷ്കൃതലോകത്തിൽ ഇപ്പോൾ ഒരിടവുമില്ല. ആസ്ത്രേലിയായിലെ ഉൾനാട്ടുകൾപോലും യൂറോപ്പിലെ അതിദൂരസ്ഥങ്ങളായ ഗ്രാമങ്ങളുമായി ബന്ധിക്കപ്പെട്ടിരിക്കുന്നു. കാനഡയിലെ ഉറഞ്ഞ മഞ്ഞിൽ

സ്ഥാപിതങ്ങളായ കുഗ്രാമങ്ങൾപോലും ദക്ഷിണആഫ്രിക്കയിലെ വെയിലേററു പൊരിയുന്ന നാട്ടിൻപുറങ്ങളുമായി വാൎത്താവിനിമയം ചെയ്യുന്നു. പരിഷ്ക്കാരം വൎദ്ധിപ്പിക്കുന്നതിന് ഒരു മുഖ്യസാധകം മിന്നൽകമ്പിയാകുന്നു. ഇൻഡ്യയിൽ നടക്കുന്ന വിശേഷങ്ങൾ ലണ്ടൻപത്രശാലകളിലെ വാദപ്രതിവാദങ്ങൾക്ക് അതിശീഘ്രത്തിൽ വിഷയമായി ഭവിക്കുന്നു. സെൻറ് ജേയിംസ്മന്ത്രിമന്ദിരത്തിൽ വച്ചു തീൎച്ചപ്പെടുത്തിയ രാജ്യകാൎയ്യങ്ങൾ അടുത്ത നിമിഷത്തിൽ സെൻറ് പീറേറഴ്സ്ബൎഗ്ഗിലെ രാജ്യഭരണനേതാക്കന്മാരെ ചിന്താകുലന്മാരാക്കിത്തീൎക്കുന്നു. പൂൎവകാലങ്ങളിൽ വളരെ നാൾകൊണ്ടു അന്യോന്യം അറിയിച്ചു നിൎവ്വഹിച്ചുവന്ന കാൎയ്യങ്ങൾ എല്ലാം ഇപ്പോൾ അത്യത്ഭുതകരമായ വിദ്യുച്ഛക്തിയുടെ സഹായത്തോടുകൂടി ഏതാനും നിമിഷങ്ങൾകൊണ്ടു സാധിക്കാറായിരിക്കുന്നു. ഇതിനാൽ മനുഷ്യൎക്ക് ഉപകാരപ്രദമായിത്തീൎന്നിട്ടുള്ള പ്രാചീനമോ നവീനമോ ആയ യാതൊരു വിദ്യയിൽനിന്നും ഈ കമ്പിഏൎപ്പാട് ഒട്ടും താണതരത്തിൽ പെട്ടതല്ലെന്നു പറയാവുന്നതാണ്.

പാഠം ൪.

ഒരു പ്രാൎത്ഥന.

അരചൻ ചെന്നഥ തൊട്ടതു നേരം
അരയന്നം താൻ ഝടിതിയുണൎന്നു,

"അരുതരുതെന്നെക്കൊല്ലരുതെ" ന്നും
തെരുതെരെയങ്ങു പറഞ്ഞുതുടങ്ങി:—

"അപരാധത്തെ ചെയ്യാത്തവനെ-
ക്കൃപ കൂടാതെ വധിച്ചെന്നാകിൽ

നൃപതേ! നിന്നുടെ നാടും ധനവും
സപദി നശിക്കുമതോർത്തീടേണം.

പക്ഷികളേക്കൊല ചെയ്തൊരു മാംസം
ഭക്ഷിപ്പാനതിരുചിയുണ്ടാകിൽ.
ഇക്ഷിതിയിൽ പല കുക്കുടമുണ്ടതു
ഭക്ഷിച്ചാലും മതിവരുവോളം.

മാനത്തങ്ങു പറന്നു നടക്കും
ഞാനെന്തൊരു പിഴ ചെയ്തതു നിങ്കൽ?
മാനുഷകുലവരമകുടമണേ! നീ
ഹാനി നമുക്കു വരുത്തീടൊല്ലാ.

എല്ലും തോലും ചിറകും കൊക്കുമി-
തെല്ലാം പോക്കി നുറുക്കിക്കൊണ്ടാൽ
തെല്ലു ഭുജിപ്പാനുണ്ടെന്നും വരു-
മില്ലെന്നും വരുമെന്നുടെ മാംസം.

എന്നുടെ മാതാവിന്നു വയസ്സൊരു
മുന്നൂററു പതിലിപ്പുറമല്ല;
എന്നുവരുമ്പോളവരുടെ ദുഃഖമ-
തെന്നു നശിക്കും? നിഷധനരേന്ദ്ര!

നിന്നുടെ കൈയാൽ മരണം വരുമിനി-
യെന്നു ശിരസ്സിൽ നമുക്കുണ്ടെങ്കിൽ,
എന്നുമൊരുത്തനുമാവതുമല്ലതു
വന്നു ഭവിച്ചാൽ ഖേദവുമില്ലാ;

നമ്മുടെ പിടയും തനയന്മാരും
നമ്മുടെ കുലവും ബന്ധുജനങ്ങളും
അമ്മയുമച്ഛനുമഗ്രജന്മാരും
കമ്മബലാലിതുകാലമൊടുങ്ങും;

അന്നത്തരുണികൾ പണിയും നമ്മുടെ
കന്നൽക്കളിർമൊഴി കാന്തയുമിപ്പോൾ
എന്നുടെ വരവും നോക്കിപ്പുരിചിനൊ-
ട്ടുന്നതദിക്കിലിരുന്നീടുന്നു.

അയ്യോ! നരവര! സാഹസമിങ്ങനെ
ചെയ്യരുതേ! ദുരിതം വരുമെന്നാൽ;
പൊയ്യല്ലൊരുപൊഴുതരുതിതു പരിഭവ-
മിയ്യൽ കണ്ണക്കെ നടക്കുമൊരെങ്കൽ.

കൊന്നാൽ പാപം തിന്നാൽ പോമുട-
നെന്നൊരു വലുതാം മൂഢതയുണ്ടേ,
നിന്നുടെ കരളിലതഴകല്ലേതും
മന്നിൽ മികച്ചൊരു ബുധനല്ലേ നീ!"

പാഠം ൭.

ന്യായം നടത്തുന്ന മണി.

പ്രജാക്ഷേമതൽപരനായ ഒരു മഹാരാജാവു് ഇററലി-രാജ്യത്തിലെ ഒരു ഗ്രാമത്തിൽ സ്ഥാപിച്ചിട്ടുള്ള ഒരു ചന്ത-സ്ഥലത്തു് ഒരു വലിയ മണി കെട്ടിത്തൂക്കി അതിനെ ഒരു നല്ല മേൽപുരകൊണ്ടു കാററും മഴയുമേൽക്കാതെ സൂക്ഷിപ്പിച്ചു ജനങ്ങളെ എല്ലാപേരെയും വിളിച്ചുകൂട്ടി അവരോടു് ഇപ്ര-കാരം പറഞ്ഞു:—"ഇതു ന്യായം നടത്തുന്ന മണിയാകുന്നു. ആക്കെങ്കിലും എന്തെങ്കിലും ആവലാതിയുണ്ടെങ്കിൽ, ചന്ത-സ്ഥലത്തു കെട്ടിയിരിക്കുന്ന ഈ മണി പിടിച്ചടിച്ചേച്ചാൽ മതി, ഞാൻ ആ സങ്കടകാൎയ്യത്തെപ്പററി അന്വേഷിച്ചു ന്യായം പോലെ തീരുമാനിക്കാൻ ഉദ്യോഗസ്ഥന്മാരോടു് ആ-ജ്ഞാപിക്കാം." ഇത്രമാത്രം ഗുണവാനും ന്യായസ്ഥനും

ആയ ഒരു രാജാവിന്റെ രാജ്യഭരണത്തിൽ ജനങ്ങൾക്കു സന്തുഷ്ടിയും സന്തൃപ്തിയും ഉണ്ടാകാനല്ലേ മാൎഗ്ഗമുള്ളു. അവർ യാതൊരു വിധത്തിലുമുള്ള പീഡകളും അനുഭവിക്കാതെ സുഖിച്ചു വാണു. രാജാവു് ആജ്ഞാപിച്ചിരുന്നതുപോലെ, എന്തെങ്കിലും ഒരന്യായം പ്രവൎത്തിക്കപ്പെട്ടാൽ, ക്ഷണേന മണിയുടെ നാദം മുഴങ്ങുകയും, ന്യായമൂൎത്തിയുടെ ഈ ആഹ്വാനം കേട്ടു മന്ത്രിമാരും മററുദ്യോഗസ്ഥന്മാരും സ്ഥലത്തെത്തി പരാതി തീൎത്തുവരികയും ചെയ്തുവന്നു. ഇങ്ങനെ ഏതാനും വത്സരങ്ങൾ കഴിഞ്ഞപ്പോൾ, മണിനാക്കിൽ കെട്ടിയിരുന്ന കയറു കൂടക്കൂടെയുള്ള പെരുമാററംകൊണ്ടു നന്നായി ഉരഞ്ഞു മുറിഞ്ഞു വീണുപോയി. കുറെ നാളത്തേക്കു് അങ്ങനെ എത്താൻ പാടില്ലാത്തവിധത്തിൽ ആ കയറു കിടന്നു. ഒരു ദിവസം അതിലേ പോയ ഒരു പാന്ഥൻ ഒരു പച്ചമുന്തിരിങ്ങാവള്ളി എടുത്തു് ആ കയറോടു് ഏച്ചുകെട്ടി ശരിപ്പെടുത്തി.

ആ നഗരത്തിൽ പ്രസിദ്ധനായ ഒരു ജന്മി വസിച്ചിരുന്നു. അദ്ദേഹം ചെറുപ്പകാലത്തു് ഒരു വലിയ വേട്ടക്കാരനായിരുന്നതുകൊണ്ടു് വീട്ടിൽ ഒട്ടുവളരെ നല്ല കുതിരകളും നായാട്ടുപട്ടികളും ഉണ്ടായിരുന്നു. നായാട്ടുഭ്രമംകൊണ്ടും ദുൎജ്ജനസഹവാസംകൊണ്ടും സ്വത്തു ക്ഷയിക്കയാൽ, അദ്ദേഹം മഹാ ലുബ്ധനായി തീൎന്നു. നായ്ക്കളെയും വനങ്ങളെയും എല്ലാം വിററു പണമാക്കി. ഒരു കുതിരയെ ഒഴിച്ചു മറെറല്ലാം അദ്ദേഹം വിററു. അതും ആഹാരമൊന്നും കിട്ടാതെ ലായത്തിൽ പട്ടിണികിടക്കയായിരുന്നു. എന്തിനു്? വല്ലപ്പോഴും വല്ലതും കൊടുത്തുവന്നിരുന്ന പതിവും അദ്ദേഹം നിറുത്തലാക്കി. ഒടുവിൽ കുതിരയെ തെരുവിൽ അലഞ്ഞു മേയുന്നതിനു് അഴിച്ചുവിട്ടു. ആ സാധുമൃഗം തീററി കിട്ടാതെയും, ഉടമസ്ഥനില്ലാതെയും, തേച്ചു തുടച്ചു മാലീസു

കൊടുക്കാൻ ആളില്ലാതെയും ആയി വളരെ കഷ്ടപ്പെട്ടു പലേടത്തും അലഞ്ഞു തിരിഞ്ഞു.

ഒരുദിവസം ഉച്ചതിരിഞ്ഞു് ഉദ്ദേശം നാലുമണി സമയത്തു ന്യായം നടത്തുന്ന മണിയുടെ ധ്വനി കേൾക്കായി. ആ വലിയ മണി അടിച്ചുകൊണ്ടിരുന്ന ആപണവീഥിയിൽ മന്ത്രി ശീഘ്രത്തിൽ എത്തി, "ആക്കാണു് സങ്കടമുള്ളതു്" എന്നു് ഉച്ചത്തിൽ ചോദിച്ചു. മറുപടിയൊന്നും കിട്ടായ്കയാൽ അദ്ദേഹം മണി തൂക്കിയിരിക്കുന്ന സ്ഥലത്തേക്കു നടന്നു. അവിടെ എത്തിയപ്പോൾ കണ്ട കാഴ്ച, മണിനാക്കിൽ ഏച്ചുകെട്ടിയിട്ടുള്ള മുന്തിരിങ്ങാവള്ളി കടിക്കുവാൻ എല്ലും തൊലിയും മാത്രമുള്ള ഒരു കുതിര ശ്രമപ്പെടുന്നതാണ്.

"ഹാ! കുതിരയുടെ ആവലാതിപ്രാപ്തിൽ വളരെ കേമമായി! ഇതുവരെ താൻ ശുശ്രൂഷിച്ചു വന്ന യജമാനൻ ഇപ്പോൾ തന്നെ നിരാധാരമായി തള്ളിക്കളഞ്ഞുവെന്നും, ന്യായം കിട്ടണമെന്നും ആണു് കുതിര പറയുന്നതു്" എന്നു മന്ത്രി ആത്മഗതം ചെയ്തു.

ചന്തയിൽ മണിനാദം കേട്ടു വലിയ പുരുഷാരം കൂടി. ആൾക്കൂട്ടത്തിൽ നമ്മുടെ ജന്മിയുമുണ്ടായിരുന്നു. മന്ത്രി സഗൗരവം പറഞ്ഞു. "ഈ കുതിര വേണ്ടുംവണ്ണം സ്വാമിയെ ശുശ്രൂഷിച്ചു വന്നതാണ്, എങ്കിലും വാദ്ധക്യത്തിൽ അതു നിഷ്ഠുരണം പരിത്യജിക്കപ്പെട്ടിരിക്കുന്നു. അതു് ഇതാ ന്യായമായ വിധി കല്പിക്കണമെന്നു മഹാരാജാവിനോടു പ്രാത്ഥിക്കുന്നു. യൗവനത്തിൽ അതു് ഏതു യജമാനനെ സേവിച്ചുവോ ആ യജമാനൻ തന്നെ അതിനു് വാദ്ധക്യത്തിൽ വേണ്ടതെല്ലാം കൊടുത്തു പോറേറണ്ടതാണു് എന്നാണു് ചട്ടം."

ജന്മി ഇതു കേട്ടു ലജ്ജിതനായി കുതിരയേയും പിടിച്ചുകൊണ്ടു വീട്ടിലേക്കു പോയി. മന്ത്രിയുടെ ന്യായമായ വിധി

മഹാരാജാവിന്ന് നല്ലവണ്ണം ബോധിച്ചു. "നാക്കെട്ടക്കാ-ജ്ജന്തുക്കളുടെ വിഷയത്തിൽ പോലും സഫലമായ വിധ-ത്തിൽ ന്യായം നടത്തുന്നതാകയാൽ, ഞാൻ കെട്ടിച്ച മണിക്ക് 'ന്യായംനടത്തുന്ന മണി' എന്നു നാമകരണം ചെയ്തതു് അൎത്ഥവത്തു തന്നെ" എന്നു പറഞ്ഞു രാജാവു് ചരിതാൎത്ഥനായി.

പാഠം ൩.

മാണ്ഡവ്യചരിതം.

പണ്ടു മാണ്ഡവ്യൻ എന്നൊരു ബ്രാഹ്മണൻ ഉണ്ടായി-രുന്നു. അദ്ദേഹം ബാല്യത്തിൽ മുറയ്ക്കു വേദശാസ്ത്രങ്ങളിൽ പാണ്ഡിത്യം സമ്പാദിച്ചു യഥാകാലം വിധിപ്രകാരം വാന-പ്രസ്ഥാശ്രമം സ്വീകരിച്ചു പല പുണ്യതീൎത്ഥങ്ങളിലും സ്നാനംചെയ്തു പരിശുദ്ധാത്മാവായി സ്വനഗരത്തിന്റെ ബാഹിർഭാഗത്തു തന്നെ ഉണ്ടായിരുന്ന ഒരു കാട്ടിൽ ആശ്രമം ചമച്ചു പരമാനന്ദചിത്തനായി വസിച്ചു. ഒരു ദിവസം മഹൎഷി പതിവുപോലെ സന്ധ്യാവന്ദനാദി കഴിച്ചു ധ്യാന-നിഷ്ഠനായി കണ്ണടച്ചു മൌനവ്രതം പൂണ്ടു സ്ഥിതിചെയ്യു-മ്പോൾ, അവിടെ ഏതാനും മനുഷ്യാധമന്മാരായ തസ്കര-ന്മാർ വന്നെത്തി. അവർ തലേ ദിവസം രാത്രിയിൽ മോ-ഷ്ടിച്ച സാമാനങ്ങൾ എല്ലാം, മഹൎഷിയുടെ വാസത്താൽ പരിപൂതമായും രാജഭടന്മാൎക്കു സംശയിക്കത്തക്കതല്ലാത്ത-തായും ഉള്ള ആ ആശ്രമത്തിന്റെ സമീപത്തു തന്നെ നിക്ഷേപിച്ചിട്ടു പോയി.

മോഷണവൃത്താന്തം ഗ്രഹിച്ച രാജകിങ്കരന്മാർ കള്ള-ന്മാരെ തിരക്കിത്തിരക്കി കഷ്ടകാലത്തിനു മഹൎഷിയുടെ ആ-ശ്രമത്തിനരികത്തു തന്നെ ഏറെത്താമസിയാതെ ചെന്നു

ചേൎന്നു. അവിടെ ഒരു ഭാഗത്ത് ഒട്ടധികം ആളുകളുടെ കാൽച്ചുവടുകൾ പതിഞ്ഞുകിടക്കുന്നതും മണ്ണിളകിക്കിടക്കുന്നതും കാണുകയാൽ, അവർ ആ സ്ഥലം മുഴുവനും ബഹുശുഷ്കാന്തിയോടെ പരിശോധിക്കുകയും തൊണ്ടിസ്സാമാനങ്ങൾ കണ്ടെടുക്കുകയും ചെയ്തു. അനന്തരം അവർ മഹൎഷിയുടെ അരികത്തു ചെന്നു. അദ്ദേഹം അപ്പോഴും സമാധിയിൽ തന്നെ ആയിരുന്നു. രാജകിങ്കരന്മാർ, "ജഡയും വല്ക്കലവും ഭസ്മവും ധരിച്ചോരു വടമൂലേ നല്ലൊരുടജാങ്കണേ കൂപ്പിത്തൊഴുതു നില്ക്കുന്ന" താപസശ്രേഷ്ഠനെ കണ്ടു സപ്രശ്രയബഹുമാനം അഭിവാദനം ചെയ്തു തസ്കരന്മാരുടെ സങ്കേതവും അവർ പോയ വഴിയും പറഞ്ഞുകൊടുക്കണമെന്നു യാചിച്ചു. ബാഹ്യലോകവുമായുള്ള ബന്ധം മുഴുവൻ പരിത്യജിച്ച് ആത്മാവിനെ അനാദ്യന്തമായ ബ്രഹ്മത്തിൽ ഉറപ്പിച്ചു ചിദാനന്ദത്തിൽ ലയിച്ചിരിക്കുന്ന മഹൎഷിയാകട്ടേ, ഇവരുടെ ഈ പ്രാൎത്ഥനകൾ ഒന്നും ശ്രവിച്ചില്ല. മഹൎഷി പറഞ്ഞു വല്ല വിവരവും ഗ്രഹിക്കാനുള്ള ശ്രമം 'ഇലവു കാത്ത ശുകത്തി'ൻെറ യത്നംപോലെയേ അവസാനിക്കയുള്ളു എന്നു നിശ്ചയിച്ചു ഭൃത്യന്മാർ വീണ്ടും അന്വേഷണം ആരംഭിച്ചു. ദൈവാധീനംകൊണ്ടു ക്ഷണേന ചോരന്മാർ ബന്ധനത്തിലായി. രാജഭടന്മാർ തൊണ്ടിസ്സാമാനങ്ങളുമായി ഉടൻതന്നെ പട്ടണത്തിലേക്കു തിരിച്ചു.

രാജധാനിയിൽ എത്തി അവർ വൃത്താന്തമെല്ലാം രാജസന്നിധിയിൽ ഉണൎത്തിച്ചശേഷം, യോഗിവേഷം പൂണ്ടു നിന്ന ആ മനുഷ്യൻ വാസ്തവത്തിൽ ഒരു മഹാതസ്കരനല്ലയോ എന്നുള്ള സംശയത്തേയും അറിയിച്ചു. ഇതു കേട്ടു രാജാവു കള്ളന്മാരേയും മഹൎഷിയേയും ശൂലാഗ്രത്തിൽ തറയ്ക്കുവാൻ ആജ്ഞാപിച്ചു. അഹോ! കഷ്ടം! മഹൎഷിയുടെ അവസ്ഥ! "ഭേദിപ്പിക്കാൻ വിധിയൊരുവനും

സാദ്ധ്യമല്ല" എന്നു പറഞ്ഞാൽ മതിയല്ലോ. ഇങ്ങനെ കുറേ നാൾ കഴിഞ്ഞപ്പോൾ ചോരന്മാരെല്ലാപേരും ആഹാരമില്ലാതെ മരിച്ചു. മാണ്ഡവ്യനോ! പിന്നെയും ഏറെ നാൾ കഴിഞ്ഞിട്ടും മരിക്കാതെതന്നെ കിടന്നു. ഇക്കഷ്ടസ്ഥിതിയറിഞ്ഞു് അനുകമ്പാകുലരായിത്തീൎന്ന മററു മഹൎഷിമാർ ഒരു ദിവസം രാത്രിയിൽ പക്ഷിരൂപം പൂണ്ടുകൊണ്ടു നഗരത്തിൽ ചെന്നു തങ്ങളുടെ ചങ്ങാതിയെ ദൎശിച്ചു. അന്യോന്യസംഭാഷണത്തിനിടയിൽ അവർ ആ ദുരവസ്ഥയ്ക്കുള്ള കാരണം പറയണമെന്നു മാണ്ഡവ്യനോട്ട് അപേക്ഷിച്ചതിന്, അദ്ദേഹം "മൽകൎമ്മഫലമത്രേ ഭൂപതിപ്രവരനു ദുഷ്ടതമേതുമില്ല" എന്ന മറുപടികൊണ്ടു തൃപ്തിപ്പെടുത്തി അതിഥികളെ യാത്രയാക്കി. ലോകത്തിൽ ന്യായം നടത്തുന്ന അവസരങ്ങളിൽ എത്ര ഗുണവാനും ചിലപ്പോൾ സത്യം കാണാതെ വന്നുപോകുമെന്നും അതിനാൽ രാജാവു നിൎദ്ദോഷിയാണെന്നുമാണു മഹൎഷി പറഞ്ഞതിൻെറ താൽപൎയ്യം.

മഹൎഷിമാരുടെ ആഗമനവും സംഭാഷണസാരവും ഒക്കെ ഗ്രഹിച്ച രക്ഷിജനങ്ങൾ പിറേറ ദിവസം രാവിലേ തന്നെ എല്ലാ വിവരവും തിരുമുമ്പിൽ ചെന്ന് അറിയിച്ചു. ആ വൃത്താന്തം കേട്ട രാജാവു് പശ്ചാത്താപത്തോടെ മാണ്ഡവ്യൻെറ അരികത്തു ചെന്നു നമസ്കരിച്ച് ക്ഷമാപണം ചെയ്തതിനു ശേഷം അദ്ദേഹത്തെ ബന്ധനത്തിൽ നിന്നു മോചിക്കുവാൻ ഭടന്മാരോടു കല്പിച്ചു. ആഹാ! എന്തൊരാശ്ചൎയ്യം? നാലഞ്ചു പേർ കൂടി വലിച്ചിട്ടും ശൂലമിളകുന്നില്ല. ഇതു കണ്ടു സംഭ്രാന്തനായ രാജാവു് ശൂലാഗ്രം മുറിച്ചു മഹൎഷിയെ സ്വതന്ത്രനാക്കുവാൻ ആജ്ഞാപിച്ചു. മുനി ബന്ധനമൊഴിഞ്ഞു് രാജാവിനെ അനുഗ്രഹിച്ചു കൊട്ടാരത്തിലേയ്ക്കുയച്ചു. അനന്തരം അദ്ദേഹം കാലധൎമ്മ-

ത്തെ പ്രാപിച്ചു. താൻ അനുഭവിച്ച സങ്കടത്തിനു നിദാനം കുട്ടിക്കാലത്തു വിനോദാൎത്ഥം ചെയ്തുപോയ ജന്തുപീഡനം ആയിരുന്നു എന്നു അപ്പോൾ അദ്ദേഹത്തിനു മനസ്സിലായി.

"അഷ്ടാദശപുരാണത്താൽ
വ്യാസൻ ചൊന്നതു രണ്ടു താൻ;
പരോപകാരമേ പുണ്യം;
പാപമേ പരപീഡനം."

പാഠം ൬.

ധീരോദാത്തത.

പണ്ടത്തെ വിദൎഭരാജ്യത്തു ചരിത്രകാലങ്ങളിൽ അഗ്ഗ്ലം എന്നൊരു ഹിന്ദുരാജ്യവും അവിടെ ഗൗതമൻ എന്നൊരു രാജാവും ഉണ്ടായിരുന്നു. ഗൗതമൻ ദല്ലിയിലെ മഹമ്മദീയ-ചക്രവൎത്തിയുടെ സാമന്തന്മാരിൽ ഒരാളായിരുന്നതിനാൽ പ്രതിവൎഷം അടയ്ക്കേണ്ട കപ്പം മുടക്കം വരുത്തുകനിമിത്തം ചക്രവൎത്തിയുടെ കല്പനപ്രകാരം അയോധ്യാഗവൎണ്ണർ അദ്ദേഹത്തിന്റെ നേൎക്കു യുദ്ധത്തിനു പുറപ്പെട്ടു. ഈ യുദ്ധത്തിൽ മഹമ്മദീയസേന പരാജിതമാകയും അഗ്ഗ്ലത്തിൽനിന്നു കഴിയുന്നത്ര വേഗത്തിൽ പ്രതിനിവൎത്തിക്കുവാൻ നിൎബ്ബന്ധിതമാകയും ആണ് ചെയ്തതു്. രാജാവു ജയഘോഷങ്ങളോടുകൂടി അടർക്കളത്തിൽനിന്നു പ്രത്യാഗമിച്ചു ശാന്തനായി വാണു.

അങ്ങനെ ഇരിക്കേ, ഗൗതമപത്നി ഒരു പൗൎണ്ണമിദിവസം വളരെ ചിന്താകുലയായി കാണപ്പെട്ടു. അന്നു ഗംഗാസ്നാനം സാധിച്ചില്ലെങ്കിൽ അതു് ആപത്സൂചകമാണ് എന്ന വിശ്വാസവും, ഇരുകരയും ശത്രുപക്ഷീയന്മാരുടെ അധീന-

തയിലായിരുന്നതിനാൽ ആ സ്ഥലങ്ങളിൽ ചെന്നു കയറു-ന്നതു് അപകടമായി തീരുമല്ലൊ എന്നുള്ള വിചാരവും ആയിരുന്നു ഈ സങ്കടത്തിനു കാരണം. എങ്കിലും, ആരു-മറിയാതെ കൊട്ടാരത്തിൽനിന്നു പുറത്തു കടന്നു കേവലം ഒരു നാട്ടുകാരിയുടെ മട്ടിൽ ചെന്നു് ആ പുണ്യദിനത്തിൽ ഗംഗാസ്നാനം കഴിച്ചു വരുവാൻ തന്നെ ധീരയായ ആ രാജ്ഞി തീൎച്ചപ്പെടുത്തി. രാത്രിയിൽ പ്രച്ഛന്നവേഷയായി തനിയേ പുറപ്പെട്ട രാജ്ഞി പ്രഭാതമായപ്പോൾ ഗംഗാതീര-ത്തിൽ എത്തി. അപകടമൊന്നും കൂടാതെ അവർ വൈദി-കകൎമ്മങ്ങൾ എല്ലാം നടത്തി സ്നാനംചെയ്തു കഴിയവേ, ഏതോ ഒരു പുരസ്ത്രീ സ്നാനഘട്ടത്തിൽ നില്ക്കുന്നുണ്ടെന്നു സമീപപ്രദേശത്തു തന്നെ കൂടാരമടിച്ചു പാൎത്തിരുന്ന അ-യോദ്ധ്യാഗവർണർ ധരിക്കയും, ക്ഷണേന അവരെ ബന്തോ-വസ്തിൽ ആക്കുന്നതിനു് ആജ്ഞ നൽകുകയും ചെയ്തു.

രാജ്ഞി തന്റെ ദാസിമാരോടു കൂടി ഗംഗാതീരത്തുനിന്നു മടങ്ങുമ്പോൾ അവരെ മഹമ്മദീയഭടന്മാർ ചെന്നു വളഞ്ഞു. അപ്പോൾ അവർ ഭയപ്പെട്ടു നില്ക്കുകയല്ല ഉണ്ടായതു്. അവ-രിൽ ഓരോരുത്തരുടേയും നില പ്രശാന്തഗംഭീരമായിരുന്നു; ദൃഷ്ടികൾ അഗ്നികണങ്ങളെ വമിച്ചു; കൈയ് വസ്ത്രങ്ങൾക്ക-ള്ളിൽ ഒളിച്ചു തിരുകിയിരുന്ന കഠാരികളേത്തേടി; അവർ ഭദ്രകാളിയേപ്പോലെ പോർ ചെയ്തു. എങ്കിലും, തങ്ങളുടെ യത്നം നിഷ്ഫലമാകുന്നു എന്നു കണ്ടു്, രാജ്ഞി 'സമീപത്തെ-ങ്ങാൻ ധീരന്മാരായ ഹിന്ദുവൎയ്യന്മാരുണ്ടെങ്കിൽ സഹായി-പ്പാൻ വരണം' എന്നു മനസ്സു പൊട്ടി നിലവിളിച്ചു യാചിച്ചു. ഇതു കേട്ടു് അഭയചന്ദ്രനെന്നും നിൎഭയചന്ദ്രനെന്നും രണ്ടു രാജപുത്രധീരന്മാർ ഏതാനും അനുചരന്മാരോടു കൂടി ക്ഷണ-നേരംകൊണ്ടു് ആ മഹമ്മദീയഭടന്മാരുടെ ഇടയിൽ എത്തി. രാജ്ഞിയേയും പരിചാരികമാരേയും രക്ഷിക്കാനുള്ള സംരംഭ-

ത്തിൽ നിർഭയചന്ദ്രൻ നികൃത്തഗാത്രനായി നിലത്തു വീണു. രാജ്ഞിയുടെ കഥ പിന്നേയും ദയനീയമായി; രക്ഷ കിട്ടുന്ന കാൎയ്യം അസാദ്ധ്യമെന്നു തന്നെ അവൾക്കു തോന്നി. അപ്പോൾ കേൾക്കുമാറായി പിറകിൽനിന്നു് ഒരു കളകളാരവം. ഇതു ഗൗതമൻേറയും ആൾക്കാരുടേയും വരവിൻേറതായിരുന്നു. ശൂരനായ ഗൗതമനെ ദൎശിച്ച മാത്രയിൽ മഹമ്മദീയസൈന്യം പലായനപരായണമായി.

എല്ലാപേൎക്കും സന്തോഷമായി. രാജ്ഞിയുടെ ധീരകൃത്യങ്ങളെപ്പററി 'വായ്ത്താടം' പാടി രസിച്ചുംകൊണ്ടു് അവർ കൊട്ടാരത്തിൽ ചെന്നു സുഖിച്ചു വാണു. ഉചിതജ്ഞനായ രാജാവു് അഭയചന്ദ്രൻേറ ധൈൎയ്യത്തേയും ധൎമ്മബോധത്തേയും അഭിനന്ദിച്ചു സ്വപുത്രിയെ അയാൾക്കു ദാനം ചെയ്തു. ഗവർണരുടെ ഈ നീചകൃത്യത്തിനു് 'ഭീരു' എന്നും 'ഗേഹേശ്ശൂരൻ' എന്നും ഉള്ള പേരുകൾ മാത്രം. അയാൾക്കു ശേഷിച്ചു.

പാഠം ൫.

പരോപകാരം ചെയ്ത സ്ത്രീകൾ.

പാരീസ് നഗരത്തിൽനിന്നു് ഉദ്ദേശം എഴുപതു മൈൽ ദൂരത്തു സ്ഥിതിചെയ്യുന്ന നോയ എന്ന പട്ടണത്തിൽ അത്യഗാധമായ വലിയ ഒരോട, തേച്ചുകഴുകി വൃത്തിയാക്കുന്നതിനായിട്ടു തുറന്നിട്ടിരുന്നു. ഒരു റോട്ടിൻേറ നടുവിൽക്കൂടി വിലങ്ങത്തിൽ കിടന്ന ദുൎഗ്ഗന്ധപരിപൂൎണ്ണമായ ഒരിരുട്ടുകുഴി ആയിരുന്നു അതു. ആ കുഴിയരികെനിന്നു വേല ചെയ്തുകൊണ്ടിരുന്ന നാലു പേർ യദൃച്ഛയാ അതിൽ വീണുപോകാനിടയായി. ഒട്ടുവളരേ ആളുകളും വന്നുകൂടി. അവർ ഓരോരുത്തനും കുഴിയിൽ നോക്കീട്ടു്, "കഷ്ടം! സാധുക്കൾ! ഓടയി-

ലെ വിഷവായുവേററ് എല്ലാപേരും ചത്തുപോകേയുള്ളു" എന്നു പറഞ്ഞതല്ലാതെ, അവരെ ആപത്തിൽനിന്നു കരകയററുവാൻ ഒരുമ്പെട്ടില്ല. അങ്ങനെ ഇരിക്കവേ, ഉദ്ദേശം പതിനേഴ വയസ്സു മാത്രം പ്രായം വരുന്ന കാത്തറയിൻ വാസ്സ അവിടെ എത്തുന്നതിന് ഇടയായി. വിശേഷം മുഴുവൻ ജനങ്ങളോടു ചോദിച്ചറിഞ്ഞ അവൾ ഉടൻതന്നെ കുഴിയിലേക്ക കയറേണി ഇട്ടു തന്നെ ഇറക്കുവാൻ പ്രാൎത്ഥിക്കുകയും തടസ്സം പറഞ്ഞവരോടു വാദിച്ച് അവരെ സമ്മതിപ്പിക്കയും ചെയ്തു. അവൾ അടിയിൽ എത്തിയപ്പോൾ, അവിടെ ആ നാലു പേരും മോഹാലസ്യപ്പെട്ടു കിടക്കുന്നതു കണ്ടു. രണ്ടുപേരെ കയറിൻെറ ഒരററത്തു കെട്ടികൊണ്ടു് അവൾ മുകളിലേയ്ക്കു കയറി. വീണ്ടും അവൾ കുഴിയിലിറങ്ങി വേറൊരാളെക്കൂടെ കരയ്ക്കു കൊണ്ടുവന്നു. പക്ഷേ, അത്തവണ അവൾ കുഴിയിൽനിന്നു പുറത്തു വന്നപ്പോൾ അല്പം ബോധക്ഷയം ഉണ്ടായി നിലത്തു വീണുപോയി; എങ്കിലും, ഏതാനും നിമിഷങ്ങൾക്കുള്ളിൽ ക്ഷീണം മാറി കാത്തറയിൻ മൂന്നാമത്തേ തവണയും ഓടയ്ക്കകത്തിറങ്ങി; എന്നാൽ, കഷ്ടം! കരയ്ക്കു വന്ന സമയത്ത് ഒരു മൃതശരീരത്തെയാണ് കൊണ്ടുവന്നതു്.

നോക്കു! പതിനേഴവയസ്സു മാത്രം പ്രായമുണ്ടായിരുന്ന ആ സ്ത്രീയുടെ പരോപകാരബുദ്ധിയും ധൈൎയ്യവും.

നമുക്കു ഫ്രാൻസിൽനിന്നും ഇംഗ്ലണ്ടിലേക്കു കടക്കാം. ക്രിസ്താബ്ദം ൧൮൮൭-ൽ ഒരു ദിവസം രാത്രിയിൽ ലണ്ടനിലെ ഒരെണ്ണവ്യാപാരശാലയ്ക്കു തീ പിടിച്ചു. ക്ഷണേന അഗ്നി വ്യാപിച്ചു; ആകാശമണ്ഡലം മുഴുവൻ ചെങ്കനൽനിറം പൂണ്ടു. ഈ കാഴ്ചകൾ കാണ്മാനായി ഒട്ടേറെ ജനങ്ങൾ കൂടിയിട്ടുണ്ടായിരുന്നു. തീ ശമിപ്പിക്കാനുള്ള യന്ത്രങ്ങൾ വലിച്ചുകൊണ്ടുവരുന്ന ഒച്ചയും കേൾക്കായി. ആലിസ്

അയർസ് എന്ന ഒരു ദാസിയെ ഭരമേല്പിച്ചു മൂന്നു കുട്ടികളെ വ്യാപാരശാലയുടെ രണ്ടാമത്തെ നിലയിൽ ഉറക്കിക്കിടത്തിയിരുന്നു. തീ കത്തിപ്പടൎന്നു തുടങ്ങിയപ്പോൾ നമ്മുടെ പരിചാരിക ഉണൎന്നു് തങ്ങളുടെ ജീവൻ അത്യാപത്തിൽ അകപ്പെട്ടിരിക്കുന്നു എന്നു മനസ്സിലാക്കി. അവൾ ക്ഷണത്തിൽ ജന്നൽവാതുക്കൽ ഓടിച്ചെന്നു് അടിയിൽ തെരുവിലേയ്ക്കു് ഒരു ഹംസതൂലമെത്ത ചുരുട്ടിയിട്ടിട്ടു് കുട്ടികളെ ഓരോന്നായി യാതൊരപകടവും പററാത്ത വിധത്തിൽ അതിന്മേലിട്ടു. ഇക്കാൎയ്യങ്ങളെല്ലാം നടത്തുന്നതിനിടയിൽ എണ്ണപ്പാട്ടുകൾ കത്തി കനമായി പൊങ്ങുന്ന പുക അവളുടെ ശിരസിന്നു് നാലുപാടും നിന്നു ചുററുകയും പൊട്ടിയെരിയുന്ന മരസ്സാമാനങ്ങളിൽനിന്നു കനൽക്കട്ടകൾ അടൎന്നു ദേഹത്തിൽ കൂടി പതിക്കയും ചെയ്തുവെങ്കിലും, അവൾ സ്വകൃത്യനിൎവ്വഹണത്തിൽ വൈമുഖ്യം കാണിച്ചില്ല. എന്തിന്നു്? പറഞ്ഞ മാത്രയ്ക്കുള്ളിൽ കുട്ടികൾ രക്ഷപ്പെട്ടു. എങ്കിലും, ആലിസിന്നു് അതികഠിനമായ ക്ഷീണമുണ്ടായി. അവളും തെരുവിലേയ്ക്കു ചാടാൻ ശ്രമിച്ചു; എന്നാൽ കഷ്ടം! മെത്തമേൽ വീഴുന്നതിന്നു് പകരം കല്ലു പാകി ഉറച്ചുകിടന്ന റോട്ടിൽ വീഴുകയും പരുക്കുകൾ ഏററു് ആസന്നമരണയായി ഗൈസ് ആശുപത്രിയിലേക്കു നയിക്കപ്പെടുകയുമാണുണ്ടായതു്. ആശുപത്രികളിൽ അനവധി ദീനശയ്യകൾ ഉണ്ടു്; സ്ത്രീകളും പുരുഷന്മാരുമായി ഒട്ടുവളരെ രോഗികൾ അവയിൽ കിടന്നിട്ടുമുണ്ടു്. പക്ഷേ ഈ വിശ്വസ്തഭൃത്യയേക്കാൾ ശ്രേഷ്ഠതരമായ യാതൊരു ജീവിയും ഗൈസ് ആശുപത്രിയിൽ കിടന്നു കാലധൎമ്മം പ്രാപിച്ചിട്ടില്ലെന്നു് ധൈൎയ്യമായി പറയാം.

പാഠം ൯.

കലികാലം.

ഘോരനായുള്ള കലിയുടെ കാരണം
പാരം പകൎന്നിതു പാരിലേ വാൎത്തകൾ;

ദൂരെഗ്ഗമിച്ചിതു സത്യവും ധൎമ്മവും
നേരേ വളൎന്നിതു രാഗരോഷാദിയും;

ചാരുത്വമേറുന്ന ദേവതാമാൎഗ്ഗവും
ദൂരത്തു വാങ്ങിത്തുടങ്ങി ദിനേ ദിനേ;

ക്രൂരത്വമേറുന്ന ദുഷ്ടജന്തുക്കളും
ചാരത്തു വന്നു നിറഞ്ഞു പതുക്കവേ;

ദാരിദ്ര്യമേററം വളൎന്നു മഹീതലേ
വൈരം പരസ്പരം വൎദ്ധിച്ചു ദേഹിനാം;

നേരും നിയമവും ദാനവും മാനവും
ചേരുന്ന ദേവസേവാദിയും ശാന്തിയും
സാരമാം ബ്രാഹ്മണഭക്തിവിശ്വാസവും
ദൂരവേ പോയി മറഞ്ഞു ദിവാനിശം;

ചോരണം മാരണം ദുൎമ്മന്ത്രവാദവും
ക്രൂരകൎമ്മങ്ങളിൽ കാമിതപ്രൗഢിയും
. . . .
പാരം മുഴുത്തു പരദ്രവ്യകാംക്ഷയും;

നേരല്ല കാണുന്നതൊന്നും ധരാതലേ
കഷ്ടം കലിയുഗം വന്നു ജൃംഭിക്കയാൽ

ദുഷ്ടരായിട്ടുന്നു സൎവ്വജന്തുക്കളും;
വൃഷ്ടിയും നേരില്ല മൎത്ത്യരാജ്യങ്ങളിൽ;
തുഷ്ടിയും പുഷ്ടിയും നാസ്തിയായ് വന്നിതു.

ഇഷ്ടലാഭം വരുത്തീടുവാനെത്രയും
ക്ലിഷ്ടകമ്മങ്ങളും ചെയ്യുന്ന ദേഹികൾ.
ശിഷ്ടരക്ഷാദികളില്ലാതെയായഹോ!
നഷ്ടമായല്ലോ വിവേകവും ഭൂതലേ.
നൈഷധൻ തൻെറ കഥാവിശേഷങ്ങളെ
തോഷമുൾക്കൊണ്ടു കേൾക്കുന്ന ജനങ്ങൾക്കു
ഭീഷണനായ കലിയാൽ കലിതമാം
ദോഷമൊന്നും വന്നു നേരിടുന്നില്ലപോൽ.

പാഠം ൧൦.

കുഞ്ചൻനമ്പിയാർ.

മലയാളഭാഷയെ തമിഴിൻെറ ദാസ്യവൃത്തിയിൽനിന്നു മോചിപ്പിച്ച് അതിനെ ആൎയ്യഭാഷയായ സംസ്കൃതവുമായി അടുപ്പിച്ച് അക്കാലത്തെ സ്ഥിതിക്കു സാമാന്യം നല്ലതായ ഒരു സാഹിത്യത്തെ സമ്പാദിച്ചുകൊടുത്തു മിക്കവാറും സ്വതന്ത്രനിലയിലാക്കിത്തീൎത്ത പുണ്യശ്ലോകനായ തുഞ്ചത്തു രാമാനുജൻ എഴുത്തച്ഛൻ കഴിഞ്ഞാൽ മലയാളത്തിലുള്ള ഒരു മഹാകവി കലക്കത്തു കുഞ്ചൻനമ്പിയാരാകുന്നു. ഇദ്ദേഹം മലബാറിൽ തിരുവില്വാമലയ്ക്കു സമീപമുള്ള കിള്ളിക്കുറിശ്ശിമംഗലത്തു കൊല്ലവൎഷം ൮൮൦നിടയ്ക്കു ജനിച്ചു. ഇദ്ദേഹത്തിൻെറ ഉത്ഭവവുമായി സംബന്ധിപ്പിച്ച് ഒരു ഐതിഹ്യം പറഞ്ഞു കേട്ടിട്ടുള്ളത് അടിയിൽ വിവരിക്കുന്നു:—

'വന്നേരി'ദേശത്തുകാരനായ ഒരു 'ദരിദ്രബ്രാഹ്മണൻ തൻെറ പെൺകുട്ടികളെ വേളി കഴിച്ചു കൊടുക്കുന്നതിനു യാതൊരു നിവൃത്തിയും കാണാതെ കൊച്ചി, കോഴിക്കോട്ടു, തിരുവിതാംകൂർ എന്നീ രാജ്യങ്ങളിലേ രാജാക്കന്മാരെയും മുഖം കാണിച്ചു സങ്കടം അറിയിച്ചു സംഭാവനയായി

ലഭിച്ച ഏതാനും പണവുംകൊണ്ടു് ഒരു ദിവസം രാവിലേ കിള്ളിക്കുറിശ്ശിമംഗലത്തു് എത്തി. കുളിയും ഊണും കഴിച്ചു പോകാമെന്നു വിചാരിച്ചു് അദ്ദേഹം മടിശ്ശീലയും പണവും കുളക്കടവിൽ വച്ചിട്ടു കുളിക്കാൻ ആരംഭിച്ചു. അദ്ദേഹം മുങ്ങിക്കൊണ്ടു നില്ക്കുവേ, അതുവഴി വന്ന ഒരു പശു യദൃച്ഛയാ ആ മടിശ്ശീലയുടെ മേൽ ചാണകമിട്ടുപോയി. ബ്രാഹ്മണൻ കുളികഴിഞ്ഞു തല തുവത്തി പോകാൻ ഭാവിച്ചപ്പോൾ മടിശ്ശീല നോക്കിയതിൽ കാണായ്കയാൽ വളരെ വിഷണ്ഡനായിത്തീൎന്നു എങ്കിലും, യാതൊരു നിവൃത്തിയുമില്ലായ്കകൊണ്ടു് അമ്പലത്തിൽ ചെന്നു് ഊണു കഴിച്ചശേഷം അപ്പോൾ തന്നെ സ്വദേശത്തേക്കു മടങ്ങി. അതിൻെറ ശേഷം, ഏതാനും വൎഷങ്ങൾ കഴിഞ്ഞു് ഒരിക്കൽ ഈ ബ്രാഹ്മണനു കിള്ളിക്കുറിശ്ശിമംഗലത്തു പോകേണ്ട ആവശ്യം നേരിട്ടു. അദ്ദേഹം അവിടെ എത്തി കുളിയും അമ്പലത്തിൽ ഊണും കഴിച്ചു ശാന്തിക്കാരൻ നമ്പൂരിയുമായി അയാളുടെ ഭാൎയ്യവീടായ നമ്പ്യാരുടെ ഗൃഹത്തിൽ ചെന്നു രണ്ടുപേരുമായി മുറുക്കി വെടി പറഞ്ഞിരിക്കുന്ന മദ്ധ്യേ, മുമ്പിലത്തെ വരവിൽ തൻെറ മടിശ്ശീല കളവുപോയ വിവരം പ്രസ്താവിക്കയുണ്ടായി. അകത്തിരുന്നു് ഈ വൎത്തമാനം കേട്ട നങ്ങ്യാർ, ഉടൻ തന്നേ പോയി അറ തുറന്നു് ഒരു മടിശ്ശീല എടുത്തു കൊണ്ടുവന്നു ബ്രാഹ്മണൻെറ മുമ്പിൽ വച്ചിട്ടു്, "ഇതു ഞാൻ മുമ്പൊരിക്കൽ കുറേ ചാണകം വാരിക്കൊണ്ടു വന്ന കൂട്ടത്തിൽ കിട്ടിയതാണു്; അഴിച്ചു് എണ്ണി നോക്കുക പോലും ചെയ്തിട്ടില്ല; ഉടമസ്ഥൻെറ വിവരമുണ്ടായാൽ മടക്കിക്കൊടുക്കണമെന്നു വിചാരിച്ചിരിക്കയാണു്; ഇതു് അവിടത്തേ വക തന്നേയോ എന്നു നോക്കണം" എന്നു പറഞ്ഞു. ബ്രാഹ്മണൻ തൻെറ മടിശ്ശീല തിരിച്ചു കിട്ടിയതുകൊണ്ടു സന്തുഷ്ടനായി 'യോഗ്യ

നായ ഒരു പുത്രനുണ്ടാകട്ടെ' എന്നു നങ്ങ്യാരെ അനുഗ്രഹിച്ചിട്ടുപോയി. ഈ അനുഗ്രഹത്തിന്റെ ഫലമായി ജനിച്ച പുത്രനാണത്രേ കുഞ്ചൻനമ്പ്യാർ.

ഈ കഥപ്രകാരം നമ്പ്യാർ ഒരു ബ്രാഹ്മണന്റെ പുത്രനാകുന്നു എന്നാണു സിദ്ധിക്കുന്നതു്. എന്നാൽ, അദ്ദേഹത്തിന്റെ അച്ഛൻ ഒരു നമ്പ്യാർ തന്നെ ആയിരുന്നു. അദ്ദേഹത്തിന്റെ സഹോദരങ്ങളായി ഒരു നമ്പ്യാരും നങ്ങ്യാരും മാത്രമേ ഉണ്ടായിരുന്നുള്ളു. കുട്ടിക്കാലത്തെ വിദ്യാഭ്യാസം കിള്ളിക്കുറിശ്ശിയിൽ തന്നെ ആയിരുന്നു. അവിടെ വച്ചു് അദ്ദേഹം കാവ്യനാടകാലങ്കാരങ്ങൾവരെ പഠിച്ചു. വ്യാകരണാദി തകഴിയിൽ കണ്ടങ്കരിമുറിയിൽ നന്തിക്കാട്ടു് ഉണ്ണിരവിപ്പണിക്കരുടെ അടുക്കൽനിന്നാണു് പഠിച്ചതു് എന്നു വേണം, കല്യാണസൗഗന്ധികം തുള്ളലിലേ—

"നന്തികാരണ്യമാം മന്ദിരേ വാഴുന്ന
മന്ദാരദാരുവാം ബാലരവിയുടെ
നന്ദി വരുത്തുന്ന കണ്ടങ്കരിക്കാവി-
ലിന്ദുചൂഡപ്രിയേ! വന്ദേ ഭഗവതി"

എന്നും, സ്യമന്തകത്തിലേ — "മന്ദേതരമന്ദിരമെൻ ഗുരുവന്ദിതനാകിയ ബാലരവിയ്ക്കു്" എന്നും ഉള്ള ഭാഗങ്ങളിൽനിന്നു തീരുമാനിക്കാൻ. സുന്ദോപസുന്ദോപാഖ്യാനം, ത്രിപുരദഹനം, സഭാപ്രവേശം എന്നീ കൃതികളിൽ പ്രസ്താവിച്ചിരിക്കുന്ന ദ്രോണമ്പള്ളി ആചാൎയ്യൻ, നമ്പ്യാർ പിന്നെ കേവലം തുള്ളൽവിദ്യയുടെ ഗുരുവായി സ്വീകരിച്ച ഒരാൾ തന്നേയായിരിക്കണം.

നമ്പ്യാരുടെ അച്ഛൻ കിടങ്ങൂർ താമസിച്ചിരുന്നു. അതിനാൽ നമ്പ്യാരും കിടങ്ങൂർ ചെന്നു താമസിക്കുന്നതിനിടയായി. ഇക്കാലത്തു കുടമാളൂർ, കുമാരനല്ലൂർ മുതലായ ദിക്കുകളിൽ സഞ്ചരിക്കയും തെക്കേടത്തു ഭട്ടതിരി, ചെമ്പക-

ശ്ശേരിരാജാവു മുതലായവരുടെ സ്നേഹം സമ്പാദിക്കയും ചെയ്തു. കാലക്രമേണ നമ്പ്യാർ ചെമ്പകശ്ശേരിരാജാവി-



ന്റെ ഒരു സേവകനായിത്തീൎന്നു. രാജാവുമായി താമസി-ക്കുന്ന കാലത്തു കള്ളർകോട്ട, പുറക്കാട്ട മുതലായ സ്ഥലങ്ങ-ളിൽ സഞ്ചരിക്കയും, അവിടങ്ങളിൽ കച്ചവടം ചെയ്തു താമ-സിച്ചിരുന്ന പറങ്കികളുടേയും മററും പരിചയം നേടുകയും അവരുടെ ഭാഷ മനസ്സിലാക്കുകയും ചെയ്തു. കൊല്ലം ൯൨൩-ൽ ചെമ്പകശ്ശേരിരാജ്യം മാൎത്താണ്ഡവൎമ്മമഹാരാ-ജാവു പിടിച്ചടക്കുകയും മാത്തൂർപണിക്കർ മുഖാന്തരം നമ്പ്യാർ മഹാരാജാവിന്റെ പരിചിതനായിത്തീരുകയും ചെയ്തു. ഇങ്ങനെ നമ്പ്യാർ തിരുവനന്തപുരത്തു പാൎപ്പു തുടങ്ങി. ൯൩൩-ൽ മഹാരാജാവു നാടു നീങ്ങി. പിന്നേ-യും കുറച്ചുകാലം കൂടി തിരുവനന്തപുരത്തു പാൎത്തതിന്റെ

ശേഷം നമ്പ്യാർ ൯൪൦-ൽ അമ്പലപ്പുഴയ്ക്കു തന്നെ മടങ്ങി. ൯൪൫-ന്നു മുമ്പു അറുപതോ അറുപത്തഞ്ചോ വയസ്സിൽ "ജനസാമാന്യത്തിന്റെ കവി" എന്ന ശ്രേഷ്ഠനാമധേയത്തിന്നു സർവ്വഥാ അർഹനായ ഈ കവി ഒരു പേപ്പട്ടിയുടെ കടിയേറ്റു് ഊർദ്ധ്വഗതിയെ പ്രാപിച്ചു.

നമ്പ്യാരുടെ പ്രധാനകൃതികൾ തുള്ളൽപാട്ടുകൾ ആകുന്നു. ഇവയുടെ ഉത്ഭവം ചാക്യാരും നമ്മുടെ കവിയായ നമ്പ്യാരും തമ്മിലുണ്ടായ പിണക്കത്തിൽനിന്നാണെന്നാണു സാധാരണ വിശ്വാസം. തുഞ്ചത്തെഴുത്തച്ഛൻ സ്വീകരിച്ചിട്ടുള്ള കിളിപ്പാട്ടുരീതിയേയോ, മഹാകവികളായ കോട്ടയത്തു തമ്പുരാൻ മുതലായവർ സ്വീകരിച്ച കഥകളിപ്പാട്ടുരീതിയേയോ തുടൎന്നു കവിത ചമയ്ക്കാൻ മടിച്ചിട്ടു സ്വന്തമായി ഒരു പദ്ധതി ചാക്യാർകൂത്തിനെ ഒന്നു പരിഷ്കരിച്ചു നിർമ്മിച്ചുവെന്നു് ഒരു പണ്ഡിതൻ അഭിപ്രായപ്പെടുന്നതു യുക്തിയുക്തമായിരിക്കുന്നു. തുള്ളൽപാട്ടുകളെ മൂന്നിനമായി പിരിക്കാം. അവയിൽ കിരാതം, കാർത്തവീര്യവിജയം, നളചരിതം മുതലായവ ഓട്ടനും, കല്യാണസൗഗന്ധികം ശീതങ്കനും, സഭാപ്രവേശം പറയനും ഉദാഹരണങ്ങളാകുന്നു. എഴുത്തച്ഛന്റെ രാമായണം ഇരുപത്തിനാലുവൃത്തത്തെ അനുകരിച്ചു് ഒരു ഭാഗവതം ഇരുപത്തിനാലുവൃത്തവും, ഉദ്യോഗപർവ്വത്തിലെ കഥയെ അടിസ്ഥാനപ്പെടുത്തി ഒരു പതിന്നാലുവൃത്തവും, ശീലാവതി എന്ന പാട്ടും നളചരിതം കിളിപ്പാട്ടും, 'ശ്രീകൃഷ്ണചരിതം മണിപ്രവാളം' എന്ന മഹാകാവ്യവും നമ്പ്യാരുടെ ഇതരജാതികൃതികളുടെ കൂട്ടത്തിൽ പ്രസിദ്ധങ്ങളാണു്.

"പുരാണകഥകളെ കവിയുടെ കാലത്തിന്നനുരൂപമായ സ്ഥിതിഭേദങ്ങളോടുകൂടി പ്രതിപാദിക്കുന്നതിനുള്ള സാമർത്ഥ്യം നമ്പ്യാർക്കുള്ളതുപോലെ മലയാളത്തിലെന്നല്ല, മററു ഭാഷ

കളിലേ കവികൾക്കും അധികമായി കാണാവുന്നതല്ല" എന്നൊരു കവി അഭിപ്രായപ്പെട്ടിട്ടുള്ളതു് എത്രയും വാസ്തവമാകുന്നു.

പാഠം ൧൧.

ഗദ്യമെഴുത്തു്.

അറിയുക എന്നുള്ളതൊന്നു്, ആ അറിവിനെ ഉപയോഗിക്കുക എന്നതു മറെറാന്നു്. അറിവുള്ളവൻ തന്റെ അറിവിനെ ഉപയോഗിക്കുവാൻ മിടുക്കും ഉള്ളവനായിട്ടു തീരണമെന്നു നിർബ്ബന്ധമില്ല. ഒരാൾക്കു ഗണിതശാസ്ത്രതത്വങ്ങളിൽ നല്ല പരിചയമുണ്ടെന്നിരിക്കട്ടെ. നമ്മുടെ നിത്യപരിചയത്തിൽ ഉൾപ്പെട്ട സംഗതികളിൽ അയാൾ ആ ജ്ഞാനത്തെ ഉപയോഗപ്പെടുത്തി തഴക്കം വരുത്തിയിരിക്കണം; ഇല്ലെങ്കിൽ ഉപയോഗപ്പെടുത്തേണ്ട ആവശ്യം വരുമ്പോൾ വലിയ വൈഷമ്യം നേരിടും.

"ശാസ്ത്രം ഗ്രഹിച്ചതു കൊണ്ടു മതിയല്ല;
ശാസ്ത്രാർത്ഥസാരം ഗ്രഹിച്ചേ മതിവരൂ.
അന്ധനായുള്ളവൻ ദീപം കരത്തിങ്കലേന്തി നടന്നാൽ വഴിയറിഞ്ഞീടുമോ?"

ഈ പദ്യത്തിൽ പ്രത്യക്ഷീഭവിച്ച തത്വം പണ്ടും ഇപ്പോഴും ഒരുപോലെ വാസ്തവമായിട്ടുള്ളതാകുന്നു. മേൽ പറഞ്ഞതിൽനിന്നു് അറിവും അതിനെ കൂടക്കൂടെ ഉപയോഗിച്ചു ശീലിക്കുന്നതിനാൽ ഉണ്ടാകുന്ന നിപുണതയും രണ്ടും രണ്ടാണെന്നു വ്യക്തമായല്ലോ.

നാം അവശ്യം അറിഞ്ഞിരിക്കേണ്ടതും എന്നാൽ നമ്മുടെ നിത്യോപയോഗത്തിൽ വരുത്തുവാൻ പ്രായേണ പ്രയാസവും വ്യവസ്ഥാപിതവും ആയ ജ്ഞാനസമൂഹത്തിനാ-

കുന്നു ശാസ്ത്രം എന്നു പേർ ചെയ്തിരിക്കുന്നത്. അതിനെ ഉപയോഗിക്കുന്നതിനുള്ള ശീലത്തിനും സാമർത്ഥ്യത്തിനും സമ്പ്രദായം എന്നു പേർ. ഗണിതം, പ്രകൃതിവിജ്ഞാനീയം, രസതന്ത്രം മുതലായവ ശാസ്ത്രങ്ങളും വാസ്തുവിദ്യ, ഗാനവിദ്യ, നാട്യവിദ്യ മുതലായവയെല്ലാം സമ്പ്രദായങ്ങളും ആകുന്നു. ഗായകനു സംഗീതശാസ്ത്രത്തിലേയും, നടനു നൃത്യശാസ്ത്രത്തിലേയും തത്വങ്ങളിൽ നല്ല പാണ്ഡിത്യമുണ്ടായിരിക്കേണ്ടതു അത്യാവശ്യം തന്നേ; എങ്കിലും, ഈ തത്വങ്ങളെ വേണ്ടപോലെ അറിഞ്ഞു് ഉപയോഗപ്പെടുത്തുന്നതിലുള്ള സാമർത്ഥ്യത്തിലാണ് അവരുടെ വിജയം അടങ്ങിയിരിക്കുന്നത്. രചന എന്നു പറയുന്നതു പ്രധാനമായി ഒരു സമ്പ്രദായം ആകുന്നു. നല്ലവണ്ണം എഴുതുന്നതിന് നാം അറിഞ്ഞോ അറിയാതെയോ ചില തത്വങ്ങളെ അനുസരിച്ചു നടക്കേണ്ടതുണ്ട്. ഈ തത്വങ്ങളെ അറിഞ്ഞതുകൊണ്ടു മാത്രമായില്ല; ഉപയോഗിച്ചു് തഴക്കവും കൂടി ഉണ്ടാകണം.

നമ്മുടെ അന്തർഗ്ഗതങ്ങളെ വാക്കുകളെക്കൊണ്ടു് അന്യന്മാരെ ഗ്രഹിപ്പിക്കുന്നതിനുള്ള സമ്പ്രദായത്തിനാണ് കാവ്യരചന എന്നു പറഞ്ഞുവരുന്നത്. അന്തർഗ്ഗതനിവേദനം പല പ്രകാരത്തിൽ ആവാം. നല്ല ചിത്രങ്ങൾ, കൊത്തുവേലകൾ, പാട്ടുകൾ, ആംഗ്യങ്ങൾ ഇവയും നമ്മുടെ മനോവികാരങ്ങളെ അന്യർക്ക് പ്രത്യക്ഷമാക്കിക്കൊടുക്കുന്നുണ്ടു്. എന്നാൽ ഇതിനെ ഒക്കെയുംകാൾ പ്രധാനമായിട്ടുള്ളതും സാധാരണമായിട്ടുള്ളതും വാങ്മൂലമായ അന്തർഗ്ഗതനിവേദനമാകുന്നു.

ഗദ്യരചന ശാസ്ത്രമല്ല, സമ്പ്രദായമാണ് എന്നു പറഞ്ഞതുകൊണ്ടു തന്നെ അതിനെ സംബന്ധിച്ചു് എല്ലാ സന്ദർഭങ്ങളിലും ഒരുപോലെ യോജിക്കത്തക്കവണ്ണം പൊതു-

വിൽ വല്ല നിയമങ്ങളും ഏൎപ്പെടുത്തുക അസാദ്ധ്യമെന്നു ഗ്രഹിച്ചിരിക്കുമല്ലോ.

വാസ്തവകവികളിൽ സ്പഷ്ടമായി കാണാവുന്ന ഗുണം വാസനയാലുണ്ടാകുന്നതാണ്. എത്രതന്നെ ശ്രമപ്പെട്ടാലും അതു സാധാരണക്കാൎക്കു ലഭിക്കുന്നതല്ല. ഇതുപോലെ തന്നെ പ്രസിദ്ധന്മാരായ ഗദ്യകവികൾക്കും, കേൾപ്പാൻ ഇമ്പമുള്ളതും ഹൃദയാകൎഷകവുമായ വാക്യങ്ങളെ ബന്ധിക്കുന്നതിനുള്ള സാമൎത്ഥ്യം വാസനാബലംകൊണ്ടു വരേണ്ടതാണെന്നും, അവരെ അനുകരിക്കുവാൻ സാധാരണന്മാൎക്കു കഴിവുള്ളതല്ലെന്നും, പറയാവുന്നതാണ്. കാളിദാസരുടെ ഗ്രന്ഥങ്ങളെ ദിവസേന പാരായണം ചെയ്തുപോരുന്ന യാതൊരു കവിയുടെ കൃതിക്കും ശാകുന്തളത്തിലെ ഒരൊററപ്പദ്യത്തിന്റെ ഗുണം ലഭിക്കാതിരിക്കുന്നതിൽ ആശ്ചൎയ്യപ്പെടുവാനില്ല. മഹാകവികളുടെ ഗ്രന്ഥങ്ങൾ പരിചിതങ്ങളായിത്തീൎന്നുകൊണ്ടു മാത്രം അവരുടെ കൃതികൾക്കു കിടനില്ക്കുന്നതായ ഒരു കാവ്യഖണ്ഡം എഴുതിക്കളയാമെന്നു വിചാരിക്കുന്നതു് ഒരു ലേഖകൻ വെറും മനോരാജ്യത്തിൽ കൈകളിക്കുകയാണ് ചെയ്യുന്നതു്. അവരുടെ രചനാരീതി അനനുകരണീയമാകുന്നു. സാഹിത്യസാമ്രാജ്യത്തിലും സ്വാഭാവികമായി ഒരു പ്രഭുസമുദായം വൎത്തിക്കുന്നുണ്ടെന്നും, ആ മഹാമണ്ഡലത്തിൽ ഉൾപ്പെട്ടു നടക്കുന്നതു സാധാരണന്മാൎക്കു് അസാദ്ധ്യമെന്നും ഓൎത്തിരിക്കേണ്ടതാകുന്നു. ആ മഹാനുഭാവന്മാരോടു കിടനില്പാനുള്ള യത്നം അതിദയനീയമായ ആശാഭംഗത്തിന് കാരണമാണെന്നും ധരിക്കണം.

ഇങ്ങിനെ എല്ലാമാണ് കാൎയ്യത്തിന്റെ കിടപ്പ്. രാജശ്രീ ചന്തുമേനോനെയോ മററാ പോലുള്ള ഒരു കാവ്യകൎത്താവിനേ മാത്രമേ അനുകരിക്കയുള്ളൂ എന്ന നിൎബ്ബന്ധം അസംബന്ധമാണ്. സാഹിത്യസാമ്രാജ്യത്തിൽ ഒരംഗമായി ചേ-

തുവാൻ എല്ലാഗ്രന്ഥകാരന്മാൎക്കും അവകാശം കിട്ടുന്നതല്ല എന്നു വരികിലും, ഗൗരവമായും ഭംഗിയായും ഗദ്യമെഴുതുന്നവൻ എന്ന വിശ്രുതിപേരു സമ്പാദിക്കാവുന്നതാകുന്നു. മറെറല്ലാപേരുടേയും കൃതികളെ ഉപേക്ഷിച്ച് ഒന്നോ രണ്ടോ പേരുടെ മാത്രം പാരായണം ചെയ്യുന്നതുകൊണ്ടു് വിദ്യാൎത്ഥികൾക്കു വലിയ സഹായം വല്ലതും ഉണ്ടാകുമെന്നു തോന്നുന്നില്ല. നേരേ മറിച്ച്, യഥാൎത്ഥത്തിൽ ഓജസ്സോടെ എഴുതുവാൻ ത്രാണിയുള്ള പല കവികൾക്കും പൊതുവേയുള്ള രചനാരീതിവിശേഷങ്ങളെ നല്ലവണ്ണം അറിഞ്ഞിരിക്കേണ്ടതു ഗദ്യനിൎമ്മിതിയിൽ പ്രവേശിക്കുന്ന യാതൊരുത്തനും കഴിച്ചുകൂടാത്തതാകുന്നു. നല്ല പുസ്തകങ്ങളുടെ ലക്ഷണങ്ങൾ മനസ്സിലാകുമ്പോൾ, വിദ്യാൎത്ഥിക്കു സ്വയമേവ സാഹിത്യത്തിൽ അഭിരുചി ജനിക്കുന്നതാണ്; എന്നുമാത്രമല്ല, പദങ്ങളെ സന്ദൎഭാനുസരണം ഉപയോഗിക്കുവാനും, അന്തൎഗ്ഗതങ്ങളെ ഏററക്കുറച്ചിൽ കൂടാതെ പ്രതിബിംബിപ്പിക്കുന്ന വാചകങ്ങൾ നിൎമ്മിക്കുവാനും, വാക്യങ്ങൾക്ക് ഓജസ്സു വരുത്തുന്ന രീതികളെ സ്വാധീനപ്പെടുത്തുവാനും, വാക്യപരിച്ഛേദങ്ങളെ തരംതിരിക്കുന്നതിനുള്ള സാമാന്യനിയമങ്ങൾ ഗ്രഹിക്കുവാനും വിദ്യാൎത്ഥി പഠിക്കുന്നു. ഇത്രയുമായാൽ സാമാന്യം ബുദ്ധിയുള്ള ഒരു വിദ്യാൎത്ഥിക്കു വേണമെങ്കിൽ, സ്വന്തമായിത്തന്നെ ഒരു രചനാരീതി സ്ഥാപിക്കാവുന്നതുമാകുന്നു.

പാഠം ൧൨.

മേഘോപാലംഭം.

ശ്യാമളാകൃതിയതായ് ഭയാനകം
വ്യോമമാൎഗ്ഗമതിലങ്ങുദിച്ചിതാ!

ധൂമയോനിയിതു ധൂമകേതുവാ-
യാമയങ്ങളെ വളൎത്തീടുന്നഹോ! || ൧ ||

കാലമേഘമിതകാലചോദിതം
കാലനാണു ജനതയ്ക്കു നിൎണ്ണയം;
കാലധൎമ്മമണിയിച്ചു ജീവിയെ-
ക്കാലമങ്ങു കളയുന്നു നിത്യമായ്. || ൨ ||

വാരുണിയെസ്സേവിച്ചതി-
നീരുൾകൊണ്ടൊരു കൊണ്ടലേ! നിന്റെ
ജീവനമെത്ര ദിനങ്ങൾ-
ക്കാവതു രക്ഷിക്കിലും നിലച്ചീടും? || ൩ ||

ഭള്ളു പറഞ്ഞു നടക്കും
പൊള്ളമനസ്സുള്ളയാളുകൾകൊപ്പം
തൊള്ള തുറന്നു മുഴക്കാ-
നുള്ളിലൊരെള്ളോളമില്ലയോ ലജ്ജ? || ൪ ||

ചെള്ളയ്യൊന്നു കൊട്ടത്താൽ
കള്ളനമുള്ളത്തിലുള്ളതങ്ങേകും;
കൊള്ളാമിടി കൊണ്ടാലും
കള്ളനിവൻ നല്കില്ല ജലപാനം. || ൫ ||

യത്നമകന്നനിശമിവൻ
രത്നാകരമാൎന്നിടും കക്കാൻ;
അന്തരമെന്തു ഭവിച്ചിവ-
നന്തിയിലൊരുതുള്ളി വെള്ളവും കക്കാൻ? || ൬ ||

പാറയുമുരുകും താപം
നിറയുമ്പോ,ളലിവാരിക്കലും ഘനമേ!
കുറെയെങ്കിലുമില്ലാത്തതു
മറവന്നു പിറന്ന കൊണ്ടാണോ? || ൭ ||

പുല്ല പൊതിഞ്ഞൊരു കിണറിന്നു
തുല്യമാം നിൻെറ പുഞ്ചിരിക്കൊഞ്ചൽ
മല്ലാക്ഷിമാർ മനത്തെ
വെല്ലാനല്ലാതെയെന്തിന്നുതകുന്നു? ॥ ൮ ॥

കണ്ടാൽ കാറണിവൎണ്ണം
കുന്നതാപം പോകുമെന്നു പണ്ടുള്ളോർ
മണ്ടന്മാരായ് തീൎന്നു-
കൊണ്ടാണോ ചൊല്ലിയെന്നു തോന്നുന്നു. ॥ ൯ ॥

കാളാംബുദ! കോളിന്നിതു
നീളെ നടക്കുന്നതിന്നു കൊള്ളരുതേ!
കളയാഞ്ഞാൽ ജലഭാരം
കളവല്ലേ നീയടിഞ്ഞു പോയീടും. ॥ ൧൦ ॥

ഘനമില്ലാത്തതു ഘനമായ്,
നനവുള്ളതു ചൂടുനൽകുവതായ്;
ചഞ്ചലമിഴിയാം മുകില-
ങ്ങഞ്ചിതമിന്ദ്രൻെറ വില്ലുമേന്തുന്നു. ॥ ൧൧ ॥

കലികാലവൈഭവത്തെ-
ച്ചൊല്ലാനെന്തുള്ളു? മാനമാൎന്നുള്ള
മുകിലും മുതുകിലടിക്കൂടി-
യിടിയും കൊണ്ടങ്ങു പോയിടുന്നല്ലോ! ॥ ൧൨ ॥

ധാരാധരമേ! നിന്നുടെ
നിറവും കൂററത്തവും നിനച്ചാലോ,
ഇല്ല ധരാധരമതുമാ-
യാകാരത്തിൻെറ ഭേദമെന്നാലും. ॥ ൧൩ ॥

ജീവനദാതാ നീയിതി
ഭാവം ലോകത്തിലുള്ളവൎക്കാക്കും;

ജീവനാഥന്താവായി-
ട്ടേവം ചമയുന്നതെന്തിനമ്മോ നീ? || ൧൬ ||

പാഠം ൧൩.

താതോപദേശം.

പ്രിയപ്പെട്ട കുട്ടികളേ! എനിക്ക് ഇപ്പോൾ കുറെ സൗകൎയ്യം കിട്ടിയിട്ടുണ്ടു്. ഈ സൗകൎയ്യത്തെ നിങ്ങൾക്ക് ഏതാനും ഉപദേശങ്ങൾ തരുന്നതിനായി ഉപയോഗിപ്പാൻ വിചാരിക്കുന്നു. ഞാൻ ഗുണദോഷിക്കാൻ പോകുന്നതു സംഭാഷണത്തെ കുറിച്ചാണ്. ഒരുവനെ നന്നാക്കുകയും ചീത്തയാക്കുകയും ചെയ്യുന്നതു് അവന്റെ നാക്കാണ് എന്നു വിശേഷിച്ചു പറയണമെന്നില്ലല്ലോ.

നിങ്ങൾക്കു കളവാണെന്നു് അറിയാവുന്നതോ വിശ്വാസമുള്ളതോ ആയ യാതൊരു സംഗതിയും സത്യമെന്നതുപോലെ അന്യനോടു പറയരുതു്. വ്യാജം പറയുന്നതിനല്ല, സത്യം പറയുന്നതിനാണ് ഈശ്വരൻ നമുക്കു നാക്കു തന്നിരിക്കുന്നതു് എന്നു് ഓൎക്കണം. അതിനാൽ അസത്യവാദം വലുതായ പാപമാകുന്നു. സത്യത്തെക്കുറിച്ചു ഗൗരവബുദ്ധിയില്ലാതെ പോയാൽ മനുഷ്യരുടെ ഇടയിൽ സമുദായബന്ധത്തിനു തന്നെ ഇടിവു തട്ടുന്നതാണ്. അസത്യവാദം നമ്മുടെ അയൽവാസികളുടെ നേൎക്ക് ഒരപരാധമാകുന്നു. അസത്യവാദംനിമിത്തം ഉണ്ടാകുന്ന അപമാനം ഇരിക്കട്ടേ; വല്ലപ്പോഴും സത്യം പറയുന്നതിനോ, അഥവാ മതിയായ കാരണമില്ലാതിരിക്കുമ്പോൾ പോലും അസത്യം പറയാതിരിക്കുന്നതിനോ വയ്യാതിരിക്കത്തക്കവണ്ണം അതു നമ്മുടെ മനസ്സിനെ നീചമാക്കിത്തീൎക്കുന്നു. അസത്യവാദി സത്യം തന്നെ വദിക്കുന്നതായാലും അതിനെ മററുള്ളവർ വിശ്വ-

സിക്കാതേയും, താൻ പറയുന്നതു് അസത്യമാണ് എന്ന സംഗതി ഓൎക്കുവാൻ വയ്യാതേയും ആയിത്തീരുന്നു. വ്യാജം പറയാതിരിക്കുന്നതിന് എങ്ങനെയോ, അതുപോലെ തന്നെ വ്യാജാഭാസങ്ങളെ ഒഴിച്ചുവെയ്ക്കുന്നതിനും നിഷ്കൎഷിക്കേണ്ടതാകുന്നു. ദ്വയാൎത്ഥ(വക്രോക്തി)പ്രയോഗം ചെയ്യാതിരിക്കാനും, കേവലം കിംവദന്തിയിലോ ഊഹത്തിലോ മാത്രം അല്ലാതെ യാതൊരു പ്രമാണത്തിലും സ്ഥാപിതമല്ലാത്ത സംഗതികളെ സ്ഥിരപ്പെടുത്തി പറയാതിരിക്കാനും ശ്രദ്ധിക്കേണ്ടതാണ്.

അപരിചിതന്മാരുടെയും പൂജ്യന്മാരായുള്ളവരുടെയും മുമ്പിൽ വച്ചു് അധികം സംസാരിക്കരുതു്. അങ്ങനെ ചെയ്താൽ, ഗുരുത്വത്തിനു ഹാനിയുണ്ടാകുന്നതു കൂടാതെ, നിങ്ങളുടെ ന്യൂനതകൾ അന്യന്മാർ ധരിക്കുന്നതിനും, നിങ്ങളുടെ അനുചിതസംഭാഷണംകൊണ്ടു വായ തുറക്കാൻ സൗകൎയ്യം കിട്ടാതിരിക്കുന്ന അന്യന്മാൎക്കു പറയാനുണ്ടായിരിക്കാവുന്ന സംഗതികൾ കേട്ടു് അറിവും വിവേകവും സമ്പാദിക്കാനുള്ള അവസരം നഷ്ടമാകുന്നതിനും ഇടയുണ്ടു്. സംഭാഷണസമയങ്ങളിൽ ഉൽകണ്ഠയോ സംരഭമോ ക്രോധമോ ഒന്നും വന്നുപോകാതെ സൂക്ഷിക്കണം. ഉച്ചപ്രലപനങ്ങളാലല്ല, ന്യായവാദങ്ങളാലാണ് പ്രതിപക്ഷിയേ മടക്കേണ്ടതു്. ഒരാൾ സംസാരിക്കുമ്പോൾ ഇടയ്ക്കു കയറി സംസാരിക്കാതിരിക്കാൻ ശ്രദ്ധിക്കണം. അവൻ പറയുന്നതു മുഴുവൻ കേൾക്കുക; എന്നാൽ കാൎയ്യം മുഴുവനും നല്ലതുപോലെ ഗ്രഹിക്കുന്നതിനും ഉചിതമായ മറുപടി പറയുന്നതിനും കഴിയും. ഗൗരവമേറിയ സംഗതികളെ പററി സംസാരിക്കാൻ തുടങ്ങുന്നതിനു മുമ്പു നല്ലവണ്ണം ആലോചന ചെയ്യേണ്ടതാകുന്നു. നമ്മുടെ അന്തൎഗ്ഗതങ്ങളുടെ ഗുരുലാഘവത്വത്തെപററി വേണ്ടുംവണ്ണം ചിന്തിച്ചു് അവയെ വിശദീകരിക്കുന്നതിനു നാം ഉപയോഗിക്കുന്ന വാക്കുകൾ പരിമിതമായും പൎയ്യാപ്തമായും

നിർദ്ദോഷമായും ഇരിക്കുന്നുണ്ടോ എന്നു പരിശോധിച്ചു തൃപ്തി-വന്നതിനുമേൽ വേണം പറയാൻ. പറഞ്ഞുകഴിഞ്ഞതിനു മേൽ അതു ശരിയോ എന്നും മററും ആലോചിക്കുന്നതു കരുതലില്ലായ്മയത്രേ.

ചിലയാളുകൾ കൃഷിത്തൊഴിലിലും, മററു ചിലർ കൈ-ത്തൊഴിലിലും, വേറെ ചിലർ സാഹിത്യത്തിലും സമർത്ഥ-ന്മാരായിരിക്കും. സംഭാഷണംകൊണ്ടു് ഓരോരുത്തൻേറയും മിടുക്ക് എവിടെയാണെന്നു കഴിയുന്നിടത്തോളം ഗ്രഹി-ക്കണം; എന്നിട്ടു് ആ വിഷയത്തെക്കുറിച്ചു് അയാളേക്കൊണ്ടു സംസാരിപ്പിക്കയും അയാൾ പറയുന്നതു കേട്ടു ധരിക്കയും ചെയ്യേണ്ടതാകുന്നു. ഈ ഉപായത്താൽ നിങ്ങൾ സംസാ-രിക്കുന്ന ആളുകളുടെ യോഗ്യതകളെ ധരിക്കുന്നതിനു പുറമേ, അവരുടെ പക്കൽനിന്നു പല തത്വങ്ങളും ഗ്രഹിക്കുന്നതിനും നിങ്ങൾക്കു പലപ്പോഴും ഉപകരിക്കുന്ന ജ്ഞാനധനത്തെ അതിക്ലേശം കൂടാതെ നേടുന്നതിനും സാധിക്കുന്നതാകുന്നു.

അന്തസ്സാരവിഹീനരായി ദാംഭികന്മാരായി ധിക്കാരിക-ളായുള്ള ആളുകളുമായി സഹവസിക്കാൻ നിർഭാഗ്യവശാൽ ഇട വന്നുപോയാൽ അവരുടെ സ്വഭാവത്തിനുള്ള ദോഷ-ങ്ങളേയും ന്യൂനതകളേയും കണ്ടു മനസ്സിലാക്കുവാനും ആ ദോഷങ്ങളെ നമുക്കു വർജ്ജിക്കുവാനും ഉള്ള ഒരവസരമാക്കി-ത്തീർക്കണം.

ആത്മപ്രശംസ ചെയ്യാതിരിക്കാൻ ശ്രദ്ധിക്കേണ്ട-താണു്. തന്നെത്താനെ പുകഴ്ത്തേണ്ട ആവശ്യം നേരിടു-കയാണെങ്കിൽ, അതിൻെറ അർത്ഥം നിങ്ങളുടെ യശസ്സു മോ-ശമാണെന്നും നാശോന്മുഖമാണെന്നും ആകുന്നു എന്നു് ഉറച്ചുകൊൾക. മററുള്ളവക്കു നിങ്ങൾ ഹാസ്യരാണെന്നു-ള്ളതും നിശ്ചയം.

പാഠം ൧൯.

മനുഷ്യൻ.

സൃഷ്ടിവൎഗ്ഗങ്ങളിൽ വച്ചു മനുഷ്യൻ പ്രഥമസ്ഥാനത്തെ അൎഹിക്കുന്നു. അവൻെറ ബുദ്ധി, മൃഗങ്ങളുടെ രസകരവും അത്ഭുതകരവും ആയ വാസനയെ എന്നപോലെ, ശരീരഘടനാപരിപൂൎത്തി ജന്തുക്കളുടെ കായനിൎമ്മാണവൈചിത്ര്യത്തെ അധഃകരിക്കുന്നു. മനുഷ്യനും മൃഗത്തിനും തമ്മിൽ വലുതായ ഒരു അന്തരമുണ്ടു്. ആ അകല്ചയെ അടുപ്പിക്കാൻ മനുഷ്യനോ, അതിനെ ചാടിക്കടക്കുവാൻ മൃഗത്തിനോ ശക്തിയില്ല. മനുഷ്യനിൽ അധിഷ്ഠാപിതമായ ആത്മബോധമാണു് അവൻെറ ബുദ്ധിക്കു ശക്തിയും ദാൎഢ്യവും ഉണ്ടാക്കിക്കൊടുക്കുന്നതു്. ആത്മശക്തികൊണ്ടു ബുദ്ധിയെ ശരിയായി വ്യാപരിപ്പിക്കുന്നതിനു വയ്യാതായ സ്ഥിതിയിലും, മനുഷ്യൻ മൃഗങ്ങളെക്കാൾ എത്രയോ ഉന്നതമായ ഒരു പദത്തിൽ തന്നെ ഇരിക്കയും, മഹാസത്വങ്ങളായ ജന്തുക്കളെ പോലും കീഴടക്കുകയും ചെയ്യുന്നു.

തൽക്കാലസ്ഥിതികൾക്കനുസരണമായി വൎത്തിക്കുന്നതിനുള്ള ശക്തികൊണ്ടു ബുദ്ധി അല്ലെങ്കിൽ വിവേകം വാസനയിൽനിന്നു വ്യത്യാസപ്പെട്ടതാകുന്നു. കാലദേശാവസ്ഥകൾക്കനുരൂപമായി വാസന മാറിക്കാണുന്നില്ല. നീൎക്കുതിരയെ ഒരു കൂട്ടിൽ പിടിച്ചടച്ചാലും, അതു അണ കെട്ടി വെള്ളം ചെറുക്കാൻ ഉദ്യമിക്കുന്നതു കാണാം. കൂട്ടിൽ അടച്ചു വീട്ടിൽ വളൎത്തുന്ന മലയണ്ണാനു പതിവായി മൂന്നു നേരവും ഭക്ഷണം കിട്ടുന്നുണ്ടെങ്കിലും, അടുത്ത തവണത്തെ തീററിയ്ക്കായി ഉച്ഛിഷ്ടം മുഴുവൻ ഒളിച്ചു വയ്ക്കുന്നതിൽ അതു ജാഗരൂകമായിരിക്കുന്നു. തല്ലിക്കൊന്നു തീററിക്കായി മുമ്പിൽ ഇട്ടുകൊടുത്തിരിക്കുന്ന ജന്തുവിനെയും, പെരുമ്പാമ്പു ജീവ-

നുള്ള മൃഗങ്ങളെ പിടിച്ചു വിഴുങ്ങുവാൻ ഭാവിക്കുമ്പോൾ കാണിക്കാറുള്ള ശ്രദ്ധയോടും മുൻകരുതലോടും മാത്രമേ അടുക്കാറുള്ളൂ. ഇതുപോലെ തന്നെ ഉരിച്ചെടുത്തു അധികകാലം കഴിയാത്ത കടുവാത്തോലു കണ്ട നായ്, ജീവനുള്ള കടുവായുടെ മുമ്പിൽനിന്നു എന്നപോലെ ഓട്ടം തുടരുന്നു. അപൂർവ്വം ചിലപ്പോൾ മൃഗങ്ങളും തൽക്കാലസ്ഥിതികൾക്കു യോജിച്ചവിധത്തിൽ പ്രവർത്തിക്കുന്നുണ്ടെങ്കിൽ, അതു വിവേകംകൊണ്ടല്ല, വാസനകൊണ്ടു തന്നെയാണ്. നേരേമറിച്ചു ബാഹ്യസ്ഥിതികൾക്ക് ഉതകുന്നപടി തന്റെ ശീലത്തെയും പ്രവൃത്തിയെയും മാററുന്നതിനു മനുഷ്യനെ അവന്റെ വിവേകം സഹായിക്കുന്നു. കാലു തൊട്ടാൽ പപ്പടംപോലെ പൊള്ളിപ്പോകുന്ന സഹാറാമണൽക്കാട്ടിലും, മരംപോലെ വിറുങ്ങലിച്ചുപോകുന്ന ധ്രുവപ്രദേശങ്ങളിലും ഒരേ മനുഷ്യനു തന്നെ മാറിമാറി സുഖമായി വസിക്കാൻ ശേഷിയുണ്ട്. തിളയ്ക്കുന്ന മണൽക്കാട്ടിലെ ചൂട് ഏല്ക്കാതിരിക്കുവാനും, കട്ടപിടിച്ചു കിടക്കുന്ന ഹിമസംഹതിയുടെ ശൈത്യം തട്ടാതിരിക്കുവാനും വേണ്ട ജീവികാരീതിയെ കൈക്കൊള്ളുവാൻ വിവേകിയായ മനുഷ്യനു സാധ്യമാണ്.

ഹീനജന്തുക്കൾ ക്രമേണ പരിഷ്കൃതിയെ പ്രാപിച്ചു മനുഷ്യരൂപത്തെ അവലംബിച്ചതാണെന്നും, നീഗ്രോജാതിക്കാർ അപ്രകാരം പരിഷ്കൃതവാനരങ്ങളാണെന്നും ഒരുവക പരിണാമവാദികൾ പറയുന്നുണ്ട്. ഈ അഭിപ്രായത്തെ നമുക്കു ചുരുക്കമായി ഒന്നു പരിശോധിച്ചുനോക്കാം. ആദ്യം ആകൃതിയെപ്പററിയാകട്ടെ; മനുഷ്യരൂപത്തോട് അടുത്ത സാമ്യമുള്ള ജന്തു വാലില്ലാക്കുരങ്ങാകുന്നു. ഇതിന്റെ തലയോടും മനുഷ്യന്റെ തലയോടും തമ്മിൽ നമുക്ക് ഒന്നു താരതമ്യം ചെയ്തു നോക്കാം. കനത്തു തടിച്ച അരികുകളോടു കൂടിയ അസ്ഥിവലയം, ക്രമപ്രവൃദ്ധമായ തുംഗത്വം, തല-

ച്ചേറിനിരിക്കാനുള്ള ഇടുങ്ങിയ സ്ഥലം, ഗൗരവദ്യോതകമായ കപാലം, തലയോടിൻെറ ആകെക്കൂടെയുള്ള ഗോളാകൃതി ഇവയെല്ലാം നീഗ്രോവിനും വാലില്ലാക്കരങ്ങനും ഒന്നുപോലെ തന്നെ ഇരിക്കുന്നു. എന്നാൽ, തലയുടെയും കടവാകളുടെയും പരിമാണത്തിൽ രണ്ടിനും വളരെ വ്യത്യാസമുണ്ടു്. മനുഷ്യൻെറ മുഖം അവൻെറ ഉള്ളിൽ സർവ്വദാ മാറിമാറി വ്യാപിച്ചുകൊണ്ടിരിക്കുന്ന വികാരങ്ങളെ പ്രതിബിംബിപ്പിക്കുന്ന ഒരു ദർപ്പണമായിരിക്കവേ, വാലില്ലാക്കരങ്ങിൻേറതു് ആഹാരോപചയത്തിനുള്ള ഒരു ഉപകരണവും ശത്രുക്കളെ എതിൎക്കുന്നതിനും തടുക്കുന്നതിനും ഉള്ള ഒരായുധവും മാത്രമായിരിക്കുന്നു. അതിനാൽ, വാലില്ലാക്കരങ്ങൻെറ കടവാകൾ വിസ്താരമേറിയതും, മഹാബലമുള്ള ദംഷ്ട്രകളോടുകൂടിയതും വായ് തുറക്കുകയും അടയ്ക്കുകയും ചെയ്വാൻ സഹായിക്കുന്ന ശക്തിയേറിയ മജ്ജാതന്തുക്കളോടുകൂടിയ ഉറപ്പുള്ള അസ്ഥിവലയം പൂണ്ടതും ആയിരിക്കുന്നു. എന്നാൽ, മനുഷ്യന് ആഹാരസാധനങ്ങൾ ശേഖരിക്കുന്നതിനും ആയുധങ്ങൾ ഉണ്ടാക്കുന്നതിനും കൈയുള്ളതുകൊണ്ടു് അവൻെറ കടവാകളും പല്ലുകളും ജീവസന്ധാരണത്തിന് അനുഗുണമായ വിധത്തിൽ മാത്രം തുലോം ചെറുതായിട്ടാണു നിൎമ്മിക്കപ്പെട്ടിട്ടുള്ളതു്.

സാധാരണമായി നേരെ നിവിൎന്നിരിക്കുന്നതിനുള്ള ശക്തിയും മനുഷ്യനു മാത്രമേയുള്ളു. മൃഗങ്ങളുടെ ശരീരത്തിൻെറ ഘടന നിവിൎന്നിരിക്കുന്നതിനു യോജിക്കുന്ന വിധത്തിലല്ല. അപ്രകാരം ചെയ്യുന്നതിനു മൃഗങ്ങൾ യത്നിക്കുമ്പോൾ തല പിൻവശത്തു തൂങ്ങുന്നതിനാൽ മലൎന്നു വീഴുവാൻ പോകുന്നതുപോലെ തോന്നുകയും, കാലിലേയും അരയിലേയും എല്ലുകൾ, നിവിൎന്നിരിക്കുവാൻ പാടില്ലാത്ത വിധത്തിൽ ചേൎക്കപ്പെട്ടിരിക്കുന്നതുകൊണ്ടു ശരീരം ആസകലം വല്ലാതെ വിറയ്ക്കുകയും ചെയ്യുന്നു. വാലില്ലാക്കരങ്ങു്

എഴുന്നേററു നില്ക്കുന്നതു് അതിൻെറ കൈകളുടെ സഹായത്താലും, നടക്കുന്നതു് ഒരു മാതിരി നൃത്തരീതിയിലും ആകുന്നു.

കൈകളിലെ പെരുവിരലിൻെറ ശക്തിയും മനുഷ്യക്കാണു വാലില്ലാക്കുരങ്ങന്മാരെക്കാൾ അധികം. ഇതിൻെറ സഹായത്താലാണു് മനുഷ്യൻ ചെറുതോ വലുതോ ആയ ഏതു സാധനത്തെയും പിടിക്കാനും, എഴുത്തുപേനയോ ഖൾഗമോ എടുത്തുപയോഗിക്കാനും ശരമയയ്ക്കാനും തുണിതുന്നാനും ശക്തനാകുന്നതു്. ഇനിയും ഇങ്ങനെ അനവധി വ്യത്യാസങ്ങൾ മനുഷ്യനും വാലില്ലാക്കുരങ്ങനും തമ്മിൽ പറയാം.

ഇനി ബുദ്ധിയെപ്പററി ചിന്തിക്കാം. മനുഷ്യൻെറ ബുദ്ധികുരങ്ങൻെറ വാസനയെക്കാൾ ബലം കൂടുമെന്നു പല വിധത്തിൽ തെളിയിക്കാം. തങ്ങൾക്കുപയോഗിക്കാനായി ആയുധങ്ങൾ ഉണ്ടാക്കുവാൻ ഒരു വാലില്ലാക്കുരങ്ങനും ഇതുവരെ കഴിഞ്ഞിട്ടില്ല. ഒരുവേള ആത്മരക്ഷ ചെയ്യേണ്ട ആവശ്യം നേരിടുമ്പോൾ അതും വല്ല കല്ലോ കമ്പോ എടുത്തു് അക്കാൎയ്യം നിവ്വഹിക്കുന്നുണ്ടെന്നു വരാം. എന്നാൽ വില്ലുമമ്പും നിൎമ്മിക്കുന്നതിനോ, ചില ചെടികളുടെ ഇല പിഴിഞ്ഞു നീരെടുത്തു് അമ്പുമുനയിൽ പിരട്ടി വിട്ടാൽ അതു ചെന്നു തറയ്ക്കുന്ന മനുഷ്യൻ ഉടനടി മരിക്കും എന്ന തത്വം ഗ്രഹിക്കുന്നതിനോ അതിനു് ശക്തിയില്ല. എന്നാൽ മനുഷ്യവൎഗ്ഗത്തിൽ പെട്ട എത്ര ഹീനജാതിക്കും ഏതു മൃഗത്തോടും നേരിട്ടു നിന്നു പൊരുതുവാൻ ധൈൎയ്യവും കെല്പും ഉണ്ടു്. അവർ വില്ലുമമ്പും ഉണ്ടാക്കി, അമ്പിൻെറ മുനയിൽ കൂട്ടുമേറിയ ഇരുമ്പോ മററോ വെച്ചുറപ്പിച്ചു് [വിഷമുള്ള ചില ദ്രാവകങ്ങൾ തേച്ചു് ശക്തി കൂട്ടി], മാംസം കൊണ്ടു ഭക്ഷണസാധനമോ തുകൽകൊണ്ടു വസ്ത്രമോ ഉണ്ടാക്കാവുന്ന മൃഗങ്ങളെ വേട്ടയാടി കൊന്നെടുക്കുന്നു. തിന്നാൻ കൊള്ളാവുന്ന ജന്തുവാണെങ്കിൽ ഉടൻ തീ കൂട്ടി

മാംസം ചുട്ടുവാൻ ആരംഭിക്കയും ചെയ്യുന്നു. വാലില്ലാക്കുരങ്ങിനാകട്ടെ, തീജ്വാല കണ്ടു വായും പൊളിച്ചു കൈയും നീട്ടി രസിച്ചുകൊണ്ടിരിക്കുന്നതിനല്ലാതെ അതു കെട്ടുപോകുമ്പോൾ ഊതിക്കത്തിക്കുവാനോ കൂടുതൽ വിറകിട്ടു വദ്ധിപ്പിക്കുവാനോ ഉള്ള ശക്തിയില്ല. ഈ വക കാര്യങ്ങൾ മനുഷ്യക്കല്ലാതെ മൃഗങ്ങൾക്കൊന്നിനും സാദ്ധ്യമല്ല.

മനുഷ്യനും മൃഗത്തിനും തമ്മിലുള്ള മറെറാരു വലുതായ വ്യത്യാസം പറയേണ്ടതുണ്ടു്; അതായതു ഭാഷ. ഈ രണ്ടക്ഷരത്തിനുള്ളിൽ നാം ഇതുവരെ വിവരിച്ച വ്യത്യാസങ്ങൾ എല്ലാം അന്തർഭവിച്ചിട്ടുണ്ടെന്നു പറയാവുന്നതാണ്. നമ്മുടെ മനസ്സിലുള്ള വിചാരങ്ങളെ അന്യനെ ധരിപ്പിക്കുന്നതും നമ്മുടെ വ്യാപാരങ്ങളെ ക്രമപ്പെടുത്തുന്നതും, നമ്മുടെ അനുഭവങ്ങളെ മററുള്ളവരുടെ ഗുണത്തിനു വേണ്ടി രേഖപ്പെടുത്തി വയ്ക്കുന്നതും, ചുരുക്കത്തിൽ, നാം പരിഷ്കൃതന്മാരായിത്തീൎന്നിട്ടുള്ളതും ഭാഷയുടെ സഹായത്താലാണല്ലോ. ശാസ്ത്രപ്രകാരം നോക്കുന്നതായാൽ കുരങ്ങന്മാർ സംസാരിക്കാതിരിക്കുന്നതിനു യാതൊരു കാരണവുമില്ലെങ്കിലും, അനുഭവം മറിച്ചാണ്. അവയ്ക്കു ഭാഷയില്ല; നിശ്ചയം. അതിനാൽ കാഴ്ചബംഗ്ലാവുവക തോട്ടത്തിൽ ഇപ്പോൾ പിടിച്ചിട്ടിരിക്കുന്ന വാലില്ലാക്കുരങ്ങനു പണ്ടു ദക്ഷപ്രജാപതിയുടെ കാലത്തെ കുരങ്ങനെക്കാൾ കൂടുതലായ യാതൊരു പരിഷ്കാരവുമുണ്ടായിട്ടില്ലെന്നും, ഉണ്ടാകാനുള്ള ലക്ഷണങ്ങളൊന്നുമില്ലെന്നും, അനുദിനം പരിഷ്കാരോന്മുഖനായതു മനുഷ്യൻ തന്നെ ആണെന്നും, ഈ വിശേഷത്തിനു ഹേതുഭൂതമായ ബുദ്ധിയോടു കൂടിയ മനുഷ്യനു തന്നെയാണ് സൃഷ്ടിവൎഗ്ഗത്തിൽ വച്ചു് അഗ്രപൂജ നൽകേണ്ടതെന്നും തീൎച്ചപ്പെടുത്താവുന്നതാകുന്നു.

പാഠം ൧൯.

അനുപമൻ എന്ന മഹൎഷി.

പണ്ടു നിൎമ്മലബുദ്ധിയായി വ്രതഹോമാദിതൽപരനായി അനുപമൻ എന്നൊരു മഹൎഷി ഘോരവനത്തിൽ ഒരാശ്രമം ചമച്ചു വസിച്ചിരുന്നു. അദ്ദേഹം അവിടെ താമസമാക്കിയ നാൾ മുതൽ ആ വനത്തിലുള്ള സൎവ്വജന്തുക്കളും നിത്യമായ് പൎണ്ണശാലയിൽ ചെന്നു് അദ്ദേഹത്തെ കൈവണങ്ങി അദ്ദേഹത്തിനു വേണ്ട ശുശ്രൂഷകൾ എല്ലാം ഭക്തിപൂൎവ്വം ചെയ്തുകൊടുക്കുക പതിവായിരുന്നു. അനുപമനും ആ മൃഗങ്ങളെ പുത്രനിൎവ്വിശേഷം സ്നേഹിച്ചു പുലൎത്തിവന്നു. ഈ വൎത്തമാനം അറിഞ്ഞു സമീപത്തിലുള്ള വനങ്ങളിലേ മൃഗങ്ങളും അവിടെ അടുത്തുകൂടി. ഇങ്ങനെ കുറെ നാൾകൊണ്ടു് ആ ആശ്രമത്തിൻെറ സമീപദേശം മുഴുവനും "സിംഹവ്യാഘ്രശല്യാദിമൃഗഗണകീൎണ്ണ"മായി എങ്കിലും, അവയുടെ സ്വൈരസഞ്ചാരത്തിനും സ്വച്ഛന്ദഭക്ഷണത്തിനും യാതൊരു തടവും നേരിട്ടില്ല. ആ മൃഗങ്ങളുടെ കൂട്ടത്തിൽ "നാട്ടിൽനിന്നും ആട്ടിക്കളഞ്ഞ" ഒരു നായും ഉണ്ടായിരുന്നു. ഈ പട്ടി മഹൎഷിയുടെ കാലിൻചുവട്ടിൽനിന്നു മാറാതെ അദ്ദേഹത്തിൻെറ അംഗരക്ഷകകൃത്യം നിൎന്നിമേഷനായി നിൎവ്വഹിച്ചുവരുകയാൽ, അദ്ദേഹത്തിനു് അതിൻെറ നേരെ സവിശേഷമായ സ്നേഹവും വാത്സല്യവും ജനിച്ചു.

ഇങ്ങനെ ഈ നായ് മഹാഭാഗ്യം അനുഭവിച്ചു വരവേ, അനുപമമഹൎഷിയുടെ ആശ്രമത്തിനു് സമീപത്തു മേഞ്ഞുകൊണ്ടു നിന്നിരുന്ന ഒരു കലമാൻകൂട്ടം ഇളകി മറിഞ്ഞു കൊമ്പും കുലുക്കി കുതിച്ചു ചാടിക്കൊണ്ടു പട്ടിയെ കൊല്ലുന്നതിനായി വന്നണഞ്ഞു. കലമാൻ വരുന്ന വരവു കണ്ടു് തൻെറ പ്രാണൻ പോയി എന്നു പരിഭ്രമിച്ചു വശമായ

നായ് അതിശീഘ്രം അനുപമപൂജ്യപാദങ്ങളെ അഭയം പ്രാപിച്ചു. ആശ്രിതത്രാണം ധർമ്മമാണെന്നറിവുള്ള മഹർഷി തന്റെ കമണ്ഡലുവിൽനിന്ന് അല്പം ജലമെടുത്ത് ആ ശ്വാവിന്റെ മേൽ 'പ്രോക്ഷിച്ച്' യോഗദണ്ഡംകൊണ്ട് അതിനെ മന്ദമായി ഒന്നു തലോടി. അപ്പോൾ എന്തൊരാശ്ചര്യമാണ് അവിടെ ഉണ്ടായത്? അനുപമന്റെ തപശ്ശക്തികൊണ്ട് ആ ശ്വാവ് സാക്ഷാൽ പവനന്റെ വാഹനമായ കലമാൻ എന്നതുപോലെ ഒന്നിനൊന്നു വളന്നു പടന്നു നിന്ന കൊമ്പുകൾ പൂണ്ടു ദീഘവും വിസ്തൃതവും ആയ നയനങ്ങളെ ചലിപ്പിച്ചുകൊണ്ടു ഗംഭീരമായ തലയെടുപ്പോടും ഉറച്ച ശരീരത്തോടും കൂടി ആ കലമാനിനെ എതിക്കവാനാരംഭിച്ചു. എന്തിനധികം? വിരണ്ടോടിയണഞ്ഞ മാൻ ഈ അത്ഭുതം കണ്ടു ഭയപ്പെട്ടു മണ്ടി കാട്ടിൽ മറഞ്ഞു. നായ് മാനിന്റെ രൂപം മാററാതെ തന്നെ മഹർഷിയുടെ പാദശുശ്രൂഷ ചെയ്തു വസിച്ചു.

മാൻവേഷം പൂണ്ട നായ്ക്കു ഇതാ മറെറാരാപത്തു വന്നു നേരിട്ടു; ഒരു ദിവസം ഒരു ഭയങ്കരവ്യാഘ്രം തന്റെ കുത്തുമൂത്തുള്ള രോമങ്ങളെ വിടർത്തികൊണ്ടും എട്ടു ദിക്കും പൊട്ടമാറു കഠിനമായി ഗജ്ജിച്ചുകൊണ്ടും ഈ കലമാനിനെ നിഗ്രഹിക്കുന്നതിനായി വന്നടുത്തു. ഭയാക്രാന്തനായ ശുനകൻ അപ്പോഴും മഹർഷിയോടു ശരണം പ്രാത്ഥിക്കയും അദ്ദേഹം അതിനെ തന്റെ ദിവ്യശക്തികൊണ്ട് ഒരു മഹാവ്യാഘ്രമാക്കിത്തീർത്ത് ആപത്തിൽനിന്നു രക്ഷിക്കയും ചെയ്തു. അതിന്റെ ശേഷം കടുവയുടെ രൂപത്തിൽത്തന്നെ ആ ശ്വാവ് യോഗിയുടെ പാദസേവ ചെയ്തുകൊണ്ടു വാണു.

ഇങ്ങനെ അനവധി നാൾ നായ്ക്കു സ്വൈരമായി വാഴുന്നതിനു സാധിച്ചില്ല. അതിനെ കൊല്ലുന്നതിനായിട്ടു ഒരു മത്തവാരണം വരുന്നതു കാണായി. അസ്സമയത്തും മദ-

ജലം വാൎന്നൊഴുകുന്ന മററൊരു മഹാഗജമായി മാറി രൂപ-ത്തിൽനിന്ന് ഒഴിഞ്ഞു നില്ക്കുവാൻ സാധിച്ചു. അനന്തരം, മത്തഹസ്തിമസ്തകം ഭേദിച്ചു ഭക്ഷിപ്പാൻ അതിലാലസയോടു കൂടി ഒരു ഘോരസിംഹം വന്നടുത്തു. ഗജരൂപിയായ ശുനകൻ പെട്ടെന്നു സടാനിബിഡമായ മുഖത്തോടു കൂടിയ ഒരു ക്രൂരപഞ്ചാസ്യനായിത്തീൎന്നു.

നായ് മൃഗരാജാവായി ഭവിച്ചിട്ടും അതിൻെറ കഷ്ടകാലം അവസാനിച്ചില്ല. "വരുന്നതൊക്കെയും വലൻ ദുഃഖങ്ങൾ" എന്നു പറഞ്ഞതുപോലെ, അതിൻെറ മൃഗേന്ദ്രസ്ഥാനത്തെ വിസംവദിക്കുന്നതിന്നായി 'സിംഹംഛാതി' എന്നു പ്രസിദ്ധ-പ്പെട്ട അഷ്ടാപദമായ ഒരു ശരഭമുണ്ടായി. മഹൎഷിയുടെ തപശ്ശക്തിയാൽ ശ്വാവും ഉടനെ ഒരു ബലിഷ്ഠമായ ശരഭമാ-യിത്തീൎന്നു. ശരഭങ്ങൾ രണ്ടും തമ്മിൽ ഇടഞ്ഞു. അവയുടെ പോർ അതിഭയങ്കരമായിരുന്നു. ആ യുദ്ധത്തെ മഹാകവി തുഞ്ചത്തെഴുത്തച്ഛൻെറ വാക്കുകളാൽ തന്നെ വൎണ്ണിക്കാം:—

"സമുദ്രങ്ങൾ തമ്മിൽ പൊരുന്ന പോലെയും,
പരുത്ത ശൈലങ്ങൾ പൊരുന്ന പോലെയും,
തടിച്ച വൃത്രനമമൎത്ത്യനാഥനും
നടിച്ചു പണ്ടേറെപ്പൊരുത പോലെയും,
മഹിഷനും ദുൎഗ്ഗാഭഗവതി താനും
മഹിതഘോരമായ് പൊരുത പോലെയും,
ദശരഥനരപതിതനയനും
ദശവദനനും പൊരുത പോലെയും,
ഭയമാകുംവണ്ണം പൊരുതിരുവരും"

ക്ഷീണിച്ചു; ആഗതനായ ശരഭം ഒടുവിൽ സ്വയംകൃതാന-ൎത്ഥത്തിൽനിന്നു വല്ല വിധവും രക്ഷ കിട്ടിയാൽ മതി എന്നാ-ശിച്ചു; എന്നു മാത്രമല്ല, തക്കതായ ഒരവസരം ലഭിച്ചപ്പോൾ മെല്ലെന്നു കടന്നുകളകയും ചെയ്തു.

"അല്പന് ഐശ്വൎയ്യമുണ്ടായാൽ അൎദ്ധരാത്രിക്കു കുട പിടിക്കും" എന്നുണ്ടല്ലോ. മഹൎഷിയുടെ ദിവ്യാനുഗ്രഹത്താൽ ആക്കം അജയ്യനായിത്തീൎന്ന ആ നായ് തന്റെ സാമൎത്ഥ്യങ്ങൾ ഓൎത്തു ഗൎവ്വിഷ്ഠനായി ഭവിച്ചു; എന്നു മാത്രമല്ല, മഹൎഷി പോററിവന്ന മററു മൃഗങ്ങളെ ഉപദ്രവിക്കാനും തുടങ്ങി. അവന്റെ ദൌഷ്ട്യം ഇതുകൊണ്ടും നിലച്ചില്ല. തന്റെ ആ മഹിമയെല്ലാം ഹേതുഭൂതനായ യോഗീന്ദ്രന്റെ നേക്കു കൃതജ്ഞനായി അദ്ദേഹത്തിന്റെ പാദശുശ്രൂഷ തന്നെ തന്റെ പരമധൎമ്മമെന്നു ഗണിച്ച് അത്യന്തഭക്തിയോടു കൂടി വസിക്കേണ്ടതിനു പകരം, ആ ശ്വാവ് സൎവ്വവും വിസ്മരിച്ചു. നിഗ്രഹാനുഗ്രഹശക്തനായ ആ മഹൎഷിയെ ഹനിച്ചിട്ടും തന്റെ അധികാരത്തെ ആ വനത്തിൽ അന്യൂനമായി സ്ഥാപിക്കാൻ തരം നോക്കി വസിച്ചു. ആ നായുടെ അന്തൎഗ്ഗതങ്ങൾ മുഴുവനും ത്രികാലജ്ഞനായ അനുപമനു സ്പഷ്ടമായി അറിവാൻ ഇടയായി; എങ്കിലും, അദ്ദേഹം അതിനു യാതൊരു ഉപശാന്തിയും തൽകാലത്തേക്കു ചെയ്തില്ല. ഒരു ദിവസം മഹൎഷി സമാധിയിൽ ഇരിക്കവേ, ശരഭരൂപിയായ ശുനകൻ വായും പിളൎന്നു ദംഷ്ട്രകൾ പുറത്തു തള്ളി കൈനഖങ്ങൾ ഉറയിൽനിന്നു വിടൎത്തിക്കൊണ്ട് അദ്ദേഹത്തിന്റെ നേരെ പാഞ്ഞെടുത്തു. ഇതെല്ലാം ദിവ്യദൃഷ്ടികൊണ്ടു കണ്ട യോഗി "അല്ലാ! നായേ! നിനക്ക് ഇത്ര ബുദ്ധിയില്ലയോ?" എന്നു ചോദിച്ചു. അഹോ! എന്തൊരാശ്ചൎയ്യം! ഒരു മൂളിപ്പട്ടിയായിട്ട് അതാ അനുപമന്റെ മുമ്പിൽ നില്ക്കുന്നു! ഐശ്വൎയ്യശക്തികൊണ്ടുള്ള മദം അനൎത്ഥഹേതുകമാണല്ലോ.

പാഠം ൧൩.

ഘനം അല്ലെങ്കിൽ ഗുരുത്വം.

ഘനം അല്ലെങ്കിൽ ഗുരുത്വം എന്ന ഗുണത്തെ കുറിച്ച് ആലോചിക്കാം. ഒരു പദാൎത്ഥത്തെ നിലത്തുനിന്നു പൊക്കുവാൻ ശ്രമിക്കുമ്പോഴോ, അതിനെ കൈയിൽ വച്ചുകൊണ്ടിരിക്കുമ്പോഴോ നമുക്കു ഒരു ശ്രമം തോന്നുന്നതായാൽ ആ പദാൎത്ഥത്തിനു ഗുരുത്വമുണ്ടെന്നു നാം പറയുന്നു. നിലത്തുനിന്നു കുറേ പൊക്കത്തിൽ താങ്ങി വയ്ക്കപ്പെട്ടിരിക്കുന്ന ഒരു പദാൎത്ഥം അതിന്റെ ആധാരത്തെ മാററുമ്പോൾ നിലത്തു വീഴുന്നതായാൽ അതിനു ഘനമുണ്ടെന്നു നാം പറയുന്നു. നിലമെന്നു പറയുന്നതു ഭൂമിയുടെ ഉപരിതലമാകുന്നു. ഘനപദാൎത്ഥങ്ങൾ യാതൊരു ആധാരത്തിന്റെയും താങ്ങലില്ലാതിരുന്നാൽ ഭൂമിയുടെ ഉപരിതലത്തിന്റെ നേക്കു ചൊവ്വേ വീഴുന്നതുകൊണ്ടു, ഘനമുള്ള വസ്തുക്കൾ എല്ലാം ഇപ്രകാരം വീഴുന്നതിനു പ്രവണതയുള്ളവയാണ് എന്നു നാം പറയുന്നു. ഇതിനെ സംബന്ധിച്ച പരിശോധന ഭൂപൃഷ്ഠത്തിന്റെ ഏതു ഭാഗത്തുവച്ചു നടത്തുന്നതായാലും ഫലത്തിൽ യാതൊരു വ്യത്യാസവും ഉണ്ടാകുന്നതല്ല.

മഴ എന്നു പറയുന്നതു വെള്ളത്തുള്ളികൾ തന്നെയാകുന്നു. ഇംഗ്ലണ്ടിലുള്ള അതിശീതവും അത്യുഷ്ണവും അല്ലാത്ത കാലത്തു പെയ്യുന്നതായാലും, ന്യൂസിലൻഡിൽ പെയ്യുന്നതായാലും വെള്ളത്തുള്ളികൾ തന്നെയായിരിക്കും മഴ. ആ വെള്ളത്തുള്ളികൾ എല്ലാം ഭൂപൃഷ്ഠത്തിന്റെ നേക്കുത്തുക്കായി വീഴുന്നു. എന്നാൽ ഭൂമി ഒരു ഗോളമാണെന്നും ന്യൂസീലൻഡു് ഇംഗ്ലണ്ടിന്റെ പ്രതിലോമരാജ്യമാണെന്നും നമുക്കറിയാം. അതുകൊണ്ടു ഒരേ സമയത്തു തന്നെ ഇംഗ്ലണ്ടിലും അമേരിക്കയിലും മഴ പെയ്യുന്നതായാൽ, മഴത്തുള്ളി-

കൾ കന്നിനു നേക്ക കന്നായി പ്രതിലോമസ്ഥലങ്ങളിൽ നിന്നു വീണുകൊണ്ടിരിക്കണം. അവ വീഴുന്നതു് അവയുടെ മദ്ധ്യേ ഇരിക്കുന്ന ഭൂകേന്ദ്രത്തിൻെറ നേക്കായിട്ടാണു്. ഘനമുള്ള പദാൎത്ഥമെല്ലാം ഭൂകേന്ദ്രത്തിൻെറ നേക്ക വീഴുന്നതിനു പ്രവണതയുള്ളതാകുന്നു. അവയുടെ ഗതിക്രമത്തെയോ പതനത്തെയോ യാതൊന്നും തടയാത്ത പക്ഷം, ഈ വഴിക്ക തന്നെ അവ വീഴുന്നു. ഘനത്തെക്കുറിച്ച പറയുമ്പോൾ അൎത്ഥമാക്കേണ്ടതു, വീഴുന്നതിനുള്ള പ്രവണതയെന്നാകുന്നു. ഒരു വസ്തു ഘനമുള്ളതാണെന്നു പറയുമ്പോൾ അതിൻെറ താൽപൎയ്യം അതിന് ആധാരം ഒന്നുമില്ലെങ്കിൽ താഴെ വീണുപോകും എന്നോ, നാം തന്നെ അതിനെ താങ്ങുന്നപക്ഷം അതിൻെറ ഭാരത്തെക്കുറിച്ച നമുക്ക ബോധമുണ്ടായിരിക്കുമെന്നോ നാം പൂൎണ്ണമായി പ്രതീക്ഷിക്കുന്നു എന്നാകുന്നു.

ഗുരുത്വം അല്ലെങ്കിൽ ഘനം എന്നതിൻെറ കാരണം ആകൎഷണശക്തി തന്നെയാണെന്നു പറയാം. ആകൎഷണം എന്നതു് ഒരുവിധം ശക്തിയാണെന്നു പറഞ്ഞുവല്ലോ. ഇനി ഈ ശക്തി എന്താണെന്നു പൎയ്യാലോചിക്കാം. കാൎയ്യോൽപ്പാദയോഗ്യമായ ഒരു ധൎമ്മവിശേഷമാണു ശക്തി എന്നു ന്യായശാസ്ത്രജ്ഞന്മാർ പറയുന്നു. ഒരു പദാൎത്ഥത്തിന്മേൽ ഭാരത്തെ ഏല്പിക്കുന്നതിനോ അതിനെ ചലിപ്പിക്കുന്നതിനോ ആയി അതിനെ വലിക്കുകയോ തള്ളുകയോ ചെയ്യുമ്പോൾ അതിൽ നാം ശക്തിയെ പ്രവൎത്തിപ്പിക്കണം. ഒരു മല്ലൻെറ ശക്തി അവൻെറ പിടിത്തത്തിൽനിന്നു വ്യക്തമാകുന്നു. പന്തുകളിക്കാരൻെറ ശക്തി അവൻെറ പന്തു ചലിക്കുന്ന ഊക്കിൽനിന്നും വെളിവാകുന്നു.

അതുകൊണ്ടു് ശക്തി, ചലനത്തെ ഉണ്ടാക്കുകയോ ഭാരത്തിനെ സംബന്ധിച്ച പ്രവണഹേതുകമായ ചലനത്തെ

കാണിക്കുകയോ ചെയ്യുന്ന ധർമ്മമാകുന്നു എന്നു പറയാം. ആകർഷണശക്തി അല്ലെങ്കിൽ കേന്ദ്രാകർഷണശക്തി എന്നു വച്ചാൽ, ഗുരുത്വമുള്ള പദാർത്ഥങ്ങൾ നമ്മുടെ ശരീരത്താൽ താങ്ങപ്പെട്ടിരിക്കുമ്പോൾ നാം അനുഭവിക്കുന്ന ഭാരബോധത്തിൻെറ കാരണവും അവ ചലിക്കുന്നതിനുള്ള പ്രതിബന്ധം നീങ്ങിയിരിക്കുമ്പോൾ ഭൂകേന്ദ്രത്തിൻെറ നേക്ക് അവയുടെ ചലനത്തിനുള്ള കാരണവും ആയ ധർമ്മം എന്നർത്ഥമാകുന്നു. എന്നാൽ, ഈ പ്രകൃതിധർമ്മങ്ങളുടെ കാരണത്തെക്കുറിച്ച് നമുക്കു ഒന്നും അറിയാൻ പാടില്ല.

ആകർഷണം; ശക്തി ഈ രണ്ടും സ്വാഭാവികപദാർത്ഥങ്ങളിലും നമ്മുടെ സമീക്ഷണത്തിനു സാദ്ധ്യമായ കാര്യകാരണശ്രേണിയിലും നിന്നു വ്യതിരിക്തങ്ങളായി സ്ഥിതിചെയ്യുന്ന പദാർത്ഥങ്ങളുടെ പേർ ആണ് എന്ന് ജനങ്ങൾ തെററായി ധരിച്ചിരിക്കാം. അവ ചില സ്വാഭാവികപദാർത്ഥങ്ങളുടെ അജ്ഞാതധർമ്മത്തിൻെറ പേരേ ആകുന്നുള്ളൂ. പ്രകൃതിശാസ്ത്രം പഠിക്കുന്നതിനു തുടങ്ങുമ്പോൾ തന്നെ ഈ വിഷയത്തെക്കുറിച്ചു വ്യക്തമായി അറിവുണ്ടാവാൻ ശ്രമിക്കുന്നതു് ആവശ്യകമാകുന്നു.

രണ്ടു പദാർത്ഥങ്ങൾ ചലനത്തിനു യാതൊരു പ്രതിബന്ധവുമില്ലാത്തവയായിരുന്നാൽ ക്രമേണ കൂടിവരുന്ന വേഗത്തോടുകൂടി അവ പരസ്പരം സമീപത്തു ചെല്ലുന്നു എന്നും, അവ ഒന്നിച്ചു ചേരുന്നതിനു മുമ്പേ ഓരോന്നും സഞ്ചരിക്കുന്ന ദൂരം ഓരോന്നിനുമുള്ള പിണ്ഡമാത്രയുടെ വിലോമാനുപാതത്തെ അനുസരിച്ചിരിക്കുന്നു എന്നും ഉള്ളതു് ഒരു പ്രകൃതിനിയമം ആകുന്നു എന്നും ഓർമ്മിച്ചുകൊള്ളണം. ആകർഷണം, അല്ലെങ്കിൽ കേന്ദ്രാകർഷണം എന്നു പറയുന്നതു് ഈ സാമാന്യധർമ്മത്തിനുള്ള മറെറാരു പേർ ആകുന്നു. ഇഹലോകത്തിൽ ഉള്ള പദാർത്ഥങ്ങളുടെ വിഷയത്തിൽ ഈ

ധമ്മം അല്ലെങ്കിൽ ഗുണം, 'ഫലനം' എന്ന പേരിൽ വ്യവഹരിച്ചുവരുന്നു. സംസ്കൃതപണ്ഡിതന്മാർ ഇതിനെ 'ഗുരുത്വം' എന്നു പറയുന്നു. ഈ ഗുരുത്വത്തിൻെറ അജ്ഞാതമായ കാരണത്തെ 'ശക്തി' എന്നു വിളിക്കുന്നു. മുഖ്യമായി അറിയേണ്ടതും ഈ സംഗതിയാണ്. അതുകൊണ്ടു എന്തു പേർ പറഞ്ഞു വിളിച്ചാലും, ഇതിൻെറ അൎത്ഥം ശരിയായി ഗ്രഹിച്ചിരുന്നാൽ നാമവ്യത്യാസംകൊണ്ടു സംഗതി തെററിദ്ധരിക്കാൻ ഇടയില്ല.

പാഠം ൧൭.

കപടവൃത്തിയുടെ ഫലം.

കുട്ടപ്പൻെറ ചായയുടേയും ചുണ്ടലിൻേറയും പ്രസിദ്ധി വൎദ്ധിച്ചു. സാധാരണ തംബ്ബ്ളറുകളിൽനിന്നും നാഴികളിൽ നിന്നും വലുതാണു കുട്ടപ്പൻെറ പീടികയിലുള്ളവയെന്നും ധാരാളം പൊടിയും പാലും ചേൎത്തും, അളവിൽ കുറയ്ക്കാതേയും കൊടുത്തുവരുന്നുണ്ടെന്നും ഖ്യാതി പൊങ്ങി. ഒരിക്കൽ വ്യാജം കാണിച്ചതുനിമിത്തം ചന്തയിൽനിന്നു പുറത്തു തള്ളിയ കുട്ടപ്പൻ മൎയ്യാദക്കാരനായിത്തീൎന്നതുകൊണ്ടു് എല്ലാപേരും അവനെ വിശ്വസിക്കുവാൻ തുടങ്ങി. ഈ വിശ്വാസവും ഖ്യാതിയും കുട്ടപ്പൻ ഉദ്ദേശിച്ചിരുന്നതിലും കൂടുതൽ നാളത്തേക്കു നിന്നു. ദാക്ഷിണ്യനിധികളായ നാട്ടുകാർക്കു് തൻെറ ചായയുടേയും ചുണ്ടലിൻേറയും നേരെ പ്രതിപത്തി വൎദ്ധിച്ചവെന്നു കണ്ടപ്പോൾ, സൌജന്യമായി അണ്ടിപ്പരിപ്പു കൂടി കൊടുത്തു വന്നിരുന്ന പതിവു് അവൻ നിറുത്തി.

ഏകദേശം പതിനഞ്ചു വയസ്സുള്ള ഒരു കുട്ടി കൈയിൽ ഒരു മുഴക്കോലുമായി അതുവഴി വന്നു കുട്ടപ്പൻെറ പീടികവാതുക്കൽ എത്തി പരസ്യപ്പലക കണ്ടു ചായ കുടിയ്ക്കാൻ

കൊതിച്ച കുട്ടപ്പനോട് "എടോ ചങ്ങാതി! ഒരു ലോട്ട ഇങ്ങു തരിക. കുടിക്കാൻ വൈകികഴിഞ്ഞു. ശാരദയ്ക്കു (എന്നായിരുന്നു ആ ബാലൻെറ കൊച്ചനുജത്തിയുടെ പേർ) കുറെ ചുണ്ടലും വേണം. അതും നാഴി ഇരിക്കട്ടെ" എന്നു പറഞ്ഞു.

ഇതു കേട്ട കുട്ടപ്പൻ:—നിനക്കും ശാരദയ്ക്കും കൂടി വാങ്ങാൻ കൈയിൽ പണം തികയുമോ? ഇവിടെ കടം കൊടുക്കുന്ന ഏർപ്പാടില്ല.

കുട്ടി:—കടം വേണമെന്നു ചോദിച്ചതുമില്ല; ചായ കുടിക്കാനും ചുണ്ടൽ തിന്നാനും കൊതിയുണ്ടെന്നു പറഞ്ഞപ്പോൾ കടം കൊള്ളാൻ തയാറാണെന്നു ഞാൻ പറഞ്ഞില്ലല്ലോ. ഇതാ രണ്ടിനും കൂടി രണ്ടു ചക്രം. അണ്ടിപ്പരിപ്പ സൗജന്യമായി തരുമല്ലോ.

കുട്ടപ്പൻ:—കുറേ ദിവസമായിട്ട മുഴുവൻ എത്തിയിരിക്കയാണ്. അതിനാൽ അണ്ടിപ്പരിപ്പു കിട്ടുന്ന കാര്യം പ്രയാസം.

കുമാരു:—(എന്നായിരുന്നു ആ കുട്ടിയുടെ പേർ) പിന്നെ അതെന്താണ് നിങ്ങളുടെ പരസ്യത്തിൽ കാണുന്നതു്?

കുട്ടപ്പൻ—പലകയിൽനിന്ന് ആ ഭാഗം മാച്ചുകളവാൻ എനിക്കിതുവരെ നേരം കിട്ടിയില്ല.

കുമാരു:—ഇതുവരെ നേരം കിട്ടിയില്ലയോ? അതിനിത്ര വളരെ നേരം വേണമോ? ഞാനൊന്നു നോക്കട്ടെ. ഇങ്ങിനെ പറഞ്ഞുകൊണ്ടു കുമാരു മടിയിൽനിന്ന് ഒരു കഷണം കരിക്കട്ട എടുത്ത് 'അണ്ടിപ്പരിപ്പ സൗജന്യമായി കൊടുക്കുന്നതാണ്' എന്ന ഭാഗത്തു നടുവേ നല്ല ഒരു വര വരച്ചു.

കുട്ടപ്പൻ:—നിങ്ങൾ കുറെ ധൃതഗതിക്കാരൻ തന്നെ. എനിക്കു ചരക്കു നാളെ വന്നു ചേരുമായിരുന്നല്ലോ. അതിനിടയ്ക്കു് ഈ മാററം ഈ വില്പനയ്ക്കു് ഹാനി വരുത്തുവാൻ മതിയായേക്കും.

കുമാരു:—ഇന്നു നിങ്ങളുടെ പലക വ്യാജപ്രസ്താവം ചെയ്യുന്നതെന്തിന്? കള്ളം പറയുന്നതുകൊണ്ടാണ് തരക്കേടുകൾ പററുന്നത്. സത്യവാദികൾ ആരും ഇതുവരേ കെട്ടുപോയിട്ടില്ല.

ഇതു കേട്ട് അല്പം കോപമുണ്ടായ കുട്ടപ്പൻ സാധാരണവിനയമുപേക്ഷിച്ച്—നിങ്ങൾ കാണിക്കുന്നതും പറയുന്നതും എല്ലാം ധിക്കാരമാണ്, എൻെറ പലകയെ ചീത്തയാക്കുവാൻ നിങ്ങൾക്ക് എന്തധികാരമാണാവോ? നിങ്ങൾ എത്രശ്രമിച്ചാലും എന്നെ ദോഷപ്പെടുത്താൻ സാധിക്കയില്ല.

കുമാരു:—എനിക്ക് ആരേയും ദോഷപ്പെടുത്തണമെന്നാഗ്രഹമില്ല, നിങ്ങൾ സ്വയം ദോഷപ്പെടാതിരുന്നാൽ മതി. ചായയും ചുണ്ടലും തരിക; വില തന്നുപോയ സ്ഥിതിയ്ക്ക് അവ ചോദിപ്പാൻ എനിയ്ക്കവകാശമുണ്ട്.

കുട്ടപ്പൻ:– ഇതാ പിടിക്കു തംബ്ലർ! ചുണ്ടൽ വാങ്ങാൻ മുണ്ടും കാണിക്കു!

കുമാരു:—(ചായ വാങ്ങി കുടിച്ചശേഷം) മുണ്ടിൽ ഇടണമെന്നില്ല. അതു വൃത്തികേടല്ലേ? ഇതാ ഈ തകരപ്പോണിയിൽ ഇട്ടേയ്ക്കുക.

പോണിയിൽ ചുണ്ടൽ വാങ്ങിയിട്ടു വീണ്ടും കുമാരു:—അല്ലാ ഇതെന്തു വിദ്യ? നാഴിയുണ്ടെങ്കിൽ ഇപ്പാത്രം നിറയുമല്ലോ, ഇതു മുക്കാലിടമല്ലേ കാണുന്നുള്ളു.

കുട്ടപ്പൻ:—നിങ്ങൾക്കു പാത്രം തെററിപ്പോയതായിരിക്കും. അളവിൽ കുറവില്ല.

കുമാരു:—അല്ലല്ല; ഇതൊരു നാഴിപ്പാത്രമാണ്. കൊച്ചമുതലാളിമാരുടെ നാഴിയ്ക്ക് നാലംഗുലം താഴ്ചയും രണ്ടംഗുലം വീതിയുമല്ലേ ഉണ്ടായിരിക്കേണ്ടതു്?

കുട്ടപ്പൻ —അതെ അതെ. ഞാനും ആ നാഴി തന്നെയാണുപയോഗിക്കുന്നതു്. കാണരുതേ?

കുമാരു:—എന്നാൽ ഇപ്പാത്രം നിറയെ കാണണം. തന്റെ കയ്യിൽ ഇരുന്ന മുഴക്കോലുകൊണ്ടു് നാഴിയുടെ പുറവശം അളന്നുനോക്കിയിട്ട് കുമാരു:—നാഴി ശരി തന്നെ എന്നു സമ്മതിക്കാതിരിക്കാൻ നിവൃത്തിയില്ല. നാലംഗുലം താഴ്ചയും രണ്ടംഗുലം വീതിയും ശരിയായിട്ടിരിക്കുന്നു. എങ്കിലും ഇത്ര വലിയ കുറവു കാണുന്നതെന്തുകൊണ്ടു്?

കുട്ടപ്പൻ:—ഇപ്പോൾ ബോധപ്പെട്ടോ, നാഴി മുദ്രനാഴി തന്നെ എന്നു്?

ഒടുവിൽ പറഞ്ഞ ഈ വാക്കുകളോടുകൂടി കൈയിൽ ഇരുന്ന മുഴക്കോൽ ആ നാഴിയുടെ അകത്തുവച്ച് അളന്നുകൊണ്ടു കുമാരു:—പുറവുമകവുമായിട്ട് ഒന്നര അംഗുലം വ്യത്യാസമേ ഉള്ളു.

കുട്ടപ്പന്റെ മുഖം വിളറി. അവൻ കുമാരുവിന്റെ കൈയിലിരുന്ന നാഴി തട്ടിപ്പറിക്കുവാൻ ശ്രമിച്ചു. കുമാരു ബലമായി കൈ ഉതറി പിടി വിടുവിച്ച് നാഴിയുമായി ചന്തനടുവിലെത്തി കുട്ടപ്പന്റെ ചെമ്പു തെളിയിച്ചു. അനവധി ആളും കൂടി കുട്ടപ്പന്റെ വഞ്ചന സ്പഷ്ടമായി മനസ്സിലാക്കിയ ജനങ്ങൾ രോഷാന്ധന്മാരായിത്തീൎന്നു, അവർ നീളമുള്ള രണ്ടു വടിയെടുത്തു ശരിയായ നാഴിയും കള്ളനാഴിയും അവയിൽ തൂക്കിക്കൊണ്ടു് 'അജയ്യമായ' ഒരു സേന എന്നപോലെ അണിനിരന്നു പോകുന്ന വഴിയ്ക്ക് "പൊതുക്കാൎയ്യം! പൊതുക്കാൎയ്യം! വാസവപുരത്തെ കൊച്ചുമുതലാളിമാരുടെ ഇടയിൽ കള്ളന്മാർ പാടില്ല; പലക എടുത്തു ദൂരത്തെറിഞ്ഞു മേശ താഴത്തിട്ടു തല്ലിപ്പൊളിക്കണം. ഇയാൾ ഒരു പെരുങ്കള്ളനാണു്!" എന്നു ആൎത്തുവിളിച്ചുകൊണ്ടു് കുട്ടപ്പന്റെ വിചിത്രപ്പലകയുടെ നേരെ നടന്നു.

കുട്ടപ്പൻ ഈ കൂട്ടത്തെ കാണുകയും, ആരവം കേൾക്കുകയും അനവധി ജനങ്ങൾ വരുന്നതു കണ്ടു് ഭയപ്പെടുകയും

ചെയ്തിട്ട്, തന്റെ പണ്ടങ്ങളിൽ പകുതിപോലും പിറക്കിയെടുക്കുന്നതിന്നു താമസിക്കാതെ കഴിയുന്നത്ര വേഗത്തിൽ ആ സ്ഥലം വിട്ടു മറഞ്ഞു. പീടികയിൽ ചുണ്ടലും വറുത്ത അണ്ടിയും ധാരാളമുണ്ടായിരുന്നു. മുദ്രയ്ക്കാത്ത നാഴികൊണ്ടളന്നാൽ രണ്ടും ഓരോ പറ വരും. അതത്രയും അവിടെ കൂടിയ ആളുകൾ നിലത്തു ചിതറി ചവുട്ടി നാശമാക്കി. കുട്ടപ്പന്റെ കട നിലത്തു വീണു. കള്ളപ്പലകയ്ക്കും ക്ഷണേന അധഃപതനം ലഭിച്ചു. എന്നു മാത്രമല്ല, അതു പല വിധത്തിലും അലങ്കോലപ്പെടുത്തി എല്ലാപേരും കാണുന്ന വിധത്തിൽ ഒരു കൊലപ്പുള്ളിയേപ്പോലെ ഒരു സ്ഥലത്തു തൂക്കി നിറുത്തുകയും ചെയ്തു. കൊലപാതകിയുടെ തല എന്നവണ്ണം വ്യാജനാഴിയും ആ പലകയുടെ ഒരു മൂലയിൽ തൂങ്ങി. കുട്ടപ്പനു ചന്തയിലേയ്ക്ക് എത്തിനോക്കുവാൻ പോലും വയ്യ എന്ന മട്ടമായി.

പാഠം ൧൯.

പുരാതനഹിന്ദുക്കളുടെ രാജ്യഭാരക്രമം.

കുരുപാണ്ഡവന്മാരുടെ കാലത്തുണ്ടായിരുന്ന രാജ്യഭാരക്രമം ഇന്നുള്ളതിൽ ഒട്ടും താണതല്ലായിരുന്നു എന്നും, പൗരാണികകാലത്തു തന്നെ ഹിന്ദുരാജാക്കന്മാർ രാജ്യഭരണവിദഗ്ദ്ധന്മാരായിരുന്നു എന്നും ധർമ്മശാസ്ത്രങ്ങളിൽനിന്നും പുരാണങ്ങളിൽനിന്നും വ്യക്തപ്പെടുന്നുണ്ട്. എന്നു തന്നെയല്ല, പുരാതനങ്ങളായ പല ഏർപ്പാടുകളുടെയും വകഭേദങ്ങളാണ് ഇന്നു കാണുന്നവയെന്ന് ഊഹിക്കാൻ പല കാരണങ്ങളുമുണ്ട്. അന്നു രാജാവ് നേരിട്ടുതന്നെയാണ് രാജ്യഭാരം നടത്തിവന്നതെന്നും, ഇന്നു രാജാധികാരം നടത്തുന്നതു ജനങ്ങളും ഉദ്യോഗസ്ഥന്മാരും മുഖാന്തരമാണെന്നും മൊ-

ത്തമായി ഒരു വ്യത്യാസമുണ്ട്. അതുകൊണ്ടു അന്നു രാജാവിന്നു യഥേച്ഛം പ്രവൎത്തിക്കാമായിരുന്നു എന്നു സങ്കല്പിച്ചുകൂടാ. അദ്ദേഹത്തിന്റെ സ്വാതന്ത്ര്യം മന്ത്രിമാരാലും ആചാരങ്ങളാലും നിയന്ത്രിതമായിരുന്നു. രാജ്യഭാരത്തിന്നു പ്രധാനമായി ഏഴംശങ്ങൾ വേണ്ടിയിരുന്നു.

"യജമാനൻ, മന്ത്രി, ജനം,
ഖജനാ, ദുൎഗ്ഗങ്ങൾ, ദണ്ഡനീതികളും,
നിജമിത്രങ്ങളുമേഴിവ
ഭജനം ചെയ്യുന്നു രാജ്യഭരണത്തെ."

രാജാവു്, മന്ത്രിമാർ, പ്രജകൾ, ധനം, ദുൎഗ്ഗം, ചട്ടങ്ങൾ, മിത്രം ഈ ഏഴം ഓരോ തുറകളെ കുറിക്കുന്നു. ഓരോന്നിനെയും വിവരിക്കുമ്പോൾ രാജ്യഭരണതന്ത്രരീതി വെളിപ്പെടും. രാജാക്കന്മാർ ചക്രവൎത്തിയെന്നും, മണ്ഡലേശ്വരനെന്നും, സമ്രാട്ടെന്നും വലിപ്പചെറുപ്പമുള്ളവരായിരുന്നു. ഒരു രാജ്യത്തിന് മാത്രം രാജാവായിരുന്ന ആൾക്കു മണ്ഡലേശ്വരനെന്നും, സാമന്തരാജ്യങ്ങളെ പിടിച്ചടക്കി കപ്പം വാങ്ങുന്ന രാജാവിന്നു ചക്രവൎത്തിയെന്നും, സകലരാജാക്കളേയും ജയിച്ചു രാജസൂയം ചെയ്തു വൈശിഷ്ട്യം നേടിയ രാജാവിന്നു സമ്രാട്ടെന്നും പേർ കല്പിക്കപ്പെട്ടിരുന്നു. മന്ത്രിമാർ വൈദികന്മാരെന്നും ലൗകികന്മാരെന്നും രണ്ടു തരത്തിലുണ്ടായിരുന്നു. വേദവേദാംഗപാരഗനായും, ദൃഷ്ടാദൃഷ്ടാൎത്ഥകൎമ്മങ്ങളുടെ ഉപദേഷ്ടാവായും, ശ്രൗതസ്മാൎത്തവിധികളിൽ നിഷ്ണാതനായും ഉള്ള പുരോഹിതൻ മുതലായ ബ്രാഹ്മണശ്രേഷ്ഠന്മാരായിരുന്നു വൈദികന്മാർ. ലൗകികമന്ത്രിമാർ ധീസചിവന്മാരെന്നും, കൎമ്മസചിവന്മാരെന്നും രണ്ടു കൂട്ടക്കാരായിരുന്നു. ധീസചിവന്മാർ കാൎയ്യാലോചനക്കാരും കൎമ്മസചിവന്മാർ കാൎയ്യം നടത്തുന്നവരും ആയിരുന്നു. ഇന്നും പ്രധാന ഉദ്യോഗസ്ഥന്മാർ ഈ രണ്ടു തരക്കാരായി-

ട്ടാണു വിശേഷിക്കപ്പെട്ടിരിക്കുന്നതു്. കർമ്മസചിവന്മാർ— സേനാപതി, ന്യായാധിപതി (പ്രാഡ്വിവാകൻ), അന്തർവ്വംശികൻ (കുടുംബകാര്യങ്ങൾ അന്വേഷിക്കുന്ന ആൾ) മുതലായവരാകുന്നു. ധർമ്മശാസ്ത്രവിഹിതങ്ങളായ അനുഷ്ഠാനങ്ങളോടും, ജാതിസ്പർദ്ധ കൂടാതെ അവരവരുടെ തൊഴിലുകളിൽ ശ്രദ്ധയോടും രാജഭോഗം കാലാകാലങ്ങളിൽ കൊടുക്കുകയാൽ രക്ഷയോടും, രാജഭക്തിയോടും സുഖമായി കീഴടങ്ങിപ്പാർക്കുന്ന ജനങ്ങൾക്കാണു പ്രജകൾ എന്നു പേർ കല്പിച്ചിരിക്കുന്നതു്. ദുർഗ്ഗം എന്നുള്ളതിൽ കോട്ട കൊത്തളങ്ങൾ മാത്രമല്ല അടങ്ങിയിരിക്കുന്നതു്; ശത്രുവിന്റെ ആക്രമണത്തിൽനിന്നു രക്ഷ നേടുന്നതിനും, അവരെ ധ്വംസനം ചെയ്യുന്നതിനുമുള്ള സേനയും ഉൾപ്പെട്ടിരിക്കുന്നു. ആന, കുതിര, തേരു്, കാലാൾ ഇതുകളോടു കൂടിയതായിരുന്നു സേന. കരഗ്രഹണമാർഗ്ഗങ്ങളും അതിനെ സംരക്ഷിക്കാനും വിനിയോഗിക്കാനുമുള്ള ഉപായങ്ങളും ധനം എന്ന രാജ്യാംഗത്തിൽ അന്തർഭൂതമായിരിക്കുന്നു. സിവിലായും ക്രിമിനലായും ഉള്ള ന്യായംനടത്തലിനു വേണ്ടതായ ഏർപ്പാടുകൾ മുഴുവനും ചട്ടങ്ങൾ (ദണ്ഡം) എന്ന അംഗത്തിൽ ചേർത്തിരിക്കുന്നു. അന്യരാജ്യങ്ങൾ തമ്മിലുള്ള സന്ധിവിഗ്രഹം മുതലായ സകലവ്യവസ്ഥകളും മിത്രം എന്ന അംഗത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ഇപ്രകാരം സപ്താംഗങ്ങളോടു കൂടിയുള്ള രാജ്യഭരണം എത്രയോ ഉൽകൃഷ്ടമായ രീതിയിൽ നടന്നിരുന്നു എന്നുള്ളതിനു സംശയമില്ല. എത്ര എളിയവനായ പ്രജയ്ക്കും സങ്കടങ്ങൾ രാജസന്നിധിയിൽ നേരിട്ടു നിവേദനംചെയ്തു് അവിടെനിന്നും പ്രതിവിധി ലഭിക്കാമെന്നു് ഉണ്ടായിരുന്നതിനാൽ രാജാവിനും പ്രജകൾക്കും ഉണ്ടായിരുന്ന ചാർച്ച അനുള്ളവക്കു സ്പഷ്ടമായി വെളിപ്പെട്ടിരുന്നു. വർണ്ണാശ്രമധർമ്മങ്ങൾക്കു സാങ്കര്യവും ലോപവും വന്നിട്ടില്ലായിരുന്ന

അക്കാലത്തു പ്രജകൾക്കു തമ്മിൽ കലഹ[illegible]ങ്ങൾ ദുൎല്ലഭങ്ങളായിരുന്നിരിക്കണം. എങ്കിലും, ഏതു കാലത്തും സമുദായസ്ഥിതിയിൽ ചില സങ്കടങ്ങൾ നേരിടാതെ വരാൻ തരമില്ലാത്തതാകുന്നു. അതുകൂടാതെ ഇതരരാജാക്കന്മാരുടെ ആക്രമണങ്ങളാലും, അപരിഷ്കൃതന്മാരും ചാതുൎവ്വൎണ്യത്തിൽ ഉൾപ്പെടാത്തവരുമായിരുന്ന രാക്ഷസപാഷണ്ഡാദികളാലും കൂടക്കൂടെ ഉപദ്രവങ്ങൾ ഉണ്ടായിക്കൊണ്ടിരുന്നു എന്നുള്ളതിന്നു സംശയമില്ല. ഇപ്രകാരം പ്രജകൾക്കു സങ്കടം നേരിടുമ്പോൾ രാജസന്നിധിയിൽ വന്നു് അറിയിച്ചു് അവകൾക്കും [illegible]ത്തുക[illegible]വായിരുന്നു പതിവു്. രാജാവു നിത്യമായി മന്ത്രമ[illegible]ൽ എഴുന്നെള്ളിയിരുന്നു മന്ത്രിമാർ, പുരോഹിതന്[illegible]മാർ, [illegible]ശ്യന്മാർ, വിദ്വാന്മാരായ മററു സദസ്യർ ഇവരോടു കൂടെ രാജ്യകാൎയ്യങ്ങൾ നടത്തുക പതിവായിരുന്നു. ഈ സദസ്സിൽവെച്ചാണു് സകല കാൎയ്യങ്ങളും തീരുമാനിക്കുന്നതു്. ഒരു കാൎയ്യത്തെപ്പററി സദസ്യർ എല്ലാപേരുടേയും അഭിപ്രായമറിഞ്ഞതിന്നു മേലല്ലാതെ രാജാവു തീരുമാനം കല്പിക്കുന്നതല്ല. രാജ്യത്തിൽ നടക്കുന്ന സകലസംഗതികളും അമാത്യന്മാർ, ദൂതന്മാർ, ചാരന്മാർ ഇവർമുഖാന്തരമായിരുന്നു രാജാവു് അറിഞ്ഞുവന്നിരുന്നതു്. ഇവർ വേഷപ്രച്ഛന്നരായി പലേടവും സഞ്ചരിച്ചു് അവിടവിടെ ജനങ്ങളും ഉദ്യോഗസ്ഥന്മാരും നടത്തി വരുന്ന കാൎയ്യങ്ങളെല്ലാം ഗൂഢമായി രാജാവിനെ ധരിപ്പിച്ചുവന്നതു രാജ്യക്ഷേമത്തിന്നു മുഖ്യമായ സാധകമായിരുന്നു. ഭൂമിയുടെ ആദായത്തിൽ ആറിൽ ഒന്നു രാജാവിന്നു കരമായി കൊടുത്തുവന്നിരുന്നു. കരം പിരിക്കുന്നതിന്നും സൎക്കാർകാൎയ്യങ്ങൾ നോക്കുന്നതിന്നും സ്ഥായുകൻ, ഗോപൻ, സമാഹൎത്താ മുതലായ ഉദ്യോഗസ്ഥന്മാർ ഉണ്ടായിരുന്നു. കീഴടങ്ങിയിട്ടില്ലാത്ത രാജ്യങ്ങളുമായി യുദ്ധംചെയ്തു ജയിക്കുന്നതു രാജാക്കന്മാ-

ുടെ ധൎമ്മമായിരുന്നു. അതിനാൽ പ്രത്യേകകാരണങ്ങൾ ഒന്നും കൂടാതെ തന്നെ ഈ മാതിരി രാജ്യങ്ങളെ ആക്രമിക്കുന്നതു പതിവായിരുന്നു. സാമന്തരാജ്യങ്ങളെ കീഴടക്കി സമ്പാദിക്കുന്ന ധനമെല്ലാം യാഗാദി വൈദികകൎമ്മങ്ങൾ നടത്തി ബ്രാഹ്മണൎക്കു ദാനംചെയ്കയായിരുന്നു രാജാക്കന്മാർ ചെയ്തുവന്നതു്. ചുരുക്കിപ്പറയുന്നതായാൽ, പിതാവു് പുത്രപൗത്രാദികളേയും കാരണവൻ അനന്തരവരേയും എങ്ങനെ ഭരിച്ചുവന്നോ അങ്ങനെ പണ്ടു രാജാവു് പ്രജകളെ ഭരിച്ചു എന്നു പറയാം. കുടുംബയോഗക്ഷേമസദൃക്ഷമായ ഈ രാജ്യഭാരം പുരാതനജനസമുദായങ്ങളിൽ എവിടെയും നടപ്പുള്ളതായിരുന്നുവെന്നു പാശ്ചാത്യശാ[illegible]ർ വ്യക്തപ്പെടുത്തിയിട്ടുണ്ടു്.

പാഠം ൧൯.

ഗാന്ധാരീവിലാപം.

പുത്രസമൂഹവും മിത്രവൎഗ്ഗങ്ങളും,
ഗൃദ്ധ്രങ്ങൾ, നാ, നരി, കാകസമൂഹവും,
പക്ഷിഗണങ്ങളും, നക്തഞ്ചരാദിയും,
കണ്ടുകണ്ടിണ്ടൽ മുഴുത്തു ഗാന്ധാരി; വൈ-
കുണ്ഠനാം മാധവൻ തന്നോടു ചൊല്ലിനാൾ:—
"കണ്ടീലയോ നീ മുകുന്ദ! ധരണിയിൽ
ഉണ്ടായ മന്നരിൽ മുമ്പൻ ഭഗദത്തൻ
തൻകരിവീരന്നരികേ ധനുസ്സുമായ്
സംക്രന്ദനാത്മജനെയ്ത ശരത്തിനാൽ
വീണിതല്ലോ കിടക്കുന്നു ധരണിയിൽ
ശോണിതവുമണിഞ്ഞയ്യോ ശിവ! ശിവ!

നല്ല മരതകക്കല്ലിനോടൊത്തോരു
കല്യാണരൂപൻ കുമാരൻ മനോഹരൻ
ചൊല്ലെഴുമർജ്ജുനൻ തൻെറ തിരുമകൻ
വല്ലവീവല്ലഭ! നിൻെറ മരുമകൻ

കൊല്ലാതെകൊള്ളാഞ്ഞതെന്തവൻ തന്നെ നീ!
കൊല്ലിയ്ക്കയത്രേ നിനക്കു രസമെടോ?
അല്ലലാകുന്നിതേക്കണ്ടതോറുമെനി-
യ്ക്കെല്ലാ[illegible]പൊളിയല്ലിതു ദൈവമേ;

മ[illegible]ുണ്ടു സുന്ദരമാം മുഖ-
[illegible]ണ്ണ! കണ്ടാൽ പൊറുക്കുമോ?
[illegible]ബാലയായ് മേവിനോരുത്തര-
[illegible]ഴന്നലറുന്നതു കാണ്ക നീ!
[illegible]യായ സുഭദ്രയും ഭൂമിയിൽ
ക്രന്ദനം ചെയ്തുരുളുന്നതും പാർക്ക നീ;

അല്ലൽ പൂണ്ടിങ്ങനെ ഞങ്ങൾ കേഴുന്നതി-
നില്ലയോ ഖേദം ചെറുതു നിന്മാനസേ?
കല്ലുകൊണ്ടോ മനം താവകം? എങ്കില-
ക്കല്ലിന്നുമാർദ്രതയുണ്ടിതു കാണുമ്പോൾ.

അല്ലേ! ഘടോൽക്കചനായ ഭീമാത്മജ-
നല്ലോ കിടക്കുന്നതങ്ങതിന്നപ്പുറം,
നീലമലപോലെ കർണ്ണൻ പ്രയോഗിച്ച
വേലും തറച്ചവൻ കാലൻപുരി പുക്കാൻ;

കണ്ഠംമുറിഞ്ഞ ജയദ്രഥൻ തന്നുടൽ
കണ്ടാലുമർജ്ജുനനെയ്ത ശരത്തിനാൽ
എന്മകൾ ദുശ്ശള കേഴുന്നതോർത്തിനി-
ക്കെന്മനം വെന്തുരുകുന്നു ശിവ! ശിവ!

ദ്രോണരെ സംസ്കരിപ്പിച്ച നിലമതാ
കാണുന്നു! ദാരുണമായതതല്ലയോ?
ധൃഷ്ടനായുള്ള ധൃഷ്ടദ്യുമ്നനേററവും
ശിഷ്ടനായോരു ഗുരുവിനെക്കൊല്ലുവാൻ
മററൊരുത്തന്നു തോന്നീടുമോ മാനസേ
മുററുമിവനൊഴിഞ്ഞോർക്കിൽ മഹാമതേ?

അയ്യോ! പുനരതിനങ്ങേപ്പുറത്തതാ
മെയ്യഴകുള്ള ദുശ്ശാസനനെന്ന
മാരുതി കീറിപ്പിളൎന്നു കുടിച്ചേ
മാറിടം കണ്ടാൽ പൊറുക്കുമോ ലേ?

നീയെന്തിവണ്ണമെന്മാധവാ! ക
തീയതു കത്തുന്നിതെന്നുള്ളിലീശ്വര
മാറുമോ കണ്ണുനീരിന്നെനിക്കുണ്ടായ
താറുമോ? ശോകമെന്മാനസേ ശോചതേ!

എൻെറ മകൻ ദുരിയോധനൻ തന്മകൻ-
തൻെറ ശരീരമതല്ലേ? ദയാനിധേ!
ലക്ഷണമുള്ളോരു പൈതലാമെന്നുടെ
ലക്ഷ്മണ! നീയും ചതിച്ചിതോ ഞങ്ങളേ?

കണ്ണുകൊണ്ടിങ്ങനെ കാണണമെന്നതു-
മുണ്ണികളേ! എനിക്കെന്തിതു തോന്നുവാൻ?
കർണ്ണനാമംഗനരാധിപനെന്നുടേ
ഉണ്ണികൾക്കേററം പ്രധാനനായുള്ളവൻ,
കുണ്ഡലമററതാ വേറേ കിടക്കുന്നു
ഗണ്ഡസ്ഥലമതാ പിന്നെയും മിന്നുന്നു,
വില്ലാളികളിൽ മുമ്പുള്ളവൻ തന്നുടെ
വില്ലതാ വേറെ കിടക്കുന്നിതീശ്വര!

കണ്ടാൽ മനോഹരനായവൻ തന്നുടൽ
കണ്ടാലുമിപ്പോൾ നായും നരികളും
ചെന്നു കടിച്ചു വലിക്കുന്നതിങ്ങനെ
വന്നതിനെന്തൊരു കാരണം ദൈവമേ?

പൂരിച്ചു മോദാൽ കരം മടിയിൽ ചേർത്തു
ഭൂരിശ്രവാവിൻ പ്രണയിനി കേഴുമ്പോൾ
ഉന്മൂലനാശനകാരണനാകിയ
ദുർമ്മതിവീരൻ ശകുനിയുടെയുടൽ
പക്ഷികൾ തങ്ങൾക്കു ഭക്ഷണമാക്കിനാർ
പക്ഷമായുള്ളതു കണ്ടീലയോ ഹരേ?

ഉണ്ണീ! മകനേ! ദുരിയോധന! തവ
പൊന്നിൻ കിരീടവും, ഭൂഷണജാലവും,
ഉമ്പർകോനൊത്തൊരു വൻപും, പ്രതാപവും,
ഗംഭീരമായൊരു ഭാവവും, ഭംഗിയും,
ഇട്ടം കളഞ്ഞുടനെന്നയുമെത്രയും
ഇഷ്ടമായീടും പിതാവിനെത്തന്നെയും
പെട്ടെന്നുപേക്ഷിച്ചു പൊയ്ക്കൊണ്ടതെന്തു നീ?

പൊട്ടുന്നിതെന്മനം കണ്ടിതെല്ലാമഹോ!
പട്ടുകിടക്കമേലേ കിടക്കുന്ന നീ
പട്ടുകിടക്കമാറായിതോ ചോരയിൽ?
പുഷ്ടകോപത്തോടു മാരുതി തച്ചുടൻ
പൊട്ടിച്ചു കാലുമൊടിച്ചു കൊന്നിങ്ങനെ
കണ്ടുകൂടാ എനിക്കെന്നു ഗാന്ധാരിയും
മണ്ടിനാൾ വീണാളുരുണ്ടാൾ തെരുതെരെ,
പിന്നെ മോഹിച്ചാളുണർന്നാൾ പൊട്ടുന്നനെ
ഖിന്നതപൂണ്ടു കരഞ്ഞവൾ ചൊല്ലിനാൾ:—

"ഇത്ര കുടിലത്വമുണ്ടായൊരുത്തനെ-
പദ്ധതിയിലിങ്ങനെ കണ്ടീല കേശവ!
പാണ്ഡവരൊരുപുറംനിന്നു നീ പോരതിൽ
നീങ്ങാതഭിമാനികളായ ഭൂപരെ
രണ്ടു പുറത്തുമുള്ളോർകളെ കൊല്ലിച്ചു
കൊണ്ടതു മററാരുമല്ല നീയെന്നിയേ.
എന്തിനു മററുള്ളവരേ പറയുന്നു?
ചിന്തിയ്ക്കിൽ നിന്മറിമായമിതൊക്കെയും"
ഗാന്ധാരി പിന്നെയും ചൊന്നാൾ മുകുന്ദനോട്:—
"ആന്തരമിത്രയുള്ളോരു നീയും തവ
വംശവും കൂടെ മുടിഞ്ഞു പോമില്ലൊരു
സംശയം മൂന്നു പന്തീരാണ്ടു ചെല്ലുമ്പോൾ."

പാഠം ൨൦.

ദഹനം (ഒന്നാം ഭാഗം).

മാംസപേശികളെ പോഷിപ്പിക്കുന്നതിനാണു നാം ആഹാരം കഴിക്കുന്നതു്. ഭക്ഷിക്കുന്ന ആഹാരം ശരീരത്തിൽ പിടിക്കുന്നതു് എങ്ങനെ എന്നു നോക്കാം. ആഹാരം അതിൻെറ അവസാനമായ ഉപയോഗത്തെ സാധിക്കുന്നതിനു മുമ്പേ രക്തത്തിൽ പ്രവേശിച്ചു തദംശമായി പരിണമിക്കണം. ഊണു മുതലായ ഗുരുഭക്ഷണങ്ങളേയും, കാപ്പി, തേയില മുതലായ ലഘുഭക്ഷണങ്ങളേയും കുറിച്ചു് ആലോചിച്ചുനോക്കി അവയ്ക്കു തമ്മിലുള്ള വ്യത്യാസം ഗ്രഹിക്കുന്നതായാൽ, ദ്രവവസ്തുവായ രക്തത്തിൽ ചേരുന്നതിനു മുമ്പു ഗുരുഭക്ഷണങ്ങൾ അനവധി അവസ്ഥാന്തരങ്ങളെ പ്രാപിക്കേണ്ടതായിട്ടുണ്ടെന്നു ബോധപ്പെടും. ഈ അവസ്ഥാന്തരപ്രാപ്തികൾക്കാണു് **ദഹനം** എന്നു പേർ ചെയ്തിരിക്കുന്നതു്.

ദഹനക്രിയ നടത്തുന്ന അന്തരവയവങ്ങൾക്കു ദാഹകങ്ങൾ എന്നു പേർ ചെയ്യാം.



ആദ്യം കുരുക്കുന്ന പല്ലുകൾ.



സ്ഥിരമായുള്ള പല്ലുകൾ.

നാം തിന്നുന്ന ഭക്ഷണസാധനങ്ങൾ ഒന്നാമതായി വായിലാണു പ്രവേശിക്കുന്നത്. ഇനി ഭക്ഷണം കഴിക്കു-

മ്പോൾ, നിങ്ങൾ എന്തെല്ലാം ചെയ്യുന്നു എന്നും വായ്ക്കകത്ത് എന്തെല്ലാം നടക്കുന്നു എന്നും സൂക്ഷിച്ചു മനസ്സിലാക്കുക. ചുരുക്കത്തിൽ, ഭക്ഷണസാധനത്തെ മുൻവായിലേ പല്ലുകൾ കഷണംകഷണമാക്കി മുറിച്ചു നാക്കിൻെറ സഹായത്തോടുകൂടി കടവായിൽ പ്രവേശിപ്പിച്ച് അവിടെവച്ചു നല്ലവണ്ണം പൊടിക്കുന്നു. ഇതെല്ലാം നടക്കുന്നതിനിടയ്ക്കു വായുടെ പലഭാഗത്തുനിന്നും ഒരു മാതിരി ദ്രവവസ്തു ഊറിവന്ന് ഭക്ഷണസാധനവുമായി കലൎന്ന് അതിനെ കുഴച്ചു മാൎദ്ദവപ്പെടുത്തുന്നു. ഒടുവിൽ, ഇങ്ങനെ കുഴഞ്ഞിരിക്കുന്ന ഈ ഭക്ഷണസാധനത്തെ നാക്ക് ഒരുരുളയാക്കി തൊണ്ടയിൽകൂടി ഉള്ളിലേയ്ക്കു തള്ളുന്നു.

അതങ്ങനെ ഇരിക്കട്ടെ. ഞാൻ മുമ്പു പറഞ്ഞതിനെ കുറിച്ചു തന്നെ നമുക്ക് ഒന്നുകൂടെ ആലോചിച്ചുനോക്കാം. മുൻവായിലെ പല്ലുകൾ ഭക്ഷണസാധനത്തെ കഷണം കഷണമായി നുറുക്കുന്നുവെന്നും പിൻവായിലെ പല്ലുകൾ അതിനെ പൊടിച്ചു തയാറാക്കുന്നുവെന്നും പറഞ്ഞുവല്ലോ. ഒരു കണ്ണാടിയുടെ മുന്നിൽ നിന്നുകൊണ്ടു നിങ്ങൾ സ്വയം നിങ്ങളുടെ പല്ലുകളെ പരിശോധിച്ചുനോക്കിയാൽ, മുൻവായിലുള്ള നാലു പല്ലും ഉളിപോലെ മൂൎച്ചയുള്ള വായ്ത്തലയുള്ളവയാണെന്നു ബോധപ്പെടും. അതിനാൽ, അവ കടിച്ചു മുറിക്കുന്നതിന്നുതകത്തക്കവണ്ണമാണ് നിൎമ്മിച്ചിട്ടുള്ളതെന്നു തെളിഞ്ഞല്ലോ. ഈ നാലു പല്ലുകളുടേയും രണ്ടു വശത്തുമായി കടിച്ചു കീറിയെടുക്കുന്നതിനുള്ള കൂൎത്തു മൂൎച്ചയുള്ള പല്ലുകൾ കാണാം. ഇവയുടെ പിറകിൽ കുതകൾ വെട്ടിവെച്ചതുപോലെ ഇരിക്കുന്ന ഇരട്ടപ്പല്ലുകൾ ആകുന്നു. അവയുടെ പിൻവശത്തു വീതികൂടിയ ഇരട്ടപ്പല്ലുകൾ ആണ്.

ഈ വിവരണത്തിൽനിന്നും പല്ലുകളിൽ ഓരോ ജാതിയും

കാരോ ജോലികൾ ചെയ്യാനും ഭിന്നരീതിയുള്ള ഭക്ഷണസാധനങ്ങളോടു പെരുമാറാനും നിൎമ്മിച്ചിട്ടുള്ളതാണെന്നു തെളിഞ്ഞതല്ലോ. ഭക്ഷണങ്ങളെ നുറുക്കി കീറി അരച്ചുചേൎക്കുന്ന ക്രിയയ്ക്കു 'ചവയ്ക്കുക' എന്നു പേർ. ഇങ്ങനെ ചവയ്ക്കുന്നതിന്റെ ഉദ്ദേശ്യം ഭക്ഷണങ്ങളെ എളുപ്പത്തിൽ ഉള്ളിൽ ഇറക്കുന്നതിനും വായിൽനിന്നും മററും ഊറിവരുന്ന പലതരം ദ്രാവകങ്ങളുമായി കലൎത്തുന്നതിനുമാകുന്നു. പല്ലുകളുടെ ഈ വക പ്രവൃത്തികളെ നാക്കിലും, കടവാകളിലും, കവിളുകളിലും, അധരങ്ങളിലും ഉള്ള സ്നായുക്കൾ സഹായിക്കുന്നു.

ഭക്ഷണസാധനം വായ്ക്കുള്ളിൽ ആയ ഉടൻ തന്നെ നേൎത്ത ഒരുവക ദ്രാവകം അതിനോടു യോജിക്കുന്നു. ചിലപ്പോൾ ചില ഭക്ഷണപദാൎത്ഥങ്ങളെക്കുറിച്ചു ചിന്തിക്കുമ്പോൾ തന്നെ ഈ ജലം ഊറാറുണ്ട്. ഈ സംഭവം നിമിത്തം 'വായിൽ വെള്ളം ഊറുന്നു' എന്നു കൊതിയന്മാരെക്കുറിച്ചു നാം വ്യവഹരിക്കാറുണ്ടല്ലോ.

ഈ ജലത്തിന്റെ പേർ 'ഉമിനീർ' എന്നാകുന്നു. ഇതു കീഴ്ക്കടവാകളിലും, ചെവിയ്ക്കു അല്പം താഴത്തും, നാക്കിന്റെ അടിയിലും വായ്ക്കുള്ളിൽ നിക്ഷേപിക്കപ്പെട്ടിട്ടുള്ള ഈ രണ്ടു ഉറവുകളിൽനിന്നാണ് ഉത്ഭവിക്കുന്നത്. ഈ ഉമിനീരിന്റെ ഉപയോഗം രണ്ടു വിധമാകുന്നു. ആദ്യമായി ഇതു ഭക്ഷണസാധനത്തെ വേഗത്തിൽ ഉള്ളിലേയ്ക്കു് ഇറക്കത്തക്ക വിധം നനച്ചു കുഴയ്ക്കുന്നു; രണ്ടാമതായി ഇതിന്റെ യോഗത്താൽ ഭക്ഷണസാധനത്തിനു വലുതായ ഒരു രസഭേദം സംഭവിക്കുന്നു, അതായതു ഭക്ഷണസാധനത്തിന്റെ സ്വഭാവത്തിനും ഗുണത്തിനും ആകെക്കൂടെ ഒരു മാററമുണ്ടാകുന്നു.

ഇതിനെ ഒന്നു രണ്ടു ഉദാഹരണങ്ങളാൽ വിശദപ്പെടുത്താം. ഒരു കഷണം റൊട്ടിയെടുത്തു വായിലിട്ടു നല്ലവണ്ണം ചവച്ച് അതിനെ ഉള്ളിലേയ്ക്കു് ഇറക്കാതെ കുറേ നേരം

വച്ചുകൊണ്ടിരിക്കുക. അല്പസമയത്തിനുള്ളിൽ അതിനു പഞ്ചസാരപോലെ മധുരരസമുണ്ടാകുന്നു. വെളുത്തേടന്മാർ ഉപയോഗിക്കുന്ന കഞ്ഞിപ്പശ കുറേ എടുത്തു പച്ചവെള്ളത്തിൽ ഇട്ടു നോക്കുക. അതു കുറേ നേരം മിതന്നു കിടന്നിട്ടു പാത്രത്തിന്റെ അടിയിൽ ഉറയുന്നു. ഈ പശ തിളയ്ക്കുന്ന വെള്ളത്തിലാണ് ഇട്ടതെങ്കിൽ, ഉടനെ അതു വെള്ളത്തിൽ അലിഞ്ഞു ചേരുന്നു. ഇതിൽനിന്നു നാം ഗ്രഹിക്കുന്നതു കഞ്ഞിപ്പശ തിളയ്ക്കുന്ന വെള്ളത്തിലേ അലിഞ്ഞു ചേരുകയുള്ളു എന്നാണ്. ഈ സമ്പ്രദായത്തിൽ കഞ്ഞിപ്പശയെ നമ്മുടെ ദേഹത്തിൽ അലിച്ചു ചേർക്കുന്നതിനു നിവാഹമില്ലായ്കയാൽ, അതിന്റെ സ്വഭാവത്തേയും ഗുണത്തേയും അല്പമൊന്നു ഭേദപ്പെടുത്താനുള്ള വിദ്യ ഏൎപ്പെടുത്തപ്പെട്ടിരിക്കുന്നു. റൊട്ടിക്കഷണം മധുരമായപ്പോൾ ഈ ഭേദഗതിയാണ് അവിടെ സംഭവിച്ചതു്. റൊട്ടിക്കഷണത്തിലുണ്ടായിരുന്ന കഞ്ഞിപ്പശ ഉമിനീരുമായി യോജിച്ചു പഞ്ചസാരയായി പരിണമിച്ചു; അതു പിന്നെ എളുപ്പത്തിൽ അലിഞ്ഞുചേൎന്നു രക്തത്തോടു യോജിച്ചു കൊള്ളുന്നതാകുന്നു.

ചവച്ച് ഉമിനീരുമായി യോജിപ്പിക്കുന്ന ഭക്ഷണസാധനം ഉള്ളിലേയ്ക്കു് ഇറക്കുവാൻ യോഗ്യമായതാകുന്നു. ഇതിനെക്കുറിച്ച് ഇത്രവളരെ പറവാനെന്തെന്നു തോന്നുമായിരിക്കും. ശരി; ഇതു വളരെ എളുപ്പത്തിൽ കഴിയുന്ന ഒരു സംഗതി തന്നെ. എങ്കിലും, വായ്ക്കുള്ളിൽ വച്ചു നടക്കുന്ന സംഗതികൾ വളരെ ഗൗരവമുള്ളവയാണ്. ഉമിനീരുമായി കുഴച്ച ഭക്ഷണപദാൎത്ഥത്തെ നാക്ക് ഉരുളയാക്കി ഉരുട്ടി ഉൾവായിലേക്കു തള്ളി സ്നായുക്കളുടെ സഹായത്താൽ ഞെരുക്കി പിതുക്കി വായുടെ തന്നെ ഒരംശമായ തൊണ്ടവഴിയെ വയററിലേയ്ക്കു അയക്കുന്നു. ഭക്ഷണസാധനം സ്വമേധയാ

തൊണ്ടവഴിയെ ചെന്നു വയററിൽ വീഴുകയാണെന്നു വിചാരിച്ചുകളയരുതു്. അതങ്ങനെയല്ലെന്നുള്ളതു്, ചെപ്പടിവിദ്യക്കാർ തലകുത്തി നില്ക്കുമ്പോഴും ഭക്ഷണം കഴിച്ചു് ഇറക്കുന്നതുകൊണ്ടും, കന്നുകാലികൾ നിന്നുകൊണ്ടു വെള്ളം കുടിക്കുന്നതുകൊണ്ടും നമുക്കു് അറിയാവുന്നതാണു്.

ഒരു ഗോലി എടുത്തു് ഒരു റബ്ബർകുഴലിൽ ഇടുക. ഗോലി കിടക്കുന്നതിൻെറ മുകൾഭാഗത്തു് പതുക്കെ പതുക്കെ പിതുക്കിക്കൊണ്ടിരുന്നാൽ അതു ക്രമേണ താഴോട്ടിറങ്ങിവന്നു് ഒടുവിൽ കുഴലിൻെറ മറുതലയ്ക്കുകൂടി പുറത്തേയ്ക്കു വീഴുന്നതു കാണാം. ഭക്ഷണസാധനം തൊണ്ടയിൽ കൂടി ഇറങ്ങുന്നതും ഏകദേശം ഇതുപോലെയാണു്. ഇതിൽ ഉൾവായിൽ എത്തിയ ഉരുളയുടെ സ്ഥാനമാണു് ഗോലി വഹിക്കുന്നതു്. ഉറ വച്ച കിണറുപോലെ തൊണ്ടയിൽ സ്നായുക്കൾകൊണ്ടുള്ള കെട്ടുകൾ ഉണ്ടു്. ഈ കെട്ടുകൾ മുറുകുകയും അയയുകയും ചെയ്യുമ്പോഴാണു ഭക്ഷണസാധനങ്ങൾ ഉള്ളിലേയ്ക്കു് ഇറങ്ങുന്നതു്. ഗോലിയും ഉരുളയും ഇറങ്ങുന്നതിലുള്ള വ്യത്യാസം ഒന്നു തെന്നിത്തെന്നിയും മറെറാന്നു് ക്രമാനുഗതമായ രീതിയിലുമാകുന്നു എന്നതാണു്.

പാഠം ൨൧.

ദഹനം (രണ്ടാം ഭാഗം).

ആഹാരം വയററിൽ ചെന്നു ദഹിക്കുന്നതു് ഏതുപ്രകാരമാണെന്നു് അറിയണമെങ്കിൽ, അതിൻെറ കെട്ടുപാടു മനസ്സിലായിരിക്കണം.

ഇതാ ഈ കാണുന്ന പടം മാറിടത്തിനുള്ളിലും വയററിലും ഉള്ള പ്രധാനപ്പെട്ട അവയവങ്ങളുടെ സ്ഥാനങ്ങളെ നിർദ്ദേശിക്കുന്നു. ഹൃദയം, ശ്വാസകോശങ്ങൾ, രക്താശയ-

ങ്ങളും ഇവ മാറിടത്തിനുള്ളിൽ സ്ഥിതിചെയ്യുന്നു. ശരീരത്തിലെ ഗുഹാരൂപമായ പൂർവാദ്ധത്തിൽ — വയററിൽ —



ആഹാരമഹാസ്രോതസ്സ്.

ദഹനക്രിയ നടത്തുന്ന പ്രധാനപ്പെട്ട അവയവങ്ങൾ കാണാം. ആമാശയത്തിൻെറ ഉപരിഭാഗത്ത് ഏററിയ കൂറും വലതുവശത്തായിട്ട് യകൃത്തെന്ന അവയവവിശേഷവും, ഇടതുവശത്തായിട്ടു പ്ലീഹയും കിടക്കുന്നു. ആമാശയത്തിനോടു തുടന്ന് ഏച്ചുകെട്ടിയതുപോലെ വളഞ്ഞുപുളഞ്ഞ് ഒന്നിനു

മേൽ ഒന്നായി കിടക്കുന്ന കുഴലിനാണു കുടൽ എന്നു പേർ പറയുന്നത്. ഈ കുടൽ ആസ്രുത്തിൽ ചെന്നവസാനിക്കുന്നു.

ആമാശയം കണ്ഠനാളത്തിന്റെ ഒരംശമെന്നേ പറവാനുള്ളൂ. അതിന്റെ കെട്ടുപാടും കണ്ഠനാളത്തിന്റേതുപോലെ തന്നെ. അതിന്റെ പുറവശം കട്ടിയും ബലവും ഉള്ളതാണ്. ഇതിനുള്ളിൽ മാംസപേശികളും അനവധി കുഴലുകൾ ഉള്ള മൃദുവായ ഒരു ആവരണവുമുണ്ട്.

കണ്ഠനാളത്തിൽനിന്ന് ആഹാരസാധനം ആമാശയത്തിൽ പ്രവേശിച്ച ഉടനെ അതിന്റെ നാലുപാടുമുള്ള ചെറിയ കുഴലുകളിൽനിന്ന് ഒരുവക ദ്രാവകം ഊറിവന്നു വീഴുന്നു. അത് ആഹാരസാധനത്തോടുകൂടി കലരുന്നു. ഇതിനിടയ്ക്ക് ആമാശയത്തിലുള്ള മാംസപേശികൾ അയയുകയും ചുരുങ്ങുകയും ചെയ്ത് അകത്തുള്ള സാധനത്തെ കടഞ്ഞു ശരിപ്പെടുത്തുകയാണോ എന്നു തോന്നുമാറു പ്രവൎത്തിച്ച് അതിനെ ആ ദ്രാവകവുമായി നല്ലവണ്ണം യോജിപ്പിക്കുന്നു. ആമാശയത്തിന്റെ ഭിത്തികളിൽ സൂക്ഷ്മങ്ങളായ അനവധി രക്തവാഹിനികൾ ഉണ്ട്. ദഹനക്രിയ പൂൎണ്ണമായ ഉടനെ ഈ രക്തവാഹിനികളുടെ മൃദുവായ ഭിത്തികളിൽ കൂടെ ആഹാരത്തിലെ മാംസജനകങ്ങളായ അംശങ്ങൾ ഉള്ളിൽ കടന്നു രക്തത്തോടുകൂടെ സൎവാംഗം വ്യാപിക്കുന്നു.

ഇത്രയുമായാൽ പിന്നെ ആമാശയത്തിൽ ശേഷിക്കുന്നതു ദഹിയ്ക്കാത്ത കഞ്ഞിപ്പശ, കൊഴുപ്പ്, വെള്ളം ഇവയെല്ലാം കൂടിക്കലൎന്ന പാലുപോലുള്ള ഒരു സാധനമാണ്. ആഹാരസാധനത്തിലെ പഞ്ചസാരയും ധാതുജങ്ങളായ ഉപ്പുകളും വെള്ളത്തിൽ അലിഞ്ഞു ചേരുന്നവയായതുകൊണ്ടു് അവയും രക്തത്തിൽ പ്രവേശിച്ചു വ്യാപിച്ചു കഴിഞ്ഞിരിക്കുമെന്ന് ഊഹിച്ചുകൊള്ളാവുന്നതാണല്ലോ.

ആമാശയത്തിന്റെ കീഴ്വശത്തു ചുററിപ്പിണഞ്ഞു കിടക്കുന്ന ഒരു നീണ്ട കുഴലാണല്ലോ കുടൽ. അതു് ആമാശയത്തിൽനിന്നും എങ്ങനെയാണു പൊട്ടി നീണ്ടിരിക്കുന്നതു് എന്നു് പടം നോക്കിയാൽ വ്യക്തമാകുന്നതാണു്.

ആഹാരസാധനം ആമാശയത്തിൽ എത്തി ഒരു നാലഞ്ചു മണിക്കൂറു കഴിയുമ്പോൾ, അതിന്റെ വലത്തുവശത്തുള്ള മാംസപേശികൾ അയയുകയും പാലുപോലെ വയററിൽ കിടന്ന സാധനത്തെ കുടലിന്റെ ഉള്ളിലേയ്ക്കു കടത്തിവിടുകയും ചെയ്യുന്നു. കുടലിൽ എത്തിയ ഉടൻതന്നെ യകൃത്തിൽനിന്നും മററു ചില അവയവവിശേഷങ്ങളിൽനിന്നും ചില ദ്രാവകങ്ങൾ ഒരേ സമയത്തു തന്നെ പ്രവഹിച്ചു് ആഹാരസാധനവുമായി യോജിക്കുന്നു.

ഈ ദ്രാവകങ്ങൾ വായ്ക്കുള്ളിൽ വച്ചു് രസഭേദം ഒന്നും സംഭവിക്കാതെ ഉള്ളിലേയ്ക്കു കടന്ന കഞ്ഞിപ്പശയുമായി കലന്നു് അതിനെ ശക്കരയാക്കി കുടലിന്റെ ഭിത്തികളിൽ ഉള്ള രക്തനാഡികളിൽ കൂടെ ശരീരത്തിൽ വ്യാപിപ്പിക്കുന്നു. ആഹാരസാധനത്തിൽ ഇനി നമുക്കു് കൊഴുപ്പിന്റെ ദഹനസമ്പ്രദായത്തെക്കുറിച്ചു് മാത്രമേ ചിന്തിക്കേണ്ടതുള്ളു. ഇതു മററുള്ള അംശങ്ങളെ പോലെ രാസഭേദനത്തിനു് അധീനമല്ല. ഇതു മുൻപറഞ്ഞ ദ്രാവകങ്ങളുമായി കലന്നു് ചെറിയ ചെറിയ തരികളായി തിരിഞ്ഞു പതഞ്ഞു് ഒരു വക ഘൃതംപോലെ ആയിത്തീരുന്നു. ഇത്രയുമായാലും ഇതിനു് രക്തവാഹിനികളിൽ പ്രവേശിക്കത്തക്ക സൗകര്യം ലഭിക്കുന്നില്ല. കുടലിന്റെ അകവശത്തു വില്ലുസ്തുണികളിലെ എഴുന്നുനില്ക്കുന്ന നാരുകൾപോലെ അനവധി വില്ലുകൾ ഉണ്ടു്. ഓരോ വില്ലയിലും ലംഘു രക്തവാഹിനികൾ കൊണ്ടു നിറഞ്ഞ ഓരോ ചെറിയ കുഴൽ ഉണ്ടായിരിക്കും. വില്ലുകൾവഴിയായി ഘൃതരൂപമായ കൊഴുപ്പു് കുഴലുകളിൽ

കടന്ന് അവിടെനിന്ന സാമാന്യം വലുതായ ഒരു കുഴലിൽ പ്രവേശിച്ച് കുഴത്തിൻെറ ഇടതുവശത്തുള്ള നീലിനികളുടെ സംഗമസ്ഥലത്തു ചെന്ന് രക്തത്തിൽ പ്രവഹിക്കുന്നു. ദഹിക്കാതെ ബാക്കിവരുന്ന സാധനങ്ങൾ ആന്ത്രമാലയിൽ ചെന്നു വീഴുന്നു.

ദഹനക്രിയയിൽ രക്തത്തിനുള്ള ഭാരം പോഷകാംശങ്ങളെ എല്ലാം വഹിച്ചുകൊണ്ടുപോയി അററകുററങ്ങൾ തീൎക്കേണ്ട സ്ഥലങ്ങളിൽ എത്തിച്ചുകൊടുക്കുക മാത്രമാണ്. ഇങ്ങനെ പോഷകാംശങ്ങളെ നല്കിയിട്ട് അതു ശരീരത്തിന് ആവശ്യമില്ലാത്ത സാധനങ്ങളെ പകരം വാങ്ങി അവയെ പുറത്തു തള്ളി ശുചിയാക്കുന്നതിന് ചുമതലപ്പെട്ട സ്ഥലങ്ങളിൽ എത്തിച്ചുകൊടുക്കുകയും ചെയ്യുന്നുണ്ട്.

പാഠം ൨൨.

ഓണത്തെക്കുറിച്ച ചില ഐതിഹ്യങ്ങൾ.

മലയാളികൾക്ക ആകമാനം ചിങ്ങമാസത്തെ ഓണം വളരെ പ്രധാനമാണല്ലോ. എന്നാൽ മററെല്ലാ മലയാളാചാരങ്ങളേയും പോലെ തന്നെ, അതിൻെറ ആഗമവും ഉദ്ദേശവും അജ്ഞാതമായി തന്നെ ഇരിക്കുന്നു. അതിന ശാസ്ത്രസംബന്ധമായ വല്ല ആഗമവും ഉണ്ടോ എന്ന് അറിഞ്ഞുകൂടാ. ചില കെട്ടുകഥകൾ ഉള്ളത് അടിയിൽ വിവരിക്കുന്നു.

പണ്ടു മഹാബലിചക്രവൎത്തി മൂന്നുലോകവും അടക്കി ഭരിച്ചിരുന്നുവത്രെ. അക്കാലത്തു ഭൂലോകനിവാസികൾ ദാരിദ്ര്യമെന്നുള്ളത് എന്തെന്നുപോലും അറിഞ്ഞിരുന്നില്ല. അതിനാൽ എല്ലാ ജനങ്ങളും ഇപ്പോൾ തിരുവോണദിവസം എന്നതുപോലെ ചതുൎവിധവിഭവങ്ങളോടുകൂടി ദിവസവും

ആഹാരം കഴിച്ച് ആഹ്ലാദത്തോടുകൂടി വസിച്ചുവന്നു. തപസ്സുചെയ്തു് ഇന്ദ്രനെ തോല്പിച്ച് ഈ അസുരരാജാവു മൂന്നു ലോകവും ഭരിച്ചു വരവേ, ദേവകൾ ചെന്നു മഹാവിഷ്ണുവിനോടു പ്രാൎത്ഥിക്കയാൽ അദ്ദേഹം വാമനാവതാരം പൂണ്ടു മൂന്നുലോകവും മഹാബലിയോടു വീണ്ടെടുത്തു. അപ്പോൾ മഹാബലി താൻ ഭരിച്ചിരുന്ന രാജ്യം ആണ്ടിൽ ഒരിക്കലെങ്കിലും ചെന്നു കണ്ടുകൊള്ളുന്നതിന് തന്നെ അനുവദിക്കണമെന്നു ഭഗവാനോടു യാചിച്ചു. ചിങ്ങമാസത്തിൽ തിരുവോണദിവസം വന്നുകൊള്ളുന്നതിനു ഭഗവാൻ അനുവാദം നല്കി. അതിനാൽ ഭൂലോകവാസികൾ, മഹാബലി നാടു കാണാൻ വരുമ്പോൾ, തങ്ങൾ എല്ലാപേരും യഥാപൂൎവം സുഖമായി വസിക്കുന്നതു കാണണമെന്നു വിചാരിച്ച് ഓണത്തിനു തലേ നാൾമുതൽ നാലു ദിവസം അത്യാഹ്ലാദമായി കഴിച്ചുകൂട്ടി വരുന്നുപോൽ. ഇന്നും ചിങ്ങമാസത്തെ ഓണത്തിൻനാൾ മഹാബലി നാടുകാണാൻ വരുന്നുണ്ടെന്നാണല്ലോ പലരുടേയും വിശ്വാസം.

ശ്രീപരശുരാമൻ കേരളഭൂമിയെ സമുദ്രത്തിൽനിന്നും വീണ്ടെടുത്തു ബ്രാഹ്മണൎക്ക ദാനംചെയ്തു തൃശ്ശിവപേരൂർവച്ച് തിരോധാനംചെയ്യാൻ ഭാവിച്ചപ്പോൾ, അത്യാപത്ത് എന്തെങ്കിലും നേരിടുന്ന സമയം അവർ എല്ലാപേരും കൂടി ഒരു സ്ഥലത്തു വന്നു ചേൎന്ന് ഒരുമിച്ചു പ്രാൎത്ഥിക്കുന്നപക്ഷം താൻ പ്രത്യക്ഷനാകാം എന്ന് അനുഗ്രഹിച്ചു എന്നും ആ അനുഗ്രഹം ഫലിക്കുമോ എന്നറിവാനായി ഒരിക്കൽ ബ്രാഹ്മണർ എല്ലാപേരും കൂടി ഒരു സ്ഥലത്തു വച്ചു പ്രാൎത്ഥിക്കയും, ഭഗവാൻ പ്രത്യക്ഷപ്പെട്ടു കാൎയ്യം ചോദിച്ചതിൽ അവർ നിന്നു പരുങ്ങുന്നതു കണ്ടു തന്നെ പരീക്ഷിച്ചതാണെന്നു മനസ്സിലാക്കി 'മേലാൽ ഒരിക്കലും അവൎക്ക ഒരു സ്ഥലത്ത് ഒരുമിച്ചുകൂടാൻ സാധിക്കാതെ പോകട്ടെ' എന്നു

ശപിക്കയും ചെയ്തപ്പോൾ, ശാപമോക്ഷം യാചിച്ചതിൽ ചിങ്ങമാസത്തെ തിരുവോണത്തിൻ നാൾ താൻ മനുഷ്യദൃഷ്ടിക്ക് അഗോചരനായി കേരളത്തെ ദർശിച്ചുകൊള്ളാം എന്നു പറഞ്ഞു സമാധാനപ്പെടുത്തി എന്നും, ആ വാക്കനുസരിച്ച് ഇക്കാലത്തും വരുന്നുണ്ടെന്നുമാണ് മറെറാരൈതിഹ്യം.

ഇവ രണ്ടിനേയുംകാൾ യുക്തിക്കു അധികം യോജിക്കുന്ന മറെറാരു കഥയുള്ളതുകൂടി പറയാം. തിരുവിതാംകൂർസംസ്ഥാനത്തു കുന്നത്തുനാട്ടുതാലൂക്കിൽ ശ്രീപരശുരാമപ്രതിഷ്ഠിതമായ തൃക്കാക്കര എന്നൊരു മഹാക്ഷേത്രമുണ്ടു്. അവിടത്തെ പ്രതിഷ്ഠ വാമനമൂർത്തിയായ മഹാവിഷ്ണുവാണ്. ആ സ്ഥലത്തു വച്ചായിരുന്നുപോലും ഭഗവാൻ മഹാബലിയോടു ഭൂമിയെ ദാനം വാങ്ങിയതു്. ഇതിനു ലക്ഷ്യമായിട്ടു് അവിടെ 'ദാനോദകപ്പൊയ്ക' എന്നു പേരോടുകൂടി ഒരു തടാകവുമുണ്ടു്. ശ്രീപരശുരാമൻ ഭഗവാനെ അവിടെ പ്രതിഷ്ഠിച്ചതു ചിങ്ങമാസത്തിലെ തിരുവോണദിവസമായിരുന്നതിനാലും, അന്നവിടെ കേരളനിവാസികൾ ആകമാനം കൂടിയിരുന്നതിനാലും, മേലും ആ ദിവസം എല്ലാപേരും അവിടെ കൂടി വളരെ ഉത്സാഹമായി കഴിച്ചുകൂട്ടണമെന്ന് അദ്ദേഹം കല്പിച്ചതനുസരിച്ച് അങ്ങനെ ആചരിച്ചുവരുന്നതാണെന്നും, എന്നാൽ ദൂരംനിമിത്തം എല്ലാപേക്കും അവിടെ ചെന്ന് ആ ദിവസത്തെ കൊണ്ടാടുന്നതിന് പ്രയാസമായിത്തീരുകയാൽ സ്വഗൃഹങ്ങളിൽ വച്ച് യഥാശക്തി ദേവപൂജ കഴിച്ച് ആഘോഷിച്ചാൽ മതി എന്നു തീരുമാനിച്ചു എന്നും, അങ്ങനെ തിരുവോണത്തിന് പ്രാധാന്യമുണ്ടായി എന്നും ആണു പറയപ്പെട്ടിരിക്കുന്നതു്.

ഒരു കാലത്തു തൃക്കാക്കരക്ഷേത്രത്തിന് എല്ലാ വിധത്തിലും വളരെ പ്രാധാന്യമുണ്ടായിരുന്നുവെന്നു വിചാരിപ്പാൻ വളരെ ന്യായങ്ങളുമുണ്ടു്. അവിടെ നാല്പത്തൊന്നു

ദിവസത്തെ ഉത്സവമുള്ളതിൽ ചിങ്ങമാസത്തെ അത്തം മുതൽ ഓണംവരേയുള്ള പത്തു ദിവസത്തേതാണ് വളരെ



വിശേഷപ്പെട്ടതു്. ഈ പത്തു ദിവസവും തിരുവിതാംകൂർ, കൊച്ചി, കോഴിക്കോട്ട് എന്നീ മൂന്നു സംസ്ഥാനങ്ങളിലേയും രാജാക്കന്മാർ അവിടെ ചെന്നിരുന്ന് ഉത്സവം നടത്തി-വന്നിരുന്നുപോലും. കൊച്ചിയിലെ ഇപ്പോഴത്തെ അത്തച്ചമയത്തിൻെറ ആഗമം തൃക്കാക്കരയ്ക്കുള്ള പുറപ്പാടാണത്രേ. കൊച്ചിരാജാവു് പാതി വഴി വന്നശേഷം, തൃക്കാക്കരെ ഉത്സവം നടക്കുന്നില്ല എന്നറിഞ്ഞു മടങ്ങിപ്പോകുന്നു എന്നാണ് ഇപ്പോഴത്തെ സങ്കല്പം.

ഇങ്ങനെ കേരളീയരുടെ പൊതുക്ഷേത്രമായ തൃക്കാക്കരയിലെ ഉത്സവഘോഷത്തിൽനിന്നാണ് ഓണം ഉത്ഭവിച്ചതെന്നൂഹിക്കുവാൻ, അതിനു മദ്ധ്യകേരളത്തിലുള്ള അതിപ്രാബല്യം ലക്ഷ്യമാകുന്നു.

പാഠം ൩൩.

അച്ചടിയന്ത്രം.

മനുഷ്യർ പല കാലങ്ങളിലായി അനവധി യന്ത്രങ്ങൾ കണ്ടുപിടിച്ചിട്ടുണ്ട്. ഇവയൊക്കെയും ഒരിക്കൽ അറിഞ്ഞു



മറന്നവയായിരിക്കാം. ലോകത്തിനല്ലാതെ ജ്ഞാനത്തിനു മാററമില്ലല്ലോ. ലോകത്തിൽ പുത്തനായിട്ട് ഒന്നുംതന്നെ ഇല്ലെന്നാണു വിദ്വാന്മാരുടെ സിദ്ധാന്തം. ഇതു മുക്കാലേ അരക്കാലും വാസ്തവമാണെന്ന് അല്പം ആലോചിക്കുന്ന-തായാൽ നമുക്കുതന്നെ ബോധപ്പെടും. എഴുതിയ കടലാ-സുകൾ ഒന്നിച്ചു ചേർത്തു വയ്ക്കുന്നതിനുള്ള മൊട്ടുസൂചിയും ക്ലിപ്പും മററും പോയി ഈ പരിഷ്കൃതകാലത്തു പണ്ടത്തെ ചരടും ചുഴിനാരായവും ഏർപ്പെട്ടിരിക്കുന്നതു നാം കാണുന്നു-ണ്ടല്ലോ. ആവിയന്ത്രം ധാരാളമായി ഉപയോഗിച്ചുതുടങ്ങി യതു് ഇയ്യിടെ ആണ് എന്നു വരികിലും, ആവിയുടെ മഹാ ശക്തിയെക്കുറിച്ചു പണ്ടുള്ളവൎക്കും നല്ല അറിവുണ്ടായിരുന്ന-തായി തെളിയിക്കാൻ നമുക്കു പല ലക്ഷ്യങ്ങൾ ഉണ്ടു്.

അച്ചടിയന്ത്രത്തിൻെറ ജന്മഭൂമി റോമാപട്ടണമാണെന്നു റിസ്രാലി എന്ന മഹാൻ പറയുന്നു; അവർ പിന്നെ അതു നടപ്പിൽ വരുത്താതെ വിട്ടുകളഞ്ഞതു് അനവധി എഴുത്തുകാർ തെരുവിലായിപ്പോകുമല്ലോ എന്നുള്ള വിചാരത്താൽ മാത്രമാണെന്നാണു് അദ്ദേഹത്തിൻെറ അഭിപ്രായം. അച്ചടിയന്ത്രത്തിൻെറ സ്വന്തനാടു ജർമ്മനിയാണെന്നു ജർമ്മനിയിലും, ഫ്രാൻസാണെന്നു ഫ്രാൻസും വാദിക്കുന്നു. ഇത്തക്കം ഇന്നും തീരുമാനപ്പെട്ടിട്ടില്ല. എന്തൊക്കെയായാലും, ചീനാത്തുകാർക്കു് ഈ അച്ചടിയന്ത്രം തീരെ പുത്തരിയല്ല. പരിഷ്ക്കാരവൃക്ഷത്തിൻെറ ഫലങ്ങളാണു് നവീനയന്ത്രങ്ങൾ എന്നു പറയുന്നതിൽ രണ്ടു പക്ഷമുണ്ടാവാൻ ഇടയില്ലല്ലോ. ഏകദേശം ൨൦൦൦ വർഷങ്ങൾക്കു മുമ്പു ചീനരാജ്യം പരിഷ്ക്കാരംകൊണ്ടു് ഉയൎന്ന ഒരു പദവിയെ അനുഭവിച്ചുവന്നിരുന്നതായി ദേശചരിത്രം തെളിയിക്കുന്നു. കടലാസു ചൈനക്കാരാണു് ആദ്യമുണ്ടാക്കിയതു്. കടലാസും അച്ചടിയും ഒന്നിച്ചു ചേരേണ്ട ചങ്ങാതികളാകുന്നു. അതിനാൽ, അച്ചടിവിദ്യയും ചീനത്തു തന്നെ ഉത്ഭവിച്ചു എന്നു നമുക്കു വാദിക്കാം. കാൎയ്യം ഇങ്ങനെയൊക്കെ ആണെങ്കിലും, അച്ചടിയന്ത്രത്തെപ്പററി ഒരു വ്യക്തമായ അറിവു നമുക്കു കിട്ടിയിട്ടുള്ളതു് അഞ്ഞൂറു കൊല്ലങ്ങൾക്കു് ഇപ്പുറമാകുന്നു. അതിനാൽ, ഇതിൽ അച്ചടിയന്ത്രത്തിൻെറ കാലം എന്നു പ്രസ്താവിക്കുന്നതു് അക്കാലത്തെയാണു്.

ലോകത്തിനു ലഭിച്ചിട്ടുള്ള സകലവും പ്രായേണ ഒരു വിധം പാവപ്പെട്ടവരിൽനിന്നാണു്. അച്ചടിയന്ത്രത്താൽ നമുക്കു ലഭിച്ചിട്ടുള്ള സൎവ്വശ്രേയസ്സിനും ഹേതുഭൂതനായി നമ്മുടെ അളവററ നന്ദിക്കു പാത്രീഭവിക്കുന്നതു ഡച്ചുദേശമായ ഹാർലംനഗരത്തിലെ ഒരു പള്ളിയുടെ വാർഡനായ ലോറൻ കാസ്റ്റർ എന്ന ഒരാളാകുന്നു. ‘കൂട്ടത്തിൽനിന്നു

പിഴച്ച ഒരാൾ' ആയിരുന്നു ഇയാൾ; എന്തെന്നാൽ, തനിക്കു വേലയില്ലാത്ത സമയമെല്ലാം വിജനമായ ഒരു സ്ഥലത്തു ചെന്നു തനിയേ കഴിച്ചുകൂട്ടുകയാണ് ഇയാളുടെ പതിവു്. അപ്പോഴൊക്കെയും വീട്ടിൽ മടങ്ങിച്ചെന്നാൽ തന്റെ കുട്ടികളെ കളിപ്പിക്കുന്നതിനും തനിക്കു നേരംപോക്കിനുമായി മരത്തൊലിയിൽ ഓരോ അക്ഷരങ്ങളെ കൊത്തും. ഒരു ദിവസം ഏതാനും അക്ഷരങ്ങൾ കൊത്തി ഒരു കടലാസിൽ പൊതിഞ്ഞു് ഉടുപ്പിന്റെ ചേപ്പിൽ ഇട്ടുകൊണ്ടു വീട്ടിലേക്കു തിരിച്ചു. ഗൃഹത്തിൽ എത്തി പൊതി തുറന്നു. അപ്പോൾ എന്തൊരു ആശ്ചൎയ്യമായ കാഴ്ചയാണ് അയാളുടെ കണ്ണിൽ പെട്ടതു! താൻ കൊത്തിയുണ്ടാക്കിയ അക്ഷരങ്ങളുടെ വടിവു് മരത്തൊലിയുടെ കറകൊണ്ടു് അക്കടലാസിൽ പതിഞ്ഞുകണ്ടു. പിന്നീടു അയാൾ അക്ഷരങ്ങളെ മറിച്ചു് ഈയ്യത്തിൽ കൊത്തുവാൻ തുടങ്ങി. എഴുത്തുമഷിയിൽ അച്ചടിച്ചാൽ അഴകില്ല എന്നു വിചാരിച്ചു് അതിലേക്കായി കട്ടിയായിട്ടു് ഒരു മാതിരി മഷിയും ഉണ്ടാക്കി. ഇങ്ങനെ ഒരു ചെറിയ അച്ചടിയന്ത്രം — എന്നു തന്നെ പറയാം — കരസ്ഥമായി.

അച്ചടിവിദ്യയ്ക്കു് ഇതാ ഒരു മാററം സംഭവിക്കുന്നു! മെയിൻസു രാജ്യക്കാരനായ ഗുട്ടൻബൎഗ്ഗ് എന്നൊരു യുവാവു മായി ലോറൻ കാസ്റ്റർ പരിചയപ്പെടുവാൻ സംഗതിയായി. ഈ ഗുട്ടൻബൎഗ്ഗ് ഒരു വലിയ പരോപകാരിയായിരുന്നു. ഇയാൾ അച്ചടിയന്ത്രത്തിന്റെ വൎദ്ധനയ്ക്കായി വളരെ ബുദ്ധിമുട്ടിയിട്ടുണ്ടു്. വേറേയും പലർ ഇതിനായി തങ്ങളുടെ വിലയേറിയ സമയത്തെ വിനിയോഗിച്ചിട്ടുണ്ടു്. ഇക്കൂട്ടത്തിൽ എത്തൽ സ്റ്റാർ ഫോപ്പ് എന്ന ആളാണു മുന്നണിയിൽ നില്ക്കുന്നതു്. ൧൮൧൪-ാം വൎഷം അച്ചടിയന്ത്രത്തിനു ആദ്യമായി ആവി ഉപയോഗിച്ചുനോക്കി. ഇക്കൗശലം

ലണ്ടൻപട്ടണത്തിൻെറ പത്രാധിപരായിരുന്ന ജാൺ വാൾട്ടരാൽ കണ്ടുപിടിക്കപ്പെട്ടതാണ്. വിദ്യുച്ഛക്തികൊണ്ടുള്ള പ്രയോഗം തുടങ്ങിയിട്ട് അധികം കാലമായിട്ടില്ല. മുമ്പൊക്കെ അച്ചടിയന്ത്രത്തിൻെറ വേല ഒരു ഇഴഞ്ഞ മട്ടിൽ ആയിരുന്നു. ഇപ്പോൾ വിദ്യുച്ഛക്തിയുടെ സഹായത്താൽ മണിക്കൂറൊന്നിനു ലക്ഷത്തിൽ ചില്വാനം പ്രതികൾ അച്ചുകൂടത്തിൻെറ പുറത്തു ചാടുന്നുണ്ടത്രേ!

അച്ചടിയന്ത്രംനിമിത്തം ലോകത്തിനു സിദ്ധിച്ചിട്ടുള്ള ഗുണങ്ങൾക്ക് ഒരു കൈയും കണക്കുമില്ല. ദ്രവ്യലാഭം, സമയലാഭം, ശ്രമലാഭം ഈ മൂന്നും അച്ചടിയന്ത്രം തരുന്നുണ്ടു്. ഒരു ഭാഗവതമോ, ഭാരതമോ, രാമായണമോ വേണമെങ്കിൽ പണ്ടൊക്കെ നൂറോ നൂററമ്പതോ രൂപ കൊടുത്താലും കിട്ടുന്ന കാൎയ്യം വളരെ ഞെരുക്കമായിരുന്നു; ആവക പുസ്തകങ്ങൾ തന്നെ ഇപ്പോൾ ഏഴോ എട്ടോ ചക്രം കൊടുത്താൽ കിട്ടും; ഇങ്ങനെ ദ്രവ്യലാഭം. അച്ചടിയന്ത്രം എഴുത്തുജോലിയെ കുറയ്ക്കുന്നു; ഒന്നോ രണ്ടോ മാസം മുഷിഞ്ഞാൽ കഷ്ടിച്ച് എഴുതി തീൎക്കാവുന്ന ഒരു ഭാഗവതം ഇന്ന് അതിശീഘ്രത്തിൽ അച്ചടിച്ചെടുക്കാവുന്നതാണ്; ഇതു സമയലാഭമാണല്ലോ. എഴുത്തു എത്രതന്നെ മെച്ചമായിരുന്നാലും അച്ചടിയോളം വൃത്തിയും സുഗമതയും ഉണ്ടാവില്ല; ഇതുതന്നെയാകുന്നു ശ്രമലാഭം. അഴിവില്ലായ്മയും അച്ചടിയുടെ ഒരു പ്രത്യേകഗുണമാകുന്നു. അച്ചടിമഷി ഇംഗാലനിൎമ്മിതമാകയാൽ ഒരിക്കൽ കടലാസിൽ പതിഞ്ഞത് ഇന്ദ്രദേവനാലും ബ്രഹ്മദേവനാലും മായ്ക്കുവാൻ അസാദ്ധ്യമാകുന്നു.

അച്ചടിക്കരുക്കൾ പല തരത്തിലുണ്ടു്. അവയെ അത്തൊഴിലാളികൾ ഗ്രേററ്പ്രൈമർ, പൈക്കാ, ഇംഗ്ലീഷ്ബോഡി, സ്മാൾപൈക്കാ എന്നിങ്ങനെ ഓരോ പേർ

പറഞ്ഞുവന്നിരുന്നു. വളരേ ചെറിയതരം അക്ഷരങ്ങൾ ഡയമണ്ട് (വജ്രം) എന്നു വിളിക്കപ്പെടുന്നു. ഇപ്പോൾ ഈ പേരുകൾ മാറി "പായിൻറു സിസ്റ്റം" എന്നൊരു ക്രമം ഉണ്ടായിരിക്കുന്നു.

18	Point	or	Great Primer
14	,,	,,	English
12	,,	,,	Pica
11	,,	,,	Small Pica
10	,,	,,	Long Primer
9	,,	,,	Bourgeois
8	,,	,,	Brevier
7	,,	,,	Minion
6	,,	,,	Nonpareil
5½	,,	,,	Ruby
5	,,	,,	Pearl

കല്ലച്ച് അച്ചടിയന്ത്രത്തിൻെറ മറെറാരു മാതിരിയേ ആകുന്നുള്ളു. ഇതു കണ്ടുപിടിച്ചതു 'സെനിഫെഫ്‌ൻഡർ' എന്ന വിദ്വാൻ ആണെന്നാണു വച്ചിരിക്കുന്നത്. എന്നാൽ അയാൾ ജനിക്കുന്നതിനു വളരെ കാലം മുമ്പേ ഇതു ജർമ്മ-നിയിൽ നടപ്പായിരുന്നുവെന്നു കാണിപ്പാൻ പല ലക്ഷ്യ-ങ്ങളുമുണ്ട്. കല്ലച്ചിൽ വലിയ ബ്രഹ്മവിദ്യയൊന്നുമില്ല. വല്ലതും ഉണ്ടെങ്കിൽ അത് ഉരുട്ടവിദ്യയോ പിരട്ടവിദ്യയോ ആണെന്നു പറയാം. ഇതിനു കരുക്കളും മററും ആവശ്യ-മില്ല, എഴുതിയാൽ മതി. ഒരു പ്രതി എഴുതിയാൽ പിന്നെ അതുപോലെ എത്ര വേണമെങ്കിലും എടുക്കാം. എഴുത്തു-കാരനു കുറെ ശ്രമം കുറയുമെന്ന ഗുണം മാത്രമേ ഉള്ളു.

ആവിയുടെ ശക്തികൊണ്ടു പണിചെയ്യുന്ന യന്ത്രങ്ങൾ

ഇപ്പോൾ അപൂൎവ്വമായി നമ്മുടെ നാട്ടിലും കാണമാനുണ്ടു്. എന്നാൽ യൂറോപ്യരാജ്യങ്ങളിലുള്ള ആ മാതിരി അച്ചടിയന്ത്രങ്ങൾ കടലാസു കൊടുക്കുകയും എടുക്കുകയും മടക്കുകയും മററുമൊക്കെ സ്വയം ചെയ്തുകൊള്ളുന്നതിനോടു കൂടിത്തന്നെ മണിക്കൂറൊന്നിനു ലക്ഷം പ്രതികളും മററും തയാർചെയ്തു വിടുന്നതുമുണ്ടു്. എന്തിനേറെ? ഇന്നു പാർലിമെൻറുസഭയിൽ പ്രസംഗിച്ചുകൊണ്ടു നില്ക്കുന്ന ഒരു സാമാജികൻെറ പ്രസംഗത്തിൻെറ പൂൎവ്വാൎദ്ധം മുഴുവൻ, അദ്ദേഹം പറയാനുള്ളതെല്ലാം പറഞ്ഞുകഴിഞ്ഞു് ആസനസ്ഥനാകുന്നതിനു മുമ്പേതന്നെ ഒന്നുകൂടെ വായിച്ചുനോക്കത്തക്കവണ്ണം വൎത്തമാനപത്രങ്ങളിൽ പ്രസിദ്ധപ്പെടുത്തിക്കാണാറുള്ളതു സുലഭമാണു്.

പാഠം ൨൫.

അഗസ്ത്യനിശ്രേണി.

അപകൃതിയപമാനഹേതുവോരോ-
ന്നിനെയുമഹോ! കഴലാൽ ചവുട്ടുമെങ്കിൽ,
ശരി; പറവതഗസ്ത്യ! തീരുമസ്മൽ-
കലിമലജാലമൊരൊത്ത കോണിയായി. || ൧ ||

ഒരു പകലിടയിൽ ഭവിച്ചകാൎയ്യം
പരിചിതമായ് പഴകിക്കഴിഞ്ഞതെല്ലാം;
അവിരതമതിതൃഷ്ണ, ഭോഗജാലം
പടികളിവക്കു മുകൾസ്ഥലത്തിലെത്താൻ. || ൨ ||

ഇതരസുചരിതങ്ങളെക്കെടുക്കും
കുസൃതികൾ, നീചമനോഭിലാഷജാലം;
'അതി' കയറിയതിക്രമിക്കിലും വൻ-
ലഹരി പിടിക്കിലുമാൎന്നിടുന്ന ശങ്ക; || ൩ ||

ശ്രമമതിജയമാളുവാൻ യഥാർത്ഥാ-
പരി, ബഹുലാലസ തിന്മയിങ്കലെല്ലാം;
തരുണരുടെ മനോരഥത്തിലങ്ങാ-
ദരവു കുറപ്പൊരു ചിത്തനിഷ്ഠുരത്വം; || ൭ ||

പല ദുരിതവിചിന്ത— യങ്ങവററിൽ
ഝടുതി മുളച്ചു തഴച്ചു ദുഷ്ടതങ്ങൾ;
സുകൃതിഹൃദയവൃത്തിയെത്തടഞ്ഞുൾ-
ക്കെടുതി വരുത്തിടുമപ്രവൃത്തി സർവ്വം; || ൮ ||

ഇവ സകലവുമാത്രമായി നാമ-
ക്കഴലിണകൊണ്ടു ചവിട്ടി മാററിടേണം,
വലിയവനിയലേണ്ട ചാരുകീൎത്തി-
പ്പൊലിമ ലഭിപ്പതിനാശയുള്ളിലെങ്കിൽ. ||൬||

അണുവണുവഥ — മുന്നിൽ മുന്നിൽ — ഇമ്മ-
ട്ടിവരുടെ കല്മഷപൂൎണ്ണജീവിതാഗ്രം
അണവതിനിയലുന്ന രണ്ടുകാൽ — നൽ-
ച്ചിറകുകളില്ല — പറക്കുവാനുമാകാ. ||൭||

മഹിമപുലരുമഗ്ഗിലാത്രികോണം
പുരുമരുഭൂമിയലഞ്ഞുയൎന്നു കാണാം
അതു വെറുമൊരു കല്ലടപ്പുടപ്പെ-
ന്നറിയുമതിന്നരികത്തണഞ്ഞ മൎത്ത്യൻ. ||൮||

കൊടുമുടികളുയൎത്തി വാനിലെങ്ങും
ചിതറി മുറസ്സുകലത്തൊഴുന്ന കുന്നും
പല പെരുവഴിയാൽ നിറഞ്ഞതെന്നാ-
രറികയുമില്ല മുകൾപ്പരപ്പിലേറിൽ. ||൯||

ഒരു കുതിയതിനാൽ ലഭിച്ചതല്ല-
പ്പദവികൾ വമ്പർ പുലത്തിടുന്നവററ;
നിശയിലവരുണൎന്നിരുന്നു വേണ്ടും
പണികൾ നടത്തിയുറങ്ങവേ സഖാക്കൾ. ||൧൦||

പലദിനമനുഭൂതമായതിന്മേൽ
കയറിയിരുന്നു കുനിഞ്ഞു നോക്കുമപ്പോൾ.
അതുവരെയറിയാത്തവൻ നിരത്തോ-
ന്നിഹ ബഹു ഭാഗ്യവിധേയമാത്തു കാണാം. ||൧൧||

തിരികെയിനി വരില്ല പോയകാലം
മുഴുവനതും വെറുതേ കളഞ്ഞുവെന്നായ്

കരുതരുതതിനുള്ള നഷ്ടശിഷ്ട-
സ്മൃതിയുതകും പരമോന്നതിക്കു നൂനം. || ൫൨ ||

പാഠം ൨൫.

ബുദ്ധിശക്തി.

ബുദ്ധിശക്തിയുടെ പ്രവൃത്തിയെ വർണ്ണിക്കാൻ തുടങ്ങിയാൽ നാം ആശ്ചര്യത്തിൽ മുഴുകിപ്പോകും. അത്യഗാധമായ സമുദ്രത്തിൽ മുങ്ങി അടിയിൽ കിടക്കുന്ന മുത്തു്, പവിഴം മുതലായ രത്നങ്ങളെ എടുത്തുകൊണ്ടു വരുന്നതിന് ഒരു മാതിരി കവചമുള്ളതു പലരും കണ്ടിരിക്കാൻ ഇടയില്ല. എന്നാൽ മനോരത്നാകരത്തിൻെറ അത്യഗാധപ്രദേശങ്ങളിൽ അടിഞ്ഞു കിടക്കുന്ന പുരാതനജ്ഞാനരത്നങ്ങളെ ഉദ്ധരിക്കുന്ന സ്മൃതികവചത്തെ അറിയാത്തവർ ആരെങ്കിലുമുണ്ടോ? വ്യോമയാനത്തിൽ കയറി ഉല്ലാസത്തോടെ ആകാശത്തിൽ സഞ്ചരിക്കുന്നതിനെപ്പററി പുരാണങ്ങളിലും, ഇയ്യിടെ വർത്തമാനപത്രങ്ങളിലും വായിച്ചിട്ടുള്ളതല്ലാതെ, കണ്ടോ അനുഭവിച്ചോ അറിഞ്ഞിട്ടുള്ളവർ ചുരുക്കമേ ഉള്ളല്ലോ. എന്നാൽ കല്പനാശക്തികൊണ്ടു സ്വർഗ്ഗത്തേക്കൂടി അധഃകരിച്ചു സുഖസഞ്ചാരണം ചെയ്തിട്ടില്ലാത്തവർ എത്ര പേരുണ്ടു? സൃഷ്ടിശക്തി ബ്രഹ്മാവിന് ഒരാൾക്കു മാത്രമേ കേട്ടിട്ടുള്ളു. എന്നാൽ ഉല്ലേഖനശക്തികൊണ്ടു് എത്ര ലോകങ്ങളെ മനുഷ്യർ സൃഷ്ടിക്കുന്നില്ല? കവിയുടെ ഉല്ലേഖനംകൊണ്ടു തുച്ഛപദാർത്ഥങ്ങളും അല്പസംഗതികളും അതിരമണീയങ്ങളായിത്തീരുന്നു. ഉല്ലേഖനശക്തിയും വിചാരണാവൈദഗ്ദ്ധ്യവും യോജിക്കുമ്പോൾ വാഗ്മിതയുണ്ടാകുന്നു. വാഗ്മിയുടെ വചസ്സു ഹൃദാവേശപ്രസാദത്തെ ജനിപ്പിക്കുന്നതു കൂടാതെ, പാമ്പാട്ടി ഊതുന്ന ക്രമത്തിനു

സപ്പം കൂത്താടുന്നതുപോലെ, നമ്മുടെ മനസ്സിനെ നൎത്തനം ചെയ്യിക്കുന്നു. ഇതിൻവണ്ണം നിരൂപണശീലം, ക്ഷമ, മനഃസ്ഥൈൎയ്യം, പരിശ്രമം, സ്നേഹം, മൎയ്യാദ, സത്യം, ജ്ഞാനകാംക്ഷ ഈ ഓരോ ഗുണങ്ങളും നമുക്ക ശക്തിയേയും ആനന്ദത്തേയും നല്കുന്നു. അനശ്വരങ്ങളായും അഭേദ്യങ്ങളായും ഉള്ള ഈ ഗുണങ്ങളത്രേ നമ്മെ ജീവിതസാഗരത്തിൽ മുങ്ങിച്ചാകാതെ ഹസ്താവലംബം തന്നു കരയ്ക്കു കയററിവിടുന്നതു്. ഇവയുടെ ബലമല്ലാതെ നമുക്ക് ഒന്നുമില്ല. ദുഃഖഘട്ടങ്ങളിൽ നമ്മെ സഹായിക്കുന്നതു ഇവയത്രേ. സ്വാൎത്ഥപരതയാലും മൂഢബോധത്താലും ദുശ്ചേഷ്ടകളാലും അഭിഭൂതന്മാരായി നാം കുഴങ്ങുമ്പോൾ, സ്വകൃത്യനിൎവ്വഹണത്തിനു ശക്തി തന്നും, ഗുണദോഷവിവേചനത്തിനു സാമൎത്ഥ്യമുണ്ടാക്കിയും, പ്രവൃത്തിക്ക ധൈൎയ്യം നല്കിയും, അടക്കാനുള്ള മനശ്ശക്തി വരുത്തിയും, അനുസരിക്കാനുള്ള ബുദ്ധി തോന്നിച്ചും നമ്മെ രക്ഷിക്കുന്നതു് ഈ ഗുണങ്ങൾ തന്നെ ആകുന്നു.

വിസ്മയാവഹകളായ ഈ ശക്തികളെക്കുറിച്ചു് നിരൂപണം ചെയ്യുന്നതിൽ നമുക്ക കൗതുകം തോന്നുന്നതു മറെറാന്നുകൊണ്ടുമല്ല; ഇവയത്രേ നമ്മുടെ ഉള്ളിലുള്ള വിദ്യുച്ഛക്തിയും, ആകൎഷണശക്തിയും. നൈരന്തൎയ്യത്തോടെ പ്രവൎത്തിക്കുന്നതിനും, പരാജയത്തെ സഹിക്കുന്നതിനും, പരിശ്രമംകൊണ്ടു വിഘ്നങ്ങളെ ജയിക്കുന്നതിനും, നമുക്കുണ്ടാകുന്ന ശീലം എത്ര നവനവമായ ആനന്ദത്തെ ജനിപ്പിക്കുന്നു! സ്ഥിരപ്രവൃത്തിയാൽ മനുഷ്യനു മനോബലം വൎദ്ധിക്കുന്നു; താൻ ആരംഭിക്കുന്ന ഉദ്യമങ്ങളിൽ വരാവുന്ന പ്രതിബന്ധങ്ങളെ എല്ലാം അവൻ മുൻകൂറായി കാണുന്നു; അവയ്ക്കു പ്രതിവിധികൾ അപ്പോഴപ്പോൾ ചെയ്യേണമെന്നും, ഏതു് അവസരത്തിൽ പ്രയത്നം ഫലിക്കുമെന്നും, ഫലിപ്പിക്കുവാ-

നുള്ള തഞ്ചങ്ങൾ എന്തെല്ലാമെന്നും, അവൻ മനസ്സിലാക്കുന്നു. ഉയരത്തിൽനിന്നു വീഴുന്ന ഒരു ഘനപദാൎത്ഥത്തിന്നു കീഴോട്ടു വരുംതോറും വേഗം കൂട്ടുന്നതു പോലെ, ഓരോ പ്രവൃത്തികളിലുമുണ്ടാകുന്ന പരിചയം മനുഷ്യശക്തിയെ വൎദ്ധിപ്പിക്കുന്നു. പ്രവൃത്തികളിൽ സ്ഥൈൎയ്യം ഒരു ഉത്തമ ഗുണമാകുന്നു. ഒരിക്കൽ ഒരാൾ കാപ്പിത്തോട്ടത്തിൽ കുറെ ധനം മുടക്കി. കാപ്പിക്കു ക്രമേണ വില ഇടിഞ്ഞു. കാപ്പിത്തോട്ടം വിറ്റ്, ലാഭമുള്ള മറ്റേതെങ്കിലും വ്യാപാരത്തിൽ മുതല് വിനിയോഗിക്കണമെന്നു സ്നേഹിതന്മാർ അവനെ ഉപദേശിച്ചു. അതു കേട്ട് അയാൾ ഇളകിയില്ല. കാപ്പി നന്നായി കൃഷിചെയ്യാനുള്ള സമ്പ്രദായം താൻതന്നെ അഭ്യസിച്ച് ആ തൊഴിലിൽ തന്നെ നിരന്തരം പരിശ്രമിച്ചു. ക്രമേണ ഇത്ര നല്ല കാപ്പി ലോകത്തിൽ ഇല്ലെന്നു ജനങ്ങൾ ഗണിച്ചുതുടങ്ങി. അയാളുടെ തോട്ടത്തിൽ ഉണ്ടാകുന്ന കാപ്പിക്കു പ്രിയം ജനിച്ചു. അതിന്നു നല്ല വില കിട്ടി. അയാൾ ധനികനായി; എന്നല്ല, ഒന്നാംതരം കാപ്പിക്കൃഷി ചെയ്യാനുള്ള വിദ്യ ലോകത്തിൽ സ്ഥിരപ്പെടുകയും ചെയ്തു.

ബുദ്ധി എന്നതെന്താണ്? ഏതു തുറയിൽ പ്രവേശിക്കുന്നുവോ, അതിലുള്ള സംഗതികളുടെ ഗതിയെ അറിഞ്ഞ് അവയെ നിയമിച്ചു രീതിപ്പെടുത്തുന്നതിന്നുള്ള ശക്തിയാകുന്നു. എല്ലാ സംഗതികൾക്കും പ്രകൃത്യാ നിയമങ്ങളുണ്ട്. അവയെ അറിയുന്നതിന്നു ബുദ്ധിമാന്നു മാത്രമേ കഴിയൂ. മൂത്താശാരി കെട്ടിടങ്ങൾ കെട്ടുന്നതിന്നുള്ള രീതി അറിയുന്നു; ചിത്രമെഴുത്തുകാരൻ ചായങ്ങൾ ചേൎത്തു ഫലിപ്പിക്കുന്നതിന്നുള്ള നിയമങ്ങൾ അറിയുന്നു; നടൻ ഭാവങ്ങളെക്കൊണ്ടു രസപൂൎത്തി വരുത്താനുള്ള രീതി അറിയുന്നു; നെപ്പോളിയൻ ബോണപ്പാൎട്ട് എന്ന മഹാവീരൻ, കുഴൽക്കണ്ണാടിയിൽ കൂടി

ദൂരസ്ഥങ്ങളായ പദാൎത്ഥങ്ങളെ നാം കാണുംപോലെ, യൂറോപ്പുമഹാഖണ്ഡത്തിലുൾപ്പെട്ട രാജ്യങ്ങളെ മനശ്ചക്ഷുസ്സുകൊണ്ടു ഗ്രഹിച്ച്, ശത്രുക്കളോടു പൊരുതുവാനുള്ള രീതിയെ മനസ്സിലാക്കി; വലിയതോക്കുകളിൽനിന്നു പുറപ്പെട്ട ഉണ്ടകളെക്കാൾ അദ്ദേഹത്തിൻെറ ബുദ്ധിയിൽനിന്നും പ്രസരിച്ച ശക്തികൾ ദുൎന്നിവാരകൾ ആയിരുന്നു.

പാഠം ൨൩.

ഒരു തിരുനാൾ ആഘോഷം.

കുറെ പൊക്കത്തിലായിട്ട് ഒരാൾക്കു പ്രയാസം കൂടാതെ ഇരിക്കത്തക്കവണ്ണം വലിപ്പവും ഉറപ്പും ഉള്ള ഒരു ത്രാസു തൂക്കിയിരുന്നു. അതിൻെറ ഒരു തട്ടിൽ സ്വൎണ്ണവും വെള്ളിയും രത്നങ്ങളും കൂട്ടിയിരുന്നു. മറേറതു ശൂന്യമായി ഉയൎന്നു നിന്നിരുന്നു. നാനാദിഗന്തങ്ങളിൽനിന്നും വന്നിട്ടുള്ള അസംഖ്യം ജനങ്ങൾ നോക്കിക്കൊണ്ടിരിക്കവേ, അൿബർചക്രവൎത്തി അതിൽ കയറി ഇരുന്നു. അദ്ദേഹത്തിൻെറ തൂക്കം ശരിയായതുവരെ മറേറത്തട്ടിൽ മേൽപ്പറഞ്ഞ സാധനങ്ങൾ ഇടുകയോ അതിൽനിന്ന് എടുക്കുകയോ ചെയ്തുകൊണ്ടിരുന്നു. അവയ്ക്കു പകരം കൃത്യം, മാനം, വിശ്വാസം, നല തിലെല്ലാമത്യാസക്തി ഇത്യാദികളെ ഇടാൻ കഴിയുമായിരുന്നെങ്കിൽ, നിശ്ചയമായി അൿബൎക്കു തൂക്കം പോരാതെ വരികയില്ലായിരുന്നു. തൂക്കം ശരിയായതിൻെറ ശേഷം, ചക്രവൎത്തി ത്രാസിൽനിന്നു സാവധാനമായി താഴെ ഇറങ്ങുകയും സ്വൎണ്ണവും വെള്ളിയും ജനങ്ങൾക്കു കൊടുക്കുകയും ചെയ്തു. ഒടുവിൽ ചക്രവൎത്തി തൻെറ ചുററുമുള്ളവരുടെ ഇടയിൽ ചെന്നു കരുണയോടും പ്രേമത്തോടും കൂടി ഓരോ വാക്കു പറഞ്ഞുകൊണ്ടു മുറയ്ക്കു പുഷ്പഫലരൂപങ്ങളായ

ചെറിയ സ്വർണ്ണസാധനങ്ങളെ സമീപസ്ഥന്മാക്ക് എറിഞ്ഞുകൊടുത്തു. ഈ പ്രവൃത്തിയാൽ അക്ബർ മഹാനും



പ്രബലനും മാത്രമല്ല, ഏററവും ദയാലുവും ഉദാരനും, തൻെറ മഹത്വത്തെക്കാൾ ജനങ്ങളുടെ ക്ഷേമത്തിൽ അധി-

കതൽപരനും ആയ ഒരു രാജാവാണെന്നുള്ള ബോധം പല-രുടേയും മനസ്സിൽ നൂതനമായി സ്ഥിരീകരിക്കപ്പെട്ടു.

അനന്തരം നാനാപ്രകാരങ്ങളായ വിനോദങ്ങൾ ആരം-ഭിക്കപ്പെട്ടു. ഒരു ദിക്കിൽ ഐന്ദ്രജാലികന്മാർ അവരുടെ കൗശലങ്ങളേയും, മററൊരു ദിക്കിൽ അഭ്യാസികൾ അനേ-കവിധങ്ങളായ അഭ്യാസങ്ങളേയും പ്രദശിപ്പിച്ചു. ഒരിടത്തു നത്തകന്മാർ ഏകരൂപമായ സംഗീതത്തെ അനുസരിച്ചു നത്തനം ചെയ്തു. മററാരിടത്തു് അശ്വാരോഹന്മാർ കുതിരകളേ അതിവേഗത്തിൽ ഓടിച്ചുകൊണ്ടു തങ്ങളുടെ കൈയ്യിലുള്ള കുന്തങ്ങളുടെ അഗ്രത്താൽ തറയിൽനിന്നു ചെറിയ വളയങ്ങളെ കുത്തി എടുത്തു. ഒരു സ്ഥലത്തു ദേഹപീഡ ചെയ്യുന്നതു സുകൃതകാരണമെന്നു വിചാരിക്കുന്ന വൈരാഗികൾ രണ്ടു പേർ അത്ഭുതമായും ഭയങ്കരമായും ഉള്ള ഒരു കാഴ്ച കാണിച്ചു. അവർ ഉപരിഭാഗത്തു കുറുകെ വച്ചിരുന്ന ഒരു ഉത്തരത്തിൽനിന്നും കയറിൽ കെട്ടി താഴ-ത്തേയ്ക്കു തൂക്കിയിരുന്ന ഒരു വളഞ്ഞ ആണി തങ്ങളുടെ ദേഹപൃഷ്ഠഭാഗത്തിൽ കോത്തു് തറയിൽനിന്നും ഇരുപതടി പൊക്കത്തിൽ തൂങ്ങിനിന്നു. ഇപ്രകാരമുള്ള ഒരു കാഴ്ച അവിടെ അപൂവ്വമായിരുന്നതുകൊണ്ടു് എല്ലാപേരും വളരെ ശ്രദ്ധയോടുകൂടി നോക്കി. ഹൈ്സിയുടെ മരുമകനായ പാവീസ് അതിനെ ആശ്ചയ്യത്തോടെ സൂക്ഷിച്ചു നോക്കി-ക്കൊണ്ടു നിന്നു. എന്നാൽ സിദ്ധന് അതു കണ്ടു നല്ല പരിചയമുണ്ടായിരുന്നതിനാൽ അയാൾ ഉദാസീനനായി-രുന്നു.

പാവീസ് തൻെറ സ്നേഹിതനോടു പറഞ്ഞു:— "ഇവ-രുടെ വിചാരം എന്തായിരിക്കാം? ഇവർ മതസക്തിയാൽ പ്രേരിതന്മാരായിട്ടാണ് ഇപ്രകാരം പ്രവത്തിക്കുന്നതു് എന്നു പറഞ്ഞുവരുന്നു. എന്നാൽ ഈ ഉത്സവദിവസത്തിൽ

ജനസമക്ഷമായി ഇവർ ഇങ്ങനെ ചെയ്യുന്നത് എന്തിന്? ഇതൊരു സന്തോഷകരമായ കാഴ്ചയല്ല. എന്നാൽ ഇവർ ഇത്ര ലക്ഷ്യമില്ലാതെയും വേദനയില്ലാത്തതുപോലെയും ഈ സാഹസം പ്രവൎത്തിക്കുന്നത് എങ്ങനെ എന്ന് എനിക്കു മനസ്സിലാകുന്നില്ല."

സിദ്ധൻ പറഞ്ഞു:—"ഞാൻ അതിനെ പ്രതിപാദിക്കാം. ഈ വൈരാഗികൾ ഇങ്ങനെയുള്ള ദേഹദണ്ഡങ്ങളെ സ്വൎഗ്ഗസാധകങ്ങളായ ശ്ലാഘ്യവ്യാപാരങ്ങളായി വിചാരിക്കുന്നു എന്നു നിങ്ങൾക്കറിയാമല്ലോ. ഇങ്ങനെ പ്രവൎത്തിക്കുന്നവരെ നോക്കിക്കൊണ്ടു നില്ക്കയും അവൎക്കു പണം കൊടുക്കയും ചെയ്യുന്നവൎക്കും ഫലത്തിന്റെ ഒരു ഭാഗമുണ്ട്. ജനങ്ങളുടെ അന്ധവിശ്വാസത്തിന്റെ അവസ്ഥയ്ക്കു തക്കവണ്ണം ഇവൎക്ക് അധികലാഭമുണ്ടാകും. എന്നാൽ ഈ വിദ്യയുടെ രഹസ്യം നിശ്ചയമായി നമ്മുടെ അറിവിൽ പെട്ടിട്ടില്ല. എങ്കിലും ശങ്കയ്ക്കു ആസ്പദങ്ങൾ ഉണ്ട്. ഇവരെ ഒരിക്കലും സ്ത്രീകളോടുകൂടി കാണാറില്ലെങ്കിലും അവർ ഇവരുടെ കൂടെ എപ്പോഴും ഉണ്ടായിരിക്കും. അവർ ഈ വിദ്യ കാണിക്കുന്നതിനു മുൻപായി ഏകദേശം പതിനഞ്ചു നാഴികനേരത്തോളം ഈ വൈരാഗികളുടെ തോളുകളുടെ മദ്ധ്യഭാഗത്തെ മൎദ്ദനം ചെയ്തു സ്പൎശം അറിയാതെ ആക്കുന്നു. പിന്നെ അവിടെ ആണി കുത്തിക്കോൎത്താൽ വേദനയുണ്ടാകയില്ല."

പാവീസ് പറഞ്ഞു:—"ഒരത്ഭുതകരമായ നേരമ്പോക്കു തന്നെ."

"അതേ, കഷ്ടമായിട്ടുള്ളതും ആണ്. മൂഢന്മാൎക്ക് ഇതിൽ എത്രതന്നെ വിശ്വാസമുണ്ടായിരുന്നാലും മാന്യന്മാരായ ബ്രാഹ്മണർ ഇതിനെ നിന്ദിക്കുന്നു. ആകട്ടെ; ഗജങ്ങളും വന്യമൃഗങ്ങളും തങ്ങളിൽ യുദ്ധങ്ങൾ ഉണ്ടെന്നു നിങ്ങൾ പറഞ്ഞില്ലയോ?"

"നിശ്ചയമായിട്ടുണ്ടു്. ആ കാണുന്ന കൊടിയാൽ അവ അവസാനിക്കാറായി എന്നു സൂചിതമായിരിക്കുന്നു. നമുക്ക് അങ്ങോട്ടു പോയി ഒരു സ്ഥലം പിടിക്കാം."

യുദ്ധങ്ങൾ നടക്കുന്ന സ്ഥലത്തിനു ചുററും അഴിയടിച്ചു് ആസനങ്ങളും ഇട്ടിരുന്ന സ്ഥലത്തേയ്ക്കു് അവൎക്കു പ്രവേശം നിഷ്പ്രയാസമായി ലഭിച്ചു. ഒടുവിൽ ചക്രവൎത്തി തൻെറ സേവകന്മാരാൽ പരിവൃതനായി ഉപവേശിച്ചിരുന്നു.

അധികതാമസം കൂടാതെ ശ്രേഷ്ഠങ്ങളായ വസ്ത്രങ്ങളാൽ ആവൃതങ്ങളും, ഉജ്ജ്വലങ്ങളായ കഞ്ചുകങ്ങളെ ധരിച്ച നിഷാദികളാൽ ആരൂഢങ്ങളുമായ ഗജങ്ങൾ രണ്ടു ഭാഗങ്ങളിൽനിന്നും രംഗഭൂമിയിൽ പ്രവേശിച്ചു. അധികമായി സജ്ജീകരണമൊന്നും ആവശ്യകമായിരുന്നില്ല. മഹാദേഹങ്ങളായ ആ ജന്തുക്കൾ അന്യോന്യം അടുത്ത ഉടൻ തന്നെ ഒരു ഭയങ്കരമായ ഫീട്കാരത്തോടുകൂടി മുൻകാലുകളെ ഉയൎത്തി ശുണ്ഡദണ്ഡങ്ങൾകൊണ്ടു തങ്ങളിൽ പിടിച്ചു ദീൎഘങ്ങളായ ദന്തങ്ങളേക്കൊണ്ടു് ഓരോന്നും തൻെറ പ്രതിപക്ഷിയെ കുത്തുന്നതിനു ശ്രമിച്ചു. നിഷാദികളാകട്ടെ, ചിലപ്പോൾ അവയുടെ കണ്ണുകളുടെ പിൻഭാഗത്തിൽ ജാനുക്കളെക്കൊണ്ടു് പററിപ്പിടിച്ചും ചിലപ്പോൾ അവയുടെ വസ്ത്രബന്ധങ്ങളെ കൈകൊണ്ടു പിടിച്ചും വീഴാതെ ഇരുന്നു. കുറേ നേരത്തേയ്ക്കു ജയം സന്ദിഗ്ദ്ധമാകത്തക്കവിധം ഈ യുദ്ധം നടന്നു. ഒരിക്കൽ ഒരു ഗജവും പിന്നൊരിക്കൽ മറേറതും

പുറകോട്ട് ഓടി. ഒടുവിൽ ഒന്നു മറേറതിനെ താഴെ തള്ളിയിട്ടു. അതിൻെറ നിഷാദി ലാഘവത്തോടെ ചാടിത്താഴത്തിറങ്ങി. ജേതാവായ ഗജത്തിൻെറ നിഷാദി അതിനെ അങ്കുശംകൊണ്ടു നിയന്ത്രിച്ച്, പരാജിതമായ പ്രതിപക്ഷിയെ ഉപദ്രവിക്കാതെ പുറകോട്ടു മാററി. ചക്രവൎത്തി ഉറക്കെ ശ്ലാഘിക്കയും സേവകന്മാരും പ്രേക്ഷകന്മാരും അദ്ദേഹത്തിനെ അനുഗ്രഹിക്കയും ചെയ്തു. പിന്നെ അവർ ആസനങ്ങളിൽനിന്നും പതുക്കെ എഴുന്നേററു പോയി.

സിദ്ധൻ തൻെറ സ്നേഹിതനോടു പറഞ്ഞു:—ഈവക യുദ്ധങ്ങളിൽ അക്ബൎക്ക് വളരെ കൗതുകമുണ്ടെന്നു തോന്നുന്നു.

പാവീസ് ഉത്തരം പറഞ്ഞു:—ഉള്ളതു തന്നെ. മനുഷ്യരിലായാലും മൃഗങ്ങളിലായാലും ധൈൎയ്യവും സാമൎത്ഥ്യവും പ്രകാശിപ്പിക്കുന്നതായുള്ളതെല്ലാം അക്ബൎക്ക് ഇഷ്ടമാണ്. അദ്ദേഹം തന്നെ അസാധാരണ ബലമുള്ളവനും ആയുധാഭ്യാസത്തിൽ അദ്വിതീയനും ആണെന്നു നിങ്ങൾക്ക് അറിയാമല്ലോ. യുദ്ധത്തിലും മൃഗയാവിനോദത്തിലും അദ്ദേഹത്തിൻെറ ധൈൎയ്യം വിചാരിച്ചാൽ സാഹസമെന്നു പറയത്തക്കതാണ്. അദ്ദേഹം ആപത്തിനെ ഒഴിഞ്ഞുകളയുന്നതിനു പകരം അതിനെ തേടുകയാണ് ചെയ്യുന്നത്. അദ്ദേഹത്തിൻെറ സേനാധിപന്മാൎക്കും കൂട്ടുനായാട്ടുകാൎക്കും അദ്ദേഹത്തിൻെറ അത്യുത്സാഹത്തെ നിരോധിക്കുന്നതിൽ വളരെ ശ്രമമുണ്ടാകാറുണ്ടു്. അദ്ദേഹത്തിൻെറ അപദാനങ്ങളെക്കുറിച്ചു നിങ്ങൾ കേട്ടിരിക്കാം. അവയിൽ ചിലതിൽ അതിശയോക്തിയില്ലെന്നില്ല. എന്നാൽ ഫൈ്സി പറയുന്നതിനെ വിശ്വസിക്കാം. എന്തെന്നാൽ അദ്ദേഹം അനേകസന്ദൎഭങ്ങളിൽ കൂടെ ഉണ്ടായിരുന്നിട്ടുണ്ടു്. നിങ്ങൾ ഒരു ദിവസം ചോദിച്ചാൽ പറയും.

പാഠം ൨൧.

പരിപകചജീവിതം.

ലോകത്തിലെ മഹാപുരുഷന്മാരിൽവച്ച ഒരാൾ ജാൺ ഹൗവേർഡ് എന്ന ഇംഗ്ലീഷ്കാരനായിരുന്നു. പറങ്കികളുടെ

പ്രധാനനഗരമായ ലിസ്ബണിലേയ്ക്കു ഒരു കപ്പൽയാത്ര പോകുമ്പോൾ അദ്ദേഹത്തെയും അദ്ദേഹത്തിൻെറ കൂട്ടകാരേയും ഫ്രെഞ്ചുകാർ പിടിച്ച വെള്ളവും ഭക്ഷണവും കൊടുക്കാതെ നാല്പത്തെട്ട മണിക്കൂർ നേരം ഇട്ടിരുന്നു. ബ്രെസ്റ്റ എന്ന പട്ടണത്തിലെ ഒരു വൃത്തി കെട്ട തടവുമുറിയിൽ അവക്ക് ഒരു ആഴ്ചവട്ടത്തോളം കിടക്കേണ്ടിവന്നു; കിടക്കാൻ

അവക്ക വയ്യോൽകിടക്കയേ ഉണ്ടായിരുന്നുള്ളു. ഠാണാക്കാരൻ ഒരു കഷണം ഇറച്ചി മുറിയ്ക്കകത്തു കൊണ്ടു ചെന്നു ഇട്ട സമയം, വിശപ്പുകൊണ്ടു വലഞ്ഞു കിടന്നിരുന്ന അവർ എല്ലാപേരും കൂടി അതിനെ കാട്ടുമൃഗങ്ങളേ പോലെ ചാടിപ്പിടിച്ചു വിഴുങ്ങാൻ ലഹള കൂട്ടി.

ജാൺ ഹവ്വേഡിനെ ഠാണാവിൽനിന്നു വിട്ടതിന്നു ശേഷം, പലപ്പോഴും അദ്ദേഹം തടവുകാരുടെ കഷ്ടപ്പാടുകളെക്കുറിച്ച് ആലോചിക്കാറുണ്ടായിരുന്നു. തടവിൽ കിടക്കുന്നതു തെററു ചെയ്തിട്ടുതന്നെയാണ് എങ്കിലും, അവരെ അങ്ങനെ ഹിംസിക്കുന്നതു ശരിയല്ല എന്ന് അദ്ദേഹം മനസ്സിൽ ഉറച്ചു. എന്നിട്ട് അനവധി സംവത്സരത്തോളം ഓരോ ഠാണാക്കളായിട്ടു ചെന്നു നോക്കി. അവിടെയൊക്കെ ഉള്ള മുറികൾ, ജനലുകൾ, കിടക്കകൾ, വെള്ളം, ഭക്ഷണം മുതലായവ പരിശോധിച്ചു. തങ്ങൾ ചെയ്ത കുററങ്ങൾക്കുള്ള ശിക്ഷ അനുഭവിച്ച് ആ മുറികളിൽ കിടന്നിരുന്ന സ്ത്രീപുരുഷന്മാരുടെ നേരെ കരുണയുണ്ടായിരിക്കണമെന്നു ഠാണാക്കാരോടും, മജിസ്ത്രേട്ടന്മാരോടും, മന്ത്രിമാരോടും, രാജാക്കന്മാരോടും പ്രാൎത്ഥിച്ചുകൊണ്ടു് അദ്ദേഹം ഒട്ടുവളരെ കാലം സഞ്ചരിച്ചു. പല സ്ഥലത്തും അദ്ദേഹത്തിൻെറ പ്രാൎത്ഥന ഫലിച്ചു. അതിനാൽ ഠാണാവുകളിൽ വൃത്തിയും സുഖവും ഉണ്ടായി. ഇങ്ങനെ പ്രാൎത്ഥിച്ചുംകൊണ്ടു് അദ്ദേഹം ഇംഗ്ലണ്ടു്, സ്കാട്ട്ലണ്ടു്, അയർലണ്ടു്, ഫ്രാൻസു്, ബൽജിയം, ഹാളണ്ടു്, സ്വിഡ്സർലണ്ടു്, ഇററലി, പോൎത്തുഗൽ, റഷ്യ എന്ന യൂറോപ്പിലെ മിക്കവാറും രാജ്യങ്ങളിൽ സഞ്ചരിച്ചു. ക്രിസ്തുവൎഷം ൧൭൯൦-ൽ അദ്ദേഹം റഷ്യയിൽവെച്ച് അറുപത്തിനാലാമത്തെ വയസ്സിൽ മരിച്ചു. മരിക്കാറായ സമയം അദ്ദേഹം ഒരു സ്നേഹിതനോടു പറഞ്ഞത് ഇപ്രകാരമായിരുന്നു:—
"എന്നെ നിലത്തുതന്നെ കുഴിച്ചു മൂടണം; ആഡംബര-

ങ്ങൾ ഒന്നും വേണ്ട; എന്റെ കുഴിക്കുമേൽ ഒരു നിഴൽകാട്ടി മാത്രം വച്ചാൽ മതി; എന്റെ കഥ ആളുകൾ വിസ്മരിച്ചുപോകട്ടെ". വിസ്മരിച്ചുപോകട്ടെ എന്ന ആ അഭിപ്രായം സാധിക്കുന്ന കാൎയ്യം പ്രയാസം തന്നെയാണ്; അദ്ദേഹത്തെ മറക്കുന്ന കാലം ഉണ്ടാകയില്ല; തന്റെ സമസ്താഷ്ടങ്ങൾക്ക് ഏററവും ഉപകരിച്ച ജാൺ ഹവ്വേഡിനെക്കുറിച്ച് നിങ്ങൾക്കും എനിക്കും എല്ലാവൎക്കും സ്നേഹബഹുമാനങ്ങൾ ഉണ്ടായിരിക്കുക തന്നെ ചെയ്യും.

ഹവ്വേഡ് പരിപകപജീവിതത്തെയാണ് നയിച്ചത്; ഒരുവേള അദ്ദേഹം ഒരു സിദ്ധാന്തിയാണെന്നു നിങ്ങൾ പറയുമായിരിക്കാം. ഒരിക്കൽ അദ്ദേഹം ഒരു സ്ത്രീയുടെ ഭവനത്തിൽ ചെന്ന് ഏതാനും ദിവസം താമസിപ്പാനിടയായി. അല്പം റൊട്ടിയും കുറേ വെണ്ണയും ഒരു കിണ്ണം കാപ്പിയും അല്ലാതെ അദ്ദേഹം പകൽസമയം യാതൊന്നും കഴിച്ചിരുന്നില്ല എന്നും, രാത്രിയിൽ നാലഞ്ചു ഉരുളക്കിഴങ്ങു വേകിച്ചതും ഒരു തംബ്ളർ പച്ചവെള്ളവും മാത്രമേ ഉപയോഗിച്ചിരുന്നുള്ളു എന്നും ആണ് ആ സ്ത്രീ പറയുന്നത്. സാരമില്ലാത്ത ഇത്രയും ഭക്ഷണവും കഴിച്ചുംകൊണ്ടു സാരമേറിയ ഇത്രയും പ്രവൃത്തികൾ ചെയ്യുവാൻ അദ്ദേഹത്തിനു കഴിഞ്ഞല്ലോ എന്നു നമുക്കു അത്ഭുതം തോന്നുന്നു. നിങ്ങൾ ദയാലുക്കളും പരോപകാരികളും ആയിത്തീരണമെന്നാണ് നിങ്ങളുടെ മാതാപിതാക്കന്മാരുടെ ആഗ്രഹം എങ്കിലും, നിങ്ങളും പച്ചവെള്ളവും കുടിച്ച് വെണ്ണക്കൂട്ടിയ റൊട്ടിയും ഉരുളക്കിഴങ്ങും തിന്നുകൊണ്ടു കിടക്കണമെന്ന് അവർ ഉപദേശിക്കയില്ല. ജാൺ ഹവ്വേഡിന്റെ ശരീരപ്രകൃതിക്കു മതിയായിരുന്ന ഭക്ഷണസാധനം മറെറാരുവന്നു തീരെ മതിയാകയില്ലായിരിക്കാം. പക്ഷെ, അദ്ദേഹം പച്ചവെള്ളമാണു കുടിച്ചിരുന്നത് എന്നത് അല്ല നാം നോക്കേണ്ടത്,

അദ്ദേഹത്തിൻെറ പരിപാകത്തെയാണ്. പണം അനാവശ്യമായി ചിലവാക്കാതെ ശേഖരിച്ചുവച്ചും, ദേഹത്തിനു ബലവും ആരോഗ്യവും സമ്പാദിച്ചും, ദുഃഖിച്ചു വലയുന്ന തടവുപുള്ളികൾക്കുവേണ്ടി ധനംകൊണ്ടും ശരീരംകൊണ്ടും പ്രയത്നിക്കണമെന്നു വിചാരിച്ചായിരുന്നു അദ്ദേഹം ആ മാതിരി ജീവിക്കാൻ ഉറച്ചതു്.

അതിനാൽ പരിപകപജീവിതം നിമിത്തം മനസ്സിനും ദേഹത്തിനും ആരോഗ്യമുണ്ടാകുന്നതു കൂടാതെ, ദയയും കരുതലും പരോപകാരബുദ്ധിയും ഉണ്ടാകുകയും ചെയ്യുന്നു എന്നു സിദ്ധിച്ചു.

പാഠം ൩൩.

ശിവസമുദ്രത്തെക്കുറിച്ച് ഒരു ഐതിഹ്യം.

ശിവസമുദ്രം എന്ന ദ്വീപിൽ കാവേരീപ്രസ്രവണത്തിൽ ഒരു നഗരമുണ്ടാക്കി ആ സ്ഥലം തൻെറ രാജധാനിയാക്കണമെന്നു പണ്ടു ഒരു രാജാവു് ആശിച്ചു. അദ്ദേഹം ആ സ്ഥലത്തിൻെറ അധിഷ്ഠാനദേവതയായ രാക്ഷസനു പല വഴിപാടുകൾ കഴിച്ച് തൃപ്തിവരുത്തി. ഒരു ശംഖനാദത്താൽ സൂചിതമാകുന്ന മുഹൂർത്തത്തിൽ നഗരസ്ഥാപനത്തിനുള്ള പ്രാരംഭക്രിയകൾ നടത്തിക്കൊള്ളുന്നതിനു രാക്ഷസൻ ഒടുവിൽ രാജാവിനോടു സ്വപ്നത്തിൽ ആജ്ഞാപിച്ചു. ആളുകൾ എല്ലാപേരും തയാറായി ശംഖധ്വനിയും പ്രതീക്ഷിച്ചുകൊണ്ടു വസിയ്ക്കുവേ, യദൃച്ഛയാ ഒരു സാധുവായ ഭിക്ഷു ശംഖും വിളിച്ചുകൊണ്ടു കടന്നുപോയി. രാക്ഷസൻ പറഞ്ഞിരുന്ന ശംഖനാദമാണ് അതു് എന്നു തെററിദ്ധരിച്ച് ഉടൻതന്നെ നഗരനിർമ്മിതിയ്ക്കുള്ള ചടങ്ങുകൾ ആരംഭിക്കപ്പെട്ടു. അപ്പോൾ വാസ്തവമായ ശംഖനാദം കേൾക്കുകയും

രാജാവു വളരെ പരിഭ്രമിച്ചു വീണ്ടും മന്ത്രവും പൂജയും കൈക്കൊണ്ടു രാക്ഷസനെ സന്തോഷിപ്പിക്കുവാൻ യത്നിക്കയും ചെയ്തു. ഇതിനാൽ തുഷ്ടനായിത്തീൎന്ന രാക്ഷസൻ രാജസമക്ഷം ആവിൎഭവിച്ചു്, 'ഒരു ശാപം സമ്പാദിയ്ക്കയാൽ നഗരം ദീൎഘകാലം നിലനില്ക്കയില്ലെങ്കിലും, അതു മൂന്നു പുരുഷായുസ്സു കഴിഞ്ഞേ നശിക്കയുള്ളൂ' എന്നു് അനുഗ്രഹിച്ചിട്ടു മറഞ്ഞു. അതിനാൽ ഗംഗരാജൻ പ്രതാപത്തോടുകൂടി അവിടെ വാഴുകയും സമാധാനത്തോടുകൂടി ചരമം പ്രാപിക്കയും ചെയ്തതു കൂടാതെ തൽപുത്രനായ നന്ദിരാജൻ സിംഹാസനാരൂഢനാകയും ചെയ്തു.

ഈ പുതുരാജാവു പല അത്ഭുതസംഗതികൾ ചെയ്തു വളരെ കീൎത്തി നേടി; എങ്കിലും ശാപഫലം കുറേശ്ശ കണ്ടു തുടങ്ങി. അതിനാൽ രാജ്യഭാരം പുത്രനേ ഏല്പിച്ചു രാജോചിതമായ വേഷത്തിൽ തന്നെ അദ്ദേഹം തൻെറ പ്രിയപ്പെട്ട കുതിരമേൽ കയറി കാവേരീപ്രസ്രവണത്തിനു സമീപത്തുള്ള കിഴക്കാംതൂക്കായ മഹാശൈലത്തെ പ്രാപിച്ചു. അദ്ദേഹത്തിൻെറ ഭുവനൈകസുന്ദരിയായ പ്രിയതമയും അവിടെ എത്തി, അദ്ദേഹത്തോടു കൂടി തന്നെയും മരിക്കുവാൻ അനുവദിക്കണമെന്നു നിൎബ്ബന്ധപൂൎവ്വം യാചിച്ചു. അക്കാലത്തു ധൎമ്മപത്നിമാർ ചെയ്യുന്ന അമ്മാതിരി പ്രാൎത്ഥന അന്യായവും ഉപേക്ഷണീയവും അല്ലാതിരുന്നതിനാൽ, പട്ടാംബരങ്ങളാലും സുവൎണ്ണാഭരണങ്ങളാലും പുഷ്പങ്ങളാലും അലങ്കൃതയായിരുന്ന ആ സാധ്വിയേയും അദ്ദേഹം അശ്വത്തിൻമേൽ എടുത്തിരുത്തി, കണ്ണുകെട്ടിയിരുന്ന ആ കുതിരയെ പാദനോദനയാൽ അദ്ദേഹം പ്രേരിപ്പിച്ചപ്പോൾ അതു മുമ്പോട്ടു കുതിച്ചു ചാടി. ഒരു നിമിഷം അശ്വവും അശ്വാരൂഢരും ആകാശത്തിൽ വിളങ്ങി. അടുത്ത നിമിഷത്തിൽ അവ ചുഴിയിട്ടു നുരയും പതയും പൊങ്ങുന്ന ആ പ്രസ്രവണത്തിൽ മറഞ്ഞു.

അനന്തരം ഗംഗദ്വിതീയൻ രാജ്യഭാരമേററു. അദ്ദേഹം മഹാശൂരനും ധനുർവേദപാരംഗതനും ആയിരുന്നു. അദ്ദേഹം രാജ്യത്തെ വിസ്തീർണ്ണമാക്കുകയും വളരെക്കാലം ഖ്യാതിയോടു-കൂടി രാജ്യപരിപാലനം ചെയ്യുകയും ചെയ്തു. ശാപശക്തി മുഴുവൻ തീർന്നതുപോലെ തോന്നി. പക്ഷേ, അതു ചാരം പൊതിഞ്ഞ തീക്കനൽപോലെ ഇരിക്കയായിരുന്നു. അദ്ദേ-ഹത്തിൻെറ രണ്ടു പുത്രിമാരേയും പ്രബലന്മാരായ പ്രഭുക്ക-ന്മാർ വിവാഹം ചെയ്തു. എന്നാൽ അവർ തങ്ങളുടെ പിതാ-വിൻെറ അനല്പമായ മാഹാത്മ്യങ്ങളെ സർവ്വദാ ഉൽഘോ-ഷിച്ചു ഭർത്താക്കന്മാരെ അസഹ്യപ്പെടുത്തിവന്നു.

ഇതു നിമിത്തം നീരസവും കുണ്ഠിതവും ഉണ്ടായി അവർ ഒന്നുചേർന്നു രാജാവിനെ സ്ഥാനഭ്രംശനാക്കാൻ നിശ്ചയിച്ചു. തങ്ങളുടെ സൈന്യങ്ങളെല്ലാം ശേഖരിച്ച് അവർ അദ്ദേഹ-ത്തിൻെറ നഗരത്തെ പന്ത്രണ്ടു വർഷം നിരോധിച്ചു; എങ്കി-ലും പ്രയോജനമുണ്ടായില്ല. ഒടുവിൽ അവർ അദ്ദേഹത്തി-ൻെറ മന്ത്രിയെ കൈക്കൂലി കൊടുത്തു സ്വാധീനപ്പെടുത്തി. ആ ദ്രോഹി പ്രാകാരരക്ഷികളെ മററു പ്രവൃത്തികൾക്കു നിയോഗിച്ചയക്കയും കൊട്ടാരത്തിൽ ചെന്നു ചതുരംഗക്ക-ളിയിൽ രാജാവിനെ വ്യാപൃതനാക്കുകയും ചെയ്തു. ഏറെ താമസിയാതെ ജനങ്ങളുടെ ആരവവും ആർപ്പുവിളികളും കേട്ടു രാജാവു ഞെട്ടി എഴുന്നേററു. അപ്പോൾ ദുർബ്ബുദ്ധിയായ ആ മന്ത്രി 'കുട്ടികൾ കളിച്ചു വിളിക്കുന്നതാണ്' എന്നു വ്യാജം പറഞ്ഞു് രാജാവിനെ ശാന്തനാക്കി. എന്നാൽ പെട്ടെന്നു വാതൽ പൊളിഞ്ഞു വീഴുകയും ഒട്ടേറെ ആയുധപാണികൾ ഉള്ളിലേക്കു പ്രവേശിക്കുകയും ചെയ്തു. രാജാവു പെട്ടന്നു ചാടി-എഴുന്നേററു വാളൂരി പ്രവേശമാർഗ്ഗം തെളിച്ച് അന്തഃപുര ത്തിൽ കടന്നു ഭാര്യയേയും കുട്ടികളേയും നിഗ്രഹിച്ചുംവച്ച്, ശത്രുസൈന്യത്തിൻെറ മദ്ധ്യത്തിൽ ചാടിപോർചെയ്തു് വീര-

സ്വൎഗ്ഗംപ്രാപിച്ചു. അദ്ദേഹത്തിന്റെ ദുരഹങ്കാരികളായ പുത്രികൾ സ്വപിതാവിന്റെ മൃതശരീരത്തെ ദൎശിച്ചമാത്രയിൽ നിസ്സീമമായി ദുഃഖിച്ചു ശീഘ്രമായി ആത്മഹത്യ ചെയ്തു.

അതിന്റെ ശേഷം ജനങ്ങൾ ആ സ്ഥലത്തെ ഉപേക്ഷിച്ചു, തങ്ങളുടെ ബന്ധുക്കളോടും ധനധാന്യങ്ങളോടും കൂടി മറെറാരു സ്ഥലത്തേയ്ക്കു മാറി. ആ നഗരത്തിന്ന് അതിൽ പിന്നെ ഒരിക്കലും അഭിവൃദ്ധിയുണ്ടായിട്ടില്ല. അതു് ഇപ്പോഴും ജീൎണ്ണിച്ചു കിടക്കുകയാണ്. സകലവിധത്തിലുമുള്ള ജ്വരങ്ങളുടെയും മഹാമാരികളുടെയും ജന്മഭൂമിയായിട്ടാണ് അതിന്റെ ഇപ്പോഴത്തെ പ്രസിദ്ധി.

പാഠം ൨൯.

വില.

പണമായി ഉപയോഗിക്കുന്നതിന്ന സ്വൎണ്ണവും വെള്ളിയും പോലെ അത്ര സൗകൎയ്യമുള്ള ലോഹങ്ങൾ മറെറാന്നുമില്ല. എന്തുകൊണ്ടെന്നാൽ, അവയെ സൂക്ഷിക്കുന്നതിന്ന് അവയുടെ വിലയ്ക്കു തക്കവണ്ണമുള്ള ഇടം വേണ്ടിവരുന്നതല്ല. അതുകൊണ്ടു് അവ വിലയേറിയ ലോഹങ്ങൾ എന്നു പറയപ്പെടുന്നു. നമുക്കു പീശ്ശാങ്കത്തികൾ, കത്തിരികൾ, തുമ്പകൾ, മഴുക്കൾ മുതലായ സാധനങ്ങൾ ഇല്ലാതിരുന്നാൽ വളരെ ബുദ്ധിമുട്ടാൻ ഇടവരുന്നതും, സ്വൎണ്ണംകൊണ്ടോ വെള്ളികൊണ്ടോ മറേറാ ഇങ്ങനെയുള്ള സാമാനങ്ങൾ തീൎത്താൽ അവ ഉപയോഗത്തിന്ന കൊള്ളാത്തവയായി പോകുന്നതും ആയിരിക്കേ അവയ്ക്കു് ഇരുമ്പിനേക്കാൾ വില ഏറിയിരിക്കുന്നതും എന്തുകൊണ്ടാണ്?

ഏററവും ഉപയോഗമുള്ള സാധനങ്ങൾക്കല്ല എല്ലാപ്പോഴും വില കൂടുതലായിരിക്കുന്നതെന്നു ധരിച്ചിരിപ്പാനുള്ള-

താകുന്നു. വായുവേയും ജലത്തേയും കാൾ അധികം ഉപകാരമുള്ള വസ്തുക്കൾ വേറെ യാതൊന്നുമില്ല. അവ കൂടാതെ നമുക്ക് ജീവിച്ചിരിപ്പാൻ കഴിയുന്നതല്ല. എങ്കിലും, വില എന്ന ശബ്ദത്തിൻെറ താൽപര്യാർത്ഥത്തെ ആലോചിക്കുമ്പോൾ അവ മിക്ക സ്ഥലങ്ങളിലും വിലയില്ലാത്തവയായിത്തന്നെ ഇരിക്കുന്നു. എന്തെന്നാൽ, അവ വില കൊടുക്കാതെ ലഭിക്കുന്നവയാകകൊണ്ടു് അവക്കു പകരമായി ആരും യാതൊന്നും കൊടുക്കുകയില്ല.

ചില സ്ഥലങ്ങളിൽ വെള്ളം വളരെ ദുർല്ലഭമാകകൊണ്ടു് അവിടെ ജനങ്ങൾ അതു വിലയ്ക്കു വാങ്ങുന്നുണ്ടു്. എന്നാൽ ജലം വില കൊടുത്തു വാങ്ങിക്കുന്ന സ്ഥലങ്ങളിൽ അതു സുലഭമായിരിക്കുന്ന സ്ഥലങ്ങളിലേക്കാൾ അധികമുപയോഗമുള്ളതാണെന്നില്ല. ദൗർല്ലഭ്യംകൊണ്ടത്രേ അതിനു വിലയുണ്ടാകുന്നതു്.

ഇരുമ്പു് അപൂർവമായിട്ടുള്ള ദിക്കുകളിൽ അതിനു വില അധികമായിരിക്കുന്നു. ഇരുമ്പുണ്ടാകാത്ത ചില ദ്വീപങ്ങളെ യൂറോപ്പുകാർ കണ്ടിട്ടുണ്ടു്. ആ ദ്വീപവാസികൾ അവിടെ സാധാരണമായിട്ടുള്ള ഗ്രാമ്യസൂകരങ്ങളെ കൊടുത്തു് ഇരുമ്പാണികൾ വാങ്ങിക്കുന്നു. എന്നാൽ എല്ലാ ലോഹങ്ങളെക്കാൾ ഉപയോഗമുള്ളതായ ഇരുമ്പു് ഈശ്വരകാരുണ്യത്താൽ സാമാന്യം എല്ലാ ദേശങ്ങളിലും വളരെ സമൃദ്ധിയായി ഉണ്ടാകുന്നു. എങ്കിലും, ഇരുമ്പു് നമുക്ക് ഉപയോഗിക്കത്തക്കതാകുന്നതിനു മുൻപു് അതിനെ ആകരങ്ങളിൽനിന്നു കുഴിച്ചെടുത്തു് അടിച്ചു പണിയായുധങ്ങളാക്കി തീർക്കേണ്ടതാകയാൽ അതു് എല്ലായിടത്തും വിലയുള്ളതാകുന്നു. പീശ്ശാങ്കത്തികളും ആണികളും കല്ലുകൾപോലെ എല്ലാ ഇടങ്ങളിൽനിന്നും പെറുക്കി എടുക്കത്തക്കവണ്ണം തത്ത്രൂപേണ കിടന്നിരുന്നുവെങ്കിൽ, ആക്കും വില കൂടാതെ

അവ ലഭിക്കുന്നതാകകൊണ്ടു് വിലയുണ്ടായിരിക്കയില്ല. അപ്രകാരമായിരുന്നാലും അവയെക്കൊണ്ടുള്ള ഉപയോഗം ഇപ്പോഴത്തെക്കാൾ കുറഞ്ഞിരിക്കയില്ല.

ആക്കെങ്കിലും ഒരു വസ്തു കിട്ടിയാൽ കൊള്ളാമെന്നു ആഗ്രഹം ജനിക്കുന്നതിനുള്ള കാരണം, ഇല്ലാതിരുന്നാൽ ദൗൎല്ലഭ്യമാത്രംകൊണ്ടു് അതിനു വിലയുണ്ടാകുമെന്നതല്ല. ദുൎല്ലഭങ്ങളായി ചില മാതിരി കല്ലുകൾ ഉണ്ടു്. എന്നാൽ അവ ഉപയോഗവും ഭംഗിയും ഇല്ലാത്തവയാകകൊണ്ടു് വിലയുള്ളവയാകുന്നില്ല. നാം ഈ മാതിരി കല്ലുകളെ യാതൊന്നും കൊടുത്തു വാങ്ങിക്കയില്ല. അതു് അവ സുലഭങ്ങൾ ആകകൊണ്ടല്ല. നമുക്കു് അവയെക്കുറിച്ചു് ആഗ്രഹമില്ലാത്തതിനാൽ ആകുന്നു. എന്നാൽ തുലോം ഭംഗിയുള്ളതായും നല്ലതായുമിരിക്കുന്ന ഒരു കല്ലു് ആഭരണമുണ്ടാക്കുന്നതിനല്ലാതെ മറ്റു യാതൊരു ഉപയോഗവും ഉള്ളതല്ലെങ്കിലും വളരെ വിലയുള്ളതായിരിക്കാം. ഇങ്ങനെയുള്ള കല്ലുകൾ വജ്രം, പത്മരാഗം മുതലായവയാകുന്നു. അനേകം ജനങ്ങൾ ആവശ്യകങ്ങളായ അന്നവസ്ത്രാദികൾ മാത്രമല്ല, ആഭരണങ്ങൾ, കസവുമുണ്ടുകൾ മുതലായവയും വാങ്ങിക്കുന്നതിനു വേണ്ടുന്ന പണം സമ്പാദിക്കുന്നതിനായി അധികശ്രമം ചെയ്യുന്നു.

ജനങ്ങൾ ഈ വക രത്നാഭരണങ്ങളെ ആഗ്രഹിക്കുന്നതു് അവ കാഴ്ചക്കു ഭംഗിയുള്ളവയാണെന്നു വെച്ചിട്ടു മാത്രമല്ല, അവയെ ധരിക്കുന്നവർ സമ്പന്നന്മാരായി ഗണിക്കപ്പെട്ടുമെന്നുള്ളതുകൊണ്ടുമാകുന്നു. ചില വന്യപുഷ്പങ്ങൾ രത്നാഭരണങ്ങളെക്കാൾ കാഴ്ചക്കു വളരേ മനോഹരങ്ങളായിരിക്കും. എങ്കിലും, ജനങ്ങൾ തങ്ങളുടെ ധനികത്വം കാണിപ്പാൻ വേണ്ടി രത്നാഭരണങ്ങളെ ധരിക്കുന്നതിൽ അധികം താൽപൎയ്യമുള്ളവരാകുന്നു.

ജനങ്ങൾ താന്താങ്ങളുടെ അവസ്ഥയ്ക്കു തക്കവണ്ണം നല്ല വസ്ത്രാദികളെ ധരിക്കണമെന്നാഗ്രഹിക്കുന്നതിൽ ദൂഷ്യമില്ല. എന്നാൽ ചിലർ തങ്ങളുടെ അവസ്ഥയ്ക്കനുരൂപമായിട്ടല്ലാതെ വസ്ത്രാഭരണാദികളെ ധരിക്കുകയാൽ ദരിദ്രന്മാരായിത്തീരുന്നു. ഇതു വളരെ ദയനീയം ആകുന്നു. അവർ ആഭരണങ്ങൾ ഉണ്ടാക്കിക്കുന്നതിനു ചിലവിടുന്ന പണം ആവശ്യംപോലെയുള്ള വസ്ത്രങ്ങളും സാമാനങ്ങളും വാങ്ങിച്ച് അവയെ സ്വച്ഛതയോടുകൂടി സൂക്ഷിക്കുന്നതിൽ ഉപയോഗിച്ചാൽ അവക്ക് അധികം സുഖമുണ്ടായിരിക്കും.

ഒരു പദാൎത്ഥത്തിന് അധികം വിലയുണ്ടാകുന്നത്, ഭംഗികൊണ്ടും ഉപയോഗംകൊണ്ടും സന്തോഷകരത്വം കൊണ്ടും ജനങ്ങൾക്കു സ്പൃഹണീയമായിരിക്കുന്നതിനാൽ മാത്രമല്ല, അതിന്റെ ദൗൎല്ലഭ്യംകൊണ്ടുമാകുന്നു. സ്വൎണ്ണത്തിനും വെള്ളിക്കും ഇരുമ്പിനെക്കാൾ അധികം വിലയുണ്ടായിരിക്കുന്നതിന്റെ കാരണം ദൗൎല്ലഭ്യം തന്നെയാണ്. അവയ്ക്കു ശോഭയും അവയെക്കൊണ്ടു യാതൊരു ഉപയോഗവും ഇല്ലായിരുന്നു എങ്കിൽ അവ സ്പൃഹണീയങ്ങളായിരിക്കയില്ലായിരുന്നു. എന്നാൽ അവ സ്പൃഹണീയങ്ങളാകയാൽ അവയ്ക്കു ഇരുമ്പിനെക്കാൾ വില കൂടിയിരിക്കുന്നു. എന്തെന്നാൽ, അവ ദുൎല്ലഭങ്ങൾ ആണ്; അവ ചില സ്ഥലങ്ങളിൽ മാത്രമേ കാണപ്പെടുന്നുള്ളു; അവിടെയും ധാരാളമായിട്ടില്ല.

വിശേഷിച്ചും, സ്വൎണ്ണം ചില നദികളുടെ മണലുകളിൽ ഉള്ളതാകുന്നു. അതിനെ എടുക്കുന്നതിൽ വളരെ ശ്രമവും ചിലവും ഉണ്ടു്. ഒരു റാത്തൽ സ്വൎണ്ണമെടുക്കുന്നതിന് ഏകദേശം പതിനഞ്ചു റാത്തൽ വെള്ളി എടുക്കുന്നതിനുള്ള അദ്ധ്വാനവും ധനവ്യയവും വേണ്ടിയിരിക്കുന്നു. ഇതുകൊണ്ടു തന്നെയാണ് ഒരു റാത്തൽ പൊന്നിന്റെയും പതിനഞ്ചു റാത്തൽ വെള്ളിയുടെയും വില ഏകദേശം ശരിയിട്ടിരിക്കുന്നത്.

എന്നാൽ ഒരു വസ്തു വിലയുള്ളതായിരിക്കണമെങ്കിൽ അതു സ്പൃഹണീയമായും ദുല്ലഭമായും ഇരിക്കുന്നതു കൂടാതെ, കൊടുക്കുകയും വാങ്ങിക്കുകയും ചെയ്യാൻ കഴിയുന്നതും ആയിരിക്കണം. ആരോഗ്യം ഏററവും സ്പൃഹണീയമായിട്ടുള്ളതും എല്ലാവക്കും സുലഭമല്ലാത്തതും ആകുന്നു. എങ്കിലും, അതിനു വിലയില്ലാത്തതു് അതു കൊടുപ്പാനും വാങ്ങിപ്പാനും കഴിയാത്തതുകൊണ്ടാകുന്നു. ഒരു ദരിദ്രനായിരിക്കുന്ന വേലക്കാരന്റെ ആരോഗ്യവും ബലമുള്ള അവയവങ്ങളും കിട്ടുന്നതായിരുന്നാൽ ആയിരമോ പതിനായിരമോ ഉറുപ്പിക കൊടുക്കുന്നതിന് അനേകം ധനികന്മാക്കു മനസ്സു കാണും. ആ വേലക്കാരനും അതിന് ഒട്ടും വിസമ്മതമുണ്ടായിരിക്കയില്ല. എന്നാൽ അവൻ തന്റെ അവയവങ്ങളെ ഛേദിച്ചുകൊടുക്കുമെങ്കിലും, അവന് അവയെ മറെറാരുത്തന്റെ ശരീരത്തിൽ യോജിപ്പിക്കാൻ കഴികയില്ല. ആഹാരാദികളിൽ നിയമം ഇല്ലാതെ ഇരിക്കുന്നതിനാൽ അരോഗതയെ നശിപ്പിക്കാം എന്നു വച്ചാലും, അതു മറെറാരുത്തനു സ്വാധീനമാക്കിക്കൊടുക്കുന്നതിനു കഴിയുന്നതല്ലല്ലോ.

സ്പൃഹണീയമായ എന്തെങ്കിലും പദാത്ഥം അദ്ധ്വാനം കൊണ്ടു ലഭിക്കാവുന്നതും അദ്ധ്വാനം കൂടാതെ ലഭിക്കാൻ വയ്യാത്തതും ആയിരിക്കുമ്പോൾ, മനുഷ്യർ അതിനെ ലഭിക്കുന്നതിനു പ്രയത്നം ചെയ്യുന്നു. അധികം വിലയുള്ള വസ്തുക്കൾ നിയമേന അധികപ്രയത്നത്തെ അപേക്ഷിക്കുന്നവയായിരിക്കും. ഇതു ഹേതുവായിട്ടു യാതൊരു വസ്തുവിലെങ്കിലും ചെയ്യപ്പെട്ടിട്ടുള്ള ശ്രമം ആകുന്നു ആ വസ്തുവിനു വില ഉണ്ടാകുന്നതെന്നു ചിലർ വിചാരിക്കുന്നതു് ഒരു ഭ്രമമാകുന്നു. യാതൊരു വസ്തുവിനും അതിനെ ഉദ്ദേശിച്ചുള്ള ശ്രമംകൊണ്ടല്ല വില കൂടുന്നതു്; പ്രത്യുത, അധികം വിലയുള്ളതിനാലാകുന്നു അതിനെ ഉദ്ദേശിച്ചു ശ്രമം ചെയ്യുന്നതു്.

എങ്ങനെയെന്നാൽ, മുക്കുവർ ദുസ്സഹമായ ശൈത്യം സഹിച്ചുകൊണ്ടു് മത്സ്യം പിടിക്കുന്നതിനു സമുദ്രത്തിൽ പോയി വളരെ അധ്വാനം ചെയ്യുന്നു. അതു് അവയെ വില്ക്കുന്നതുകൊണ്ടുള്ള പ്രയോജനത്തെ ഉദ്ദേശിച്ചിട്ടാകുന്നു. എന്നാൽ ഒരു മുക്കുവൻ രാത്രി മുഴുവനും അധ്വാനിച്ചതിന്റെ ശേഷം അവന്നു് ഒരു ചെറിയ മത്സ്യം മാത്രം കിട്ടുകയും മറെറാരുവന്നു് യദൃച്ഛയാ മത്സ്യക്കൂട്ടം കിട്ടുന്ന ദിക്കിൽ വല വീശുന്നതിനിടവന്നു് അസംഖ്യം മത്സ്യങ്ങൾ കിട്ടുകയും ചെയ്താൽ അവൎക്കു രണ്ടു പേൎക്കും അധ്വാനം തുല്യം തന്നെ എങ്കിലും, ഒരു മത്സ്യം കിട്ടിയവന്റെ മത്സ്യത്തിന്നു് മറേറവന്റെ അസംഖ്യം മത്സ്യങ്ങളുടെ വില കിട്ടുകയില്ല. ഒരുത്തന്നു് ഒരു നദീതീരത്തിൽനിന്നു് യദൃച്ഛയാ ഒരു മുത്തുമണി കിട്ടിയാൽ അതിനായി താൻ ഒരു ശ്രമവും ചെയ്തിട്ടില്ലെങ്കിലും, അതു വിററാൽ അവന്നു വളരെ പ്രയാസപ്പെട്ടു മുങ്ങിയെടുത്ത ഒരു മുത്തുമണിയുടെ വിലയേക്കാൾ കുറച്ചു വിലയേ കിട്ടു എന്നില്ലല്ലോ. അതുകൊണ്ടു്, ഒരു പദാൎത്ഥത്തെ ഉദ്ദേശിച്ചു ചെയ്തിരിക്കുന്ന ശ്രമമല്ല അതിന്നു വിലയുണ്ടാക്കുന്നതു്.

മനുഷ്യർ മടിയുള്ളവരായി തീരാതെയിരിക്കുന്നതിന്നു വേണ്ടി പ്രായേണ സ്പൃഹണീയങ്ങളായ വസ്തുക്കളെ ഒക്കെയും ഈശ്വരൻ ശ്രമലഭ്യങ്ങളാക്കി ചെയ്തിരിക്കുന്നു. നമുക്കു് അന്നവസ്ത്രാദികളും ഗൃഹവാഹനാദികളും പിന്നെ അസംഖ്യങ്ങളായ ഉപഭോഗസാധനങ്ങളും ശ്രമംകൂടാതെ ലഭ്യങ്ങളല്ല.

പാഠം ൩൦.

ഒരു അനുശോചനം.

സ്ഥാനമാനങ്ങൾ ചൊല്ലികലഹിച്ചു
നാണം കെട്ടു നശിക്കുന്നിതു ചിലർ;
മദമാത്സയ്യം ചിന്തിച്ചു ചിന്തിച്ചു
മതിയും കെട്ടു വീക്കുന്നിതു ചിലർ; || ൧ ||

ശാന്തിചെയ്തു പുലത്തുവാൻ കല്പിച്ചു
സന്ധ്യയോളം നടക്കുന്നിതു ചിലർ;
അമ്മയ്ക്കും പുനരച്ഛനും ഭാൎയ്യക്കു-
മുണ്മാൻ പോലും കൊടുക്കുന്നില്ല ചിലർ; || ൨ ||

അഗ്നിസാക്ഷിണിയായൊരു പത്നിയെ
സ്വപ്നത്തിൽപോലും കാണുന്നില്ല ചിലർ;
സത്തുക്കൾ കണ്ടു ശിക്ഷിച്ചു ചൊല്ലുമ്പോൾ
ശത്രുവെപ്പോലെ ക്രുദ്ധിക്കുന്നു ചിലർ; || ൩ ||

വന്ദിതന്മാരെ കാണുന്ന നേരത്തു
നിന്ദിച്ചേത്രു പറയുന്നിതു ചിലർ;
സ്വൎണ്ണങ്ങൾ നവരത്നങ്ങളേക്കൊണ്ടും
എണ്ണം കൂടാതെ വില്ക്കുന്നിതു ചിലർ; || ൪ ||

മത്തേഭംകൊണ്ടു കച്ചവടം ചെയ്തും,
ഉത്തമതുരഗങ്ങളതുകൊണ്ടും,
അത്രയുമല്ല കപ്പൽ വയ്പിച്ചിട്ടും
എത്ര നേടുന്നിതൎത്ഥം ശിവ ശിവ! || ൫ ||

വൃത്തിയും കെട്ടു ധൂൎത്തരായെപ്പൊഴും
അൎത്ഥത്തെ കൊതിച്ചേത്ര നശിക്കുന്നു!
അൎത്ഥമെത്ര വളരെയുണ്ടായാലും
തൃപ്തി വരാ മനസ്സിന്നൊരു കാലം. || ൬ ||

പത്തു കിട്ടുകിൽ നൂറു മതിയെന്നും,
ശതമാകിൽ സഹസ്രം മതിയെന്നും,
ആയിരം പണം കൈയിലുണ്ടാകുമ്പോൾ
അയുതമാകിലാശ്ചൎയ്യമെന്നതും, || ൧ ||

ആശയായുള്ള പാശമിതിങ്കേ'ന്നു
വേൎവ്വിടാതെ കരേറുന്നു മേൽക്കുമേൽ;
സത്തുക്കൾ ചെന്നിരന്നാകിലൎത്ഥത്തിൽ
സ്വല്പമാത്രം കൊടാ ചില ദുഷ്ടന്മാർ. || ൨ ||

ചത്തുപോ'ന്നേരം വസ്ത്രമതുപോലും
എത്തിടാ കൊണ്ടു പോവാനൊരുത്തൎക്കും;
പശ്ചാത്താപമൊരെള്ളോളമില്ലാതെ
വിശ്വാസപാതകത്തെക്കരുതുന്നു. || ൩ ||

വിത്തത്തിലാശ പററുക ഹേതുവായ്
സത്യത്തെ ത്യജിക്കുന്നു ചിലരഹോ!
സത്യമെന്നതു ബ്രഹ്മമതു തന്നെ
സത്യമെന്നു കരുതുന്നു സത്തുക്കൾ. || ൪ ||

വിദ്യകൊണ്ടറിയേണ്ടതറിയാതെ
വിദ്വാനെന്നു നടിക്കുന്നിതു ചിലർ,
കുങ്കുമത്തിന്റെ ലേശമറിയാതെ
കുങ്കുമം ചുമക്കും പോലെ ഗൎദ്ദഭം. || ൫ ||

എണ്ണിയെണ്ണിക്കുറുകുന്നിതായുസ്സും,
മണ്ടിമണ്ടിക്കരേറുന്നു മോഹവും,
ഇതിൽ വന്നു പിറന്നതുമിത്രനാൾ
പഴതേ തന്നെ പോയ പ്രകാരവും, || ൬ ||

ആയുസ്സിന്റെ പ്രമാണമില്ലാത്തതും
ആരോഗ്യത്തോടിരിക്കുന്നവസ്ഥയും,

ഇനിയുള്ള നാകഭയങ്ങളും
ഇന്നു വേണ്ടു നിരൂപണമാവോളം. || ൯൨ ||

പാഠം ൯൧.

കൈയ്.

പല സംഗതികൊണ്ടു് ആലോചിച്ചു നോക്കിയാലും, ദേഹത്തിലുള്ള അവയവങ്ങളിൽ വച്ചു്, ഏററവും അത്ഭുതകരമായിട്ടുള്ളതു കൈയാകുന്നു. കണ്ണു, മൂക്കു, ചെവി ഇവ തനിയേ തുറന്നിരിക്കുന്നു; വെളിച്ചം, മണം, ശബ്ദം എന്നിവ അവയിൽ മുറയ്ക്കു പ്രവേശിക്കയും, നമുക്കു മനസ്സില്ലാത്ത പക്ഷവും കാണാനും മണക്കാനും കേൾക്കാനും നാം നിർബ്ബന്ധിതരായി തീരുകയും ചെയ്യുന്നു. എന്നാൽ കൈയ് അതിനു തൊടാനുള്ള സാധനങ്ങളെ തിരഞ്ഞെടുക്കുകയും തൃപ്തിയുള്ളവയെ സ്പർശിക്കുകയും ചെയ്യുന്നു.

അതു തനിക്കു രസമില്ലാത്ത വസ്തുക്കളെ അകലത്തു് വർജ്ജിക്കയും രസമുള്ളവയെ സമീപത്തു് ആനയിക്കയും ചെയ്യും. സങ്കടകരങ്ങളായ കാഴ്ചകളെ നോക്കിക്കൊണ്ടിരിക്കയല്ലാതെ അവയെ പരിഹരിക്കുന്നതിനു നിവൃത്തിയില്ലാത്ത കണ്ണുകളെ പോലെയും, ദുർഗ്ഗന്ധങ്ങളെ ഉള്ളിലേയ്ക്കു കടത്തിക്കൂടാ എന്നു വച്ചാലും കഴിയാത്ത മൂക്കിനെപ്പോലെയും, ഭയങ്കരങ്ങളും ദീനപ്രലപനങ്ങളും മററും കേൾക്കേണ്ടാ എന്നു വച്ചാലും സാധിക്കാത്ത ചെവികളെപ്പോലെയും അല്ലാതെ, അതിന് ഇഷ്ടാനുസരണം പ്രവൎത്തിക്കുന്നതിനു ശക്തിയുണ്ടു്.

വിശേഷിച്ചും, കൈയ് അതിൻെറ സ്വന്ത ആവശ്യങ്ങളെ മാത്രം നിർവ്വഹിച്ചു് അടങ്ങിപ്പാൎക്കുന്നില്ല; ചില പ്രധാന അവയവങ്ങളുടെ ഇന്ദ്രിയശക്തി ക്ഷയിക്കുമ്പോൾ,

അതു് അവയുടെ പ്രവൃത്തികൾ കൂടെ നടത്തിക്കൊള്ളുന്നു. കുരുടന്റെ കൈയ് അവന്റെ കണ്ണെന്നപോലെ തന്നെ, തെരുവുകളിൽ ഉള്ള വളവും തിരിവും ഒക്കെ കടത്തി അവനെ ആപത്തുകൂടാതെ ഉദ്ദേശിച്ച സ്ഥലത്തു കൊണ്ടുചെന്നു വിടുന്നു; അതു് അവന്നു വേണ്ടി സ്നേഹിതന്മാരെ ദൎശിച്ചു് ആരാണു് അവനോടു സംസാരിക്കുന്നതെന്നും മററും ധരിപ്പിക്കുന്നു; അതു് അവന്നുവേണ്ടി പുസ്തകങ്ങൾ വായിച്ചു് ഒരുപ്രകാരത്തിൽ ദീൎഘമായ സമയത്തെ ശീഘ്രഗതിയിൽ നയിക്കുന്നു.

ചെകിടന്മാരേയും ഊമകളേയും സഹായിക്കാനും അതു തയാറാണു്. നാക്കുകൊണ്ടു പറയാൻ വയ്യാതെയും ചെവികേൾക്കാൻ വയ്യാതെയും ഇരിക്കുന്ന അവസരത്തിൽ കൈവിരലുകൾ അതിനിപുണമായി ആംഗ്യഭാഷകൊണ്ടു സംസാരിച്ചു തന്നെയും അന്യനെയും കാൎയ്യം മനസ്സിലാക്കി വക്താവിന്റെയും ശ്രോതാവിന്റെയും കൃത്യങ്ങളെ സഫലമാകുംവണ്ണം നിറവേററുന്നു.

എത്രതന്നെ പരിപൂൎണ്ണങ്ങൾ ആയിരുന്നാലും, ദേഹത്തിലുള്ള മററവയവങ്ങൾ എല്ലാം തങ്ങളുടെ മാഹാത്മ്യത്തിന്നും ഖ്യാതിക്കും കൈകളെത്തന്നെ ആശ്രയിക്കേണ്ടിയിരിക്കുന്നു. അവ കണ്ണിന്നുവേണ്ടി 'ദൂരദൎശിനികൾ' സൃഷ്ടിച്ചു് അതിദൂരസ്ഥങ്ങളായ നക്ഷത്രജാലങ്ങളെ കണ്ടു രസിക്കുമാറാക്കുന്നു; ഇവയിൽനിന്നു അല്പം ഭേദിച്ച 'ഭൂതക്കണ്ണാടി'കൾ നിൎമ്മിച്ചു് പരമാണുപ്രായമായ ഒരു നവീനലോകത്തെ ദൎശിപ്പിക്കയും ചെയ്യുന്നു. കൎണ്ണാനന്ദപ്രദമായ സംഗീതപ്രവാഹത്തെ ചെയ്യുന്ന വീണ, ഫിഡിൽ എന്നുവേണ്ട, സ്വനഗ്രാഹി മുതലായ യന്ത്രങ്ങളെ സൃഷ്ടിച്ചു് അവയെ ഉപയോഗിച്ചു രസിക്കാനുള്ള ഉപായങ്ങളെയും കൈവശമാക്കുന്നു. മൂക്കിന്നുവേണ്ടി അതു് ഇഷ്ടമുള്ള പുഷ്പങ്ങളെ പറിച്ചു വാററി

നല്ല സുഗന്ധദ്രവ്യങ്ങളുണ്ടാക്കി സൂക്ഷിക്കുന്നു. സഹായിപ്പാൻ കൈയ് ഇല്ലായിരുന്നു എങ്കിൽ, നാക്കു പണ്ടേതന്നെ പ്രതാപമെല്ലാം നിറുത്തിവെച്ചേനേ. ചുരുക്കത്തിൽ, കൈയ്യാകുന്നു ഇന്ദ്രിയങ്ങളുടെ മന്ത്രിസ്ഥാനം എന്നു പറഞ്ഞാൽ കഴിഞ്ഞുവല്ലോ.

കൈയ് ഇപ്രകാരം ഉദാരമായി ദേഹത്തെ തുണയ്ക്കുന്നുണ്ടെങ്കിലും, അതു് ബുദ്ധിയേയും, വിവേകത്തേയും, ധൈൎയ്യത്തേയും, പ്രേമത്തേയും, ഇച്ഛയേയും, ശക്തിയേയും തുണയ്ക്കുന്നതിലും ഒട്ടും ഉദാസീനമായി വൎത്തിക്കുന്നില്ല.

അതിനെ ഒരു ഖഡ്ഗമേല്പിക്കുക, അതു് അവനുവേണ്ടി യുദ്ധം ചെയ്യും; ഒരു കലപ്പയേല്പിക്കുക, ഉഴും; അതിനൊരു വീണ കൊടുക്കുക, വായിച്ചു രസിപ്പിക്കും; പേന കൊടുക്കുക, അതു് അവനുവേണ്ടി സംസാരിക്കും, വാദിക്കും, പ്രാൎത്ഥിക്കും.

അതു് എന്തു തന്നെ ചെയ്യുകയില്ല? ചെയ്തിട്ടില്ല? ജലനയന്ത്രം മനുഷ്യന്റെ ചെറിയ കൈയുടെ ശക്തിയെ വൎദ്ധിപ്പിക്കുവാനുണ്ടാക്കിയിട്ടുള്ള ഒരു വലിയ കൈയ്യു മാത്രമാകുന്നു; ചെറിയ കൈയ്ക്കു് എഴുതുവാനുള്ള ഒരു വലിയ പേന മാത്രമാകുന്നു മിന്നൽക്കമ്പിത്തപാൽ.

കപ്പൽ, ജലനശകടം, ദീപസ്തംഭം, രാജമന്ദിരം ഇവ ഒക്കെയും വാസ്തവത്തിൽ എന്താണു്? നഗരം, പല നഗരങ്ങൾ ഉള്ള ഭൂഖണ്ഡം, എന്നുവേണ്ട, ഭൂഗോളം തന്നെയും, മനുഷ്യൻ പരിഷ്കരിച്ചു ഭേദപ്പെടുത്തിയിട്ടുള്ള സ്ഥിതിയ്ക്കു്, ഹസ്തത്തിന്റെ പ്രവൃത്തിയുടെ ഫലമല്ലാതെ മററെന്താണു്?

മാനുഷഹസ്തം വരുത്തിക്കൂട്ടിയിട്ടുള്ള ആപത്തുകളേയും സങ്കടങ്ങളേയും കുറിച്ചു ചിന്തിക്കയും, ലോകത്തിലുള്ള മഹാപീരങ്കികളും മററു യുദ്ധസാമഗ്രികളും മഹത്തരവും ബലവത്തരവും ഭയങ്കരതരവും ആക്കിത്തീൎത്തിട്ടുള്ളതു് മാനുഷ-

ഹസ്തം തന്നെ ആണെന്നുള്ള വാസ്തവത്തെ ഓക്കുകയും ചെയ്യുമ്പോൾ, ഞാൻ എൻെറ കൈയ് ഉയത്തി ഭയത്തോടും വിസ്മയത്തോടും നോക്കാറുണ്ട്. അത് എത്രമാത്രം ഗുണം ചെയ്യുന്നു! എത്ര മാത്രം ദോഷവും ചെയ്യുന്നു! അത് ഒരു നിമിഷവും അലസമായിരിക്കുന്നില്ല.

അതിനു പെരുമാറാൻ വയ്യാത്തതായി യാതൊരു ആയുധവുമില്ല; ജോലി ചെയ്യുമ്പോൾ അതിന് ആയുധം ധരിക്കാനും വഹിയാ. മൺവെട്ടിവെട്ടു മുതലായ പ്രയാസമുള്ള വേലകൾ ചെയ്യുന്നവരെ നാം സാഹസമായി കൂലിക്കാർ എന്നു വിളിക്കുന്നു. എന്നാൽ സത്യസന്ധതയോടും ശുഷ്കാന്തിയോടും മാനത്തോടും പ്രവത്തിക്കുന്ന ഏതെങ്കിലും ഒരു വിധത്തിലുള്ള ആയുധം ധരിക്കാതിരിക്കാൻ നിവൃത്തിയില്ല. അതു യഥാത്ഥത്തിൽ അവക്ക് അഭിമാനകാരണവുമാകുന്നു.

ചക്രവത്തിയുടെ കൈയ്ക്കു ചെങ്കോലും, ഭടൻെറ കൈയ്ക്കു വാളും, അലങ്കാരമാകുന്നു. ആശാരിയ്ക്കു ഉളിയും, കൊല്ലനു ചുററികയും, കൃഷീവലനു കലപ്പയും, ഖനകനു മഴുവും, വഞ്ചിക്കാരനു തണ്ടും, ചിത്രകാരനു തൂലികയും, വണ്ടിക്കാരന് വടിയും, എഴുത്തുകാരനു പേനയും ഒരുപോലെ ഹസ്താഭരണമാകുന്നു.

ഈ ഭൂഷണങ്ങൾ ഒന്നും യോജിക്കാത്തവരുടെ കൈയ്ക്കു വിലങ്ങുതന്നെ അണിയേണ്ടിവരും. എന്നാൽ ഓരോരുത്തക്കും ഉപയോഗിക്കത്തക്കതായി ഈശ്വരൻ പല ഉപകരണങ്ങളേയും സൃഷ്ടിച്ചിട്ടുണ്ട്. അതിനാൽ "ചെയ്വാനുള്ളതിനെ കഴിയുന്നത്ര ഉത്സാഹത്തോടുകൂടി മനഃപൂവ്വമായി ചെയ്യുക" എന്ന ഈശ്വരശാസനത്തെ അനുസരിച്ചു വത്തിക്കുകയാകുന്നു മാനുഷധമ്മം.

പാഠം ൩൨.

താൻ കുഴിച്ച കുഴിയിൽ താൻ തന്നെ ചാട്ടം.

തൻെറ നേതാവിൻെറ ആജ്ഞകൾക്കു വശംവദനാകാതെ നിന്നിരുന്ന ഒരു ഭടനെ രമേശൻ തൻെറ ശത്രുകോട്ട വിട്ടുപോയി എന്നറിഞ്ഞ ഉടൻതന്നെ മററുള്ളവൎക്ക് ഒരു പാഠമായിത്തീരത്തക്കവണ്ണം സൈന്യത്തിൽനിന്നു തീരെ നിൎദ്ദയമായി നിഷ്കാസനം ചെയ്തു. വൈരനിൎയ്യാതനോത്സുകനായ ആ നീചൻ രാജപുത്രന്മാരുടെ വിജയവും മഹമ്മദീയചക്രവൎത്തിയുടെ നിൎഗ്ഗമനവും, സുഷമയുടെ വിവാഹത്തിനുള്ള ഒരുക്കങ്ങളും മററും കണ്ടു രമേശനെ ഒന്നു പാററിച്ചു വിടണമെന്നു വിചാരിച്ചു. ഈ ഉദ്ദേശത്തോടുകൂടി അയാൾ സമീപസ്ഥമായ പൎവ്വതങ്ങളിൽ വസിച്ചിരുന്ന മഹമ്മദീയന്മാരുമായി ചേരുവാൻ പുറപ്പെട്ടു. ഭാഗ്യദേവത അയാളെ നല്ലവണ്ണം കടാക്ഷിച്ചു. അയാൾ അധികം ദൂരം സഞ്ചരിച്ചു ബുദ്ധിമുട്ടുന്നതിനു മുമ്പേ തന്നെ ആ കള്ളന്മാർ പതുങ്ങിയിരുന്നിരുന്ന ഒരു വിജനപ്രദേശത്തു ചെന്നുകപ്പെട്ടു അവർ അയാളെ പിടിച്ചു ബന്ധിച്ചു തങ്ങളുടെ പ്രമാണിയുടെ മുമ്പിലേയ്ക്കു നയിച്ചു.

ആ വിജനപ്രദേശത്തു കടന്നു ചെല്ലുവാനുള്ള കാൎയ്യം ചോദിച്ചതിൽ തനിക്കു ഗൗരവമേറിയ ചില സംഗതികൾ ധരിപ്പിക്കാനുണ്ടെന്നും അതു പ്രമാണിയെ അല്ലാതെ മററാരെയും കേൾപ്പിക്കാൻ പാടില്ലാത്തതാണെന്നും പറഞ്ഞു. അതനുസരിച്ചു തസ്കരന്മാരോടു മാറി നില്ക്കുവാനും ആ ദ്രോഹിയോടു പ്രസ്താവിക്കാനുള്ളതു മുഴുവൻ അതിശീഘ്രത്തിൽ പറഞ്ഞു തീൎക്കുവാനും പ്രമാണി ആജ്ഞാപിച്ചു.

ഭടൻ:—ഒരു ലക്ഷം മോഹറാവിൻെറ വക വേണമെങ്കിൽ നാളെ രാത്രിതന്നേ തട്ടിക്കുവാൻ ഒരു നല്ല സൗകൎയ്യം

നേരിട്ടിട്ടുണ്ടു്. അതു മുഴവൻ കൈക്കലാക്കുവാൻ നിങ്ങളും കൂട്ടരും എന്നെ സഹായിക്കുന്ന പക്ഷം ആയിരം മോഹർ ഞാൻ നിങ്ങൾക്കു വീതിച്ചു തരാം.

പ്രമാണി:—(ഭടൻെറ അത്യാഗ്രഹത്തെപ്പററി ഓർത്തു-കൊണ്ടു)ഇത്ര വളരെ ധനം നേടുന്നതിനു ഞങ്ങളുടെ പങ്കും ചെയ്യേണ്ട പ്രവൃത്തിയ്ക്കു് ഇത്ര വളരെ ഒരു തുച്ഛമായ ഒരു പ്രതിഫലമേ ആകുന്നുള്ളു.

ഈ വാദം മുറുകി. ആളാൽ വേണ്ട സഹായം ചെയ്യുന്നതു കൊണ്ടു ധനം മുഴവൻ തനിയ്ക്കാണു ന്യായമായി കിട്ടേണ്ട-തെന്നു തസ്കരപ്രമാണി വാദിച്ചു. എന്തിന്? ഒടുവിൽ രമേ-ശൻെറ ദ്രോഹിയായ ഭടനു രഹസ്യം വെളിപ്പെടുത്തുന്നതിനു പ്രതിഫലമായി അമ്പതു മോഹറാവു് ഉടനെ കൊടുക്കേണ്ട-താണെന്നും, ധനം കരസ്ഥമായതിനു ശേഷം നൂറു കൂടെ ദാനം ചെയ്യണമെന്നും, അതിനു സമ്മതിയ്ക്കാത്ത പക്ഷം അവൻെറ ഗളച്ഛേദം ചെയ്യേണ്ടതാണെന്നും തീരുമാനിച്ചു. ഈ നിശ്ചയമനുസരിച്ചു തസ്കരപ്രമാണി തൻെറ അരയിൽ ബന്ധിച്ചിരുന്ന തുകൽവാർ അഴിച്ച് അതിനുള്ളിലുള്ള അറ-യിൽനിന്ന് അമ്പതു സ്വർണ്ണനാണയങ്ങൾ എടുത്തു ഭടൻെറ കൈയിൽ കൊടുത്തു. അപ്പോൾ ആ സ്വാമിദ്രോഹി, താൻ രമേശസിംഹൻെറ പട്ടാളത്തിൽനിന്ന് നിഷ്കാസിതനായ ഒരു ഭടനാണെന്നും, അദ്ദേഹം വിവാഹാലോചനകളുമായി ഹരിദ്വാരത്തിൽ തന്നെ വസിയ്ക്കുയാണെന്നും, അദ്ദേഹവും സൈന്യവും ഗിരിനഗരത്തിലേയ്ക്കു തിരിക്കുന്നതു നാലഞ്ചു ദിവസം കഴിഞ്ഞതിനു മേലേ ആയിരിക്കയുള്ളുവെന്നും, അ-തിനിടയ്ക്കു യുവാവായ രാജാവിൻെറ കൊട്ടാരത്തിൽ കടന്നു കൊള്ള ചെയ്യുന്നതു നിഷ്പ്രയാസമാണെന്നും തസ്കരനെ പറഞ്ഞു കേൾപ്പിച്ചു.

തൻെറ വലത്തു കൈ പിറകിലണച്ചുകൊണ്ടു തസ്ക-

രൻ പറഞ്ഞു:—മുമ്പേറായി ഞാൻ അമ്പതു മോഹർ തന്നിട്ടുണ്ടല്ലോ. അതു നിങ്ങൾ അറിവു തന്നതിനുള്ള സമ്മാനമാകുന്നു. ഇനി നിങ്ങളുടെ നായകന്റെ നേരെ നിങ്ങൾ കാണിക്കുന്ന സമ്മാനമാകട്ടെ. ഇമ്മാതിരി ചെയ്യുന്ന എല്ലാപേരും (എന്നു തന്റെ അനുചരന്മാരുടെ അറിവിനു വേണ്ടി ഒച്ച തുറപ്പിച്ചുകൊണ്ടു്) ഇപ്രകാരം നശിക്കട്ടെ!

അനന്തരം അയാൾ തന്റെ പിൻവശത്തു ബന്ധിച്ചിരുന്ന ഒരു പരശുകൊണ്ടു് ആ ദ്രോഹിയുടെ ശിരസ്സിനെ രണ്ടായി പിളൎന്നു. എന്നിട്ട് അയാൾ, ദ്രോഹകൃത്യത്തിനു പ്രതിഫലമായി കൊടുത്ത അമ്പതു മോഹറും ആ പ്രേതത്തിന്റെ ഹസ്തങ്ങളിൽനിന്നു മന്ദമായി എടുത്തുംകൊണ്ടു് ആ ശവശരീരത്തെ കഴുകന്മാൎക്കു ഭക്ഷണത്തിനായിത്തള്ളിയുംവച്ചു് അനുചരന്മാരോടു കൂടി താൻ വസിക്കുന്ന ദുഷ്പ്രാപമായ ഗുഹയിലേക്കു പോയി.

പാഠം ൩൩.

ജന്തുക്കളുടെ ബുദ്ധിചാതുൎയ്യം.

തിൎയ്യക്കുകൾ സാധാരണ ആഹാരാദിപരായണങ്ങൾ മാത്രമാകുന്നു എന്നാണു നാം വിചാരിച്ചുപോരുന്നതു്. മിക്കവാറും പശുപക്ഷിമൃഗാദികളുടെ നടവടി ആ വിചാരത്തിനനുരൂപമായിത്തന്നെ ഇരിക്കുന്നു. ഉണൎന്നെഴുനേററാൽ ഉടൻ ജന്തുക്കളുടെ പ്രവൃത്തി ആഹാരം തേടുകയാകുന്നു. വേഗം എപ്പോൾ ഉദിക്കുന്നുവോ അപ്പോൾ നിഹാരം. നിദ്ര വരുന്ന സമയം ഉറങ്ങുക.

എന്നാൽ ചില ജന്തുക്കൾക്കു ചില അവസരങ്ങളിൽ വിശേഷബുദ്ധി സ്പഷ്ടമായി കാണുന്നുണ്ടു. ആനയ്ക്കു ധാരണാശക്തി മനുഷ്യനേക്കാൾ അധികമാണു്. തടി പിടിക്കു-

ന്നതിലും കൊപ്പുത്തിൽനിന്നു കാട്ടാനയെ പിടിച്ചു കയററു ന്നതിലും മററും ആനയുടെ പ്രേക്ഷാവൽപ്രവൃത്തി നമുക്ക പ്രത്യക്ഷമാകുന്നു. പട്ടിയുടെ സ്വാമിഭക്തി മുതലായ ഗുണങ്ങളും ഇതു പോലെ ആശ്ചൎയ്യകരങ്ങളാകുന്നു. പണ്ടാരങ്ങൾ കൊണ്ടു നടക്കുന്ന അപ്പൻകാളയുടെ പ്രവൃത്തികളും ഈ കൂട്ടത്തിൽ തന്നെ. സൎക്കസ്സുകളിക്കാരുടെ പക്കലുള്ള മൃഗങ്ങൾ പ്രവൎത്തിക്കുന്ന അഭ്യാസങ്ങൾ കണ്ടാൽ അവ വിശേഷബുദ്ധിയിൽ മനുഷ്യരെക്കാൾ ഒട്ടും താഴെയല്ലെന്നു തോന്നിപ്പോകും.

ഇതെല്ലാം കേവലം അഭ്യാസബലത്തിൻെറ വിലാസമാകുന്നുവെന്ന് ഒരാക്ഷേപമുണ്ടാകാം. എന്നാൽ കുരുവി കൂടു കെട്ടുന്നതും, വേട്ടാവെളിയൻ കല്ലറ കെട്ടി പുഴുക്കളെ കുടിപാൎപ്പിക്കുന്നതും, ഉറുമ്പു സൈന്യം ശേഖരിച്ചു ഭക്ഷണസാധനങ്ങളെ കൊള്ളയിടുന്നതും, തേനീച്ച കോട്ട കെട്ടി മധു സൂക്ഷിക്കുന്നതും മററും ഒരുവനോടും അഭ്യസിച്ചിട്ടല്ലല്ലോ. എന്നല്ല നേരേ മറിച്ചു്, ഈ ജന്തുക്കൾക്കു കൂട്ടു പിരിഞ്ഞാൽ ബുദ്ധിചാതുൎയ്യം ക്ഷയിച്ചുപോകുന്നു. ഒരു ഉറുമ്പിനേയോ തേനീച്ചയേയോ കൂട്ടത്തിൽനിന്നു പിരിച്ചു് ഒരിടത്തു തടഞ്ഞിടുന്നതായാൽ, അതു തൻെറ പരിചിതമായ വ്യാപാരത്തിൽ പ്രവൎത്തിക്കയില്ലെന്നു തന്നെയല്ല, സ്വല്പകാലത്തിനുള്ളിൽ മരിച്ചുപോകയും ചെയ്യും.

സംഘബലത്തിൻെറ അപേക്ഷ കൂടാതെ പ്രേക്ഷാവൽപ്രവൃത്തിയുള്ള വകയിൽ ഒന്നാകുന്നു ചിലന്തി എന്ന കീടം. ഈ പൂച്ചിയുടെ പ്രവൃത്തി ഒരു പോരാളിവീരൻെറ പോലെ ആകുന്നു. അതിൻെറ ശരീരത്തിൻെറ കെട്ടുപാടും യുദ്ധവ്യാപാരത്തിനു യോജിച്ചതാകുന്നു. അതിനു തലയിലും മാറിടത്തിലും ബലത്ത തൊലികൊണ്ടു കൎക്കശമായ ഒരു കുപ്പായമുണ്ടു്. അതിൻെറ ഉദരം മൃദുവും മുറിവു പെടാത്തതും

ആയ ഒരുമാതിരി തൊലികൊണ്ടു് ആച്ഛാദിതമാകുന്നു. കടന്നലിന്റെ കൊമ്പുകൾപോലും അതിൽ ഫലപ്പെടുന്നതല്ല. അതിന് അതിദീൎഘങ്ങളും തീക്ഷ്ണങ്ങളായ നഖങ്ങളിൽ അവസാനിയ്ക്കുന്നവയുമായ എട്ടു കാലുകൾ ഉണ്ടു്. ഇതുകൂടാതെ അനേകം കണ്ണുകളും വായുടെ ഉപരിയായിട്ടു് ഇര കടിച്ചുപിടിയ്ക്കാൻ സൗകൎയ്യമുള്ള വിശേഷാൽ രണ്ടു നാക്കുകളുമുണ്ടു്.



ചിലന്തിയുടെ വിശേഷസാമൎത്ഥ്യം വല നെയ്യുന്നതിൽ ആകുന്നു. അതിന്റെ പൃഷ്ഠത്തിൽനിന്നു കൊഴുത്ത പശയുള്ളതായ ഒരു ദ്രവം പുറപ്പെടും. അതിനെ ആ പ്രാണിക്കു പഞ്ഞിയെ എന്ന പോലെ കനത്തതോ നേൎത്തതോ ആയ നൂലുകളായിട്ടു് നൂൽക്കാൻ കഴിയും. ഗൃഹംപണി ആരംഭിയ്ക്കാൻ ഉറച്ചുകഴിഞ്ഞാൽ ഉടൻ ഈ ജന്തു സ്ഥലം കണ്ടു നിശ്ചയിക്കും. മനുഷ്യന്റെ ഉപദ്രവം വരാത്തതും, പുഴ,

ഈച്ച മുതലായ ഭക്ഷ്യപദാൎത്ഥങ്ങൾക്കു സുഭിക്ഷമുള്ളതും, കാററിന്റെ ശല്യമില്ലാത്തതും ആയ ഒരു സ്ഥലത്താണ് ഇതു വല കെട്ടുന്നത്.

വല നെയ്യുന്നതിൽ ആദ്യത്തെ പ്രവൃത്തി ഇഴകൾ ഉറപ്പിക്കയാകുന്നു. അതിലേയ്ക്കു ഈ പ്രാണി പൃഷ്ഠത്തിൽനിന്നു നിൎഗ്ഗമിക്കുന്ന ദ്രവത്തിന്റെ ഒരു ബിന്ദു ഭിത്തിയിൽ തേച്ചു അവിടെ ഒരററം ഉറപ്പിച്ചിട്ട് നൂൽ നൂൽത്തുംകൊണ്ടു പുറപ്പെട്ടു മറേറ അററവും ആവശ്യപ്പെട്ട ദിക്കിൽ അപ്രകാരം ബന്ധിയ്ക്കും. ഇതിന്മണ്ണം ഓരോന്നായി നെടുനീളെ ഉള്ള ഇഴകൾ എല്ലാം മുറയ്ക്കു പാകിത്തീൎന്നാൽ കുറുകേയുള്ള ഇഴകൾ ആരംഭിക്കയായി. ഉറപ്പ് അധികം ആവശ്യപ്പെട്ട സ്ഥലങ്ങളിൽ നൂലുകൾ അഞ്ചോ ആറോ ഒന്നിച്ചുചേൎത്തു ബലപ്പെടുത്തും. നൂൽ നൂൽത്തുകൊണ്ടു് ഒരററത്തുനിന്നും മറേറ അററത്തേയ്ക്കു നീട്ടുമ്പോൾ പൊട്ടിപ്പോകാതിരിപ്പാനായി നഖങ്ങളിൽ താങ്ങിക്കൊള്ളും. ഇഴകൾ തങ്ങളിൽ ഒട്ടാതിരിക്കാൻ വേണ്ട ജാഗ്രത എല്ലാം ചെയ്യും. ഇതിനു പുറമേ വല കെട്ടിത്തീൎന്നു കുടിപാൎപ്പു തുടങ്ങിയതിന്റെ ശേഷം പതിവായി പരിശോധനയും അററകുററങ്ങൾ തീക്കുന്ന ഏൎപ്പാടും ഉണ്ടു്.

സാധാരണമായി ഈ മാതിരി ഒരു സ്ഥലം മൂന്നു ദിവസത്തെ നിരന്തരമായ വേലകൊണ്ടു പണി തീരും. പുതുതായി ഉണ്ടാക്കിയ പാൎപ്പുസ്ഥലത്തിൽ ഈ കീടം സ്വതന്ത്രനായിരിക്കുന്നതു കാണാൻ രസമുള്ളതാകുന്നു. 'ആളിവർഗോൾഡ്സ്മിത്ത്' എന്ന കവി ഇതിനെ സൂക്ഷിച്ചുനോക്കി പഠിച്ചു വളരെ രസകരമായി വൎണ്ണിച്ചിട്ടുണ്ടു്. ഈ ലൂതാഗൃഹത്തിന്റെ ഒരു സൌകൎയ്യം, ഇതിൽ വസിക്കുന്നവക്കു ഇര തേടി നടക്കേണ്ടുന്ന ശ്രമമില്ല എന്നതാകുന്നു. ഈച്ചകളും പുഴക്കളും മററു പ്രാണികളും സ്വയമേ വന്നു വലയിൽ അക-

പ്പെട്ടുകൊള്ളും. വലയുടെ ഏതു ഭാഗത്തെങ്കിലും ചലനമുണ്ടായാൽ ഉള്ളിൽ ഇരിക്കുന്ന ചിലന്തിയ്ക്കു കമ്പിമുഖേന എന്നപോലെ ഉടൻ അറിവു കിട്ടും. വലയിൽ അകപ്പെട്ടുന്നതു് ഒരു ബലമേറിയ പ്രാണിയാണെങ്കിൽ ചിലന്തി മൗനം അവലംബിച്ചിരുന്നുകളയും. ആ പ്രാണി തനിക്കു സ്വാതന്ത്ര്യം ലഭിക്കാൻ വേണ്ടി ശ്രമപ്പെട്ടുംതോറും അധികം വലയിൽ കുടുങ്ങുകയേ ഉള്ളു എന്നും, സ്വല്പകാലത്തിനകം ആയാസംകൊണ്ടും ഉപവാസംകൊണ്ടും തളൎന്നു എളുപ്പത്തിൽ കൈവശപ്പെട്ടുമെന്നും ചിലന്തിക്കു നല്ല വിശ്വാസമുണ്ടു്. ഒരു വലിയ ഈച്ചയെ കിട്ടിയാൽ ചിലന്തിക്കു് എട്ടു പത്തു ദിവസത്തെ ആഹാരത്തിനു വകയായി.

ചില സമയം ചിലന്തിവീരൻ സാമന്തന്മാരുമായി പോരാടുന്ന പതിവുണ്ടു്. ഒരു ചിലന്തിക്കു കൂടിയ പക്ഷം മൂന്നു പ്രാവശ്യമേ വല കെട്ടുന്നതിനു കഴികയുള്ളു. അപ്പോഴേയ്ക്കു് അതിൻെറ ഉദരത്തിലുള്ള ആ ദ്രവം ഒടുങ്ങിപ്പോകുന്നു. പിന്നീട്ടു് അതിനു കാലക്ഷേപോപായം പരസ്വത്തിനെ ആക്രമിക്കുക ഒന്നേ ഉള്ളു. ഇപ്രകാരമുള്ള കഷ്ടദശ നേരിടുമ്പോഴാണു് രണ്ടു ചിലന്തികൾക്കു തമ്മിൽ യുദ്ധമുണ്ടാകുന്നതു്. രാജ്യഭ്രഷ്ടനായ വീരൻ സാമന്തരാജ്യത്തെ ആക്രമിച്ചു കൈവശപ്പെടുത്താൻ ആഗ്രഹിക്കുന്നു. സാമന്തൻ ശത്രുവിൻെറ ആക്രമത്തെ എതിക്കുന്നു. ഇങ്ങനെ രണ്ടുപേൎക്കും തമ്മിൽ പ്രബലമായ ദ്വന്ദ്വയുദ്ധം നടക്കും. ആക്രമിക്കുന്നവൻ ജയിക്കുന്ന പക്ഷം മേലാൽ കാലക്ഷേപത്തിനു് ഒരു മാൎഗ്ഗവുമില്ല. കുറെ കാലത്തേയ്ക്കു തന്ത്രങ്ങൾകൊണ്ടു ഉപജീവനം കഴിച്ചുകൂട്ടും. അതെങ്ങനെ എന്നാൽ, ഈ മേധാവിയായ കീടം തൻെറ കാലുകളെല്ലാം ഒന്നിച്ചുകൂട്ടി നിശ്ചേഷ്ടമായി മരിച്ചതുപോലെ മലൎന്നു കിടക്കും. എന്നാൽ അതിൻെറ രസ്ഥപ്രതീക്ഷികളായ ദൃഷ്ടികൾ സദാ ജാഗരൂക

കളായിരിക്കും. വല്ല ഈച്ചകളോ മററൊ അടുത്തു വന്നാൽ ഉടൻ അവയെ കൈവശപ്പെടുത്തും. ഈ മാതിരി കപടവും ഫലിക്കാതെ വന്നുതുടങ്ങുമ്പോൾ അഭിമാനിയും വീരനും ആയ ഈ ചെറിയ പ്രാണി പ്രായോപവേശം ചെയ്യും.

പാഠം ൩൮.

നന്മയ്ക്കു നാശമില്ല (ഒന്നാം ഭാഗം).

വളരെക്കാലം മുമ്പ് ഒരിടത്ത് ഒരു പുത്രസന്താനം മാത്രമുള്ള ഭാര്യയും ഭർത്താവും വസിച്ചിരുന്നു. ആ പുത്രനെ എഴുത്തിനിരുത്തേണ്ട കാലമായപ്പോൾ അവർ പള്ളിക്കൂടത്തിലേയ്ക്കയച്ചു. മര്യാദയും സ്നേഹവും ഈശ്വരഭയവും ഉള്ള ഒരു പയ്യനായിരുന്നു അവൻ. വിദ്യാഭ്യാസം മുഴുവൻ കഴിഞ്ഞതിനു ശേഷം, അവന്റെ പിതാവു ധാരാളം സാമാനങ്ങൾ നിറച്ചിട്ടുള്ള ഒരു കപ്പൽ അവനെ ഏല്പിച്ചു. അതുകൊണ്ടു് അവൻ ലോകം ചുററി സഞ്ചരിച്ച് അനവധി പണം സമ്പാദിച്ചു തങ്ങളുടെ വാൎദ്ധക്യകാലത്തു തങ്ങൾക്ക് ഒരു തുണയായി തീരണമെന്നായിരുന്നു പിതാവിന്റെ ഉദ്ദേശ്യം.

പുത്രൻ കപ്പലോട്ടം ആരംഭിച്ചു. ഒരു ദിവസം അവന്റെ കപ്പലിനരികെ കൂടെ കടന്നുപോയ ഒരു തുൎക്കിക്കപ്പലിൽനിന്നു ദീനസ്വരങ്ങളും വിലാപങ്ങളും കേട്ടു. "നിങ്ങളുടെ കപ്പലിൽനിന്നു കേൾക്കുന്ന ഈ പരിദേവനങ്ങൾക്കു കാരണമെന്താണെന്നു പറയുവാൻ ദയയുണ്ടാകണം" എന്നു അവൻ ആ തുൎക്കികളോടു ചോദിച്ചു. "ഞങ്ങൾ പല രാജ്യത്തുനിന്നും പിടിച്ചുടക്കിയ അടിമകളെ കൊണ്ടുപോകയാണ്; കൈക്കും കാലിന്നും ആമം വച്ചിട്ടിരിക്കുന്ന അവരുടെ നിലവിളിയാണ് കേൾക്കുന്നതു" എന്ന് അവർ മറു-

പടി പറഞ്ഞു. അപ്പോൾ അവൻ "അല്ലയോ ചേട്ടന്മാരേ! രൊക്കവിലയ്ക്കു ഈ അടിമകളെ കൊടുക്കാൻ മനസ്സുണ്ടോ എന്നു നിങ്ങളുടെ കപ്പിത്താനോടു ചോദിച്ചു പറയുമോ?" എന്നു ചോദിച്ചു. ഈ അഭിപ്രായത്തെ കപ്പിത്താൻ സസന്തോഷം കൈക്കൊണ്ടു. അനന്തരം കട്ടവളരെ വാക്കുതൎക്കം കഴിച്ചു തന്റെ കച്ചവടക്കപ്പൽ കൊടുത്ത് അവൻ ആ തുൎക്കിക്കപ്പൽ വാങ്ങി.

അതിന്റെ ശേഷം അവൻ ആ അടിമകളെ വിളിച്ച് അവരുടെ ഊരും പേരും മററും ചോദിച്ചറിഞ്ഞു് അവരെ സ്വാതന്ത്ര്യമായി പൊയ്ക്കൊള്ളുന്നതിന് അനുവദിച്ചിരിക്കുന്ന വിവരം ധരിപ്പിച്ചു. ഇങ്ങനെ ഓരോരുത്തരെ ആയിട്ടു പറഞ്ഞയച്ചുകൊണ്ടു വരവേ, ഒടുവിൽ അതിസുന്ദരിയായ യുവതിയോടു കൂടിനിന്ന വൃദ്ധയെ കാണ്മാനിടയാകയും അവരോടും ഊരും പേരും പറയണമെന്ന് ആവശ്യപ്പെടുകയും ചെയ്തു. അതിനു വൃദ്ധയുടെ മറുപടി താഴെ കാണുംവണ്ണമായിരുന്നു:— "ഞങ്ങളുടെ രാജ്യം വളരെ ദൂരത്താണു്; ഈ പെൺകുട്ടി ആ രാജ്യത്തെ രാജാവിന്റെ മകൾ ആകുന്നു; ഞാൻ ഇവളുടെ ധാത്രിയാണു്; കുട്ടിക്കാലം മുതല്ക്കേ ഞാൻ ഇവളെ വിട്ടുപിരിയാതെ സൂക്ഷിച്ചു വളൎത്തുകയാണു്; ഒരുദിവസം ഭാഗ്യദോഷത്താൽ കൊട്ടാരത്തിൽനിന്നു അല്പം അകലെ ഒരു ഉദ്യാനത്തിൽ ഇവൾ ലാത്തുവാൻ പോയിരുന്നപ്പോൾ ദുഷ്ടന്മാരായ ആ തുൎക്കികൾ കണ്ടു പിടിച്ചു കൊണ്ടുപോന്നതാണു്. ആ സമയത്തു ഭാഗ്യംകൊണ്ടു ഞാൻ അടുത്തുണ്ടായിരുന്നതിനാൽ ഇവളുടെ കരച്ചിൽ കേട്ടു സഹായിക്കാൻ ഓടിയെത്തുകയും എന്നെയും അവർ പിടിച്ചുകെട്ടി ഈ കപ്പലിലേയ്ക്കു് കൊണ്ടുപോരികയും ചെയ്തു." ഇത്രയും പറഞ്ഞശേഷം വൃദ്ധയും രാജകന്യകയും സ്വദേശത്തുനിന്നു വളരെ അകലത്തായി പോകയാലും തിരിച്ചുവിടെ എത്തുന്നതിനു യാതൊരു

വഴിയും കാണായ്കയാലും തങ്ങളേക്കൂടി അയാൾ കൊണ്ടു-പോകണമെന്നു പ്രാത്ഥിച്ചു. അതനുസരിച്ചു് അയാൾ ആ കന്യകയെ വിവാഹംചെയ്തുകൊണ്ടു ഗൃഹത്തിലേയ്ക്കു മടങ്ങി.

വീട്ടിൽ എത്തിയപ്പോൾ കപ്പലിനേക്കുറിച്ചു പിതാവു ചോദിയ്ക്കയും അവൻ കപ്പലും സാമാനങ്ങളും കൊടുത്തു, അടിമകളെ വാങ്ങിയതും അവരെ സ്വാതന്ത്ര്യമായി പൊയ്ക്കൊള്ളാൻ അനുവദിച്ചതും മററും ഉണ്ടായതുപോലെ തന്നെ പറഞ്ഞു കേൾപ്പിക്കയും ചെയ്തു. "ഈ പെൺകുട്ടി ഒരു രാജകന്യകയും ഈ വൃദ്ധ അവളുടെ ധാത്രിയും ആണു്. ഇവക്കു സ്വദേശത്തേയ്ക്കു മടങ്ങാൻ നിവൃത്തിയില്ലായ്കയാൽ ഞാൻ കൂട്ടിക്കൊണ്ടു പോരണമെന്നു എന്നോടു യാചിക്കയും ഞാൻ അവളെ വിവാഹംചെയ്കയും ചെയ്തു" എന്നും അവൻ പിതാവിനെ സാദരം ധരിപ്പിച്ചു.

ഈ വൃത്താന്തം കേട്ടു കോപാവിഷ്ടനായ പിതാവു്, 'ഭാഗ്യഹീന! നീ ചെയ്തതു് എന്താണു്? അകാരണമായും മനഃപൂർവ്വമായും നീ എൻെറ സ്വത്തു മുഴുവൻ നശിപ്പിച്ചുവല്ലോ" എന്നു പറഞ്ഞു മകനെ അടിച്ചു പുറത്തിറക്കി.

അതിൽ പിന്നെ അവൻ തൻെറ മാതാവുമുഖാന്തരവും മററു ബന്ധുക്കൾമുഖാന്തരവും പിതാവിൻെറ കരുണയെ അത്ഥിച്ചുകൊണ്ടും ഒരിക്കൽകൂടി ഒരു കപ്പലും സാമാനവും കൊടുത്താൽ അവയെ വേണ്ടുംവണ്ണം ഉപയോഗപ്പെടുത്തി ധനം സമ്പാദിച്ചുകൊണ്ടു മടങ്ങിവരാമെന്നു ധരിപ്പിച്ചുകൊണ്ടും ആ ഗ്രാമത്തിൽതന്നെ വളരെ നാൾ തൻെറ ഭായ്യയോടും അവളുടെ വൃദ്ധധാത്രിയോടുംകൂടി വസിച്ചു. ഇങ്ങനെ കുറെ ഏറെ ദിവസം കഴിഞ്ഞപ്പോൾ പിതാവു അനുകമ്പ തോന്നി അവരെ വീണ്ടും സ്വഗൃഹത്തിൽ വന്നു താമസിച്ചുകൊള്ളുന്നതിനു് അനുവദിച്ചു.

കുറേക്കാലം കഴിഞ്ഞു് നിറച്ചു സാമാനം കയററിയിട്ടുള്ള

ഒരു കപ്പൽ വീണ്ടും മകനെ ഏല്പിച്ചു. ഭാൎയ്യയേയും ധാത്രിയേയും ഗൃഹത്തിൽ വിട്ടുംവച്ച് അവൻ യാത്ര ആരംഭിച്ചു. കപ്പൽ അല്പം അകലേയുള്ള ഒരു പട്ടണത്തിലെ തുറമുഖത്തെത്തി. അവൻ അപ്പട്ടണത്തിൽ താമസിച്ചു വ്യാപാരസംബന്ധമായ കാൎയ്യങ്ങൾ നടത്തിവരവേ, ഒരു ദിവസം കുറെ ഭടന്മാർ തെരുവിൽ കൂടെ ഏതാനും ആളുകളെ ജയിലിലേയ്ക്കു കൊണ്ടുപോകുന്നതു കണ്ടു് "ഇവരെ എന്തിനാണ് ഇങ്ങനെ ഉപദ്രവിക്കുന്നതു്? ഇവർ എന്തു കുററം ചെയ്തു?" എന്നു ചോദിച്ചു. "ഇവർ രാജഭോഗം കൊടുക്കായ്കയാൽ തടവിൽ ഇടുവാൻ കൊണ്ടുപോകയാണ്" എന്നു ഭടന്മാർ പറഞ്ഞ മറുപടി കേട്ടു ദയാലുവായ നമ്മുടെ വ്യാപാരി ന്യായാധിപതിയുടെ അടുത്തുചെന്ന് അവർ കൊടുക്കാനുള്ള സംഖ്യ എത്രയെന്നു ചോദിച്ചറികയും തന്റെ കപ്പലും സാമാനവും വിററ് അവരുടെ കടം വീട്ടി അവരെ മോചിപ്പിച്ചതിനു ശേഷം വെറും കൈയോടെ വീട്ടിലെത്തുകയും ചെയ്തു. എന്നിട്ടു പിതാവിന്റെ പാദങ്ങളിൽ വീണു നമസ്കരിച്ചുകൊണ്ടു താൻ ചെയ്തതെല്ലാം വിസ്തരിച്ചു പറഞ്ഞു കേൾപ്പിച്ചു മാപ്പപേക്ഷിച്ചു. പിതാവു പൂൎവാധികം കോപാക്രാന്തനായി അവനോടു വീണ്ടും ഗൃഹത്തിൽനിന്നു പൊയ്ക്കൊള്ളുവാൻ ആജ്ഞാപിച്ചു. ഈ ധൎമ്മസങ്കടത്തിൽ ആ നിർഭാഗ്യനായ പുത്രനാൽ കരണീയം എന്തു്? അവന്റെ പിതാവു മഹാധനികനായിരിക്കുന്ന സ്ഥിതിയ്ക്കു് അവനു യാചിച്ചു കാലക്ഷേപം ചെയ്യാൻ ഇറങ്ങാമോ? വയ്യ.

കുറേനാൾ കഴിഞ്ഞു് അവന്റെ ബന്ധുക്കൾ "ഇത്രയും സങ്കടംകൊണ്ടു് ഒരു പാഠം പഠിച്ചിരിക്കും" എന്നു പറഞ്ഞു് പിതാവിനെ വീണ്ടും സമാധാനപ്പെടുത്തി ഗൃഹത്തിൽ പ്രവേശിച്ചുകൊൾവാൻ അനുവാദം വാങ്ങിക്കൊടുത്തു.

പാഠം ൩൭.

നന്മയ്ക്കു നാശമില്ല (രണ്ടാം ഭാഗം).

പിതൃകല്പനയനുസരിച്ചു വീണ്ടും അവൻ വീട്ടിൽ താമസമായി. പിതാവു പിന്നേയും മുമ്പത്തെ രണ്ടിനേയുംകാൾ വിശേഷപ്പെട്ട ഒരു കപ്പലും അതു നിറയെ സാമാനങ്ങളും തയാറാക്കിക്കൊടുത്തു. പുത്രൻ ആ കപ്പലിൻെറ മുൻവശത്തു തൻെറ ഭാൎയ്യയുടേയും പിൻവശത്തു വൃദ്ധധാത്രിയുടേയും രൂപം കൊത്തിച്ച് അലങ്കരിച്ചശേഷം, പിതാവിനോടും മാതാവിനോടും ഭാൎയ്യയോടും മററു ബന്ധുക്കളോടും യാത്രയും ചോദിച്ച് മൂന്നാമത്തെ തവണയ്ക്കു കപ്പലോട്ടം ആരംഭിച്ചു.

കുറേ നാൾ കഴിഞ്ഞപ്പോൾ അവൻ ഒരു വലിയ പട്ടണത്തിൽ എത്തുകയും അവിടത്തെ രാജാവിനെ ബഹുമാനിക്കുന്നതിനായി കപ്പലിൽനിന്നു മൂന്നു വെടി വയ്ക്കുകയും ചെയ്തു. ഭീരങ്കിശബ്ദം കേട്ടു രാജാവും നഗരവാസികളും അത്ഭുതപ്പെട്ടു. ആ പുതിയ കപ്പലിൻെറ നായകൻ ആരാണെന്ന് ആൎക്കും അറിഞ്ഞുകൂടായിരുന്നു. ഉച്ചതിരിഞ്ഞതിനുശേഷം അയാൾ ആരാണെന്നും അവിടെ എന്തിനായിട്ടു ചെന്നു എന്നും അറിഞ്ഞുവരുന്നതിനായും, പിറേറദിവസം രാവിലെ താൻ തന്നെ കപ്പൽ കാണ്മാൻ ചെല്ലുമെന്നു പറയുന്നതിനായും രാജാവു തൻെറ മന്ത്രിമാരെ നിയോഗിച്ചയച്ചു. പ്രധാനമന്ത്രി തുറമുഖത്തെത്തി കപ്പൽ കണ്ട നിമിഷത്തിൽ അത്ഭുതപരവശനായി ചമഞ്ഞു. കപ്പലിൻെറ മുൻവശത്തു തൻെറ രാജാവിൻെറ പുത്രിയുടേയും പിൻവശത്ത് അവളുടെ ധാത്രിയുടേയും രൂപം കണ്ടു എങ്കിലും അയാൾക്കു തൻെറ കണ്ണുകളെ വിശ്വസിക്കുവാൻ തീരെ നിവൃത്തിയില്ലാതായി. രാജപുത്രി തുരുഷ്ക-

രുടെ കൈയിലകപ്പെടുന്നതിനു വളരെ മുമ്പെ അവളുടെ ബാല്യകാലത്തു തന്നെ മന്ത്രിയ്ക്കു് അവളെ വിവാഹംചെയ്തു കൊടുക്കാമെന്നു് രാജാവു വാഗ്ദാനംചെയ്തിട്ടുണ്ടായിരുന്നതിനാൽ, അയാൾക്കും അവൾ ജീവനോടു വസിക്കുന്നുണ്ടെന്നുള്ള സംഗതി ഗ്രഹിച്ചതു വളരെ ആശ്വാസകരമായി തീൎന്നു.

എന്നാൽ താൻ കപ്പലിൽ കണ്ട ആ വിശേഷം മന്ത്രി ആരേയും ധരിപ്പിച്ചില്ല.

പിറെറ ദിവസം രാവിലെ ഒൻപതു മണിക്കു രാജാവു് മന്ത്രിമാരുമായി കപ്പൽ കാണ്മാൻ പുറപ്പെട്ടു. അദ്ദേഹം കപ്പലിൽ അങ്ങുമിങ്ങും നടന്നു നോക്കുമ്പോൾ ആ രൂപങ്ങൾ കാണ്മാനിടയാകയും അവ തൻെറ മകളുടേയും അവളുടെ വളൎത്തമ്മയുടേയും ആണെന്നു മനസ്സിലാക്കുകയും ചെയ്തു. അപ്പോൾ അദ്ദേഹത്തിനും ഉണ്ടായ അത്ഭുതാനന്ദങ്ങൾക്കു് അതിരില്ലായിരുന്നു. അനന്തരം തിരിഞ്ഞു കൊട്ടാരത്തിൽ വന്നു തൻെറ വാണിജ്യസഞ്ചാരത്തെക്കുറിച്ചു വിവരിച്ചു പറഞ്ഞു കേൾപ്പിക്കണമെന്നു അദ്ദേഹം കപ്പിത്താനോടു പ്രാൎത്ഥിച്ചതിനു ശേഷം മടങ്ങിപ്പോന്നു.

രാജകല്പനയനുസരിച്ചു് ഉച്ചതിരിഞ്ഞു് അയാൾ കൊട്ടാരത്തിൽ ചെല്ലുകയും കപ്പലിൽ കണ്ട ആ രൂപങ്ങളുടെ ഉദ്ദേശ്യം എന്തെന്നു ചോദിക്കപ്പെടുകയും ചെയ്തു. കപ്പിത്താൻ അതു തൻെറ പ്രണയിനിയുടെ പിതാവായ രാജാവായിരിക്കണമെന്നൂഹിച്ചു് സകലവൃത്താന്തവും അദ്ദേഹത്തെ ധരിപ്പിച്ചു. അനന്തരം ആ കുമാരിയ്ക്കും അവളുടെ വൃദ്ധധാത്രിക്കും പോകുവാൻ ഒരിടവും അറിവില്ലാതിരുന്നതിനാലും അവരുടെ രാജ്യം അതിദൂരസ്ഥമായിരുന്നതിനാലും അവരെക്കൂടെ താൻ കൊണ്ടുപോകയും കുറേക്കാലം കഴിഞ്ഞു് ആ യുവതിയെ വിവാഹംചെയ്കയും ചെയ്തുവെന്നും അയാൾ രാജസമക്ഷം അറിയിച്ചു.

ഇത്രയും കേട്ട ക്ഷണത്തിൽ രാജാവു പറഞ്ഞു:—"ആ പെൺകുട്ടി എൻെറ ഏകപുത്രിയാണ്. ദുഷ്ടന്മാരായ ആ തുരുഷ്കർ അവളെയും ധാത്രിയേയും അപഹരിച്ചു കൊണ്ടു- പോയി. നിങ്ങൾ അവളുടെ ഭർത്താവായിരിക്കുന്ന സ്ഥിതിക്ക് ഈ രാജ്യത്തിലെ യുവരാജാവാകുന്നു. പോകുക, ഉടൻതന്നെ വീട്ടിൽ ചെന്നു നിങ്ങളുടെ ഭാൎയ്യയെ കൂട്ടിക്കൊണ്ടു വരിക; ഞാൻ മരിക്കുന്നതിനു മുൻപ് എൻെറ ഏകപുത്രിയെ ഒന്നു കണ്ടുകൊള്ളട്ടെ! നിങ്ങളുടെ മാതാപിതാക്കന്മാരെയും മററും കൂട്ടിക്കൊണ്ടു പോരിക. ആ രാജ്യത്തു നിങ്ങൾക്കുള്ള സകല വസ്തുക്കളും വിററിട്ട് ഇങ്ങോട്ടു പോരണം. നിങ്ങൾ ഇപ്പോൾ എൻെറ ജാമാതാവും രാജ്യാവകാശിയും ആയി തീൎന്നിരി- ക്കുന്ന സ്ഥിതിയ്ക്ക്, നിങ്ങളുടെ പിതാവ് എൻെറ സഹോദ- രനും മാതാവ് എൻെറ സഹോദരിയും ആയിരിക്കും. നമു- ക്കെല്ലാപേൎക്കും കൂടെ ഇവിടെ കൊട്ടാരത്തിൽ തന്നെ പാ- ൎക്കാം." അനന്തരം അദ്ദേഹം പട്ടമഹിഷിയെയും മന്ത്രിമാ- രെയും വരുത്തി പുത്രീവൃത്താന്തം അറിയിച്ചു. അന്നു കൊ- ട്ടാരത്തിലുണ്ടായ ആഹ്ലാദവും കോലാഹലവും ഒന്നും പറ- ഞ്ഞറിയിക്കാവതല്ല.

രാജകുമാരിയെയും മററും കൊണ്ടുവരുന്നതിനു രാജാവ് തൻെറ പള്ളിക്കപ്പൽ തന്നെ ജാമാതാവിനെ ഏല്പിച്ചു. അതിനാൽ നമ്മുടെ കപ്പിത്താൻ താൻ കയറിവന്ന കപ്പ- ലിനെ ആ തുറമുഖത്തു നിറുത്തിയുംവെച്ച്, വീട്ടിലെത്തി- യാൽ തന്നെ എല്ലാപേരും വിശ്വസിക്കുന്നതിനു വേണ്ടി രാജാവിൻെറ അനുവാദപ്രകാരം ഒരു മന്ത്രിയോടുകൂടി പുറ- പ്പെട്ടു. ആ മന്ത്രികൾ തന്നെ ആയിരുന്നു മുൻപ് രാജാവ് കന്യകയെ വാഗ്ദാനം ചെയ്തിരുന്നത്. അവർ വഴിക്കു യാ- തൊരു അപകടവും കൂടാതെ നാട്ടിലെത്തി. തൻെറ പുത്രൻ അത്ര വേഗത്തിൽ അതിശ്രേഷ്ഠമായ ഒരു കപ്പലോടു

കൂടി വന്നതു കണ്ടു നമ്മുടെ കപ്പിത്താന്റെ പിതാവു് ആശ്ചൎയ്യപ്പെട്ടു.

അയാൾ ആ യാത്രയിൽ സംഭവിച്ച വിശേഷങ്ങളെല്ലാം മാതാപിതാക്കന്മാരെ വിസ്തരിച്ചു പറഞ്ഞു കേൾപ്പിച്ചു. അയാളുടെ മാതാവും ഭാൎയ്യയും വിശേഷിച്ചു് ആ ധാത്രിയും ആ വൎത്തമാനം കേട്ടു വളരെ ആനന്ദിച്ചു. രാജാവിന്റെ മന്ത്രി കൂടെ ഉണ്ടായിരുന്നതിനാൽ അയാളുടെ പ്രസ്താവം എല്ലാവൎക്കും വിശ്വാസമായി. അതിനാൽ തങ്ങളുടെ വസ്തുക്കൾ ഒക്കെ വിററിട്ടു രാജഗൃഹത്തിൽ വസിക്കുവാൻ പോകാമെന്നു അവർ സമ്മതിച്ചു.

രാജകന്യകയെ തനിക്കു കിട്ടിയില്ലല്ലോ എന്നു കുണ്ഠിതപ്പെട്ടുകൊണ്ടിരുന്ന മന്ത്രി വഴിക്കുവെച്ചു കപ്പിത്താനെ കൊല്ലണമെന്നു വിചാരിച്ചിരിക്കയായിരുന്നു. എല്ലാവരും കപ്പലിൽ കയറി നടുക്കടലിലായപ്പോൾ ഒരു ദിവസം ആ മന്ത്രി നമ്മുടെ കപ്പിത്താനെ കാററു കൊള്ളുന്നതിനായി കപ്പലിന്റെ മുകൾത്തട്ടിലേക്കു ക്ഷണിച്ചു. ഋജുബുദ്ധിയായ കപ്പിത്താൻ ദോഷശങ്കയൊന്നും കൂടാതെ മന്ത്രിയുമായി സംസാരിച്ചു രസിച്ചു മുകൾത്തട്ടിൽ ലാത്തിക്കൊണ്ടു നില്ക്കുവേ, ആ ദുഷ്ടൻ അയാളെ പെട്ടെന്നു പിടിച്ചു കടലിലേയ്ക്കു തള്ളി.

കപ്പൽ അതിശീഘ്രത്തിൽ ഗമിക്കയായിരുന്നു. ഇരുട്ടോ, അതികഠിനം. അതിനാൽ കപ്പലിനരികത്തു നീന്തിയെത്തി രക്ഷപ്പെടുക അസാദ്ധ്യം. എന്തിനു? കപ്പിത്താൻ നടുക്കടലിൽ ഏകാകിയായി മൃത്യുവിനെ ആലിംഗനംചെയ്തുകൊണ്ടു കിടക്കുന്നു. മന്ത്രിയോ? ശാന്തനായി തന്റെ മുറിയിൽ കിടന്നു സുഖനിദ്ര ചെയ്യുന്നു.

പാഠം ൩൩.

നന്മയ്ക്കു നാശമില്ല (മൂന്നാം ഭാഗം).

ഭാഗ്യംകൊണ്ടു നമ്മുടെ യുവരാജാവിനെ തിരമാലകൾ കരയ്ക്കടുത്തുള്ള ഒരു പാറയുടെ സമീപത്തു കൊണ്ടുചെന്നു വിട്ടു. അതൊരു വിജനപ്രദേശമായിരുന്നതിനാൽ സഹായത്തിനാരുമുണ്ടായിരുന്നില്ല. കപ്പലിൽ യാത്ര ചെയ്തിരുന്നവർ പിറേറ ദിവസം രാവിലേ ഉറക്കമുണൎന്നപ്പോൾ അതിൽ രാജകുമാരനെ കാണായ്കയാൽ അദ്ദേഹം സമുദ്രത്തിൽ വീണു മൃതനായിരിക്കാമെന്നു വിചാരിച്ചു കരച്ചൽ തുടങ്ങി. രാജകുമാരിയുടെ രോദനത്തിന് അവസാനമില്ലായിരുന്നു. കപ്പൽ തുറമുഖത്തടുക്കുകയും അവൎക്കു സംഭവിച്ച ആ വലിയ ആപത്തിനേക്കുറിച്ച് രാജാവ് അറികയും ചെയ്തപ്പോൾ, അദ്ദേഹത്തിനുണ്ടായ സന്താപത്തിന് അതിരില്ലായിരുന്നു. രാജധാനി മുഴുവൻ ദുഃഖമാചരിച്ചു. രാജാവ് അദ്ദേഹം പറഞ്ഞിരുന്നതുപോലെ തന്നെ ആ യുവാവിന്റെ മാതാപിതാക്കന്മാരേയും മററും കൊട്ടാരത്തിൽ പാൎപ്പിച്ചു എങ്കിലും, അവരുടെ സന്താപത്തിന് ഒരു ശാന്തിയും കണ്ടില്ല.

ഇതിനിടയ്ക്കു നമ്മുടെ യുവരാജാവിന്റെ സ്ഥിതി എന്തായിരുന്നുവെന്നു നമുക്കു നോക്കാം. അയാൾ ആ വൃക്ഷശൂന്യമായ പാറയുടെ മേൽ പൊരിയുന്ന വെയിലത്തിരുന്ന് അതിൽ പററിയിരുന്ന പച്ചപ്പായൽ ചുരണ്ടിത്തിന്ന് ഒരു വിധം വിശപ്പടക്കി. വസ്ത്രങ്ങൾ മുഷിഞ്ഞും കീറിയും ഇരുന്നതുകൊണ്ടു അയാളുടെ ഏററവും പ്രിയപ്പെട്ട ഭാൎയ്യ തന്നെ കണ്ടാലും ആളറികയില്ലായിരുന്നു. അവിടെ എങ്ങും ഒരു ജീവിയേയും കാണ്മാനില്ലായിരുന്നു. ഇങ്ങിനെ പതിനഞ്ചു ദിവസം കഴിഞ്ഞപ്പോൾ, കരയ്ക്കടുത്തു മത്സ്യം പിടിച്ചു-

കൊണ്ടു് ഒരു വഞ്ചിയിൽ ഇരിക്കുന്ന ഒരു വൃദ്ധനെ അയാൾ കണ്ടു. ഉടനെ നമ്മുടെ യുവരാജാവു് ആ വൃദ്ധനെ നോക്കി, പാറയിൽനിന്നു ജനവാസമുള്ള ഒരു സ്ഥലത്തു കൊണ്ടുചെന്നു് ആക്കണമെന്നു പ്രാൎത്ഥിച്ചു. വൃദ്ധധീവരൻ "കൂലി തരാമെങ്കിൽ ആക്കാം" എന്നു പറഞ്ഞു.

യുവാവു് ദുഃഖത്തോടുകൂടി:— "ഞാൻ എങ്ങനെയാണ് പ്രതിഫലം തരുക? നിങ്ങൾക്കുതന്നെ കണ്ടുകൂടേ? എൻെറ വസ്ത്രം പോലും രണ്ടു കാശിനു വിലപ്പോകയില്ലല്ലോ."

വൃദ്ധൻ:— "അതു സാരമില്ല; എൻെറ പക്കൽ പേനയും കടലാസുമുണ്ടു്; നിങ്ങൾക്ക് എഴുതാനറിയാമെങ്കിൽ നിങ്ങൾക്ക് ഇപ്പോൾ ഉള്ളതും ഇനി കിട്ടുന്നതുമായ സൎവസ്വത്തിലും പകുതി തന്നുകൊള്ളാമെന്നു സമ്മതിച്ചു് ഒപ്പുവച്ചു തന്നാൽ മതി."

വൃദ്ധൻെറ ഈ അഭിപ്രായം യുവാവു സമ്മതിച്ചു. അയാൾ നമ്മുടെ യുവരാജാവിനെ വള്ളത്തിൽ കയററി കടത്തിവിട്ടു് ഉടമ്പടിപ്പത്രവും വാങ്ങിക്കൊണ്ടു പോയി. അനന്തരം, അദ്ദേഹം കാലിലൊന്നുമില്ലാതേയും, വിശന്നു തളൎന്നു പരവശപ്പെട്ടും, വസ്ത്രാദികൾ യാചിച്ചു സമ്പാദിച്ചും, ഓരോ ഗ്രാമങ്ങളായി അലഞ്ഞു തിരിഞ്ഞു് ഒടുവിൽ കരയ്ക്കിറങ്ങിയ മുപ്പതാം ദിവസം തൻെറ ശ്വശുരൻെറ രാജധാനിയിൽ എത്തി. അവിടെ അദ്ദേഹം തൻേറയും തൻെറ ഭാൎയ്യയുടേയും നാമധേയങ്ങളാൽ അങ്കിതമായ വിവാഹാംഗുലീയവും ധരിച്ചുകൊണ്ടു് കൊട്ടാരവാതുക്കൽ ഇരുന്നു. രാത്രിയിൽ രാജഭൃത്യന്മാർ അദ്ദേഹത്തെ കൊട്ടാരമിററത്തു കൂട്ടിക്കൊണ്ടുപോയി തങ്ങളുടെ അത്താഴത്തിൽ ശേഷിച്ചിരുന്നതെല്ലാം കൊടുത്തു. പിറേറ ദിവസം രാവിലേ അദ്ദേഹം ഉദ്യാനവാതുക്കൽ നില്ക്കുകയായിരുന്നു. എന്നാൽ രാജാവും കുടുംബവും ആ വഴി എഴുന്നെള്ളുമെന്നു പറഞ്ഞിട്ട്

ഉദ്യാനപാലകൻ അദ്ദേഹത്തെ അവിടെനിന്നും ഓടിച്ചു. അതിനാൽ അദ്ദേഹം അല്പം മാറി ആ ഉദ്യാനത്തിൽ തന്നെ ഒരു മൂക്കിൽ ഇരുന്നു. കുറേ കഴിഞ്ഞപ്പോൾ രാജാവും, അതിനു പിറകിലായി തന്റെ മാതാപിതാക്കന്മാരും, പ്രാണപ്രിയയും ബദ്ധവിരോധിയായ മന്ത്രിയും വരുന്നതു കാണായി. അദ്ദേഹം നേരെ ചെന്നു കാര്യം പറവാൻ വിചാരിച്ചില്ല. എന്നാൽ അവർ, അദ്ദേഹത്തിന്റെ അരികത്തെത്തി. "ധർമ്മം കൊടുത്തപ്പോൾ" അതു വാങ്ങാനായി നീട്ടിയ കൈയിൽ ഒരു വിരലിൽ തന്റെ വിവാഹാംഗുലീയം കണ്ടു രാജപുത്രി അത്ഭുതപ്പെട്ടു. എങ്കിലും, ആ പിച്ചക്കാരൻ തന്റെ ഭർത്താവായിരിക്കും എന്ന് അവൾക്കു തോന്നിയില്ല. അതിനാൽ, "നിങ്ങളുടെ ആ മോതിരം ഞാനൊന്നു കാണട്ടേ" എന്ന് അവൾ പറഞ്ഞു.

അവളുടെ അരികത്തു കൂടെ നടന്നിരുന്ന മന്ത്രി ഇതു കണ്ടു ഭയപ്പെട്ടു. "ഛെ! നടക്കണം! ഇത്തെണ്ടികളോട് അവിടുന്നു സംസാരിക്കയോ?" എന്നു ചോദിച്ചു.

രാജകന്യക അതു വകവച്ചില്ല. അവൾ ആ മോതിരം വാങ്ങി നോക്കി. അതിൽ തന്റെയും തന്റെ ഭർത്താവിന്റെയും പേരുകൾ കണ്ടു് അവൾ പല ചിന്തകൾക്കധീനയായി ചമഞ്ഞു. അവൾ കൊട്ടാരത്തിൽ തിരിച്ചെത്തിയ ഉടൻ തന്റെ ഭർത്താവിന്റെ മോതിരം തോട്ടത്തിൽ ഇരുന്നിരുന്ന പിച്ചക്കാരന്റെ വിരലിൽ കിടക്കുന്നതു കണ്ടുവെന്നും, അതിനാൽ അയാളെ ആളയച്ചു വരുത്തി അതെങ്ങനെ കിട്ടി എന്നറിയണമെന്നും രാജാവിനെ അറിയിച്ചു.

രാജാവു ഭൃത്യന്മാരെ അയച്ചു അദ്ദേഹത്തെ വിളിച്ചുകൊണ്ടു വരുവിച്ചു മോതിരസംഗതിയെക്കുറിച്ചു ചോദ്യം ചെയ്തപ്പോൾ, അദ്ദേഹം കപ്പലിൽവച്ചും, അതിൽ പിന്നേ-

യും ഉണ്ടായ വൃത്താന്തം മുഴുവൻ വിസ്തരിച്ചു പറഞ്ഞു ധരിപ്പിച്ചു.

രാജാവും രാജപുത്രിയും സന്തോഷംകൊണ്ടു തുള്ളിയാടി. അദ്ദേഹത്തിൻെറ മാതാപിതാക്കന്മാരെ ഉടൻ തന്നെ രാജസന്നിധിയിൽ വരുത്തി വിവരം മുഴുവൻ ഗ്രഹിപ്പിച്ചു. രാജഭൃത്യന്മാർ അദ്ദേഹത്തെ കുളിപ്പിച്ചു ശുഭ്രവസ്ത്രങ്ങൾ ധരിപ്പിച്ചു. കുറേ നാളത്തേയ്ക്കു കൊട്ടാരത്തിൽ എന്നു മാത്രമല്ല, നാടാകെ പരമാഹ്ലാദമായി കഴിഞ്ഞുകൂടി.

ദ്രോഹിയായ മന്ത്രി ബന്ധനസ്ഥനായി. ഇഷ്ടംപോലെ ഉള്ള ശിക്ഷ നൽകുന്നതിനായി അയാൾ നമ്മുടെ നവീനരാജാവിൻെറ സന്നിധിയിൽ ആനയിക്കപ്പെട്ടു. എന്നാൽ അദ്ദേഹം അയാളെ തൂക്കിലിടുവാൻ അനുവദിയ്ക്കാതെ ഉടൻ തന്നെ നാടുവിട്ടു പൊയ്ക്കൊള്ളുമെന്നുള്ള പക്ഷം മാപ്പു കൊടുക്കാമെന്നാണ് പറഞ്ഞത്.

കുറേ നാൾ കഴിയവേ പ്രമാണവുംകൊണ്ടു നമ്മുടെ വൃദ്ധൻ കൊട്ടാരത്തിൽ വന്നു. യുവരാജാവ് ആ കടലാസെടുത്തു നോക്കി വായിച്ചുകൊണ്ടു പറഞ്ഞു:—

"പൂജ്യരായ വൃദ്ധരേ! ഇരിക്കണം. ഇപ്പോൾ ഞാൻ ഒരു രാജാവാണ്. ഞാൻ ഒരു ഇരപ്പാളിയായിരുന്നാൽ തന്നെയും, എൻെറ ഒപ്പു എൻേറതല്ലെന്നു വാദിക്കയോ ഞാൻ തന്ന വാക്കിനെ നിറവേററാതിരിക്കയോ ചെയ്യുകയില്ല. അതിനാൽ എനിയ്ക്കുള്ളതൊക്കെ നമുക്കു പകുക്കാം."

അനന്തരം അദ്ദേഹം ഒരു കടലാസെടുത്ത് 'ഇതു നിങ്ങൾക്ക്, ഇതെനിക്ക്, എന്ന് ഓരോന്നായി പറഞ്ഞുകൊണ്ട് രാജ്യം മുഴുവനും രണ്ടായി ഭാഗിച്ച് എഴുതിവച്ചു.

വൃദ്ധൻ ആ ഭാഗം സമ്മതിച്ചു വാങ്ങിയതിനു ശേഷം അപ്പോൾത്തന്നെ അതിനെ മടക്കിക്കൊടുത്തുംകൊണ്ട് ഇങ്ങനെ പറഞ്ഞു:—"ഇതെല്ലാം അവിടെത്തന്നെ ഇരിയ്ക്കു

ട്ടെ; അങ്ങേടെ സൽകൃത്യങ്ങൾ നിമിത്തം പ്രീതനായ ദൈവം തുണപ്പാൻ അയച്ച ദൂതനാണ് ഞാൻ; അനവധികാലം ദീൎഘായുസ്സായി അങ്ങു രാജ്യം ഭരിക്കുക" എന്നു പറഞ്ഞു പോകയും ചെയ്തു.

പാഠം ൩൧.

ശ്രീവഞ്ചിമഹീശരഥാരോഹണം.

കല്യാണശ്രീ തന്റെ നിത്യകേളീസൗധം — ഇന്നു
ചൊല്ലാൎന്നീടും വഞ്ചികുലശേഖരേന്ദ്രൻ;
നരപതികുലബഹുമാനിതവിരുതുകളോടുംകൂടി — മോദാൽ
പരിചിലെഴുന്നെള്ളുന്ന വിശേഷമിതെളുതോ ചൊൽവാൻ?
രാജഗോപുരന്തുടങ്ങിത്തിങ്ങിത്തിങ്ങി — മാൎഗ്ഗേ
പൂജാമണ്ഡപത്തിലോളം പൂൎണ്ണമോദം;
അനവധിബഹുവിധമതികുതുകേന ജനങ്ങൾ വന്നു - വഞ്ചി-
മനുജവരന്റെ മഹത്വമെഴുന്നൊരു യാത്ര കാണ്മാൻ.
നന്ദിച്ചു നഗരവാസിലോകരെല്ലാം — നിജ
മന്ദിരദ്വാരങ്ങളുമലങ്കരിച്ചു.
നിറപറയൊടു കുലവാഴകൾ മംഗലപൂൎണ്ണകുംഭം — വച്ചു
കുറവിയലാതേ തോരണമാലകൾ തൂക്കി നീളേ.
തണ്ടാർശരൻ കണ്ടാലേറെക്കൊണ്ടാടീടും — രൂപം
കണ്ടീടുവാൻ വണ്ടാർ വേണിമാരനേകം,
വേഷവിലാസവിശേഷവിഭൂഷണഭംഗിയോടേ — കള-
ഭാഷിണിമാരതി കൗതുകമോടു നിരന്നു മാൎഗ്ഗേ.
നാനാവാദ്യമേളക്കാരും വന്ദികളും — ബഹു-
മാനമാൎന്ന സേവകന്മാർ ഗായകന്മാർ;



ആനകളോടു തുരംഗമനേകം വാഹനങ്ങൾ — ബഹു-
സേനകളായുധപാണികൾ വന്നു നിരന്ന ശേഷം.
വഞ്ചിഭൂമീവാസവനും പത്മനാഭൻ — തന്നേ
നെഞ്ചകത്തിലോൎത്തു യാത്രക്കാരംഭിച്ചു;

അഞ്ചിതമായൊരു കാഞ്ചനകാന്തി കലൎന്നീടുന്ന— നല്ല
കഞ്ചുകമഴകൊടുദഞ്ചിതമോദം ചാൎത്തിപ്പിന്നെ;
ചിത്രരത്നങ്ങൾ വിളങ്ങുമുത്തംസത്തിൽ— ദിവ്യ-
പത്രിപത്രഗുഛ്ശമാം വിരുതും ചാൎത്തി;
കൎപ്പൂരമണിമാലയൊടതിശുഭമുക്താഹാരം— പാരം
മെച്ചമൊടതിരുമാറിലണഞ്ഞൊരു ഭംഗികണ്ടാൽ.
കാളിന്ദീ തന്നുടെ വാരിപ്പൂരത്തോടു— ചേൎന്നു
മേളിച്ചൊഴുകുന്ന ഗംഗാപൂരംപോലെ.
കണ്ണിനു ജന്മമെടുത്ത ഫലത്തെ വരുത്തീടുന്ന— മണി-
കൎണ്ണിക തന്റെ മഹത്വമതെങ്ങനെ ചൊല്ലീടാവൂ?
സുന്ദരകേയൂരരത്നജാലം കണ്ടാൽ— കീൎത്തി-
കന്ദളങ്ങളെന്നു തന്നെ നിൎണ്ണയിക്കാം.
അനുപമവേഷവിലാസമനോഹരലക്ഷ്മി ചേൎന്ന— ഭൂപൻ
ഘനരുചിതടവും കനകാന്ദോളിക ഭൂഷിപ്പിച്ചു.
മാരതുല്യാകാരസോദരാനുയാതൻ— മന്ത്രി-
വീരപരിവാരപരിവീതപാൎശ്വൻ;
ഉദയാചലമതിൽനിന്നു ശശാങ്കനുദിക്കുംപോലെ— രാജ-
സദനേ നിന്നഥ വെളിയിൽ വിളങ്ങി മഹീമഹേന്ദ്രൻ.

പാഠം ൩൮.

അന്ധവിശ്വാസം (ഒന്നാം ഭാഗം).

പകലങ്ങു നിനച്ചിടുന്നതിൻ-
പടമോൎമ്മച്ചുവരിൽ കിനാവുകൾ
പരിചോടെഴുതുന്നു രാത്രിയിൽ;
പരമിച്ഛാനുഗുണം വരും ഗുണം.

സ്വപ്നങ്ങൾ, ശകുനങ്ങൾ, ഭാഗ്യം, ഭാഗ്യക്കുറി, മന്ത്രവാദം മുതലായ അയുക്തികങ്ങളായ അനുഭവങ്ങൾ അന്ധവിശ്വാസം എന്ന പദത്തിൽ ഉൾപ്പെടുന്നു. ജീവിതത്തിൽ അവയിൽ ഏതാനും നമ്മുടെ മനസ്സിൽ പതിയാതെ വരികയില്ലെന്നുള്ളതുകൊണ്ടു മാത്രമല്ല അവ വിചാരണാൎഹങ്ങളാകുന്നതു്; അവ നമ്മുടെ മനഃപ്രവൃത്തികളെ വിശദീകരിക്കുകയും ചെയ്യുന്നു.

പ്രബോധവും നിദ്രയും നമ്മുടെ ജീവിതസാമ്രാജ്യത്തെ പകുത്തനുഭവിക്കുന്നു. തമ്മിൽ കെട്ടിപ്പിണഞ്ഞു സുഖമായി കിടക്കുന്ന രണ്ടു ബാലന്മാരെ നിദ്രാഭിചാരിണി നിശ്ശബ്ദമായി അനായാസേന ദൂരത്തകററുന്നു.

കാടും മേടും സമുദ്രം മലകളരുവിയും പാറയും കാറുമേഘം
നാടും നാനാജനാനാം തതിയുമുടനുടൻ വന്നിടും മാറിമാറി
വീടും കൂടും മറിഞ്ഞിട്ടുടനടി മറയും നാടകത്തിങ്കലേപ്പോ-
ലാടും രാവിൽ കിനാവാം നഗരമതിലഹോ! തിക്കമില്ലേ തിരക്കും.

പലരും സ്വപ്നം കാണുന്നതല്ല, എങ്ങനെ സ്വപ്നം കാണുന്നു എന്നതാണു് ആശ്ചൎയ്യം. ഈശ്വരാംശഭൂതയായ ബുദ്ധിയെ പണയം വച്ചു്, ദേശവും കാലവും, നാടും നഗരവും, ജനങ്ങളും ജന്തുക്കളും എല്ലാം പ്രകൃതിസിദ്ധങ്ങളായ നിയന്ത്രണങ്ങളെ അതിലംഘിച്ചു്, അന്തരാന്തരാ ഹാസ്യമായും ഭീഷണമായും കൂത്താടുന്നതിനു നാം രംഗഭൂമിയായിത്തീരുന്നതാണു് ആശ്ചൎയ്യം.

മുന്നമങ്ങു ശൈശവത്തിൽ നമ്മുടേ സഖാക്കളായ്
നിന്നിരുന്നപേരനേകമിമ്പമോടു സാമ്പ്രതം
ഇന്നലെപ്പിരിഞ്ഞപോലെ വന്നിടുന്നു പിന്നെയും
മന്നിൽനിന്നു വിട്ടുപോയ ദുഷ്ടരും വിശിഷ്ടരും.

ചിലപ്പോൾ കരകാണാത്ത സമുദ്രങ്ങളിലും, അവസാ-

നികാത്ത വഴികളിലും, ഒരു ലാക്കും കൂടാതെ അനന്തമായി സഞ്ചരിക്കുംപോലെ നമുക്കു തോന്നുന്നു; ചിലപ്പോൾ കഠിനമായ വാഗ്വാദങ്ങൾ നാം നടത്തുന്നു; കാൎയ്യമില്ലാത്ത കാൎയ്യത്തിന്നു വളരെ പ്രയത്നിക്കുന്നു; നേരംപോക്കുകൾ കണ്ടു ചിരിക്കുന്നു; ചിരി കേട്ട് ഉണൎന്നു നോക്കുമ്പോൾ നിശ്ശബ്ദമായും ഭയങ്കരമായും ഉള്ള നിശീഥത്താൽ ശിക്ഷിതരായിട്ട് ഈ ഏത്ര ച്ചിരിയുടെ കാരണം മനസ്സിലാക്കാൻ പഠിച്ചു പണി എല്ലാം നോക്കുന്നു. സ്വപ്നങ്ങളെ ഓൎമ്മിക്കുന്നതു വളരെ പ്രയാസമാണ്. ഓൎക്കാൻ ശ്രമിക്കുംതോറും അവ മറവിയിൽ ഒളിക്കും. നല്ല രസകരങ്ങളായ സ്വപ്നങ്ങൾ കണ്ടു് ഉണൎന്ന ഉടൻ അവ നമുക്കു നല്ല ഓൎമ്മയുണ്ടെന്നു തോന്നും. അപ്പോൾ അതിന്റെ വികാരത്തിൽനിന്നു നാം വിട്ടുമാറീട്ടില്ലായിരിക്കും. അതിന്റെ ഒരംശം കിട്ടിയാൽ മുഴുക്കേ ഓൎമ്മിക്കാം; എങ്കിലും, അതിന്റെ ഒററത്തും പിടി കിട്ടുന്നില. മുഴുവനും കാററിൽ പുകപോലെ പോകയും ചെയ്യുന്നു. ഇത്ര വേഗത്തിൽ നശിച്ചുപോകുന്നതും പിടി കിട്ടാത്തതും ആയി സ്വപ്നം പോലെ മററൊന്നും ഇല്ല.

സ്വപ്നങ്ങൾക്കെല്ലാം എന്തോ ഒരു സ്വരച്ചേൎച്ചയില്ലായ്കയുണ്ടായിരിക്കും. അസഹനീയയായ ഒരു ന്യൂനത അവയെ ബാധിച്ചിരിക്കും. നല്ല മനോഹരങ്ങളായ രൂപങ്ങൾക്ക് എന്തെങ്കിലും ഒരു അഭംഗികാണും. എന്നു തന്നെയല്ല, പാകമല്ലാത്ത മറെറാരുത്തന്റെ ചട്ട എടുത്തിട്ടാലെന്നപോലെ, സ്വപ്നത്തിലെ ദിക്കുകളും ആളുകളുമെല്ലാം നമുക്കു ചേരാത്തതായി തോന്നും. ഇതുകൊണ്ടു തന്നെ അറിയണം, പ്രകൃത്യനുസാരിയായ മനുഷ്യസ്ഥിതി ഉണൎന്നിരിക്കുമ്പോഴാണ് എന്നുള്ളതു്.

ഉണൎന്നിരിക്കുമ്പോഴുള്ള അവസ്ഥയൊന്നു വേറേ; ഉറക്കത്തിൽ ഒന്നു വേറേ. വളരെക്കാലം മുൻപിൽ സ്വപ്നം കണ്ടി-

ട്ടുള്ള ആളുകളേയും സ്ഥലങ്ങളേയും മററും ഉറക്കത്തിൽ പിന്നെയും നമുക്ക് ഓൎമ്മ വരുന്നുണ്ടു്. ഈ വണ്ടിയിൽ സവാരി ചെയ്തിട്ടുള്ളതായി ഞാൻ മുൻപിൽ പലപ്പോഴും സ്വപ്നം കണ്ടിട്ടുണ്ടെന്ന് സ്വപ്നത്തിൽ നാം ഓൎക്കുന്നു. "ഈ വൎത്തമാനം ഇയാളോട്ട് ഇവിടെ വച്ചു തന്നെ പറഞ്ഞിട്ടുണ്ടു്, അല്ലെങ്കിൽ കേട്ടിട്ടുണ്ടു, എപ്പോഴെന്ന് ഓൎമ്മിക്കുന്നില്ല" എന്നു നമുക്ക് ഉണൎന്നിരിക്കുമ്പോൾ തോന്നാറുള്ളതുപോലെ, ഉറക്കത്തിലും തോന്നാറുണ്ടു. സ്വപ്നത്തിലുള്ള ഈ അനുഭവം പ്രത്യേകം സൂക്ഷിച്ചറിയേണ്ടതാണ്.

ജന്തുക്കൾ പ്രകൃതിയുടെ സ്വപ്നങ്ങൾ എന്നു പറയപ്പെട്ടിരിക്കുന്നു. നമ്മുടെ സ്വപ്നാവസ്ഥയിലുള്ള ജ്ഞാനം അവയുടേതിനു തുല്യമായി വിചാരിക്കാം: അപ്പോൾ, വിശേഷബുദ്ധി പ്രസുപ്തയായിട്ട് നാം വാസനമാത്രാനുസൃതന്മാരായി, ജാഗ്രദവസ്ഥയിൽ അസംഭാവ്യങ്ങളായി ഗണിക്കുന്നവയെ തൎക്കം കൂടാതെ അനുവദിക്കുന്നു. ഒരു പഞ്ജരബദ്ധയായ ശുകിയുടെ നിലയിലാണ് നമ്മുടെ അപ്പോഴുള്ള ബുദ്ധിയുടെ അവസ്ഥ. കഷ്ടം! അതിൻെറ അവസ്ഥ എത്ര ശോച്യമാണ്. സ്വാതന്ത്ര്യചാരികളായ മൃഗങ്ങളുടെ അവസ്ഥ കാണുമ്പോൾ, "എന്തു്? നമ്മെപ്പോലെ സ്വാതന്ത്ര്യം അവയ്ക്കുമുണ്ടോ? നമ്മെപ്പോലെ അവയ്ക്കും തന്നത്താൻ അറിയാവുന്ന ശക്തിയുണ്ടോ?" എന്നു നമുക്കു തോന്നുന്നു. കഥകളിൽ മൃഗങ്ങളും പക്ഷികളും മനുഷ്യരെപ്പോലെ പ്രവൎത്തിച്ചതായും മററും പറയുന്നതിൻെറ താൽപൎയ്യം മറെറാന്നുമല്ല, നമ്മുടെ ശക്തിയെ അവയിൽ ആരോപിക്കുന്നതത്രെ. എന്തുകൊണ്ടാണ് ഈ മാതിരി പഴങ്കഥകൾക്ക് ഒരു നിലനിൽപ്പു കാണുന്നതു്? തത്വത്തിനോടും അവയ്ക്കു് ഏതാണ്ടു് ചേൎച്ചയുള്ളതുകൊണ്ടു തന്നെ. ജന്തുക്കളോടു മാത്രമല്ല, അപരിഷ്കൃതന്മാരായ മനുഷ്യവൎഗ്ഗത്തോടും നമുക്കു ദയ തോന്നിപ്പോകുന്നു.

അവരിലും ചിലർ ജ്ഞാനമുള്ളവരായി കാണുന്നുണ്ടു്. മിക്കവരും അപ്രകാരമല്ല. തങ്ങളുടെ സ്ഥിതി അറിയാൻ അവക്കു ശക്തിയുണ്ടായിരുന്നെങ്കിൽ, അവർ നിസ്സംശയമായി ആത്മഹത്യ ചെയ്യേനെ എന്നു തോന്നിപ്പോകുന്നു.

സ്വപ്നങ്ങൾക്കും ഒരുവക സത്യമുണ്ടു്. യുക്തിയുടെ കണ്ണിൽ മണ്ണു വാരിയിടുന്നവയാണെങ്കിലും, അവയ്ക്കും ഒരു ന്യായമില്ലാതില്ല. അവ നമ്മുടെ ബുദ്ധിയെ ഒന്നു കവിഞ്ഞു നില്ക്കുന്നു. ജാഗ്രദവസ്ഥയിൽ അനുഭവത്തിൽ വരാത്തതായ അനേക വിചാരപരമ്പരയെ അവ സൂചിപ്പിക്കുന്നു. അവയ്ക്കും നമുക്കും യാതൊരു സംബന്ധവും ഇല്ലെന്നു തോന്നുന്നു എങ്കിലും, നമ്മുടെ ആത്മജ്ഞാനം അപ്പോൾ തീരെ ഇല്ലാതില്ല. ഒരുവിധം നോക്കുമ്പോൾ സ്വപ്നം നമുക്കു് അതീന്ദ്രിയജ്ഞാനത്തെ തരുന്നുവെന്നു പറയാം. എൻെറ സ്വപ്നങ്ങൾ ആത്മീയമല്ല; പരകീയമാണോ? അതുമല്ല; രണ്ടുമാണ്. സ്വപ്നങ്ങൾ എല്ലാം മനഃകല്പിതങ്ങൾ ആണെന്നു നാം പറയാറുണ്ടു്. എന്നാൽ അവ കൂട്ടത്തിൽനിന്നു പിണങ്ങിനില്ക്കുന്ന പട്ടാളക്കാരെപ്പോലെ സ്വാമിയെ ആക്രമിക്കുന്നു. എല്ലാ പ്രവൃത്തിയും, വിചാരവും, കാരണവും ഇരുതലമൂരികളാണെന്ന് ഇതുകൊണ്ടു് അറിയണം. പ്രവൃത്തിനിവൃത്തിശക്തികൾ ഒന്നിൽ തന്നെ അടങ്ങിയിരിക്കുന്നു.

ജ്ഞാനാതീതമായ ഏതോ ഒരു ശക്തിയിൽനിന്ന് നമുക്കു ചിലപ്പോൾ സ്വപ്നത്തിൽ മുന്നറിവുകൾ സിദ്ധിക്കുന്നു. നമ്മുടെ ജീവിതകാലത്തിൽ ഇങ്ങനെ ഒന്നുരണ്ടനുഭവങ്ങൾ എങ്കിലും ഉണ്ടാകാതെ ഇരിക്കയില്ല. അപ്പോൾ ഈ പ്രാപഞ്ചികബന്ധനത്തെ വിട്ടു് ഒന്നുയൎന്നപോലെ നമുക്കു തോന്നുന്നു. സ്വപ്നങ്ങൾ ഇങ്ങനെ വരാൻപോകുന്നതിനെ കുറിക്കുന്നതായി പലക്കും അനുഭവപ്പെട്ടിട്ടുണ്ടു്. എന്നാൽ

ഈ അനുഭവം പലപ്പോഴും മററൊന്നുമല്ല; നമ്മുടെ മനസ്സിൽ പിരിഞ്ഞു കിടന്നിരുന്ന വിചാരങ്ങളുടെ അനൈച്ഛികമായ പരിപാകംകൊണ്ടും സമ്മേളനംകൊണ്ടും ഘുണാക്ഷരന്യായേന ഉണ്ടായതാകുന്നു. ഇന്ന് ആൾ ഇന്ന വിധം പ്രവൎത്തിക്കുമെന്നു ഉണൎന്നിരിക്കുമ്പോൾ നാം ഊഹിക്കുന്നു. സ്വപ്നത്തിൽ അയാൾ മററൊരുവിധം പ്രവൎത്തിക്കുന്നതായി കാണുന്നു. അതിനു യുക്തിയൊന്നുമില്ല; എങ്കിലും അതു അചിരേണ സത്യമായി വരുന്നു. ഇതിൽ സ്വപ്നം മാത്രമല്ല കാൎയ്യകാരി; മുമ്പിൽ മങ്ങിക്കിടന്നിരുന്ന വിചാരശകലങ്ങളെ ആ പ്രാശ്നികൻ കൂട്ടിച്ചേൎത്തു സത്യമാക്കുന്നതാണ്; അതുകൊണ്ടു സ്വപ്നങ്ങൾ, ശകുനങ്ങൾ മുതലായവ ആത്മാവിൻെറ രോദനങ്ങളാണെന്നു ചിലർ പറയുന്നതു വാസ്തവം തന്നെ.

കാൎയ്യകാരണങ്ങളുടെ ഈ വൈജാത്യത്തെ നിൎവചിക്കുമ്പോൾ ജഗൽക്കാരണത്തെപ്പററിയുള്ള അറിവു നമുക്ക് ചിന്തിക്കേണ്ടി വരുന്നു. ഒരേ മൂലത്തിൽനിന്നു വിപരീതഗുണങ്ങളോടു കൂടിയ പ്രവൃത്തികൾ പുറപ്പെടുന്നു. ഉറക്കം നമ്മുടെ വിചാരധാരയുടെ സങ്കേതങ്ങളെ മാററിക്കളയുമ്പോൾ ഇച്ഛകളെല്ലാം ഉടനെ പ്രവൃത്തികളായി ഫലിക്കുന്നു. ബുദ്ധിമാൻ ആത്മജ്ഞാനത്തിനായി സ്വപ്നങ്ങളെ സൂക്ഷിച്ചു മനസ്സിലാക്കുന്നു. സ്വപ്നത്തിലെ സംഗതികൾ എപ്പോഴും ഓൎമ്മിക്കുന്നതു പ്രയാസം; പോക്കു മനസ്സിലാക്കാം. അതു നമുക്കു ഉത്സാഹമോ വൈമനസ്യമോ ഉണ്ടാക്കുന്നത് എന്നു നിൎണ്ണയിക്കാം. സ്വപ്നത്തിൽ കാണുന്ന സംഗതികൾ എത്ര അസംഗതങ്ങൾ ആയിരുന്നാലും, അവയ്ക്കു് ഒരു തത്വമുണ്ടു്. ശകുനങ്ങളിലും മററു അന്ധവിശ്വാസങ്ങളിലും അപ്രകാരം തന്നെ. അവയുടെ നിദാനം മനുഷ്യൻെറ മനസ്സിൽ പ്രസുപ്തമായി ഉണ്ടായിരുന്നു. "ഈ സ്വപ്ന-

ങ്ങൾ എത്രതന്നെ അസംഗതങ്ങളാണെന്ന് തോന്നിയാലും, നമ്മുടെ മനസ്സിൽനിന്നു ജനിച്ചവയാകകൊണ്ടു നമ്മുടെ ജീവചരിത്രത്തോടും ശിരോലിഖിതത്തോടും ഏതാനും സാമ്യമില്ലാതെ വരികയില്ല" എന്ന് ഗേറേറ പറഞ്ഞിരിക്കുന്നു.

വരാൻ പോകുന്നതിന്റെ പൂർവരംഗങ്ങൾ നമ്മുടെ ആത്മാവിൽ മുമ്പിൽ തന്നെ ഉണ്ടായിരിക്കും. എന്തെന്നാൽ, നമ്മുടെ വിചാരങ്ങളുടെ പരിപൂർത്തിയാണല്ലോ ക്രിയയിൽ പര്യവസാനിക്കുന്നത്. അതുകൊണ്ടു ചില സ്വപ്നങ്ങൾ ചിലപ്പോൾ ഫലിച്ചുകാണുന്നതിൽ ആശ്ചര്യമില്ല. തെററിപ്പോകുന്നതിനു കാരണം, നിസ്സാരങ്ങളായ സംഗതികളെ മാത്രം ഗണിക്കുന്നതുകൊണ്ടാണ്. ഒരുത്തന്റെ തള്ളവിരലിന്റെ നഖം കണ്ടു അവന്റെ ഛായ നിർണ്ണയിച്ചാൽ എത്ര ശരിയായിരിക്കും? വരാൻപോകുന്ന സംഗതികളെ അറിയുന്നതിനുള്ള പലേ ചിഹ്നങ്ങളും എല്ലായ്പോഴും സന്നിഹിതങ്ങളായിട്ടുണ്ട്. അവയെ വേർതിരിച്ചറിയുന്നതിൽ നാം ജാഗരൂകന്മാരായിരിക്കുന്നില്ല എന്നേ ഉള്ളു. നാം സൂക്ഷിച്ചറിവാൻ തയാറുള്ളവരാണെങ്കിൽ, ഈ വക ചിഹ്നങ്ങൾ ധാരാളമുണ്ട്. എന്നുപോലെ എന്നാൽ, നാം ഒരു വൃക്ഷച്ഛായയിൽ ഇരിക്കുമ്പോൾ കണ്ണായങ്ങളിൽകൂടി പതിക്കുന്ന രശ്മികൾക്ക് ഓരോന്നിനും സൂര്യബിംബത്തിന്റെ ആകൃതിയുണ്ടെന്നു ഗണിക്കുന്നില്ല. വാസ്തവം അങ്ങനെ ആണെന്നുള്ളത് ഉപരാഗകാലത്തിൽ ഈ ഓരോ സുഷിരങ്ങളിലുംകൂടി വരുന്ന വെയിൽ കലാകൃതിയായി കാണുമ്പോൾ മാത്രമേ മനസ്സിലാകുന്നുള്ളു. സർവത്തിനും ഈശ്വരൻ ഒരർത്ഥം കല്പിച്ചിട്ടുണ്ട്. അതറിയാൻ കഴിയുന്ന ബുദ്ധിമാന്മാർ ആരുള്ളു? കൈനോട്ടംകൊണ്ടും മററും മനുഷ്യന്റെ ശുഭാശുഭങ്ങളെ നിർണ്ണയിക്കാമെന്നുള്ളതിനു തക്കമില്ല. പക്ഷെ, അതറിയാവുന്ന വിദ്വാന്മാർ എവിടെ? വളരെ

നീളമുള്ള അലകൾ കണ്ടാൽ അവ വരുന്നവാക്കിനു സമീപത്തെങ്ങും കരയില്ലെന്ന് ഒരു നല്ല നാവികൻ ഊഹിക്കും. മണ്ണിന്റെ തരം കണ്ടു ലോഹങ്ങൾ കിടക്കുന്ന സ്ഥാനങ്ങളെ ഭൂഗർഭശാസ്ത്രജ്ഞൻ നിർദ്ദേശിക്കുന്നു. എത്രപേർ അതിനുമുൻപേ അവിടെ കുഴിച്ചിരിക്കും? അവർ അത് അറിഞ്ഞിട്ടുണ്ടോ? അതിസൂക്ഷ്മങ്ങളായ എത്ര ചിലന്തിവലകൾ പ്രഭാതത്തിൽ വെളിയിൽ പലതിനേയും കൂട്ടിബന്ധിച്ചിരിക്കും. സൂര്യൻ ഉദിച്ചു വെയിൽ തട്ടുമ്പോൾ അല്ലാതെ നാം അവയെ കാണുന്നുണ്ടോ? എന്നതുപോലെ—

ഉള്ളിൽ തള്ളിയ ഹേതുവൊന്നു സകലത്തേയും ഭരിക്കുന്നു നല്പുള്ളിബ്ബാഹ്യവിചേഷ്ടിതങ്ങളണുവും പ്രീതിക്കു ചേരില്ല താൻ;
വെള്ളത്തുള്ളികൾ ചന്ദ്രകാന്തമതിൽനിന്നുണ്ടാകുമിന്ദൂദയേ,
വെള്ളത്താമര സൂര്യനങ്ങു വരവേ ശോഭിച്ചിടുന്നു പരം.

ഈ സംഗതി വളരെ സാരവത്താണ്. ബുദ്ധിമാന്നു ഏതു നേരംപോക്കും അർത്ഥവത്താണ്. മനുഷ്യസൃഷ്ടത്തിനെല്ലാം മനുഷ്യഗന്ധമില്ലാതെ വരികയില്ല. അതുപോലെ, ഏതു കള്ളക്കഥയിലും ഒരു സാരമില്ലാതെ വരികയില്ല. പുരാണങ്ങളിലുള്ള കഥകളിൽനിന്നു തത്വജ്ഞാനികൾ എത്ര ധർമ്മതത്വങ്ങളെ പ്രതിപാദിക്കുന്നു. മഹർഷിമാർ ഒരു പുല്ലെടുത്തു വെള്ളം ജപിച്ചു വിട്ടപ്പോൾ അതു ഭൃത്യപ്രവൃത്തിയെല്ലാം ചെയ്തുവെന്നു പറയാറുണ്ട്. ഇതു ശുദ്ധമേ കള്ളക്കഥയെന്നല്ലാതെ ആക്കെങ്കിലും തോന്നുമോ? എന്നാൽ മന്ത്രത്തിന്റെ സ്ഥാനത്ത് ആവിയും പുല്ലിന്റെ സ്ഥാനത്തു കുറെ ചക്രങ്ങളും ആക്കുക. ആവിയന്ത്രംകൊണ്ടു നാം എന്തെല്ലാം ഭൃത്യപ്രവൃത്തികൾ ചെയ്യിക്കുന്നു!

പാഠം ൩൫.

അന്ധവിശ്വാസം (രണ്ടാം ഭാഗം).

"അത്ഭുതസംഗതികൾക്കുള്ള മാഹാത്മ്യത്തിലൊട്ടും കുറവല്ല പ്രകൃതിമാഹാത്മ്യം" എന്നു് ഒരു പണ്ഡിതൻ പറയുന്നു. നിത്യനിദാനം ഉണ്ടാകുന്ന അനുഭവങ്ങൾക്കാണു് അധികം മാഹാത്മ്യം എന്നാകുന്നു എന്റെ അഭിപ്രായം. മനുഷ്യനു് ഒരു ക്ഷണത്തിൽ ഉണ്ടാകുന്ന അനുഭവത്തിനു കോടിപുരാണങ്ങളേക്കാൾ വില കൂടും. മന്ത്രവാദികളും പ്രശ്നവാദികളും മററും നമ്മെ അവിശ്വാസികളെന്നു ആക്ഷേപിക്കാറുണ്ടു്. എന്നാൽ അവരുടെ വാദങ്ങളെ നാം സ്വീകരിക്കാൻ മടിക്കുന്നതു്, അവരുടെ പ്രവൃത്തികൾക്കും ഫലങ്ങൾക്കും ഒരു സ്വരച്ചേർച്ച കാണായ്കയാലത്രേ. അവരുടെ വിദ്യ ഒട്ടും നമുക്കു ആശ്ചര്യത്തെ ജനിപ്പിക്കുന്നില്ല. എന്തെന്നാൽ അതിലധികം അത്ഭുതങ്ങളെയാണു് നാം സർവ്വദാ കണ്ടുമുട്ടുന്നതു്. പ്രകൃതിയിൽ ഒന്നും പെട്ടെന്നു നടക്കുന്നില്ല. ഒന്നിൽനിന്നു മററൊന്നിലേയ്ക്കുള്ള പ്രവേശം ക്രമേണയാണു്. അന്തരാളസ്ഥലങ്ങളായ ഭേദഗതികൾ അതിസൂക്ഷ്മങ്ങളാകകൊണ്ടു ഗോചരങ്ങളാകുന്നില്ല. എത്രയോ ശബ്ദങ്ങൾ അനന്തമായി ശ്രോത്രത്തിൽ തട്ടുന്നുണ്ടെങ്കിലും നാം കേൾക്കുന്നില്ല; എത്രയോ കാഴ്ചകൾ കണ്ണിനു മുമ്പിൽ ഇരുന്നിട്ടും നാം കാണുന്നില്ല; അവയെ ചൂണ്ടിക്കാണിക്കുമ്പോൾ മാത്രമേ നാം മനസ്സിലാക്കുന്നുള്ളൂ.

പ്രശ്നം മുതലായവയ്ക്കു നമ്മുടെ ജീവിതത്തോടുള്ള സംബന്ധത്തെ ഈ വിധം ഒരുത്തനും ചൂണ്ടിക്കാണിക്കാൻ കഴിയുന്നതല്ല; എന്നാൽ കേവലം പരമ്പരാപ്രവചനം കൊണ്ടു് വിശ്വസിക്കാവുന്ന ഒരു ചില്ലറ സംഗതിയുമല്ല. അതുകൊണ്ടു് എന്നും കാണുന്ന അത്ഭുതങ്ങളേക്കൊണ്ടു

നാം തൃപ്തിപ്പെടേണ്ടതാണ്. മററുള്ളവ നമുക്ക് ജ്ഞാനാൎഹങ്ങൾ ആണെങ്കിൽ അവ നിസ്സംശയമായി പ്രത്യക്ഷീഭവിക്കും.

ഈ അന്ധവിശ്വാസങ്ങൾ മുഴുത്തിരുന്ന പണ്ടുള്ള കാലത്തും ബുദ്ധിമാന്മാർ അവയെ പ്രതിവാദിക്കാതെയിരുന്നില്ല. പണ്ടു ഹെക്ടർ എന്ന വീരൻ യുദ്ധത്തിനായി പുറപ്പെട്ടപ്പോൾ ദുശ്ശകുനങ്ങൾ കാണുന്നു എന്ന് ആരോ പറഞ്ഞതിന് "തന്റെ രാജ്യത്തിന്റെ രക്ഷയ്ക്കു വേണ്ടി യുദ്ധം ചെയ്യുന്നതു തന്നെയാണ് ഉത്തമശകുനം" എന്ന് ഉത്തരം പറഞ്ഞു. "പ്രശ്നം പറഞ്ഞു ഫലിപ്പിക്കുന്നവനല്ല" സാധകബാധകങ്ങളെ ചിന്തിച്ച് ഊഹിക്കുന്നവനാണ് "പ്രാശ്നികൻ" എന്ന് യൂറിപ്പിഡീസ് എന്ന പണ്ഡിതൻ അഭിപ്രായപ്പെടുന്നു. "അന്നം ഗരുഡൻ പരുന്തു മുതലായ ജന്തുക്കളെ ഭാഗ്യകാരികളായി നാം ഗണിക്കുന്നു; എങ്കിലും മനുഷ്യൻ ഉത്തമജന്തുവാണെന്നു വിശ്വസിക്കുവാൻ നമുക്കു കഴിയുന്നില്ലല്ലോ" എന്ന് പ്ലൂട്ടാർക്ക് എന്ന പൌരാണികൻ ശോചിക്കുന്നു. ഒരു വലിയ കൊടുങ്കാററിൽ അകപ്പെട്ട കപ്പലിലേ കപ്പിത്താൻ ഇങ്ങനെ ഈശ്വരനെ പ്രാൎത്ഥിച്ചു:—"ഈശ്വരാ!, അങ്ങേയ്ക്കു എന്നെ രക്ഷിക്കണമെങ്കിൽ രക്ഷിക്കാം; നശിപ്പിക്കണമെങ്കിൽ നശിപ്പിയ്ക്കാം; എങ്കിലും, ഞാൻ ചുക്കാൻ ശരിയായി പിടിക്കുന്നുണ്ടു." ഹേക്കാററിയൂസ് പറഞ്ഞിട്ടുള്ള ഒരു കഥ കൂടി ഉദാഹരിക്കാം.

"ഒരിക്കൽ ചെങ്കടലിന്റെ തീരത്തു കൂടി സഞ്ചരിക്കുമ്പോൾ കൂടെ പല അശ്വാരൂഢന്മാരും ഉണ്ടായിരുന്നവരുടെ കൂട്ടത്തിൽ മസ്സലാം എന്നു പേരായ ഒരു ജൂതൻ ഉണ്ടായിരുന്നു. ആൾ ബലിഷ്ഠകായനും ധീരനും ധനുൎവിദ്യയിൽ ബഹുസമൎത്ഥനും ആയിരുന്നു. എല്ലാപേരും കൂടി യാത്ര ചെയ്യുമ്പോൾ വഴിയിൽ ഒരു ശകുനവാദി "നില്ക്കണേ! നില്ക്കണേ!

ന്നു വിളിച്ചുപറഞ്ഞു. എന്താണ് കാൎയ്യം എന്നു മസ്സലാം ചോദിച്ചു. ഉടനെ ഒരു പക്ഷിയെ ചൂണ്ടിക്കാണിച്ചുകൊണ്ടു് ആ ശകുനവാദി പറഞ്ഞു:— "ആ പക്ഷി അവിടെ തന്നെ ഇരിക്കയാണെങ്കിൽ നിങ്ങളും അവിടെ വിശ്രമിക്കുന്നതു കൊള്ളാം; പറന്നു പോകുന്നപക്ഷം നിങ്ങൾക്കും യാത്ര തുടരാം; അതല്ല, അതു തിരിയെ പറക്കുന്ന പക്ഷം നിങ്ങളും പിൻവാങ്ങേണ്ടതാണ്." ആ ജൂതൻ ഒന്നും മിണ്ടിയില്ല; വില്ലു കുലച്ചുകെട്ടി ആ പക്ഷിയെ എയ്തുകൊന്നു. ഇതു കണ്ട ഉടനെ ആ ശകുനവാദിയും പിന്നെ ചിലരും തീരെ രസിച്ചില്ലെന്നല്ല, അവർ അവനെ ശകാരിക്കാനും തുടങ്ങി. ഉടനെ അവൻ ചോദിച്ചു:— "എന്തിനാണ് നിങ്ങൾ എന്നെ ദുഷിക്കുന്നത്? ഈ തുച്ഛമായ പക്ഷിയെ രക്ഷിക്കുന്നതിൽ നിങ്ങൾക്കും ഇത്ര ഉത്കണ്ഠ എന്തുകൊണ്ടാണ്? തന്റെ ജീവനെ സംരക്ഷിക്കാൻ കഴിയാത്ത ആ ജന്തുവിനു ഞങ്ങളുടെ യാത്രയുടെ ഗുണദോഷങ്ങളെ സൂചിപ്പിക്കാൻ എങ്ങനെ ബുദ്ധി സിദ്ധിക്കും? വരാൻപോകുന്നതിനെ അറിയാൻ അതിനു ശക്തിയുണ്ടായിരുന്നെങ്കിൽ മസ്സലാമിന്റെ കൈകൊണ്ടു കൊല ചെയ്യപ്പെടാനായി അതിവിടെ വരികയില്ലായിരുന്നല്ലോ."

ഇക്കാലത്തു ശകുനങ്ങളിലും സ്വപ്നങ്ങളിലും മറ്റുമുള്ള വിശ്വാസം വളരെ കുറഞ്ഞിട്ടുണ്ടു്. എങ്കിലും ഈ പരിഷ്കാരികളിൽ അതു നഷ്ടമായിട്ടില്ല; വേഷം പകൎന്നിരിക്കുന്നതേ ഉള്ളൂ. മുമ്പുള്ള കാലങ്ങളിൽ ഓരോരുത്തൎക്കും ഓരോ ഭരദേവതകളുണ്ടെന്നു വിശ്വസിച്ചുവരുന്നതുപോലെ, ഇപ്പോൾ ചിലർ ഭാഗ്യവാന്മാരെന്നും അവർ ചെയ്യുന്ന സകല കാൎയ്യങ്ങളും ശുഭമായി പരിണമിക്കുമെന്നും ഒരു ബോധം പരക്കെ കാണുന്നുണ്ടു്. ചില ഉദ്യമങ്ങളെ പററി സംശയിച്ചപ്പോൾ നെപ്പോളിയൻ പറഞ്ഞു:— "എന്റെ കൈ ഭാഗ്യമുള്ളതാ-

ണ്; അതുകൊണ്ടു് ആരെ ഞാൻ തൊടുന്നോ അയാൾ എന്തിനും മിടുക്കനായിരിക്കും." അധികം കരുതലും ആലോചനയും കൂടാതെ പ്രവൎത്തിക്കുന്നതു ഫലസിദ്ധിക്കു പലപ്പോഴും കാരണമായി കാണുന്നുണ്ടു്. പ്രായമായവൎക്കു അപകടം സംഭവിക്കുന്ന ദുൎഘടങ്ങളിൽ കുട്ടികൾക്കു് ഒരുബാധവും പിണയുന്നില്ല. ഒരു ബാലൻ കണ്ണും മൂക്കും നോക്കാതെ ചാടുന്നു; അവന്നു് ഒരു അപകടവും പററുന്നില്ല. പ്രായമായ ഒരുവനാകട്ടെ, അങ്ങനെ ചെയ്യുന്നതിൽ വരാവുന്ന ദുൎഘടങ്ങളെ ചിന്തിക്കുന്നു; ബാല്യത്തിൽ തനിക്കു ബലമായിരുന്ന ദൈവാധീനത്തിന്റെ കുറവിനെ ആലോചിച്ചു് അവൻ ശോചിക്കുന്നു.

യക്ഷികൾക്കും ദുൎദ്ദേവതകൾക്കും വളരെ ആളുകളെ കണ്ടുകൂടാ. ചിലരോടു് പ്രത്യേകമായിട്ടേ ഇണങ്ങൂ. ചിലൎക്കേ അത്ഭുതവിദ്യകൾക്കും മന്ത്രവാദങ്ങൾക്കും മററുമുള്ള ശക്തി കിട്ടുന്നുള്ളൂ. ഇന്നവർ ഭാഗ്യകാരികളാണ്, ഇന്ന ദിവസം സുമുഹൂൎത്തമാണ് എന്നുള്ള വിശ്വാസം ഇന്നുമിന്നലെയും ഉള്ളതല്ല. പക്ഷേ ഈ മുഹൂൎത്തങ്ങളും മന്ത്രവാദങ്ങളുമല്ല ലോകത്തിലുള്ള മഹാകാൎയ്യങ്ങൾ നടത്തിയിട്ടുള്ളതു്.

പ്രകൃതിയുടെ പക്കൽനിന്നും പ്രതിഫലം കൂടാതെ ഗുണങ്ങളെ സമ്പാദിക്കുന്നതിനാണ് മനുഷ്യൻ സൎവ്വദാ രഹസ്യപ്രതീക്ഷിയായിരിക്കുന്നതു്. പ്രകൃതിയിൽ അസാമാന്യകളായ ശക്തികൾ ഉണ്ടെന്നുള്ളതിനു ലക്ഷ്യം വളരെ ഉണ്ടു്. അവയെ കൈക്കലാക്കിയാൽ കൊള്ളാമെന്നുള്ള ദുരാഗ്രഹവും മനുഷ്യന്നു് അല്പമല്ല. പക്ഷെ, നല്ലവണ്ണം പരീക്ഷിച്ചതിന്നു് മേലല്ലാതെ ഈശ്വരൻ അവയെ മനസ്സിലാക്കി കൊടുക്കയില്ല. എന്തെന്നാൽ, ഒരധികാരം കൊടുക്കുന്നതിനു മുമ്പിൽ അതു ശരിയായി ഉപയോഗിക്കുന്നതിനുള്ള ജ്ഞാനം ഉണ്ടോ എന്നു നിൎണ്ണയിക്കണം. മന്ത്രവാദം മുതലായ രഹസ്യകൃത്യ-

ങ്ങൾ ഒരുവക അസൽപഥസഞ്ചാരമാകുന്നു. സജ്ജനങ്ങൾ അവയെ വജ്ജിക്കുന്നു. ഉത്തമപുരുഷന്മാർ ഒരിക്കലും ചാത്തനേയും ദുർദ്ദേവതകളേയും വശമാക്കിയവരല്ല. സ്വത്വാഭിമാനം വിട്ട മഹാമനസ്കന്മാരായിരുന്നവരെയാണ് നാം മഹാന്മാർ എന്നു ഗണിക്കുന്നത്. പലരേയും അക്രമത്താൽ കീഴടക്കി വാഴുന്ന അപരിഷ്കൃതന്മാരായ കാട്ടുരാജാക്കന്മാരെ എല്ലാ പേരും പൂജിക്കും; അവരുടെ വംശമഹിമയെ പുകഴ്ത്തും; എങ്കിലും ഉള്ളിലേ പ്രാൎത്ഥന അവർ നശിക്കണേ എന്നായിരിക്കും. മന്ത്രവാദംകൊണ്ടും പ്രശ്നംകൊണ്ടും കിട്ടുന്ന യോഗ്യത അതുപോലെ വ്യാജമാണ്.

നമ്മുടെ പരിമിതജ്ഞാനത്തിന് അഗോചരമായും, അതഏവ, അത്ഭുതജനകമായും പ്രകൃതിയിൽ അനേകശക്തികളുണ്ടെന്ന് ഏതു പണ്ഡിതനും സമ്മതിക്കാതിരിക്കയില്ല. സൃഷ്ടിവൈചിത്ര്യത്തിന്റെ മാഹാത്മ്യം ഒരു ബ്രഹ്മാണ്ഡപുരാണത്തിനു കൂടിയും പറഞ്ഞൊടുക്കാൻ കഴിയുന്നതല്ല. അഗാധമായ ഈ വിഷയത്തെ പരാമർശിക്കുന്ന തത്വങ്ങളുടെ കരിനിഴലത്രേ അന്ധവിശ്വാസങ്ങൾ. ഈ ലോകമാസകലം ഒരു ശകുനം തന്നെയല്ലേ? പിന്നെ നാം അതിന്റെ ഒരു കോണിൽ മാത്രം നോക്കുന്നതെന്തിന്? ഈശ്വരാംശഭൂതനായ മനുഷ്യന് ദിവ്യത്വം സ്വതസ്സിദ്ധമായിരിയ്ക്കേ, അതിനെ സമ്പാദിക്കുന്നതിനു പിശാചുകളേയും യക്ഷികളേയും ആരാധിക്കണമോ?

പാഠം ൩൦.

ആഹാരം.

നമ്മുടെ ദേഹത്തെ പോഷിപ്പിക്കയോ, അഥവാ നമുക്ക് ആയാസപ്പെടുവാൻ ശക്തിയുണ്ടാക്കിത്തരികയോ ചെയ്യുന്ന

ഒരു പദാൎത്ഥത്തെ ആകുന്നു ആഹാരമെന്നു സാധാരണ പറഞ്ഞുവരുന്നതു. ആഹാരപദാൎത്ഥങ്ങളിലെല്ലാം മാംസാംശം, ശക്കരാംശം, വസാംശം ഈ മൂന്നും അത്യാവശ്യം വേണ്ടതാകുന്നു. ഇവയിൽ മാംസാംശം അധികമുള്ള ഭക്ഷണസാധനങ്ങൾ ധാരാളം ഉപയോഗിക്കേണ്ടതാണ്. ഈവക സാധനങ്ങൾ ശരീരത്തിൻെറ സകല ആവശ്യങ്ങളേയും നിൎവ്വഹിച്ചുകൊള്ളുന്നു. ശക്കരയും വസയും ശരീരത്തിലേ ചൂടു കൂട്ടുകയോ കുറയ്ക്കുകയോ നിയമിക്കുകയോ ചെയ്യുന്നു. അതിനാൽ പോഷണാംശത്തിലും, അദ്ധ്വാനം ചെയ്വാനുള്ള ശക്തിയെ ഉണ്ടാക്കുന്ന ചൂടിനെ പ്രദാനം ചെയ്യുന്ന അംശത്തിലും അത്യുത്തമമായ ഭക്ഷണത്തെയാണ് നാം തിരഞ്ഞെടുത്തു ഉപയോഗിക്കേണ്ടതു്. ഭക്ഷണത്തിനായി സ്വീകരിക്കുന്ന പദാൎത്ഥം കുക്ഷിപൂരണം ചെയ്യുമോ എന്നും, നല്ലവണ്ണം ദഹിച്ചു ശരീരത്തിൽ ചേരുമോ എന്നും, അധികം ചിലവുള്ളതാണോ എന്നും കൂടി പൎയ്യാലോചിക്കേണ്ടതുണ്ടു്.

ഭക്ഷണത്തിന് അത്യുചിതമായ പദാൎത്ഥത്തെ തിരഞ്ഞെടുത്തതിനു ശേഷം ആലോചിക്കേണ്ടതു് അതിൻെറ അളവിനെ (എത്രവേണം എന്നുള്ളതിനെ) പററിയാകുന്നു. അരോഗദൃഢഗാത്രനായിരിക്കുന്ന ഒരാൾക്കു ദിവസമൊന്നിന് ചുരുങ്ങിയതു ൧൨൦ ഗ്രാം മാംസാംശവും അതനുസരിച്ച ശക്കരാംശവും വസാംശവും വേണ്ടിയിരിക്കുന്നു. അത്യദ്ധ്വാനം ചെയ്യേണ്ട കാലങ്ങളിൽ ശക്കരയോ കൊഴുപ്പോ ധാരാളമായി ഉപയോഗിക്കുന്നതു നന്നാണ്; എന്നാൽ, കൊഴുപ്പ് ധാരാളമുപയോഗിക്കുന്നതുകൊണ്ടു് അജീൎണ്ണം മുതലായ രോഗങ്ങൾ വന്നു പിടിപെടാവുന്നതിനാലും, വില കുറഞ്ഞതു ശക്കരയാകയാലും ഭക്ഷണവിഷയത്തിൽ മാംസം ഒഴിച്ചാൽ ശക്കരയ്ക്കു തന്നെ പ്രാധാന്യം നൽകേണ്ടതാണ്.

ശരീരപ്രകൃതിയും ആഹാരവും അഭേദ്യമായ വിധത്തിൽ അന്യോന്യം സംബന്ധിക്കപ്പെട്ടിരിക്കുന്നു. പൊക്കം കുറഞ്ഞവൎക്കു ദേഹത്തിൽനിന്നും ചൂടു പോകുവാൻ അധികം മാൎഗ്ഗങ്ങൾ ഇല്ലായ്കയാൽ ആഹാരം കുറച്ചു മതിയാകും; നേരെ മറിച്ചു പൊക്കം കൂടിയവൎക്ക് അധികം ആവശ്യമുണ്ടു താനും. പൊക്കം കൂടിയവർ അധികം തടിക്കാത്തതിനു കാരണം അവരുടെ ശരീരത്തിൽനിന്നു ചൂടിനു പോകാൻ അധികസൌകൎയ്യങ്ങൾ ഉള്ളതു തന്നെ ആകുന്നു. കുഞ്ഞുങ്ങൾക്കു ശരീരം വളരേണ്ടിയിരിക്കുന്നതുകൊണ്ടു് പോഷകാംശം അധികമുള്ള സാധനങ്ങൾ കൊടുക്കേണ്ടതാണു്. യുവാക്കന്മാർ മിതമായും വൃദ്ധന്മാർ അല്പം കുറച്ചും ഭക്ഷിക്കയേ പാടുള്ളൂ. സ്ത്രീകൾക്കു പുരുഷന്മാരെക്കാൾ അധികം ശരീരത്തിനു കൊഴുപ്പുള്ളതുകൊണ്ടു് അവർ ശൎക്കര മുതലായവ കുറയ്ക്കുകയും പുരുഷന്മാർ ഭക്ഷിക്കുന്നതിൽ ⅘ ഭാഗം മാത്രം ആഹാരം ചെയ്കയും ചെയ്യണം.

ഋതുഭേദപ്രകാരവും ആഹാരരീതിയെ മാറേറണ്ടതാണു്. ശരീരത്തിനു ചൂടു വൎദ്ധിപ്പിക്കുന്ന ശൎക്കരയും കൊഴുപ്പും അധികമുള്ള ഭക്ഷണസാധനങ്ങളെ ഉഷ്ണകാലത്തു കുറയ്ക്കണം. ഉഷ്ണകാലത്തു വായു സ്വതേ തന്നെ ചൂടുപിടിച്ചിരിക്കയാൽ, അക്കാലത്തു ദേഹത്തിനു ചൂടു സമ്പാദിക്കുവാനുള്ള പ്രത്യേകയത്നമൊന്നും ആവശ്യമില്ല. അക്കാലത്തു് അതിഭക്ഷണം ചെയ്താൽ മേദസ്സു വൎദ്ധിക്കുന്നതല്ലാതെ വിശേഷിച്ചു ഗുണമൊന്നുമുണ്ടാവില്ല. തണുപ്പുകാലത്തു മേദോവൎദ്ധകങ്ങളായ സാധനങ്ങൾ വേണ്ടുവോളം ഭക്ഷിക്കേണ്ടതാകുന്നു. ഗ്രീൻലണ്ട് മുതലായ അതിശീതളപ്രദേശങ്ങളിൽ വസിക്കുന്ന എസ്കിമൊ എന്ന ജാതിക്കാർ മുതലയുടേയും മത്സ്യങ്ങളുടേയും മാംസവും കൊഴുപ്പും അധികമായി ഭക്ഷിച്ചുവരുന്നു. ഇംഗ്ലീഷുകാരും മററും പലവിധം

മൃഗമാംസാഹാരം ചെയ്യുന്നത് അവർ തണുപ്പുള്ള പ്രദേശങ്ങളിൽ വസിക്കുന്നതിനാലും ഇൻഡ്യാക്കാരായ നാം സസ്യാഹാരം ചെയ്യുന്നത് ഉഷ്ണപ്രദേശവാസികളാകയാലും ആണ്.

ഈ പ്രകൃതത്തിൽ മാംസാഹാരത്തെപ്പററി ഒന്നു രണ്ടു സംഗതികൾ പറവാനുണ്ട്. മാംസം ശരീരപോഷകമാണെന്ന് മുമ്പു പറഞ്ഞതിൽനിന്നു ജന്തുഹിംസചെയ്യണമെന്നോ അജമാംസമോ ഗോമാംസമോ ഭുജിക്കണമെന്നോ അൎത്ഥമാകുന്നില്ല. എല്ലാ സസ്യത്തിലും മാംസാംശം ഉണ്ടു്. ചെറുപയറു്, ഉഴുന്ന് മുതലായ ധാന്യങ്ങളും, വെണ്ടയ്ക്കാ മുതലായ സസ്യങ്ങളും ഭുജിച്ചു ശരീരപോഷണത്തിന് ആവശ്യമുള്ള മാംസാംശം സമ്പാദിക്കാവുന്നതാണ്. മൃഗമാംസം ക്ഷണേന ദഹിച്ചു ശരീരത്തിൽ പിടിയ്ക്കുംവേ,സസ്യങ്ങളിൽനിന്നു നമുക്കു വേണ്ട മാംസാംശം ലഭിക്കുന്നതിന് അവ കണക്കിലധികം ഭക്ഷിക്കേണ്ടിവരുകയും, ദഹിക്കുന്നതിന് വളരെ നേരം വേണ്ടിവരുകയും ചെയ്യുന്നു എങ്കിൽ അതിന് വേറെ ചില ഗുണങ്ങളും ഇല്ലാതില്ല. മാംസവൎജ്ജനം നിമിത്തം അഹിംസ എന്ന പരമധൎമ്മത്തെ പരിപാലിക്കുവാൻ കഴിയുന്നു എന്നുള്ളതു തന്നെ ഒരു വലിയ കാൎയ്യമാണല്ലോ.

പാഠം ൩൧.

കൎത്തവ്യകൎമ്മം.

"നോക്കേണ്ടാ ഭാവിയായുള്ളതിനെയതധികം
ശ്രേഷ്ഠമെന്നാലുമപ്പോ-
ളോക്കേണ്ടാ ചെറുപോലും മനമതിൽമൃതമാം
മുൻകഴിഞ്ഞുള്ളതും നീ!
തൽക്കാലം തന്നെ ജീവിപ്പതു ദൃഢമതിൽ യത്നിയ്ക്കു; യത്നിപ്പതോ നൽ-

ശുഷ്കാന്തിപ്രൗഢിയോടും ഭുവനപതിയെ മുൻ-
നിൎത്തിയും തന്നെ വേണം."

എല്ലാപേരുടേയും നിരന്തരമായ ആഗ്രഹം ഉൽകൎഷം സിദ്ധിക്കണമെന്നും സുഖമായിരിക്കണമെന്നും ആണല്ലോ. എന്നാൽ ഈ ആഗ്രഹസിദ്ധിയ്ക്കു അവശ്യം വേണ്ടതു കൎത്തവ്യകൎമ്മാനുഷ്ഠാനം തന്നെയാകുന്നു. പലരും ഈ വിഷയത്തിൽ മനസ്സിനെ സമാധാനപ്പെടുത്തുന്നതു് ഭാവിയെ വിചാരിച്ചാണ്. "ഞാൻ ഇപ്പോൾ ഈ സ്ഥിതിയിൽ ഇരിക്കുന്നതിനേപ്പറ്റി അത്ര വിചാരിക്കാനില്ല; വരട്ടെ; കുറെക്കാലം കൂടി കഴിഞ്ഞുകൊള്ളട്ടെ; അപ്പോഴേയ്ക്കു നമ്മുടെ സ്ഥിതിയെല്ലാം പരിഷ്കരിച്ചുകൊള്ളാം" എന്നിപ്രകാരം വിചാരിച്ചു മനോരാജ്യത്തിൽ കോട്ട കെട്ടുന്നവരുടെ സംഖ്യ ഒട്ടും ചെറുതായിട്ടുള്ളതല്ല. ഈ വിചാരം അവരിൽനിന്നു വിട്ടുതുടങ്ങുന്നതു വാൎദ്ധക്യം യൗവനദശയെ പ്രാപിക്കുമ്പോൾ മാത്രം ആകുന്നു. അപ്പോഴാണ് മനോരാജ്യത്തിന്റെ നിഷ്പ്രയോജനത്വം അവൎക്കു മനസ്സിലാകുന്നതു്. ഭാവിസുഖത്തെപ്പറ്റിയുള്ള ഈ ആശാബന്ധം ജീവിതയാത്രയ്ക്കു ഉത്സാഹപ്രദമാണെന്നിരിക്കിലും, ഒടുവിൽ ഇതു ഇച്ഛാഭംഗത്തിൽ കലാശിക്കാതിരിക്കുവാൻ ദൃഷ്ടിവയ്ക്കുന്നവർ വളരെ ചുരുക്കമാകുന്നു. ചിലരാകട്ടെ കഴിഞ്ഞ സംഗതികളെ വീണ്ടും വീണ്ടും ഓൎത്തു് കൃതകൃത്യതയെ വഹിക്കുന്നു. ഇതു അധികവും പ്രായംചെന്ന ആളുകളാണ് ചെയ്തുവരുന്നതു്. ഭാവിയേപ്പറ്റിയുള്ള മനോരഥം വിശ്വാസയോഗ്യമല്ലെന്നും, ഭൂതകാലത്തെപ്പറ്റിയുള്ള വിചാരം നിഷ്ഫലമാണെന്നും ഉള്ള തത്വം മനസ്സിലാക്കി വൎത്തമാനകാലത്തെ ശരിപ്പെടുത്തുന്നതിനാണ് നാം യത്നിക്കേണ്ടതു്. ഈ അഭിപ്രായത്തെ ഒരു ആംഗലേയകവി ഭംഗിയായി വിവരിച്ചിട്ടുള്ളതിന്റെ തൎജ്ജമയാണ് മേൽകാണിച്ച പദ്യം.

"ഭാവി എത്രയോ ശ്രേഷ്ഠമായിരിക്കട്ടെ; എന്നാലും നീ അതു നോക്കേണ്ട. ഭൂതം ഏതെല്ലാം വിധത്തിൽ ആയിരുന്നാലും അതു കഴിഞ്ഞുപോയതാകുന്നു. നീ അതും വിചാരിച്ചിട്ടാവശ്യമില്ല. ജീവിച്ചിരിക്കുന്നതു വൎത്തമാനം തന്നേയാണ്. ആ കാലത്തിലാണു നീ പ്രയത്നിക്കേണ്ടതു. പ്രയത്നിക്കുന്ന വിഷയത്തിൽ നീ പ്രധാനമായി നോക്കേണ്ടതു് ഒന്നുമാത്രമാകുന്നു. അതായതു്, ഈശ്വരമഹിമയേത്തന്നെ. ഈശ്വരശക്തി സൎവ്വത്ര നിറഞ്ഞിരിക്കുന്നു. ആ ശക്തിക്കു ഹിതമാകാത്തതു് ഒന്നും നീ പ്രവൃത്തിക്കരുതു്. എല്ലാ പ്രവൃത്തികളും ഈശ്വരവിചാരത്തോടും ശുഷ്ക്കാന്തിയോടും കൂടിവേണം ചെയ്യാൻ" എന്നാണ് മേലെഴുതിയ പദ്യത്തിൻെറ ചുരുക്കമായ അൎത്ഥം.

നോക്കുക! ഈ ഉപദേശത്തിൻെറ യുക്തി എത്ര നന്നായിരിക്കുന്നു! ഭാവി, ഭൂതം, വൎത്തമാനം ഈ മൂന്നു കാലങ്ങളിൽ ഒന്നിനെ മാത്രമേ നോക്കേണ്ടു. മററവയേ നോക്കേണ്ട എന്നാണ് ആ മഹാകവി ഉപദേശിക്കുന്നതു്. ഈ ഉപദേശത്തെ ശരിയായി അനുഷ്ഠിച്ചാൽ ഭാവിയും ഭൂതവും വൎത്തമാനവും ശോഭനമായിരിക്കയും ചെയ്യും. വൎത്തമാനകാലത്തിൽ പ്രയത്നിക്ക എന്നാണല്ലോ അദ്ദേഹം പറയുന്നതു്. അങ്ങനെ ചെയ്താൽ വൎത്തമാനകാലം സുഖകരമായിരിക്കുന്നു. കാലക്രമേണ അതു ഭൂതകാലമായിത്തീൎന്നു കൃതാൎത്ഥതയെ ജനിപ്പിക്കയും, ഭാവിയിൽ ഉത്തമഫലത്തിനു ഹേതുഭൂതമാകയും ചെയ്യുന്നു. ചുരുക്കിപ്പറയുകയാണെങ്കിൽ, ഒന്നിനേയും 'നാളെ' എന്നു നീട്ടിവയ്ക്കാതെ അപ്പഴപ്പോൾ ചെയ്യേണ്ടവയെ അപ്പഴപ്പോൾ തന്നെ അലസത കൂടാതെ ചെയ്തുതീൎത്തു കൃതാൎത്ഥനായിരുന്നുകൊള്ളുകയുമാണ് വേണ്ടതെന്നാകുന്നു ഈ ഉപദേശത്തിൻെറ സാരം.

"നാളെയാക്കെന്തു വരുമെ-
ന്നറിയാവല്ലൊരുത്തനും
ഇന്നേ ചെയ്യുതിനാൽ ധീമാൻ
നാളെ ചെയ്യേണ്ട വൃത്തികൾ"

എന്ന് ഒരു സംസ്കൃതകവി അഭിപ്രായപ്പെട്ടിട്ടുള്ളതും മേൽ വിവരിച്ച സംഗതിയേത്തന്നെ ദൃഢീകരിക്കുന്നു. ഈശ്വരവിചാരത്തോടു കൂടി ചെയ്യു എന്നു പറഞ്ഞിരിക്കുന്നതിൽനിന്ന്, ദുഷ്ടവൃത്തികൾ സകലതും നിഷേധിക്കപ്പെട്ടിരിക്കുന്നു. "ശ്രദ്ധാന്തിപ്രൗഢിയോടും" എന്നു പറഞ്ഞതിനാൽ, നാം ചെയ്യുന്ന പ്രവൃത്തിയെ "ആക്കാനും വേണ്ടീട്ട് ഓക്കാനിക്കാതെ" ഹൃദയപൂർവമായി, അതായത്, നമുക്ക് അതിനെ എത്രമാത്രം നന്നായി ചെയ്യാൻ കഴിയുമോ അത്രയും നന്നായിട്ടു തന്നെ ചെയ്യണമെന്നു നാം മനസ്സിലാക്കേണ്ടതാകുന്നു.

പാഠം ൩൨.

ആസന്നമരണനായ ഒരു കൃമി.

ആഫ്രിക്കയിലേ നീലാനദിയുടെ തീരങ്ങളിൽ വഷകാലത്ത് ഒരു മാതിരി ചെറിയ കൃമികൾ ഉണ്ടാകുന്നതായി ഒരു ദേശസഞ്ചാരി പ്രസ്താവിച്ചിട്ടുണ്ട്. ഇവയുടെ പൂർണ്ണായുസ്സ് ഒരു സൂര്യോദയം, അതായതു, മുപ്പതു നാഴിക ആകുന്നു. പകൽ മുഴുവനും ജീവിച്ചിരിക്കുക, രാത്രി സമീപിക്കുമ്പോൾ മരിക്കുക, ഇതാകുന്നു ഇവയുടെ വിധി. ആ സ്ഥിതിയ്ക്കു ഉഷസ്സിൽ തന്നെ ജനിച്ചു സന്ധ്യയ്ക്കു മരിക്കുന്ന കൃമികൾ ഇവയുടെ കൂട്ടത്തിൽ ദീർഘായുസ്സുകളും മഹാഭാഗ്യനിധികളും ആകുന്നു എന്നുള്ളതിനു സന്ദേഹമില്ലല്ലോ. ഇവയേ പററി വിസ്തരിച്ചു വർണ്ണിച്ചിരിക്കുന്ന ആ ഗ്രന്ഥകത്താവിൻെറ ബുദ്ധിസൂക്ഷ്മതയേയും ആലോചനാശക്തിയേയും കുറിച്ച

വിചാരിച്ചുകൊണ്ടു കിടക്കുമ്പോൾ, അറിയാതെ തന്നെ ഞാൻ ഉറങ്ങിപ്പോയി. കുറേ നേരം കഴിഞ്ഞപ്പോൾ എന്നെ (സ്വപ്നത്തിൽ) ഒരാൾ വന്നു വിളിക്കുന്നതായി തോന്നി. ഞാൻ "എന്തു?" എന്നു ചോദിക്കുന്നതിനു മുമ്പു തന്നെ, "നിങ്ങൾ ആ പുസ്തകകൎത്താവിന്റെ വാക്കുകളെ വിശ്വസിക്കുന്നുണ്ടോ?" എന്നു ചോദിച്ചു. ഉത്തരം പറയുന്നതിനായി സംശയിച്ചുകൊണ്ടു നില്ക്കുമ്പോൾ, ആ പുരുഷൻ പിന്നെയും "അതെഴുതിയതു ഞാൻ തന്നെയാണ്; എന്നോടു കൂടി വരികയാണെങ്കിൽ അതിന്റെ സത്യാവസ്ഥ മുഴുവനും ബോധപ്പെടുത്തിത്തരാം; ഈ കരിമ്പടത്തിന്മേൽ ഇരിക്കുക," എന്നു പറഞ്ഞു. ഞാൻ അതനുസരിച്ച് അപേക്ഷപ്രകാരം കണ്ണടച്ച് ഒരു നിമിഷം ഇരുന്നു. ഉടനേ "ഇനി കണ്ണു തുറക്കാം, ഇവയുടെ ഭാഷയെ മനസ്സിലാക്കുന്നതിനും ആകൃതി വീക്ഷിക്കുന്നതിനും ഞാൻ അനുവാദം തന്നിരിക്കുന്നു" എന്ന് എന്റെ ആ സഹഗാമി വീണ്ടും പറഞ്ഞു. ഞാൻ നോക്കി. മഹതിയായ ആ നദി ഊക്കോടുകൂടി പ്രവഹിക്കുന്നു. ഉദ്ദേശം അഞ്ചു മണി ആയിരിക്കും. ആദിത്യൻ അസ്തമിക്കാറായിരിക്കുന്നു. നദീതീരത്തിൽ അനവധി കൃമികൾ നാലുവശത്തും കൂടിനിന്ന് ഒരു വലിയ കൃമിയെ വന്ദിക്കുന്നു. പല വിധത്തിലും വയസ്സിലുമുള്ള ഈ ജന്തുക്കൾ ഈ നിലയിൽ എല്ലാം കൂടി നില്ക്കുന്നതെന്തിനെന്നു ഞാൻ പരിഭ്രമിക്കുമ്പോ, എന്റെ ചങ്ങാതി, "ഈ നടുവിൽ ഇരിക്കുന്ന ജന്തു ആസന്നമരണനാണ്, കുറേക്കൂടി കഴിഞ്ഞാൽ ഇതു മരിക്കും; ഈ ചെറിയ ജന്തുക്കളുടെയും മരണം സമീപിച്ചിരിക്കുന്നുവെങ്കിലും, അതു ഇതിന്റെ മരണത്തിനു ശേഷമേ ഉണ്ടാവു; ഇതുതന്നെയാണ് ഇക്കൂട്ടത്തിലേക്കു വയോവൃദ്ധൻ" എന്നു അദ്ദേഹം സാവധാനത്തിൽ എന്നെ ധരിപ്പിച്ചു. ഇതിനിടയ്ക്കു ആ കിഴവൻ മററുള്ളവയോടു താഴെ വരുന്നപ്രകാരം

പ്രസംഗിയ്ക്കുവാനാരംഭിച്ചു:— "സ്വദേശികളും സ്നേഹിതന്മാരും ആയുള്ളോരേ! നിങ്ങൾക്കു വന്ദനം! വളരെ ദീൎഘമായ ആയുസ്സും അവസാനിക്കുമെന്ന് എനിക്കു പൂൎണ്ണബോധം വന്നു. ഇനി ഞാൻ അധികം ഇരിക്കയില്ല. എന്നാൽ എനിക്ക് ഇതുനിമിത്തം അല്പമെങ്കിലും വ്യസനമില്ല. വാൎദ്ധക്യത്തിൽ ജീവൻ ഒരു ഭാരമാകുന്നു. അനുഭവിക്കേണ്ടതെല്ലാം ഞാൻ അനുഭവിച്ചു കഴിഞ്ഞു. എന്റെ വയസ്സിനിടയിൽ എത്ര മാററങ്ങളാണ് നമ്മുടെ രാജ്യത്തിൽ ഉണ്ടായിട്ടുള്ളതു്? അധികവും ദോഷങ്ങളാണ് വന്നിട്ടുള്ളതു്. എന്തെല്ലാം ദിനങ്ങൾ വന്ന് ഈ ദിക്കുകളെ നശിപ്പിച്ചു? എന്റെ കുടുംബം എന്തെല്ലാം കഷ്ടതയനുഭവിച്ചു? ഏതായാലും ഒരു സംഗതി സ്പഷ്ടമായി. അതാ ആ കാണുന്ന നദി! അങ്ങോട്ടു നോക്കുവിൻ. ആ തിരിവിൽ എത്ര സാവധാനത്തിൽ ഒഴുകുന്നു? പക്ഷെ എന്തിന്? അതിനു താഴെയാണ് അതിന്റെ വീഴ്ച. ഇതുപോലെതന്നെയാണ് ജീവികളുടെ ഭാഗ്യവും. വളരെ സന്തോഷം ഒരുവന് എപ്പോൾ വരുന്നുവോ ഉടനേ തന്നെ അവന്റെ ഗ്രഹപ്പിഴയും ആരംഭിക്കുന്നു. ഒരിക്കലും അതിനെ വിശ്വസിച്ചുകൂടാ. ഒരു വലിയ കൊടുങ്കാററടിച്ച് അൻപതിനായിരത്തിൽ ചില്വാനം ജനങ്ങൾ ഒന്നോടെ നശിച്ചുപോയി. യാദൃച്ഛികമായ ഒരു വായുവിനാൽ ഒരു ലക്ഷത്തോളം ആൾ അരുവിയിൽ തള്ളപ്പെട്ടുപോയി. ഹോ! ഒരു മഴ പെയ്തു് എന്തു വെള്ളപ്പൊക്കമാണ് ഉണ്ടായതു്? ഏതു വിധമെല്ലാം നാശം അതിൽനിന്നു നമുക്കുണ്ടായി? നമ്മുടെ ഏററവും ബലമുള്ള കോട്ടകൾക്കും ചില ചുഴലിക്കാററുകളെ തടുപ്പാൻ ശക്തിയില്ല. ആകാശത്തിൽ ഒരു ശകലം കറുപ്പു കണ്ടാൽ നമ്മുടെ മഹാ ശക്തന്മാരും ഞെട്ടേണ്ടിയിരിക്കുന്നു. ഞാൻ പഴയകാലം മുതലേ ഇതൊക്കെയും കണ്ടുവരുന്നുണ്ടു്. അന്നു ഞാൻ

ഇപ്പോൾ ഉള്ളവരെക്കാളും ദൃഢഗാത്രന്മാരും ബുദ്ധിശക്തി കൂടിയവരും ആകൃതിവലിപ്പം ഉള്ളവരുമായ ജന്തുക്കളും ആയിട്ടാണ് പരിചയിച്ചിരുന്നത്. എന്റെ കുട്ടികളേ! നിങ്ങൾ ഈ വാക്കുകളെ എല്ലാം ശ്രദ്ധയോടെ മനസ്സിലാക്കണം. വെള്ളത്തിന്റെ മുകളിലായി ഉരുണ്ട ഒരു വസ്തു കാണുന്നില്ലയോ? സൂര്യൻ എന്നു മനുഷ്യർ വിളിക്കുന്ന ആ ഭൂതം ഒരു കാലത്ത് ആകാശത്തിന്റെ ഒത്ത നടുവിലായിരുന്നു. അപ്പ! അന്നു നോക്കണം അതിന്റെ ശക്തി! ഈശ്വര! അന്നതിനെ കണ്ടവർ ആരെങ്കിലും അത് ഈ വിധം വയസ്സധികമായി ശക്തി ക്ഷയിച്ച് മരണോന്മുഖമായി തീരുമെന്നു വിചാരിച്ചിരുന്നുവോ? എങ്കിലും വാസ്തവം മറിച്ചല്ലയോ? അതിനും നാശം അടുത്തിരിക്കുന്നു. അതു നശിച്ചാൽ ലോകവും അന്ധകാരത്തിൽ മുഴുകിപ്പോകുമെന്നു വിചാരിപ്പാൻ വേണ്ടുവോളം ന്യായമുണ്ട്. എന്റെ കുട്ടികളേ! മനസ്സിരുത്തി കേൾക്കുവിൻ! ഒരു ദിവസം ഞാൻ ഈ ഭൂമിയിൽ ശാശ്വതമായി എന്നെന്നേയ്ക്കും ഇരിക്കുന്നവനാണെന്ന് വിചാരിച്ചിരുന്നു. അതിനാൽ എനിക്കു വൎഷകാലത്തും മററും താമസത്തിനുണ്ടാക്കിയ അറകൾ എത്ര മനോഹരങ്ങളായിരുന്നു! എന്റെ ദേഹം ഞാൻ ഏതു പ്രകാരത്തിലെല്ലാം സൂക്ഷിച്ചു? എന്റെ അംഗങ്ങൾക്കു എന്തുമാത്രം ആരോഗ്യം ഉണ്ടായിരുന്നു? എന്നാൽ എനിക്കു ജീവിച്ചിരുന്നതു മതി എന്നു തന്നെയാണ് ഇപ്പോൾ തോന്നുന്നത്. അതാ! ആ ഗോളവും ദുൎമ്മരണത്തെ പ്രാപിക്കുന്നു. എനിക്കു സംസാരിക്കാൻ വയ്യ. ഈ ലോകവും കുറെ കഴിഞ്ഞാൽ ഞങ്ങളെപ്പോലെയാകും. കുട്ടികളേ! ഇതാ ഞാനവസാനയാത്ര പറയുന്നു."

എന്റെ കൂട്ടുകാരനും ഞാനും ഈ വിലയേറിയ പ്രസംഗത്തെ സശ്രദ്ധം കേട്ടുകൊണ്ടിരുന്നുവെന്നുള്ളതിനു സംശയ-

മില്ലല്ലോ. അനന്തരം അദ്ദേഹം എന്നോട്, "നിങ്ങൾ ഈ വാക്കുകളെല്ലാം കേട്ടില്ലേ? ഇവയ്ക്കും മനുഷ്യർക്കും തമ്മിൽ എന്തു വ്യത്യാസമാണ്?" എന്നു ചോദിച്ചു. ഞാൻ ഒന്നുമില്ല എന്നും, നമുക്കു തിരിയെ പോകാമെന്നും പറഞ്ഞു. അയാൾ എൻെറ മുതുകത്ത് ഒന്നു തട്ടി. 'ഉണൎന്നു നോക്കിയപ്പോൾ കാപ്പി കുടിയ്ക്കാൻ കാലമായില്ലേ? എന്തൊരു ഉറക്കമാണിത് പകൽസമയത്ത്? എന്ന് അടുക്കൽനിന്നൊരു ശബ്ദം. 'ഇതാ, വരുന്നു ചേട്ടാ' എന്നു പറഞ്ഞു് അങ്ങോട്ടേയ്ക്കു തന്നെ പോകുകയും ചെയ്തു.

പ്രിയ വിദ്യാൎത്ഥികളേ! ഈ സ്വപ്നത്തെപ്പററി നിങ്ങൾ നല്ലപോലെ ആലോചിച്ചു തത്വം ധരിച്ചുകൊള്ളുവിൻ.

പാഠം ൭൩.

സീതാന്വേഷണം.

ചാരിത്രശാലിനി സീതേത്തിരവാനായ്
പോയില്ല സുഗ്രീവനെന്നതിനാൽ
കോപിച്ചു രാമാജ്ഞയാ ചെന്നു ചൊല്ലിനാൻ
സൗമിത്രി രാമ! ഹരേ! ശരണം. (൧)

"എന്തെന്തു സുഗ്രീവ! മൈത്രം മറന്നിങ്ങു
ചിന്തുപാട്ടും കേട്ടിരിക്കുന്നു നീ?
ബന്ധം മുറിഞ്ഞു നടകൊള്ളുമെന്നേടം
ചിന്തിയ്ക്ക രാമ! ഹരേ! ശരണം. (൨)

കാട്ടിൽ കിടന്നോരു നിന്നെക്കൊണ്ടന്നങ്ങു
നാട്ടിൽ വച്ചിട്ടല്ലോ ഗൎവ്വമേകം
കാട്ടുന്നു നീ,യതിൻെറ ഫലമിന്നു ഞാൻ
കാട്ടുവൻ രാമ! ഹരേ! ശരണം. (൩)

ബാലി കലപ്പെട്ടു പോയ വഴിയിന്നു
ത്തുണീലമ്പ്യാണമുണ്ടേതാദൃശം;
ബാലി നടന്ന വഴിക്കു നടക്കൊലാ
സുഗ്രീവ! നീയും ഹരേ! ശരണം. (൭)

അക്കതനൂജ! നിനക്കു നന്നല്ലിതു
ധിക്കാരം നമ്മോടെട്ടതതിനാൽ
കിഷ്കിന്ധ മറ്റൊരുവന്നാക്കുവന്നെൻെറ-
യച്ഛൻ തന്നാണ ഹരേ! ശരണം." (൮)

വെട്ടമിടി കേട്ടു ഞെട്ടുമരയന്ന-
ക്കുട്ടക്കിടാവു പോലെ സുഗ്രീവൻ
ഞെട്ടിത്തെറിച്ചു ദുഷ്ടാരിഗിരം കേട്ടു
പെട്ടെന്നു രാമ! ഹരേ! ശരണം. (൯)

മട്ടോലും വാണിയാം സീതേത്തിരവാനായ്
ചട്ടേറ്റും വാനരവീരന്മാരെ
എട്ടു ദിക്കിങ്കലയച്ചു സുഗ്രീവനും
പെട്ടെന്നു രാമ! ഹരേ! ശരണം. (൧൦)

വട്ടമിട്ടൊന്നുഴന്നിട്ടു സുഗ്രീവനും
ദൃഷ്ടിമുന പാർത്തു തുഷ്ടാത്മനാ
പെട്ടെന്നു വന്ദിച്ചു നിന്നപ്പോൾ സന്തോഷം
കിട്ടിയ രാമ! ഹരേ! ശരണം. (൧൧)

തൃക്കണ്ണുകൊണ്ടാഞ്ജനേയം വിളിച്ചുടൻ
തൻകൈയിൽ വച്ച നിജാംഗുലീയം
തൻകണ്ണുത്തുങ്കലടയാളവാക്കരു-
ളിച്ചെയ്ത രാമ! ഹരേ! ശരണം. (൧൨)

തൃക്കഴൽ കുപ്പിത്തൊഴുതവനപ്പോഴേ
മക്കടവീരവരന്മാരോട്

മുമ്പോട്ടു തിക്കിത്തിരക്കി നടകൊണ്ടു
തെക്കോട്ടു രാമ! ഹരേ! ശരണം. (൧൦)

പാഠം ൪൯.

അനുമാനം.

എല്ലാവിധം ജ്ഞാനവും ബുദ്ധിയെ ആശ്രയിച്ചിരിക്കുന്നതിനാൽ ആന്തരം എന്നു തന്നെ പറയാം എങ്കിലും, അവയുടെ ഉൽപ്പത്തിസ്ഥാനത്തെ അപേക്ഷിച്ച ആന്തരമെന്നും ബാഹ്യമെന്നും വിഭജിക്കപ്പെട്ടിരിക്കുന്നു. പഞ്ചേന്ദ്രിയങ്ങൾവഴിയായി ഉണ്ടാകുന്ന ജ്ഞാനം ബാഹ്യമെന്നും, ആലോചനകൊണ്ടു ബുദ്ധിയിൽ തന്നെ ഉണ്ടാകുന്നത് ആന്തരമെന്നും വ്യവഹരിക്കപ്പെടുന്നു. ഇവയ്ക്കു് അന്യോന്യാശ്രയം വളരെയുണ്ടെങ്കിലും, ഈ വിഭാഗം പ്രസ്തുതവിഷയത്തിന് അത്യന്തം ആവശ്യമാണ്. ശരീരത്തിനുള്ളിൽ ഉണ്ടാകുന്ന വികാരങ്ങളെക്കുറിച്ചുള്ള അറിവു ബാഹ്യമായിത്തന്നെ ഗണിക്കപ്പെടുന്നു.

ആന്തരമായ ജ്ഞാനത്തിനൊക്കെയും അടിസ്ഥാനമായി വസ്തുക്കൾ തമ്മിലുള്ള സാമ്യത്തിന്റേയും ഭിന്നത്വത്തിന്റേയും ബോധവും ധാരണാശക്തിയും ആണ് എന്ന് ഇദാനീന്തനന്മാരായ പാശ്ചാത്യപണ്ഡിതന്മാർ വ്യവഹരിക്കുന്നു. ഇവയുടെ സഹായംകൊണ്ടു നാം പലവിധമായി ബുദ്ധിയെ വ്യാപരിപ്പിക്കുന്നു. ഇങ്ങനെയുള്ള വ്യാപാരങ്ങളിൽ അനുമാനവും ഉപമാനവും ആണ് പ്രധാനമായിട്ടുള്ളത്. അനുമാനത്തെക്കുറിച്ചു ഈ പാഠത്തിൽ ചുരുക്കമായി വിവരിക്കാം.

സ്ഥൂലമായി പറയുന്നതായാൽ, ഒരു സംഗതിയിൽനിന്നും മറ്റൊന്നിന്റെയോ ചിലതിന്റെയോ സഹായംകൊണ്ടു വേറെ ഒരു സംഗതിയെ ഗ്രഹിക്കുന്നതാണ് അനുമാനം.

'രാമൻ കറുത്താണ്', 'കൃഷ്ണൻ കുരുടനാണ്', 'പക്ഷി പറക്കുന്നു' ഇങ്ങിനെയുള്ള പ്രതീതികൾ അനുമാനമല്ലെന്നു സ്പഷ്ടമാകുന്നു. ഇതെല്ലാം ബാഹ്യമായ പ്രത്യക്ഷജ്ഞാനത്തിൽ ഉൾപ്പെടുന്നു. അതുപോലെ തന്നെ,

(1) "എല്ലാ മനുഷ്യൎക്കും മരണമുണ്ട്
അതുകൊണ്ടു ഒരു മനുഷ്യനു മരണമുണ്ട്."

(2) "രാമൻ കറുത്താണ്; അതുകൊണ്ടു രാമൻ
ചുവന്നോ, വെളുത്തോ മററു കറുപ്പല്ലാത്ത
നിറത്തിലോ അല്ല."

ഈ വിധമായ ജ്ഞാനവും അനുമാനമാകുന്നില്ല. ഇവയേ അനുമാനാഭാസം എന്നേ പറയാൻ പാടുള്ളൂ.

അനുമാനം രണ്ടു വിധത്തിലാകാം:—(1) വിശേഷത്തിൽനിന്നു സാമാന്യത്തെ ഗ്രഹിക്കുക; (2) സാമാന്യത്തിൽനിന്നും മറെറാരു സാമാന്യത്തിൻേറയോ വിശേഷത്തിൻേറയോ സഹായംകൊണ്ടു, ഒരു സാമാന്യത്തേയോ വിശേഷത്തേയോ ഗ്രഹിക്കുക. ഓരോരോ മനുഷ്യർ മരിക്കുന്നതിനെ കണ്ടു്, എല്ലാ മനുഷ്യരും മരിക്കുമെന്നു നമുക്കുണ്ടാകുന്ന ജ്ഞാനം വിശേഷങ്ങളിൽനിന്നും സാമാന്യത്തിൻെറ അനുമാനത്തിന് ഉദാഹരണങ്ങളാകുന്നു. ധൂമം കാണുന്ന ഓരോ സ്ഥലത്തും അഗ്നിയുള്ളതായി പ്രത്യക്ഷമായി കണ്ടറിഞ്ഞു്, ധൂമമുള്ളേടത്തെല്ലാം അഗ്നിയും നിശ്ചയമായി ഉണ്ടായിരിക്കുമെന്നു പ്രത്യക്ഷമായി കാണാതെ തന്നെ ഉണ്ടാകുന്ന ജ്ഞാനവും ഇതിനുദാഹരണമാകുന്നു.

രണ്ടാമത്തെ വിധം അനുമാനത്തിന് ഉദാഹരണം:—

(1) "എല്ലാ മനുഷ്യരും പ്രാണികളാണ്,
എല്ലാ ഹിന്തുക്കളും മനുഷ്യരാണ്.
അതുകൊണ്ടു് എല്ലാ ഹിന്തുക്കളും പ്രാണികളാണ്."

(2) "എല്ലാ മനുഷ്യൎക്കും മരണമുണ്ടു്,
രാമൻ മനുഷ്യനാണു്.
അതുകൊണ്ടു രാമനു മരണമുണ്ടു്."

ഇതുപോലെ തന്നെ നിഷേധരൂപമായും അനുമാനമുണ്ടാകും. സാമാന്യങ്ങളുടെയും, വിശേഷങ്ങളുടെയും, വിധിയുടെയും, നിഷേധത്തിന്റെയും സങ്കലനംകൊണ്ടു് ഈ വിധം പത്തൊൻപതു രൂപമായി അനുമാനങ്ങൾ ഉണ്ടാകാം. എന്നാൽ രണ്ടു നിഷേധങ്ങളിൽനിന്നോ, രണ്ടു വിശേഷങ്ങളിൽനിന്നോ, യാതൊരു അനുമാനവും ഉണ്ടാകുന്നതല്ല.

മേൽപറഞ്ഞതിൽനിന്നു്, ഒന്നാമത്തെ വിധം അനുമാനംകൊണ്ടു്, ഒരു സാമാന്യം സിദ്ധിച്ചതിനു മേൽ അല്ലാതെ രണ്ടാമത്തെ വിധം അനുമാനത്തിനു പ്രസക്തിയില്ലെന്നു സ്പഷ്ടമാകുന്നു. വാസ്തവത്തിൽ ഒന്നാമത്തേതാണു വളരെ കഠിനം. അതിനെ അപേക്ഷിച്ചു് രണ്ടാമത്തേതു വളരെ ലഘുവാണു്. അതുകൊണ്ടു് ഒന്നാമത്തേതിനെക്കുറിച്ചു് മാത്രം കുറേക്കൂടി താഴെ വിവരിക്കുന്നു.

ഈ വിധം അനുമാനത്തിനൊക്കെയും അടിസ്ഥാനമായി ഒരു ഭൂമികയുണ്ടു്. സ്ഥൂലമായി ആ ഭൂമികയെ ഇങ്ങനെ പറയാം:—ഇതിനു മുമ്പു നടന്നിട്ടുള്ളതുപോലെ തന്നെ ലോകം ഇനിമേലും നടക്കും. മനുഷ്യരുടെ സകല പ്രവൃത്തിയിലും ഈ ഭൂമികയിലുള്ള വിശ്വാസം അന്തൎഭവിച്ചിരിക്കുന്നു. വളരെ സാധാരണയായതുകൊണ്ടു് ജനങ്ങൾ അതിന്റെ ഗൗരവം അറിയുന്നില്ല. കുറേ രൂപ ഒരു സഞ്ചിയിൽ കെട്ടി പെട്ടിയിൽ വച്ചു പൂട്ടിയാൽ നാളെ പെട്ടി തുറക്കുമ്പോൾ അതു വേറെ ഒരു സാധനമായി പരിണമിച്ചെങ്കിലോ എന്നുള്ള ഭയം ആരുടെ ഉറക്കത്തിനും വിഘ്നമായിത്തീരുന്നില്ല. രൂപയെല്ലാം അടുക്കടുക്കായി കൂടിച്ചേൎന്നു് ഒരു സൎപ്പമായി തീൎന്നേയ്ക്കാമെന്നുള്ള സംശയത്തിനിടയുണ്ടെങ്കിൽ, ഈ പ്ര-

പഞ്ചത്തിൻെറ കഥ എന്തായിരിക്കാം എന്നു വിചാരിക്കാൻ കൂടി പാടില്ല. ഒരു നാളികേരം നട്ടാൽ, അതു ക്രമേണ തെങ്ങായി നാളികേരം തന്നെ പിന്നേയും ഫലമായി ഉണ്ടാകുമെന്നു നമുക്കു നല്ല നിശ്ചയമുണ്ടു്. വെയ്യത്തു് ഒരു സഹസ്രകലശം കഴിച്ചാൽ പവൻ തന്നെ വിളഞ്ഞേയ്ക്കാം എന്നു് എത്ര തന്നെ ദുൎമ്മോഹമുള്ള ആളുകളും ആശിയ്ക്കാറില്ല. വെടിമരുന്നു വെള്ളത്തിൽ മുക്കിയാൽ മൂകാംബിയിൽ നാല്പത്തൊന്നു ദിവസം ഭജിച്ചാലും, വെടി പൊട്ടുന്നതല്ലെന്നു ജനങ്ങൾക്കു നല്ല നിശ്ചയമുണ്ടു്. നിയതമായി ചില സംഗതികളിൽനിന്നും മററു ചില സംഗതികൾ ഉണ്ടായിട്ടുണ്ടെന്നുള്ള ബോധവും, ഇനിയും ഈ നിയതത്വത്തിനു യാതൊരു കുറവും വരുന്നതല്ലെന്നുള്ള വിശ്വാസവും ഈ ലോകത്തിൽ സൎവ്വത്ര വ്യാപിച്ചിട്ടുണ്ടു്. മിക്കവാറും ഇതിനേ തന്നെയാണു് കാൎയ്യകാരണസംബന്ധം എന്ന ശബ്ദത്താൽ നാം ഗ്രഹിക്കുന്നതു്. ഈ തത്വത്തിൻെറ ബോധത്തെ ചിലപ്പോൾ കാമക്രോധാദി മനോവികാരങ്ങൾ മൂടുന്നതുകൊണ്ടു അന്ധവിശ്വാസങ്ങളും അനാചാരങ്ങളും ഉത്ഭവിക്കുന്നു.

ഒരു സംഗതിയിൽനിന്നും മറെറാരു സംഗതി നിയതമായി ഉണ്ടാകുമെന്നു് അറിഞ്ഞാൽ, മുൻപറഞ്ഞതു കാരണവും രണ്ടാമത്തേതു കാൎയ്യവും ആണെന്നു ജനങ്ങൾ വ്യവഹരിക്കുന്നു. എന്നാൽ രണ്ടു സംഭവങ്ങൾ തമ്മിൽ ഈ നിയതത്വം, അല്ലെങ്കിൽ കാൎയ്യകാരണസംബന്ധം, ഉണ്ടോ ഇല്ലയോ എന്നറിയുന്നതു വളരെ പ്രയാസമാണു്. പല തവണയും ഇവയെ ഒന്നിച്ചു കണ്ടാൽ നിയതത്വം ഊഹിക്കാമെന്നാണു് പൊതുവിൽ പറയാറുള്ളതു്. സൂക്ഷ്മം ആലോചിക്കുന്നതായാൽ, ഇതു കേവലം അബദ്ധമാണെന്നു സ്പഷ്ടമാകും. ഒന്നാമതു്, പല തവണ എന്നു പറയുന്നതു് എത്ര തവണയാണു്? പത്തോ നൂറോ ആയിരമോ? ഈ ചോദ്യ-

ത്തിനു ഖണ്ഡിച്ചുത്തരം പറവാൻ ആരുമുണ്ടാവില്ല. ഒരു പുരുഷായുസ്സിൽ ഉണ്ടാകാവുന്ന അനുഭവങ്ങളിൽനിന്നു നിയതത്വത്തെ ഊഹിക്കാം എന്നോ, അല്ലെങ്കിൽ വളരെ പുരുഷായുസ്സുകളിൽനിന്ന് ഊഹിക്കാമെന്നോ പറയുന്നതായാൽ അതും മതിയാകുന്നതല്ല. എൻെറ പുരയിടത്തിൽ ഒരു നാളികേരം താഴെ വീഴുമ്പോഴൊക്കെയും ലോകത്തിൽ എവിടെ എങ്കിലും ഒരു മനുഷ്യൻ മരിക്കുമെന്നു ഞാൻ ദൃഷ്ടാന്തപ്പെടുത്താം. എൻെറ പൂർവികന്മാരുടെ കാലത്തും നാളികേരം വീണപ്പോഴൊക്കെയും ആരെങ്കിലും മരിച്ചിട്ടുണ്ടെന്നും ദൃഷ്ടാന്തപ്പെടുത്താം. അതുകൊണ്ടു മരണത്തിന് അനേകം കാരണങ്ങളുള്ളതിൽ എൻെറ പുരയിടത്തിൽ നാളികേരം വീഴുന്നതും ഒന്നാണെന്ന് ആരും സമ്മതിക്കുമെന്നു തോന്നുന്നില്ല. പല തവണ രണ്ടു സംഭവങ്ങളെ ഒന്നിച്ചു കാണുന്നതുകൊണ്ടു മാത്രം നിയതത്വം ഊഹിക്കാൻ പാടില്ലെന്ന് ഇതുകൊണ്ടു സ്പഷ്ടമാകുന്നു. ഇതിനു പുറമേ, ഒരേ തവണ കാണുന്നതിൽനിന്നു നിയതത്വം ഉണ്ടെന്നു നാം പലപ്പോഴും അറിയാറുണ്ടു. ഫലവൃക്ഷങ്ങൾ യാതൊന്നുമില്ലാത്ത ദിക്കിൽ വളൎന്നിട്ടുള്ള ഒരാൾ, ഒരു ഊരാളി നാളികേരം വെട്ടുന്നതു കണ്ടാൽ, അവൻെറ കത്തികൊണ്ടുള്ള വെട്ടാണ് നാളികേരം താഴെ വീഴുന്നതിനു കാരണമെന്നു ക്ഷണത്തിൽ തീൎച്ചപ്പെടുത്തുന്നു. വെടിമരുന്നിനു തീ വച്ചാൽ, അതു പൊട്ടുന്നത് ഒരിക്കൽ കണ്ടാൽ, പിന്നേയും മരുന്നും തീയും സമീപത്തിൽ വന്നാൽ, അതുപോലെ ജ്വാലയും ശബ്ദവും ഉണ്ടാകുമെന്നു നാം നിശ്ചയിക്കുന്നു. ഈദൃശദൃഷ്ടാന്തങ്ങൾകൊണ്ട് കേവലം ഭൂയോദൎശനംകൊണ്ടു മാത്രം നിയതത്വത്തിൻെറ ബോധമുണ്ടാകുന്നതല്ലെന്നുള്ളതിനു പുറമേ, ഭൂയോദൎശനം കൂടാതെ തന്നെ ഈ വിധം ബോധം ഉണ്ടാകുന്നു എന്നും സ്പഷ്ടമാകുന്നു.

ഈ യുക്തികൾക്കു ചില ആക്ഷേപങ്ങളും സമാധാനങ്ങളും താൎക്കികന്മാർ പറയും. എന്നാൽ ആ ഭാഗങ്ങൾ ഒന്നും ഇവിടെ വിവരിക്കണമെന്നു വിചാരിക്കുന്നില്ല. അവ ഒക്കെയും വാക്കുകളെക്കൊണ്ടുള്ള വഴക്കാണ്. അവസാനത്തിൽ വാക്കുകളെക്കുറിച്ചുള്ള അറിവു വൎദ്ധിപ്പിക്കുന്നതല്ലാതെ, അവയെക്കൊണ്ടു യാതൊരു പ്രയോജനവുമില്ല. കാൎയ്യകാരണസംബന്ധത്തെക്കുറിച്ചുള്ള വാദപ്രതിവാദങ്ങളൊക്കെയും വളരെക്കാലത്തേയ്ക്കു കേവലം വാഗ്വാദങ്ങൾ തന്നെ ആയിരുന്നു. ഇദാനീന്തനന്മാരായ ഇംഗ്ലീഷ്പണ്ഡിതന്മാർ പഴയ പദ്ധതി വിട്ടു നവീനമായി ഒരു വിവരണം ചെയ്തിട്ടുണ്ടു.

ഒന്നാമതായി, കാരണം കാൎയ്യത്തിന്റെ മുമ്പു വൎത്തിക്കുന്നതായിരിക്കണം. രണ്ടും ഒരേ സമയത്തു വൎത്തിക്കുന്നുവെങ്കിലും, നിയതമായി രണ്ടും ചേൎന്നു കാണപ്പെടുന്നെങ്കിലും കാൎയ്യകാരണസംബന്ധമില്ലെന്നു തന്നെ ഊഹിക്കാം. സ്വൎണ്ണത്തിന്റെ നിറം മററു പദാൎത്ഥങ്ങൾക്കു ഒന്നിനുമില്ലെന്നു പ്രസിദ്ധമാണല്ലോ. വെള്ളംകൊണ്ടു തൂക്കിനോക്കിയാൽ സ്വൎണ്ണത്തിനുള്ള ഘനം മററു യാതൊരു പദാൎത്ഥത്തിനുമില്ല. എന്നാൽ നിറത്തിനും ഘനത്തിനും തമ്മിൽ കാൎയ്യകാരണസംബന്ധമുണ്ടെന്നു ഊഹിക്കാൻ പാടില്ല. പുരാണപണ്ഡിതന്മാരും ഈ തത്വത്തെ വിവരിക്കുന്നുണ്ടെങ്കിലും, അതിൽനിന്നു മുമ്പോട്ടു ഒരടിപോലും അവർ ആരും വച്ചിട്ടുള്ളതായി തോന്നുന്നില്ല.

പ്രപഞ്ചം മുഴുവനും പരമാണുക്കളെക്കൊണ്ടും, അവയിൽ അന്തൎഭൂതമായിട്ടുള്ള ശക്തിയെക്കൊണ്ടും, നിൎമ്മിക്കപ്പെട്ടിരിക്കുന്നു. പരമാണുക്കൾക്കാകട്ടെ, ശക്തിയ്ക്കാകട്ടെ, ഒരു കാലത്തും വൎദ്ധനയും ലയവുമില്ല. ഇപ്പോൾ എത്ര പരമാണുക്കൾ ഉണ്ടോ, അത്രയും എന്നുമുണ്ടായിരുന്നു എന്നും

ഇനിയും എന്നും ഉണ്ടായിരിക്കുമെന്നും ശാസ്ത്രജ്ഞന്മാർ തീച്ച്പ്പെടുത്തിയിരിക്കുന്നു. അതുപോലെ തന്നെ പലവിധത്തിലായി എത്രത്തോളം ശക്തി പ്രപഞ്ചത്തിലുണ്ടോ, അത്രയും എന്നുമുണ്ടായിരുന്നു. ഇനിയും എന്നും ഉണ്ടായിരിക്കയും ചെയ്യും. എന്നാൽ പരമാണുക്കളുടെ സംഘടനം പലപ്രകാരത്തിൽ ഉണ്ടാകയും പിന്നീടു മാറി മാറി വേറേ അനേകം വിധങ്ങളായി പരിണമിക്കയും ചെയ്യുന്നതുപോലെ, ശക്തിയും അനേക രൂപത്തിൽ മാറി മാറി കാണപ്പെടുന്നു. അഗ്നി, ശബ്ദം, തേജസ്സ്, വിദ്യുത്ത് മുതലായി പല ശക്തികൾ ഉള്ളവ ഒക്കെയും വാസ്തവത്തിൽ ഒന്നു തന്നെയാണ്. ഇച്ഛപോലെ ഒന്നിനെ മറെറാന്നാക്കാമെന്ന് പ്രകൃതിശാസ്ത്രപണ്ഡിതന്മാർ ദൃഷ്ടാന്തങ്ങളെക്കൊണ്ടു കാണിക്കുന്നു. ഇങ്ങനെ വേഷം മാറുന്നതിൽ ഒട്ടുക നോക്കിയാൽ ശക്തിക്കു കൂടുതലും കുറവും വരുന്നതല്ലെന്നും അളന്നും തൂക്കിയും എണ്ണിയും തീച്ച്പ്പെടുത്തിയിട്ടുണ്ട്. പ്രകൃതിശാസ്ത്രത്തിൽനിന്നും ലഭിച്ചിട്ടുള്ള ഈ തത്വത്തെ പാശ്ചാത്യന്മാരായ താൎക്കികന്മാർ അനുമാനത്തിന്റെ സ്വഭാവം വിവരിക്കുന്നതിൽ ഉപയോഗപ്പെടുത്തിയിരിക്കുന്നു.

ഏതെങ്കിലും ഒരു വിധം ശക്തി മറെറാരു വിധമായി പരിണമിക്കുന്നെങ്കിൽ, അവിടെ കാൎയ്യകാരണസംബന്ധം തീച്ച്യായി ഉണ്ടെന്നും, ഇല്ലെങ്കിൽ അതു സംശയമാണെന്നും അവർ വിവരിക്കുന്നു. സ്വൎണ്ണത്തിന്റെ നിറത്തിനും ഘനത്തിനും തമ്മിൽ ഇങ്ങനെ ശക്തിയുടെ പരിണാമം യാതൊന്നും കാണുന്നില്ല. നാളികേരം ഒരു ദിക്കിൽ വീഴുന്നതിനും മറെറാരു ദിക്കിൽ ഒരു മനുഷ്യൻ മരിക്കുന്നതിനും തമ്മിൽ സംബന്ധമില്ലെന്ന് ഈ കാരണംകൊണ്ടു് തന്നെ തീച്ച്യായിട്ടറിയാം. ഒരു മനുഷ്യന്റെ തലയിൽ തന്നെ നാളികേരം വീഴുന്നെങ്കിൽ, ഭൂമിയുടെ ആകൎഷണശക്തി ശ-

ബ്ദവും ചൂടും ഉണ്ടാകുന്നതിനു പുറമേ, അവൻെറ തലയിലുള്ള പരമാണുക്കളുടെ സംഘടനശക്തിയെ ഭേദപ്പെടുത്തുകയും ചെയ്യും. അതിൽനിന്നു മരണമുണ്ടാകാം. ഒരു വിറക് കത്തി ഭസ്മമാകുമ്പോഴും, വെടിമരുന്നു തീ പിടിച്ചു പൊട്ടുമ്പോഴും, എന്നുവേണ്ട, കാൎയ്യകാരണസംബന്ധമുണ്ടെന്നു നിസ്സംശയമായി പ്രതീതിയുണ്ടാകുന്ന സന്ദൎഭങ്ങളിലൊക്കെയും, ശക്തിയുടെ പരിണാമത്തെ ശതാംശമെങ്കിലും തെററിപ്പോകാതെ പ്രകൃതിശാസ്ത്രജ്ഞന്മാൎക്കു ദൃഷ്ടാന്തപ്പെടുത്താൻ കഴിയും. ഇതാണ് കാൎയ്യകാരണസംബന്ധത്തെ വിവരിക്കുന്നതിൽ നവീനമായ സമ്പ്രദായം.

പാഠം ൭൫.

കൂലി അല്ലെങ്കിൽ ശമ്പളം.

ഒരു വേല ചെയ്യുന്ന ആളുകൾക്കു അധികം കൂലിയും മറെറാരു വേല ചെയ്യുന്ന ആളുകൾക്കു കുറഞ്ഞ കൂലിയും കിട്ടുന്നു. ഉദാഹരണത്തിനു, മൺവെട്ടികൊണ്ടു വേല ചെയ്യുന്ന ആൾ വാങ്ങിക്കുന്ന കൂലിയേക്കാൾ, ഒരു തട്ടാനോ ദന്തപ്പണിക്കാരനോ അധികം കൂലി വാങ്ങിക്കുന്നുണ്ടല്ലോ. എന്നാൽ ഇങ്ങനെ അധികം കൂലി കിട്ടുന്നതു അധികം ശ്രമം ചെയ്യേണ്ടിയിരിക്കുന്നു എന്നുള്ളതുകൊണ്ടല്ല.

ശരീരശ്രമത്തിൽ എങ്ങനെ ഭേദങ്ങളുണ്ടോ, അങ്ങനെ മാനസികശ്രമത്തിലും ഭേദങ്ങൾ ഉണ്ടു. എങ്ങനെയെന്നാൽ, രാവും പകലും പ്രയാസപ്പെട്ടു കണക്കുകൾ എഴുതുന്ന ഒരു അധികാരത്തിൽപ്പിള്ളയ്ക്കു എത്ര ശമ്പളം കൊടുക്കണമോ അതിലും വളരെ അധികം ഒരു ന്യായാധിപനു കൊടുക്കേണ്ടിയിരിക്കുന്നു. അതുകൊണ്ടു് ഒരു വേലയിൽ അധികമായോ കുറവായോ കൂലി കിട്ടുന്നതു് അതിൽ അധികമായോ

കുറവായോ ശ്രമം ചെയ്യേണ്ടിയിരിക്കുന്നതുകൊണ്ടല്ല എന്നു സ്പഷ്ടമാകുന്നു. എന്നാൽ കൂലിയിലുള്ള ഭേദം എന്തുകൊണ്ടാകുന്നു എന്നുള്ളതു താഴെ വിവരിക്കാം.

പദാൎത്ഥങ്ങൾക്കു വിലയ്ക്കു താരതമ്യം ഉണ്ടാകുന്നത് ഏതു കാരണത്താലോ, ആ കാരണത്താൽ തന്നെ ആകുന്നു വേലയ്ക്കും കൂലിയ്ക്കും തമ്മിൽ താരതമ്യമുണ്ടാകുന്നത്. ഒരു വേല ചെയ്യുന്നതിനു പൎയ്യാപ്തന്മാരായ ആളുകളുടെ എണ്ണം കുറഞ്ഞിരുന്നാൽ ആ വേലയ്ക്കു കൂലി അധികമായും, ധാരാളമായിരുന്നാൽ കൂലി കുറവായും ഇരിക്കും. ഈ ക്രമത്തിനു മൺവെട്ടികൊണ്ടു വേലചെയ്യുന്നതിന് എത്ര ആളുകൾ കിട്ടുമോ, അത്രത്തോളം ആളുകൾ ദന്തപ്പണി ചെയ്യുന്നതിനോ, സ്വൎണ്ണവേല ചെയ്യുന്നതിനോ, കണക്കെഴുതുന്നതിനോ, ന്യായവിവേചനം ചെയ്യുന്നതിനോ ലഭിക്കാതിരിക്കുന്നു എന്നുള്ളതിനാൽ, അവരുടെ വേലയ്ക്ക് അധികം കൂലി കൊടുക്കേണ്ടിവരുന്നു.

ഇതിനുള്ള മുഖ്യകാരണം ദന്തവേലകളോ ആഭരണങ്ങളോ ചെയ്വാൻ പഠിപ്പിക്കുന്നതിന് അധികം ചിലവും, ഈ വേലകളെ അഭ്യസിച്ച് അവയിൽ യോഗ്യത സമ്പാദിക്കുന്നതിന് അധികകാലതാമസവും വേണ്ടിയിരിക്കുന്നതാകുന്നു. ആ കാലത്തിനിടയ്ക്കു വിദ്യാൎത്ഥിക്കു തന്റെ കാലക്ഷേപം നടത്താനും, ഗുരുവിനു ശമ്പളം കൊടുപ്പാനും മററും ദ്രവ്യം വേണ്ടിയിരിക്കുന്നു. ഇങ്ങനെ മുമ്പേറ ദ്രവ്യം ചിലവു ചെയ്തെങ്കിൽ മാത്രമേ ആ വേലകളിൽ നിപുണത സമ്പാദിപ്പാൻ കഴിയു. ഇതുപോലെ തന്നെ സാമാന്യമായ കണക്കെഴുത്തുവേല അഭ്യസിക്കുന്നതിനു വേണ്ടിയിരിക്കുന്നതിനെക്കാൾ ന്യായശാസ്ത്രം അഭ്യസിച്ച് അതിൽ പാണ്ഡിത്യം സമ്പാദിക്കുന്നതിന് അധികം ചിലവും കാലതാമസവും വേണ്ടിവരുന്നു. ഇങ്ങനെ അധികം ചിലവും കാലതാമസവും ആവശ്യപ്പെടുന്ന ന്യായശാസ്ത്രാഭ്യാസംകൊണ്ടു അധി-

കം ദ്രവ്യം ആദായമായി കിട്ടുമെന്നുള്ള നിശ്ചയമില്ലാതിരുന്നു-വെങ്കിൽ, അങ്ങനെയുള്ള അധികച്ചിലവു ചെയ്വാൻ ശേ-ഷിയും മനസ്സും ഉള്ള ആളുകളാരും തങ്ങളുടെ കുഞ്ഞുങ്ങളെ ആ ശാസ്ത്രം പഠിപ്പിപ്പാൻ പുറപ്പെടുകയില്ലായിരുന്നു.

ഒരു വിദ്യ അഭ്യസിക്കാനായി അയക്കപ്പെട്ട ഒരു ബാലൻ മൂഢനോ അലസനോ ആയിത്തീൎന്ന് ആ വിദ്യകൊണ്ടു തന്റെ ഉപജീവനമാൎഗ്ഗം നേടിക്കൊൾവാൻ മതിയായ പാ-ണ്ഡിത്യം സമ്പാദിക്കാതെ പോകാവുന്നതാണല്ലോ. അ-പ്പോൾ അവന്റെ പിതാവു പുത്രന്റെ വിദ്യാഭ്യാസത്തി-നായി ചെയ്ത ചിലവുകൾ ഒക്കെയും നിഷ്പ്രയോജനങ്ങളായി പോയല്ലോ എന്നു നിരാശപ്പെടുന്നു. ഇത്രയും പറഞ്ഞ-തിൽനിന്ന്, ഒരു മാസം കണക്കെഴുതുന്ന ആളിനേക്കാൾ ഒരു മാസം ന്യായാധിപകൃത്യം വഹിക്കുന്ന ആളിനു കൂടുതൽ ശമ്പളം ലഭിക്കുന്നതു ന്യായാധിപനാകുന്നതിനു വേണ്ട യോ-ഗ്യതകൾ സമ്പാദിപ്പാൻ അധികം ചിലവും കാലതാമസ-വും വേണ്ടിവരുന്നതുകൊണ്ടും, ഒരു വേള മൂഢത്വത്താലോ അലസതയാലോ പാണ്ഡിത്യം സമ്പാദിക്കാതെ പോയാൽ ദ്രവ്യവ്യയം വരുന്നതുകൊണ്ടും ആണെന്നു തെററിദ്ധരിക്കരുത്; അങ്ങനെയുള്ള കാൎയ്യങ്ങളിൽ പ്രവൎത്തിച്ചു പാണ്ഡിത്യം സമ്പാദിച്ചുവരുന്ന ആളുകൾ ചുരുക്കമാകകൊണ്ടാകുന്നു.

ഒരു പദാൎത്ഥത്തിന്റെ വില കൂടിയോ കുറഞ്ഞോ ഇരി-ക്കുന്നതു്, ആ പദാൎത്ഥം ചുരുക്കമായോ ധാരാളമായോ ഇരി-ക്കുന്നതിന്റെ അവസ്ഥ പോലെ ആണെന്നു മുമ്പൊരു പാഠത്തിൽ വിവരിച്ചിട്ടുണ്ടു്. അപ്രകാരം തന്നെ, ഒരു വേല-യ്ക്കുള്ള കൂലി കൂടിയോ കുറഞ്ഞോ വരുന്നതു്, ആ വേല ചെ-യ്വാൻ യോഗ്യത സമ്പാദിച്ച ആളുകളുടെ എണ്ണം കൂടിയോ കുറഞ്ഞോ ഇരിക്കുന്നതിന്റെ അവസ്ഥ പോലെ ആകുന്നു.

ഒരു വിദ്യയിൽ പാണ്ഡിത്യം സമ്പാദിക്കുന്നതിന് അധി-

കം ദ്രവ്യം ചിലവു ചെയ്യുന്നതുനിമിത്തം അധികം ദ്രവ്യം കിട്ടുന്നതിന്ന് ഇടയായി തീരുന്നതു പോലെ, മഹാബുദ്ധിയും അധികം ദ്രവ്യം കിട്ടുന്നതിന്നു കാരണമായി തീരുന്നു. എന്തുകൊണ്ടെന്നാൽ, അധികം ദ്രവ്യം ചിലവുചെയ്തു ഒരു വിദ്യയിൽ പാണ്ഡിത്യം സമ്പാദിക്കാൻ കഴിയുന്ന ആളുകൾ ചുരുക്കമായിരിക്കുന്നതു പോലെ തന്നെ, മഹാബുദ്ധിശക്തിയുള്ള ആളുകളും ചുരുക്കമായിരിക്കുന്നുവല്ലോ. അതുകൊണ്ടാകുന്നു ഒരു വിദ്യ സമ്പാദിക്കുന്നതിൽ സാമാന്യബുദ്ധിശക്തിയുള്ള ഒരുവന്നും അസാമാന്യബുദ്ധിശക്തിയുള്ള ഒരുവന്നും ചിലവു് ഒരുപോലെ തന്നെ ആയിരുന്നാലും, അസാമാന്യബുദ്ധിശക്തിയുള്ളവന്നു സാമാന്യബുദ്ധിശക്തിയുള്ളവന്നേക്കാൾ കൂടുതൽ ശമ്പളം കിട്ടുന്നതു്.

ചില വേലകൾക്കു കൂലി അധികം കൊടുക്കേണ്ടിയിരിക്കുന്നതു്, എപ്പോഴും, ആ വേല പഠിക്കുന്നതിന്നും അധികം ചിലവോ അസാമാന്യബുദ്ധിശക്തിയോ വേണ്ടിവന്നിട്ടല്ല; ആ വക വേലകൾ ചെയ്യുവാൻ ഏപ്പെടുന്നതിൽ അധികം അപായമോ മറ്റോ നേരിടാമെന്നുള്ളതുകൊണ്ടാകുന്നു. ഉദാഹരണത്തിന്നു, വെടിമരുന്നുണ്ടാക്കുന്ന ആളുകൾക്കു സാമാന്യേന ദിവസമൊന്നിന്നു മൺവെട്ടികൊണ്ടു വേല ചെയ്യുന്ന ആളുകൾക്കു കൊടുക്കുന്നതിന്നേക്കാൾ കൂടുതൽ കൂലി കൊടുക്കേണ്ടതാണ്. എന്തെന്നാൽ വെടിമരുന്നുണ്ടാക്കുമ്പോൾ പ്രാണാപായം നേരിടാൻ എളുപ്പമുണ്ടു്. അതുപോലെ തന്നേ, ഒരു സേനാനായകന്നും താൻ സർവ്വദാ തന്റെ പ്രാണനെ ഉപേക്ഷിച്ചു രാജ്യത്തിന്നും രാജാവിന്നും വേണ്ടി യുദ്ധംചെയ്യാൻ സന്നദ്ധനായിരിക്കണമെന്നുള്ളതുകൊണ്ടു സാധാരണമായി കൂടുതൽ ശമ്പളം കൊടുക്കേണ്ടതായി വരുന്നു.

പാഠം ൩൩.

ഇന്ദ്രജിത്തിൻെറ മായാസീതാവധം.

എന്നരുൾചെയ്തു വില്ലും കുലച്ചന്തികേ
സന്നദ്ധനായതു കണ്ടൊരു രാവണി,

തൽക്ഷണേ ചിന്തിച്ചു കല്പിച്ചു ലങ്കയിൽ
പുക്കു മായാസീതയെത്തേരിൽ വച്ചുടൻ

പശ്ചിമഗോപുരത്തൂടേ പുറപ്പെട്ടു
നിശ്ചലനായ് നിന്ന നേരം കപികളും

തേരിൽ മായാസീതയേക്കണ്ടു ദുഃഖിച്ചു
മാരുതിതാനും പരവശനായിതു.

വാനരവീരരെല്ലാവരും കാണവേ
ജാനകിദേവിയെ വെട്ടിനാൻ നിർദ്ദയം.

അയ്യോ! വിഭോ! രാമരാമേതി വാവിട്ടു
മയ്യൽമിഴിയാൾ മുറവിളിച്ചീടിനാൾ.

ചോരയും പാരിൽ പരന്നിതതുകണ്ടു
മാരുതി ജാനകിയെന്നു തേറീടിനാൻ.

"ശോഭയില്ലേതും നമുക്കിനി യുദ്ധത്തി-
നാപത്തിതിൽപരമെന്തുള്ളതീശ്വരാ!

നാമിനി വാങ്ങുക സീതാവധം മമ
സ്വാമി തന്നോടുണർത്തിപ്പാൻ കപികളേ!"

ശാഖാമൃഗാധിപന്മാരെയും വാങ്ങിച്ചു
ശോകാതുരനായ മാരുതനന്ദനൻ

ചെല്ലുന്നതു കണ്ടു രാഘവനും തദാ
ചൊല്ലിനാൻ ജാംബവാൻ തന്നോടു സാകുലം:—

"മാരുതിയെന്തുകൊണ്ടിങ്ങോട്ടു പോന്നിതു?
പോരിൽ പുറം തിരിഞ്ഞീടുമാറില്ലവൻ

നീ കൂടെയങ്ങു ചെന്നീടുക സത്വരം
ലോകേശനന്ദന! പാക്കരുതേതുമേ."

ഇത്ഥമാകർണ്യ വിധിസുതനും കപി-
സത്തമന്മാരുമായ് ചെന്നു ലഘുതരം;

"എന്തുകൊണ്ടിങ്ങു വാങ്ങിപ്പോന്നിതു ഭവാൻ?
ബന്ധമെന്തങ്ങോട്ടു തന്നെ നടക്ക നീ."

എന്നനേരം മാരുതാത്മജൻ ചൊല്ലിനാൻ:—
"ഇന്നു പേടിച്ചു വാങ്ങീടുകയല്ല ഞാൻ;

ഉണ്ടോരവസ്ഥയുണ്ടായിട്ടിതിപ്പോഴെ
ചെന്നു ജഗൽസ്വാമിയോടുണത്തിക്കണം.

പോരിക നീയുമിങ്ങോട്ടിനി"യെന്നുടൻ
മാരുതി ചൊന്നതു കേട്ടവൻ താനുമായ്.

ചെന്നു തൊഴുതുണത്തിച്ചിതു മൈഥിലി
തന്നുടെ നാശവൃത്താന്തമെപ്പേരുമേ.

ഭൂമിയിൽ വീണു മോഹിച്ചു രഘൂത്തമൻ;
സൗമിത്രിതാനുമന്നേരം തിരുമുടി

ചെന്നു മടിയിലെടുത്തു ചേത്തീടിനാൻ;
മന്നവൻ തൻപാദമഞ്ജനാപുത്രനും

ഉത്സംഗസീമനി ചേത്താൻ; അതു കണ്ടു
നിസ്സംജ്ഞമായൊക്കെ നിന്നു കപികളും.

ദുഃഖം കെടുപ്പതിനായുള്ള വാക്കുക-
ളൊക്കെപ്പറഞ്ഞു തുടങ്ങി കുമാരനും.

എന്തൊരു ഘോഷമുണ്ടായതെന്നാത്മനി
ചിന്തിച്ചവിടേയ്ക്കു ചെന്നു വിഭീഷണൻ

ചോദിച്ചനേരം കുമാരൻ പറഞ്ഞിതു
മാതരിശ്വാത്മജൻ ചൊന്ന വൃത്താന്തങ്ങൾ.

കൈയിണ കൊട്ടിച്ചിരിച്ചു വിഭീഷണൻ;
"അയ്യോ! കുരങ്ങന്മാരെന്തറിഞ്ഞു വിഭോ!

ലോകേശ്വരിയായ ദേവിയേക്കൊല്ലുവാൻ
ലോകത്രയത്തിങ്കലാരുമുണ്ടായ്വരാ.

മായാനിപുണനാം മേഘനിനാദനി-
ക്കാര്യമനുഷ്ഠിച്ചതെന്തിനെന്നാശു കേൾ!

മർക്കടന്മാർ ചെന്നുപദ്രവിച്ചീടാതെ
തർക്കത്തിലാശു നികുംഭിലയിൽ ചെന്നു

പുക്കടൻ തന്നുടെ ഹോമം കഴിപ്പതി-
നാശ്ശ്യോണ്ടു കണ്ടോരുപായമത്ര്യത്ഭുതം;

ചെന്നിനി ഹോമം മുടക്കേണമല്ലായ്കി-
ലെന്നുമവനേ വധിക്കരുതാക്കുമേ.

രാഘവസ്വാമിൻ! ജയ ജയ മാനസ-
വ്യാകുലം തീൎന്നേഴനേൽക്ക ദയാനിധേ!

ലക്ഷ്മണനുമടിയനും കപികുല-
മുഖ്യപ്രവരരുമായിട്ടു പോകണം.

ഓൎത്തു കാലം കളഞ്ഞീടരുതേതുമേ
യാത്രയയക്കേണം" എന്നു വിഭീഷണൻ

ചൊന്നതു കേട്ടളവാലസ്യവും തീൎന്നു
മന്നവൻ പോവാനനുജ്ഞ നൽകീടിനാൻ.

വസ്തുവൃത്താന്തങ്ങളെല്ലാം ധരിച്ചനേ-
രത്തു കൃതാൎത്ഥനായ് ശ്രീരാമഭദ്രനും.

പാഠം ൩൧.

ഇംഗ്ലണ്ടിലേ ഇറയിലിയും രാജ്യഭരണവും.

അമേരിക്കയിൽ യുണൈററഡ് സ്റ്റേററ്സ് എന്ന ഐക്യരാജ്യങ്ങളിലും മററുമുള്ളതുപോലെ ഇംഗ്ലണ്ടിലേ രാജ്യഭാരക്രമം ഒരു ക്ലുപ്തമായ ഉടമ്പടിയിൽ സ്ഥാപിക്കപ്പെട്ടിട്ടുള്ളതല്ല; വളരെ കാലംകൊണ്ടു ക്രമേണ വളൎന്നുവന്നിട്ടുള്ളതാകുന്നു. ക്ലുപ്തങ്ങളായ നിബന്ധനകളിലേക്കാൾ മാമൂലിലാണ് അതു് സ്ഥാപിതമായിരിക്കുന്നതു്. ഈ വിഷയം വൈദേശികന്മാർ ഗ്രഹിക്കായ്ക നിമിത്തം അവൎക്ക ഇന്നും അതിനെപ്പററി കുഴപ്പം തീൎന്നിട്ടില്ല. ഈ കുഴപ്പം വരാൻ എളുപ്പവുമുണ്ടു്. എന്തെന്നാൽ, ഇംഗ്ലണ്ടിലേ രാജ്യഭാരക്രമം ഒരുനാൾകൊണ്ടുണ്ടായിട്ടുള്ളതല്ല; എത്രയോ ശതവൎഷങ്ങളിലായി അപ്പോഴപ്പോൾ യുക്തമെന്നു തോന്നിയ ഭേദങ്ങളോടുകൂടി വളൎന്ന് ഈ നിലയായിട്ടുള്ളതാകുന്നു. ചുരുക്കത്തിൽ, ഓരോ തലമുറയിലും ഉണ്ടായിരുന്നവർ കൂട്ടികെട്ടിയും, ചിലേടം അഴിച്ചുപണിഞ്ഞും, ചിലേടം അററകുററം തീൎത്തും ഭേദപ്പെടുത്തിവന്ന് ഒടുവിൽ പഴയതിൻെറ അംശം സ്വല്പം മാത്രമുള്ളതായി തീൎന്നിരിക്കുന്ന ഒരു പുരാതനഗൃഹത്തിനോട്ട് അതിനെ ഉപമിക്കാം.

പതിന്നാലു ശതവൎഷത്തിനു മുമ്പു് ആങ്ഗ്ലന്മാരെന്നും സാക്സന്മാരെന്നും രണ്ടു വൎഗ്ഗക്കാർ കൊള്ളയിടുന്നതിനും രാജ്യം പിടിക്കുന്നതിനുമായി ഇംഗ്ലണ്ടിൽ വന്നിറങ്ങി. അക്കാലത്തു് അവിടെ വസിച്ചിരുന്ന ജനങ്ങളെ അവർ തോല്പിച്ചു പശ്ചിമദേശങ്ങളിലേക്ക് ഓടിച്ചു് അവിടെ കുടിപാ-

ത്തു. ഈ വൎഗ്ഗക്കാരാണ് ഇപ്പോഴത്തെ ഇംഗ്ലീഷുകാരുടെ പൂൎവ്വികന്മാർ. അവർ തങ്ങളുടെ നാട്ടിൽ നടപ്പുണ്ടായിരുന്ന ആചാരങ്ങളേയും രാജ്യഭരണസംപ്രദായത്തേയും പുതുതായി നേടിയ നാട്ടിൽ ഏൎപ്പെടുത്തി. ഇവയാണ് ഇപ്പോഴത്തെ ഏൎപ്പാടുകളുടെ മൂലം.

ഈ ആംഗ്ലസാക്സന്മാരുടെ ഭരണതന്ത്രം എന്തായിരുന്നു? അവർ ഒരു രാജാവിൻെറ കീഴ് അടങ്ങിയിരുന്നു. ആ രാജാവു് ഇക്കാലത്തുള്ളതുപോലെ വംശപാരമ്പൎയ്യക്രമത്തിന് ആ മാന്യപദത്തെ പ്രാപിച്ചതു കൂടാതെ, പ്രജകളുടെ സമ്മതത്താൽ ആ സ്ഥാനത്തെ വഹിച്ചുവന്നവനും ആയിരുന്നു. അദ്ദേഹത്തിനെ രാജ്യകാൎയ്യനിൎവ്വഹണത്തിൽ ഗുണദോഷിക്കുന്നതിനും പണം ആവശ്യപ്പെടുമ്പോൾ ഉണ്ടാക്കിക്കൊടുക്കുന്നതിനുമായി "വിററാൻ" എന്നു പേരോടുകൂടി ഒരു വിദ്വത്സമാജമുണ്ടായിരുന്നു. ഈ വിദ്വത്സമാജമാണു രാജ്യകുടുംബത്തിൽ ഒരാളെ രാജാവായി പട്ടം കെട്ടിക്കുന്നതു്. ആദികാലം മുതല്ക്കേ ഇംഗ്ലണ്ടിൽ 'അസ്വതന്ത്രസ്വാമിത്വം' ഏൎപ്പെട്ടു. അസ്വതന്ത്രസ്വാമിത്വമെന്നാൽ, രാജാവിൻെറ സ്വേച്ഛപോലെ രാജ്യഭാരംചെയ്യാൻ പാടില്ലാത്ത ഭരണമെന്നാകുന്നു. ഇങ്ങനെ വരുന്നതിനു മുഖ്യകാരണമായി തീൎന്നതു, പ്രജകളിൽ പ്രധാനികളുടെ സമ്മതം കൂടാതെ സൎക്കാരാവശ്യങ്ങൾക്കു വേണ്ടിവരുന്ന പണം പിരിക്കാൻ പാടില്ലെന്നുള്ള നിബന്ധന ആയിരുന്നു. സൎക്കാർകരത്തെ ഏൎപ്പെടുത്തുന്നതിനും പിരിക്കുന്നതിനുമുള്ള അധികാരം ജനങ്ങൾ വച്ചുകൊണ്ടതു്, പിന്നീട് അവൎക്കു വളരെ ഗുണകരമായി തീൎന്നിട്ടുണ്ടു്.

മുൻപറഞ്ഞ വിദ്വത്സമാജം പ്രജകളുടെ പ്രതിനിധിയായിട്ടാണ് കല്പിക്കപ്പെട്ടിരുന്നതു്. അതുകൊണ്ടു് അതിൻെറ സമ്മതം പ്രഭുക്കളുടേതിനു തുല്യമായി ഗണിക്കപ്പെട്ടുവന്നു. എന്നാൽ അക്കാലത്തു് ഒരു ദിക്കിൽനിന്നും മററൊരു

ദിക്കിലേയ്ക്കുള്ള ഗതാഗതത്തിന്ന വളരെ ക്ലേശവും ചിലവുമുണ്ടായിരുന്നതുകൊണ്ടു് ധനികന്മാൎക്ക മാത്രമേ രാജസ്ഥാനത്തിൽ ഈ സമാജത്തിന്ന ചെന്നുചേരാൻ കഴിഞ്ഞുള്ളു. അതുകൊണ്ടു് ഈ വിദ്വത്സമാജത്തിൽ ഏററവും ധനികന്മാരായ പ്രജകൾ സാമാജികന്മാരായിത്തീൎന്നു. അവർ അതിബുദ്ധിമാന്മാരായ മന്ത്രികളും ആയിരുന്നു എന്നുകൂടി ചരിത്രം പ്രതിപാദിക്കുന്നുണ്ടു്.

ആംഗ്ലസാക്സന്മാർ ആക്രമിച്ചു് ഇംഗ്ലണ്ടു് ഒട്ടുക്ക് ഏകാധിപത്യത്തിൽ വരുത്തിയതിൻെറ ശേഷം, ആറു ശതവൎഷങ്ങൾ കഴിഞ്ഞപ്പോൾ, നാൎമ്മൻകാർ എന്ന വൎഗ്ഗക്കാർ ആ രാജ്യത്തെ സ്വാധീനപ്പെടുത്തി. അക്കാലത്തു പറങ്കിരാജ്യത്തു് "ഇറയിലി" ഏൎപ്പാടു നടപ്പായിരുന്നു. പറങ്കിരാജ്യത്തിൻെറ ഉത്തരദേശത്തുനിന്ന പുറപ്പെട്ട നാൎമ്മന്മാർ ഈ ഏൎപ്പാടിനെ ഇംഗ്ലണ്ടിൽ നടപ്പാക്കി. അതു ക്ഷണത്തിൽ അവിടെ സ്ഥിരപ്പെട്ടു. ഇക്കാലത്തു് ആ ഏൎപ്പാടു് നഷ്ടപ്രായമായിപ്പോയി എങ്കിലും, അതിൻെറ ഫലം പലവിധമായി ഇംഗ്ലീഷ് ജനസമുദായത്തിൽ ചേൎന്നിട്ടുള്ളതുകൊണ്ടു്, ഈ ഏൎപ്പാടിൻെറ സ്വരൂപത്തെയും, അക്കാലത്തു ജനങ്ങൾക്ക സാമുദായികബുദ്ധിയെ ജനിപ്പിക്കുന്നതിന് അതിനാൽ ഉണ്ടായിട്ടുള്ള ഉപകാരത്തെയും നാം പ്രത്യേകമായി ഗൗനിച്ചു മനസ്സിലാക്കേണ്ടതാകുന്നു.

പറങ്കിരാജ്യത്തുണ്ടായിരുന്ന ജനങ്ങൾ. മഹാപ്രഭുക്കന്മാരെന്നും, ഇടപ്രഭുക്കന്മാരെന്നും, കുടിയാന്മാരെന്നും മൂന്നു തരമായി തിരിക്കപ്പെട്ടിരുന്നു. ഇവരിൽ മഹാപ്രഭുക്കന്മാർ വളരെ വസ്തുക്കളുടെ ജന്മികളും, ഇടപ്രഭുക്കന്മാർ മഹാപ്രഭുക്കന്മാരുടെ അടുക്കൽനിന്ന ലഭിച്ച വസ്തുക്കളെ സ്വന്തമായി അനുഭവിച്ചുവന്നവരും, കുടിയാന്മാർ വസ്തുസ്വാമിത്വമില്ലാതെ കേവലം അടിമകളുടെ നിലയിൽ ഇരുന്നവരും ആയിരുന്നു. കുടിയാ-

ന്മാർ ഇടപ്രഭുക്കന്മാരുടെ അടിമകളായി ഇരുന്നുകൊള്ളാം എന്നു സത്യംചെയ്കയും, വസ്തുകൾ നടന്ന് ആദായം കൊടുക്കുകയും, യുദ്ധകാലത്തിൽ സ്വാമിയുടെ പട്ടാളത്തിൽ ശിപായിമാരായി സേവിക്കയും ചെയ്യേണ്ടിയിരുന്നു. ഇതിനു പ്രതിഫലമായി ഇടപ്രഭുക്കന്മാർ കുടിയാന്മാരെ രക്ഷിക്കയും, അവൎക്കു കാലക്ഷേപമാൎഗ്ഗം ഉണ്ടാക്കികൊടുക്കുകയും ചെയ്തുവന്നു. ഇതുപോലെ തന്നെ, ഇടപ്രഭുക്കന്മാർ മഹാപ്രഭുക്കന്മാരുടെ ദാസന്മാരായിട്ടിരുന്നുകൊള്ളാമെന്ന് സത്യം ചെയ്ത് അവരുടെ ജന്മമായ വസ്തുക്കളെ അനുഭവിക്കയും യുദ്ധമുണ്ടാകുമ്പോൾ യോദ്ധാവായി ഊഴിയം നടത്തിക്കൊള്ളാമെന്ന് ഏല്ക്കുകയും ഏൎപ്പാടായിരുന്നു. ഇപ്രകാരം ചെയ്യുന്നതിനു പ്രതിഫലമായി മഹാപ്രഭുക്കന്മാർ അവരെ സംരക്ഷിച്ചുവന്നു. മഹാപ്രഭുക്കന്മാർ ഇതിന്മണ്ണം രാജാവിൻെറ ദാസന്മാരായിരുന്നു. രാജാവ് രാജ്യത്തിലുള്ള സകലവസ്തുക്കളുടേയും ഉടമസ്ഥനുമായിരുന്നു. ഇപ്രകാരം ഓരോ തരത്തിലുള്ള ജനങ്ങളും അവരുടെ മേലുള്ളവരുടെ ദാസന്മാരായിരുന്നു. ഈ ഏൎപ്പാടു മുഴുവൻ വസ്തുസ്വാമിത്വത്തിൽ അധിഷ്ഠിതവുമായിരുന്നു.

നാൎമ്മന്മാൎക്കു ആധിപത്യം ലഭിച്ചതോടുകൂടി അവർ കൊണ്ടുവന്ന് ഇംഗ്ലണ്ടിൽ സ്ഥാപിച്ച ഈ 'ഇറയിലി' ഏൎപ്പാടിനു പറങ്കിരാജ്യത്തിൽ നടപ്പായിരുന്നതിൽനിന്നും അചിരേണ ഒരു മുഖ്യഭേദഗതി ഉണ്ടായി. "ജൈത്രൻ" എന്ന അപരനാമത്തോടുകൂടിയ വില്യം എന്ന മഹാരാജാവ് ഇംഗ്ലണ്ടിനെ അടക്കിക്കഴിഞ്ഞ ഉടനെ, മേലാൽ ആ രാജ്യത്തിലെ ഭൂമിയെല്ലാം രാജസ്വമാകകൊണ്ടു സൎവ്വജനങ്ങളും അദ്ദേഹത്തിൻെറ അടുക്കൽനിന്നും നേരിട്ട് ഏറുകൊള്ളേണ്ടതാണെന്ന് ഒരു വിളംബരം പ്രസിദ്ധപ്പെടുത്തി. ഇതിൻെറ ഫലം അനല്പമായിരുന്നു. പറങ്കിരാജ്യത്തിൽ മഹാപ്രഭുക്കന്മാർ മാത്രമേ രാജാവിൽനിന്നും വസ്തു പിടിച്ചു ദാസത്വം

സ്വീകരിച്ചിരുന്നുള്ളൂ. ഇടപ്രഭുക്കന്മാർ വസ്തുക്കളെ മഹാപ്രഭുക്കന്മാരുടെ പക്കൽനിന്നും പിടിച്ച് അവരുടെ ദാസന്മാരായിരുന്നു. ഇംഗ്ലണ്ടിലാകട്ടേ, എല്ലാ വസ്തുഅനുഭവക്കാരും രാജാവിൻെറ പക്കൽനിന്നും നേരിട്ടു പിടിച്ച് അദ്ദേഹത്തിൻെറ ദാസന്മാരായിരുന്നു. അതുകൊണ്ടു് പറങ്കിരാജ്യത്തിലേ രാജാവിൻെറ കീഴിൽ സ്വതന്ത്രന്മാരായ അനേകം പ്രഭുക്കന്മാർ ഉണ്ടായിത്തീൎന്നു. അവൎക്ക് ഏതു സമയത്തെങ്കിലും അദ്ദേഹത്തെ എതിൎക്കാൻ അവരുടെ കുടിയാന്മാരെ ചേൎത്ത് ഒരു വലിയ പട്ടാളം കൂട്ടാമായിരുന്നു. ഇംഗ്ലണ്ടിൽ ഇതു സാധ്യമായിരുന്നില്ല. എന്തെന്നാൽ, എല്ലാത്തരത്തിലുമുള്ള ജനങ്ങളും രാജാവിനോടു നേരിട്ടു് വസ്തുപിടിച്ച് അദ്ദേഹത്തിൻെറ ദാസ്യം സ്വീകരിച്ച് യുദ്ധസമയത്തു ധനംകൊണ്ടും ആളുകളെക്കൊണ്ടും അദ്ദേഹത്തെ സഹായിക്കുവാൻ ബദ്ധന്മാരായിരുന്നതിനാൽ പ്രജകൾ എല്ലാം ഒരധിപതിയുടെ കീഴിൽ ഉൾപ്പെട്ടവരായിരുന്നു. ഈ ഏൎപ്പാട്ടുഭേദംകൊണ്ടുണ്ടായ ഫലം ചുരുക്കത്തിൽ, ഇംഗ്ലണ്ടുരാജ്യക്കാർ ഒത്തൊരുമയുള്ളവരായി നാൾക്കുനാൾ പ്രബലന്മാരായിത്തീരുകയും, പറങ്കിരാജ്യക്കാർ ആഭ്യന്തരകലഹം നിമിത്തം നാൾക്കുനാൾ ക്ഷയോന്മുഖന്മാരായിത്തീരുകയുമായിരുന്നു. അതിനാൽ "നൂററാണ്ടുയുദ്ധം" എന്നു കൃതനാമധേയമായ സംഗരത്തിൻെറ ആദികാലത്തിൽ തന്നെ ഇംഗ്ലീഷുകാൎക്കു പറങ്കിരാജ്യത്തിൽ ഏതാനും ദേശം സ്വാധീനപ്പെട്ടു.

ഈ ഇറയിലി ഏൎപ്പാട് ഇംഗ്ലണ്ടിൽ സ്ഥാപിക്കപ്പെട്ടതു നിമിത്തം, സാമുദായികമായി ഏററിയ നടപ്പുഭേദങ്ങൾ ഉണ്ടായിത്തീൎന്നു. എങ്കിലും, രാജ്യഭരണതന്ത്രത്തിന് പേരിനൊഴികെ വ്യത്യാസമധികമുണ്ടായില്ല. മുമ്പിലുണ്ടായിരുന്ന വിദ്വത്സമാജത്തിനു നാൎമ്മന്മാരുടെ ആധിപത്യകാലത്ത് "മഹാസഭ" എന്നു പേരു മാററി. എന്നാൽ അതിലെ

സദസ്യന്മാർ മിക്കവാറും മുമ്പിലേപ്പോലെ രാജ്യത്തിലേ പ്രധാനപ്രകൃതികൾ തന്നെ ആയിരുന്നു. നാൎമ്മന്മാരുടെ കാലത്തു് ഒരുവൻെറ പ്രാധാന്യം അവനുള്ള ധനത്തിലോ, സ്ഥാനത്തിലോ അല്ലായിരുന്നു; സ്വന്തഭൂമിയുടെ ആധിക്യത്തിലായിരുന്നു സ്ഥാപിതമായിരുന്നതു. 'തൃക്കുടിയാന്മാർ' എന്നുവച്ചാൽ, രാജാവിൻെറ പക്കൽനിന്നു നേരിട്ടു വസ്തു പിടിച്ചിട്ടുള്ളവർ, മാത്രമേ മഹാസഭയിൽ സദസ്യന്മാരായിരിക്കാവു. അതിനാൽ വളരെ വസ്തുക്കളുടെ ഉടമസ്ഥന്മാരായ പ്രഭുക്കന്മാർ പ്രധാനികളായിത്തീൎന്നു.

നാൎമ്മന്മാരുടെ രാജ്യഭാരം തുടങ്ങിയതിൽ പിന്നീടു വളരെ നാളത്തേയ്ക്കു് രാജാവിനുണ്ടായിരുന്ന അധികാരാധിക്യം നിമിത്തം ഉണ്ടായിട്ടുള്ള ഗുണങ്ങളിൽ മുഖ്യമായുള്ളതു് പ്രജകൾ എല്ലാവരും ഒരുമയുള്ളവരായിത്തീൎന്നതാകുന്നു. എന്നാൽ വേറേയും ചില ഗുണങ്ങൾ ഉണ്ടായില്ലെന്നില്ല. അതിൽ ഒന്നും തുച്ഛമായി വിചാരിക്കപ്പെടാവുന്നതില്ല. രാജാവിൻെറ സ്വതന്ത്രമായ പൗരുഷംകൊണ്ടു് സാധാരണ പ്രജകളേക്കാൾ പ്രഭുക്കന്മാരാണു് ക്ലേശിതന്മാരായിത്തീൎന്നതു്. അതിനാൽ പലപ്പോഴും രാജാവും പ്രഭുക്കന്മാരുമായി കലഹം നേരിട്ടു. അപ്പോൾ പ്രഭുക്കന്മാരും മററു പ്രജകളും ഒന്നിച്ചുചേൎന്നു രാജാവിൻെറ അധികാരങ്ങളെ നിറുത്താനാരംഭിച്ചു. ഈ കലഹത്തിൽനിന്നാണു് ഇംഗ്ലണ്ടിൽ ജനങ്ങളുടെ സ്വാതന്ത്ര്യം ഉത്ഭവിച്ചതും, പ്രഭുക്കന്മാർ സാധാരണജനങ്ങളുടെ പ്രധാനികളും നേതാക്കന്മാരുമായിത്തീൎന്നതും.

രാജാവു സൎവ്വദാ പണത്തിനു് ആവശ്യപ്പെടുകയും മഹാസഭയുടെ അനുമതി കൂടാതെ ജനങ്ങളിൽനിന്നും അതു പിരിക്കാൻ തുനിയുകയും ചെയ്ക നിമിത്തം അദ്ദേഹവും പ്രഭുക്കന്മാരും ഇടഞ്ഞു. പ്രജകളിൽനിന്നും കരം പിരിക്കാനുള്ള അധികാരം സാക്സന്മാരുടെ കാലത്തിൽ തന്നെ വിവാദസമാ-

ജത്തിന്നു മാത്രമേ ഉണ്ടായിരുന്നുള്ളു എന്നു മുൻപറഞ്ഞുവല്ലോ. രാജാക്കന്മാർ ഈ അധികാരത്തേ നിഷേധിച്ചിടത്തോളം ജനങ്ങൾ അതു് അവൎക്കതന്നെയാണെന്നു സ്ഥിരപ്പെടുത്തി. നാർമ്മന്മാരുടെ രാജ്യഭാരാരംഭം മുതൽ നൂററമ്പതുവൎഷത്തേയ്ക്കു് ഈ അധികാരത്തേപ്പററി കലഹമുണ്ടായി.

ഈ നൂററമ്പതു വൎഷം കഴിഞ്ഞു് ക്രിസ്തുവൎഷം ൧൨൧൫-ൽ റണ്ണിമീഡ് എന്ന സ്ഥലത്തു വച്ചു് അന്നത്തെ രാജാവായിരുന്ന ജോൺ, 'മഹാലേഖം' എന്നു പ്രസിദ്ധപ്പെട്ട തിരുവെഴുത്തുടമ്പടിയിൽ ഒപ്പിട്ടു. ഈ ഉടമ്പടിയിൽ ജനങ്ങളുടെ സ്വാതന്ത്ര്യരക്ഷയ്ക്കു വേണ്ട അനേകം സംഗതികൾ വിവരിച്ചിട്ടുള്ളവയിൽ പ്രധാനമായതു്, മഹാസഭയുടെ അനുമതികൂടാതെ രാജാവിന്നു് ഒരു കാശുപോലും കരം പിരിച്ചുകൂടാ എന്നുള്ളതായിരുന്നു. പിന്നീടു് എണ്പതുവൎഷത്തേയ്ക്കു് ഉടമ്പടിയിലുള്ള ഈ ഭാഗം ഇല്ലാത്തതു പോലെ തന്നെ നടന്നുവന്നു എന്നു വരികിലും, രാജാവിൻെറ സ്വാതന്ത്ര്യാധികാരത്തെ നിരോധിച്ചു ജനങ്ങൾക്കു സ്വാതന്ത്ര്യം കിട്ടുന്നതിന്നു് ഇതു് ഒരു മുഖ്യകാരണമായിത്തീൎന്നു എന്നുള്ളതിന്നു സംശയമില്ല.

പാഠം ൧൨.

വിവേകം.

സ്ഥൂലപ്രപഞ്ചത്തിൽ ആകൎഷണശക്തി എന്നതുപോലെ വിവേകം മനുഷ്യരുടെ മനസ്സിൽ പ്രവൎത്തിക്കുന്നു. അതു നമ്മുടെ ദേഹത്തിലുള്ള ഓരോ അവയവത്തേയും യോജിപ്പിക്കയും, അതതിൻെറ സ്ഥാനത്തു നിറുത്തുകയും, ഓരോന്നിനുമുള്ള അന്യോന്യാശ്രയസ്വഭാവത്തെ പരിപാലിക്കയും ചെയ്യുന്നു. വാസ്തവമായ ജീവിതത്തിൽ നമ്മുടെ നില എന്തെന്നും, നമുക്കു് എന്തു ചെയ്യാൻ കഴിയുമെന്നും സൎവ്വദാ

അതു നമ്മേ ഉദ്ബോധിപ്പിക്കുന്നു. ആശാദുഷ്ടങ്ങളായ മനോരഥങ്ങൾക്കു വശംവദന്മാരാകാൻ അനുവദിക്കാതെ, അതു നമ്മുടെ പുരസ്സ്ഥിതങ്ങളായ കൃത്യങ്ങളിൽ നമ്മെ പ്രേരിപ്പിക്കുന്നു. അതു നമ്മേ ലബ്ധതുഷ്ടന്മാരാക്കിത്തീക്കുന്നു. അദൃഷ്ടമായ ഭാഗ്യം പ്രതികൂലമല്ലാതിരുന്നാൽ, 'എന്തെല്ലാം സാധിച്ചുകളയാമെന്നു' മനോരാജ്യം ചെയ്തുകൊണ്ടിരിക്കാൻ അതു നമ്മെ സമ്മതിക്കുന്നില്ല. അതീതകാര്യാനുശയം ചെ-യ്യാൻ അതു നമ്മുടെ മനസ്സിനെ അനുവദിക്കുന്നില്ല. അതി-നെ നിബ്ബന്ധമായിട്ടനുസരിക്കുന്നവർ ജാജ്വല്യമാനമായ ജീവിതപഥത്തെ സമ്പാദിക്കയും, ദുഃഖാന്ധകാരനിബിഡ-മായ ജീവിതഗത്തത്തെ കുതിച്ചു ചാടിക്കടക്കയും ചെയ്യുന്നു.

ഏതെങ്കിലും ഒരു കാര്യം സാധിക്കുന്നതിന് അതു തേടി-പ്പിടിച്ചു കൊണ്ടുവരുന്ന വഴി എളുപ്പമോ ക്ലേശരഹിതമോ സവ്വോത്തമമോ ആയിരിക്കുന്നില്ലെന്നിരുന്നാലും, ആ വഴി പോയാൽ കാര്യം സാധിക്കാമെന്നുള്ള ഗുണം അതിനു-ണ്ടായിരിക്കും.

മനുഷ്യനുള്ള ഒരു പ്രത്യേകശക്തിയുടെ പ്രകടമായ ഗുംഫനത്താലല്ല, ഏതാനും ചില ശക്തികളുടേയോ ഗുണ-ങ്ങളുടേയോ യോജിപ്പിനാലാണ് വിവേകം ഉണ്ടാകുന്ന-തെന്നു ഗ്രഹിക്കുന്നതുവരെ നാം അതിൻെറ സ്വഭാവം വ്യക്തമായി അറിയുന്നില്ല. എവിടെയാണോ ഈ യോജി-പ്പുള്ളതു് അവിടെ പരമമായ ഉദ്ദേശ്യവും തല്ലബ്ധിക്കുള്ള യുക്തതമമായ മാഗ്ഗവും കാണാവുന്നതാണ്. എന്നാൽ വാസ്തവത്തിൽ മഹാശക്തന്മാരായിട്ടുള്ള പലരും ഭൂലോക-ത്തിൽ പറയത്തക്കതായ യാതൊന്നും നിവ്വഹിക്കാതെ കണ്ടി-രിക്കുന്നതു നാം ധാരാളമായി കാണുന്നുണ്ടു്. അതിനാൽ ആ മഹാന്മാരുടെ പരാജയങ്ങളോടു താരതമ്യപ്പെടുത്തി നമുക്കു വിവേകത്തെക്കുറിച്ചുള്ള അഭിപ്രായത്തെ ഏറെ-

ക്കുറെ ഭേദപ്പെട്ടുത്തേണ്ടതായും വന്നുചേരുന്നു. ക്ലപ്തമായ ഒരുദ്ദേശ്യവും, അതിൽ സൈ്ഥര്യവും ഉണ്ടായിരിക്കുകയാണു് വിവേകത്തിൻെറ സ്വഭാവമെന്നു ചിലപ്പോൾ നാം ഗണിക്കുന്നു. പക്ഷേ, ഒരു മഹാസ്വാൎത്ഥനെ നോക്കുക! അയാളുടെ ഉദ്ദേശ്യം മിക്കവാറും സ്ഥിരവും ഏറെക്കുറെ ക്ലപ്തവും ആയിരിക്കുന്നു. ആ ഉദ്ദേശ്യം കേവലം അന്യായമായ ആശകളിൽനിന്നു ജനിച്ചതല്ലാതെയുമിരിക്കാം. അയാളുടെ ഉദ്ദേശ്യം വളരെ ലഘുവായ ഒരു കാൎയ്യമായിരിക്കാം. എന്നാൽ അതു് അയാളുടെ വിചാരത്തിലെന്നപോലെ തന്നെ നോട്ടത്തിലും സൎവ്വദാ വ്യാപരിച്ചുകൊണ്ടിരിക്കുന്നതുകൊണ്ടു് അയാൾക്കു അതിൻെറ മുൻപും പിൻപും പുറമേയും സ്ഥിതിചെയ്യുന്ന യാതൊന്നിനെയും വീക്ഷിക്കുവാൻ ശക്തിയില്ലാതെ ഭവിക്കുന്നു. അതിനാൽ അയാൾ വിവേകശൂന്യനായി തീരാവുന്നതാണു്.

കവികൾ മുതലായ സങ്കല്പജീവികൾക്കു വിവേകമുണ്ടായിരിക്കയില്ലെന്നു ചിലപ്പോൾ ചിലർ വിചാരിച്ചുപോകാറുണ്ടു. സങ്കല്പജീവികൾ എന്ന പദത്താൽ ഉന്മത്തചിത്തന്മാരെയും മററും പോലെയുള്ള അതിമാത്രസങ്കല്പജീവികൾ എന്ന അൎത്ഥമാണു് സൂചിതമായിരിക്കുന്നെങ്കിൽ, ഈ അഭിപ്രായം വളരെ വാസ്തവമാണു്. എന്തെന്നാൽ, ദേഹത്തിൻെറ എന്നപോലെ തന്നെ മനസ്സിൻേറയും ആകെക്കൂടെയുള്ള ഹ്രസ്വത അതിൽ ഏതെങ്കിലും ഒരു ഭാഗത്തിൻെറ കണക്കിൽ പിഴച്ച വലുപ്പത്താൽ സംഭ്രതമാകുന്നതാണു്. എന്നാൽ സങ്കല്പശക്തിതന്നെ വിവേകത്തിനു വിപരീതമാണെന്നാണു് വാദമെങ്കിൽ, ആ അഭിപ്രായം അത്ര ശരിയല്ല. ലോകത്തിലെ ഓരോ മഹാകാൎയ്യങ്ങളിൽ ഏൎപ്പെട്ടു് അവയെ നിൎവ്വഹിച്ചിട്ടുള്ളവരിൽ സങ്കല്പശക്തി ഇല്ലാത്തവരുടെ എണ്ണം വളരെ ചുരുങ്ങും. എന്തെ-

ന്നാൽ വിവേകത്തോടുകൂടിയ സങ്കല്പശക്തിയുള്ള "ധന്യക്കാ-ത്രേ ലഭിക്കുന്നമൃതു കടൽകടഞ്ഞോരമർത്ത്യർ ശ്രമാത്ഥം".

വൈഷമ്യങ്ങളെ തേടാതിരിക്കയും, ഭവിതവ്യങ്ങളെ കൈക്കൊള്ളുകയും, ഏറ്റപ്പെട്ടുപോയവയെ സാധിക്കുന്നതിനു പകരം വല്ലപാടും പരിഹരിക്കയും ചെയ്യുന്നതു് എന്നു മാത്രമല്ല, ചുരുക്കത്തിൽ, ക്ലേശകരമല്ലാത്തതും സുഖാനുഭവതൽപരവും ആയ ഒന്നാണു് വിവേകമെന്നു തെററിദ്ധരിച്ചുപോകുക സാധാരണമാണു. ഈ അബദ്ധധാരണനിമിത്തം, ചിലരെ കേവലം ജിജ്ഞാസുക്കളായിരിക്കുന്നതുകൊണ്ടും കാര്യസാദ്ധ്യത്തിനുള്ള ലംഘ്യോപായങ്ങളാലും തങ്ങൾക്കു ദുസ്ത്യജങ്ങളായ ദോഷങ്ങളെ പരിഹരിക്കുന്നതിനുള്ള തന്ത്രങ്ങളാലും തൃപ്തിപ്പെടാത്തതുകൊണ്ടും മാത്രം സങ്കല്പജീവികളെന്നു ഗണിച്ചുകളയാറുണ്ടു. തങ്ങൾ ചെയ്തുതീർത്ത കാര്യങ്ങളെ ഭാവിയിലോ, അല്ലെങ്കിൽ അടുത്ത ഒരു കാലത്തു തന്നെയോ മററുള്ളവക്കു മാററിക്കളവാൻ സൗകര്യമായ വിധത്തിൽ പ്രവർത്തിക്കുകയാണു് വിവേകത്തിന്റെ ചിഹ്നമെന്നു വരികിൽ, ജിജ്ഞാസുക്കളും കർമ്മക്ഷമന്മാരും ആയ ആളുകൾ വിവേകികൾ ആകുന്നില്ല നിശ്ചയം. അവർ "ഇരുട്ടുകൊണ്ടോട്ടയടെ"യ്ക്കുന്നതിൽ ഭേദം, ആ ഓട്ട അങ്ങനെതന്നെ ഇട്ടേയ്ക്കുന്നതാണു് നന്നെന്നു വിചാരിക്കുന്ന പക്ഷക്കാരാകുന്നു. കാര്യം നിറവേററുന്നതു സൗകര്യപ്രദമായ മറെറാരവസരത്തിലേക്കു നീക്കിവെക്കുന്നതിനുവേണ്ടി അവർ ഓട്ടയടയ്ക്കുന്ന സമ്പ്രദായം സ്വീകരിക്കാറില്ലെന്നു ഞാൻ പറയുന്നില്ല. ചെയ്യാനുള്ള കാര്യത്തെ നീക്കിവയ്ക്കാനൊരുപായം കണ്ടുപിടിച്ചു കഴിഞ്ഞതുകൊണ്ടു മാത്രം ആ കാര്യം നിറവേററി എന്നു ഭ്രമിച്ചുപോകാതിരിക്കാൻ അവർ പ്രത്യേകം ദൃഷ്ടിവെച്ചുകൊള്ളുന്നു.

"മനുഷ്യജീവിതരംഗത്തിൽ ഈശ്വരനും ദേവന്മാരും

മാത്രമേ ദ്രഷ്ടാക്കളായി തീരാവൂ; വിചാരവും വ്യാപാരവും സമ്മേളിച്ചു പ്രവൎത്തിക്കണം" എന്നാണ് ബേക്കൻ പറയുന്നത്. ബേക്കൻെറ അഭിപ്രായത്തിൽ അപരിത്യാജ്യമായ ഈ സമ്മേളനത്തിലാണ് വിവേകം വിശേഷമായി പ്രകാശിക്കുന്നത്. ഈ കാരണത്താൽ തന്നെ ഇതിൽ ഏതാണ്ടൊരു ന്യൂനതയുണ്ടെന്നു ചിലർ ശങ്കിച്ചുപോകാറുണ്ട്. എങ്കിലും, അസംഭാവ്യങ്ങളിൽ എന്നതുപോലെ തന്നെ തങ്ങൾ തന്ത്രങ്ങൾ എന്നു പറയുന്നതിൽനിന്നും ഏററവും ഭിന്നിച്ച ഒന്നാണ് വിവേകം എന്ന് ആ ആളുകൾ അറിയുന്നില്ല. മനുഷ്യവ്യാപാരങ്ങൾ അന്യോന്യം എത്രമാത്രം ആശ്രയിച്ചിരിക്കുന്നുവെന്ന് അവർ അറിയുന്നു; എങ്കിലും, മനഃപൂൎവമായ ഉദ്ദേശ്യത്തിനും മനസ്സാക്ഷിയെ ഉപേക്ഷിച്ചു പ്രവൎത്തിക്കുന്നതിനും തമ്മിലുള്ള അതിരും, തങ്ങൾ അപായത്തിൽ അകപ്പെടുത്തുവാൻ മറെറല്ലാത്തിനെയുംകാൾ എത്രയും ഭയപ്പെടുന്ന ആൎജ്ജവത്തെ ആവശ്യപ്പെടുന്നതും, തങ്ങളുടെ ദൃഷ്ട്യാ അലസതകൊണ്ടു ശക്തിമത്തായി തീരുന്നതും ആയ ഒന്നാണ് ഈ ആശ്രയസ്വഭാവം എന്ന് അവർ അറിയുന്നില്ല. ഉത്തമങ്ങളായ സദാചാരനിയമങ്ങളും മഹാനീതികളും നിത്യോപയോഗത്തിനുള്ളവയല്ലെന്നും അവയ്ക്കു ഈ ജീവിതത്തിൽ പ്രവേശമേ ഇല്ലെന്നും അവർ ഗണിച്ചുകളയുന്നു. ഇതൊരു മഹാ ഭ്രമമാണ്. ലോകോദ്ധാരണം എങ്ങനെ സാധിച്ചുവരുന്നു? വിവേകമെന്ന് ആളുകൾ ഉൽകണ്ഠയോടെ ഘോഷിക്കുന്ന തുച്ഛങ്ങളായ ഉപായങ്ങളാലോ ഒരു ദോഷത്തെ പരിഹരിക്കാനായിട്ടു ചെയ്യുന്ന മറെറാരു ദോഷത്താലോ അല്ല, നിശ്ചയം; ആദിയിൽ തത്വങ്ങൾ എന്നു മാത്രം ഗണിച്ചുവന്നിരുന്നവയും, ഒടുവിൽ പ്രവൃത്തിക്കു യോഗ്യങ്ങളായ വാസ്തവങ്ങൾ എന്നു സമ്മതിക്കപ്പെട്ടവയും ആയ നിയമങ്ങളെ

ഏൎപ്പെടുത്തി നടത്തുന്നതിനാലാകുന്നു. ഈ നിയമങ്ങളെ പ്രഥമമായി ഏൎപ്പെടുത്തുന്നവരാണ്, ഒരുവേള അവയാൽ ഉദ്ദിഷ്ടമായ ഫലം അവരുടെ ജീവിതകാലത്തു തന്നെ ലഭിച്ചു കാണ്മാൻ തരപ്പെട്ടില്ലെങ്കിലും, വിവേകികൾ എന്ന പേരിന്ന് അൎഹന്മാർ.

പാഠം ൩൯.

ഭീഷ്മർ.

ഭാരതമഹാൎണ്ണവത്തിൽ മുങ്ങിത്തിരയുമ്പോൾ കിട്ടുന്ന അനൎഘരത്നങ്ങളിൽ ഉത്തമമായുള്ളത് ഭീഷ്മരാകുന്നു. വീരനായ യോദ്ധാവായും, സമൎത്ഥനായ രാജതന്ത്രജ്ഞനായും, ഉത്തമനായ തത്വജ്ഞാനിയായും ശോഭിക്കുന്ന ഈ മഹാനുഭാവന്റെ ചരിത്രത്തെ വിവരിക്കുന്നതു അത്ര സുസാദ്ധ്യമല്ല. ശ്രീവേദവ്യാസർ കൂടിയും ഭീഷ്മരുടെ ചരിത്രത്തെ അവിടവിടെ സൂചിപ്പിക്കുന്നതേയുള്ളൂ. ഭാരതകഥയിലുള്ള പാത്രങ്ങളിൽവെച്ചു പ്രഥമഗണനീയനായ ഭീഷ്മരുടെ മാഹാത്മ്യത്തെ മഹാഭാരതത്തിൽ പൂൎണ്ണമായി നിൎവ്വചിക്കുന്നതിൽ ഔദാസീന്യത്തെ വ്യാസർ പ്രദൎശിപ്പിച്ചിരിക്കുന്നതു മറെറാന്നുമല്ലായിരിക്കണം; അപ്രകാരം ചെയ്യുന്ന പക്ഷം, സൂൎയ്യോദയത്തിങ്കൽ നക്ഷത്രമണ്ഡലം പോലെ, ഇതരപാത്രങ്ങളുടെ പ്രകാശം തീരെ അസ്തമിച്ചു പോയേക്കുമെന്നുള്ളതു തന്നെ.

ഏതു മഹാനെക്കുറിച്ചും രണ്ടഭിപ്രായം ഉണ്ടായിരിക്കും. സാക്ഷാൽ ശ്രീരാമചന്ദ്രനേപ്പോലും, ബാലിനിഗ്രഹത്തിലും, സീതാപരിത്യാഗത്തിലും കുററപ്പെടുത്തുന്നുണ്ട്. ശ്രീകൃഷ്ണൻ അവതാരപുരുഷനാണെന്ന് സമ്മതിക്കുന്നവരും അദ്ദേഹത്തിന്റെ ഗൂഢതന്ത്രങ്ങളേയും മായാപ്രയോഗങ്ങളേയും, സ്ത്രീനിഷേവയേയും പുച്ഛിക്കാതിരിക്കുന്നില്ല. ധൎമ്മപുത്രൻ സാക്ഷാൽ ധൎമ്മമൂൎത്തി തന്നെ എങ്കിലും അദ്ദേഹ-

ത്തിന്ന് ചൂതുകളിയിലുള്ള ഭ്രമവും ക്ഷത്രിയാനൎഹമായ അതിമൃദുസ്വഭാവവും കളങ്കമായിത്തന്നെ ഗണിയ്ക്കപ്പെടുന്നു. ലോകൈകവീരനെന്നു പ്രസിദ്ധനായ അൎജ്ജുനന്നുണ്ടായിരുന്ന പല ചാപല്യങ്ങളും ഭാരതം വായിയ്ക്കുന്നവൎക്കൊക്കെ അറിയാവുന്നതാണ്. ഒരു വിഷയത്തിൽ വലിപ്പമുണ്ടെങ്കിൽ മറെറാന്നിൽ ന്യൂനതയില്ലാത്ത മനുഷ്യരില്ല. പ്രശാന്തഗംഭീരനായ ഭീഷ്മരെ എല്ലാ അവസരങ്ങളിലും പൂജ്യനും മഹാനുമായല്ലാതെ വ്യാസർ വൎണ്ണിച്ചിട്ടില്ല.

ഒരുവൻെറ മാഹാത്മ്യം കുലംകൊണ്ടോ, ബലംകൊണ്ടോ, ധനംകൊണ്ടോ, സാമൎത്ഥ്യംകൊണ്ടോ മാത്രമല്ല നിൎണ്ണയിയ്ക്കേണ്ടതു; അവൻെറ ജ്ഞാനംകൊണ്ടും പ്രവൃത്തികൊണ്ടുമാകുന്നു. രുചിയുള്ള വസ്തുക്കൾ ഭക്ഷിയ്ക്കുമ്പോൾ രസാവഹങ്ങളാണെങ്കിലും, തൊണ്ടയ്ക്കു കീഴിലിറങ്ങിക്കഴിഞ്ഞാൽ അവയ്ക്കുള്ള സ്വാദ് ഇല്ലാതെ വരുന്നവിധം കുലം, ബലം, ധനം മുതലായ ഗുണങ്ങൾ ഓരോ സന്ദൎഭങ്ങളിൽ വലിപ്പത്തെ ചെയ്യുമെങ്കിലും അപ്രകാരം സിദ്ധിയ്ക്കുന്ന മാഹാത്മ്യം നശ്വരമാകുന്നു. നേരെ മറിച്ച്, ജ്ഞാനംകൊണ്ടും, സൽപ്രവൃത്തികൊണ്ടും സിദ്ധിയ്ക്കുന്ന മാഹാത്മ്യം ശാശ്വതവും യഥാൎത്ഥമായ യശസ്സിന്നു നിദാനവുമാകുന്നു. ഭീഷ്മരുടെ ആവിൎഭാവംമുതൽ സ്വൎഗ്ഗാരോഹണംവരെയുള്ള ചരിത്രത്തെ സൂക്ഷ്മമായി നോക്കിയാൽ, ഉത്തമപുരുഷന്നു വേണ്ടുന്ന ഗുണങ്ങളെല്ലാം തികഞ്ഞ ഒരു പാത്രത്തെ സങ്കല്പത്തിലെങ്കിലും നിൎമ്മിയ്ക്കാൻ കഴിഞ്ഞ വ്യാസരുടേയും, തദ്വാരാ അക്കാലത്തുണ്ടായിരുന്ന ഹിന്ദുസമുദായത്തിൻേറയും, മനഃപൗഷ്കല്യത്തെ അഭിനന്ദിയ്ക്കാതിരിയ്ക്കാൻ നിവൃത്തിയില്ല. ഭീഷ്മരുടെ നടവടികളിൽ ഒന്നും അഹങ്കാരബീജമായ സത്വാഭിമാനത്താൽ മലിനമാക്കപ്പെട്ടിരുന്നില്ല. മഹാകാൎയ്യങ്ങളെ സ്വപ്രയത്നംകൊണ്ടു് സാധിച്ചു് വന്നു്

നടിയ്ക്കാതെ വരുന്നത് തന്നെ അതിമാനുഷത്വത്തെ വെളി-പ്പെടുത്തുന്നതാണ്; പിന്നെ അവയിൽ ഒരു കാൎയ്യകാരിത്വം പോലുമില്ലാത്ത മട്ടിൽ പിൻവലിഞ്ഞു് നിൽക്കുന്ന മഹാ-ന്മാരുടെ വലിപ്പത്തെപ്പററി എന്തു പറയാം! കുരുപാണ്ഡ-വകാലത്തു് നടന്ന ലോകയാത്രയ്ക്കു് കൎണ്ണധാരനായിരുന്ന ഭീഷ്മർ, ഭാരതരംഗത്തിൽ പ്രധാനവേഷക്കാരനായി പ്രത്യ-ക്ഷീഭവിയ്ക്കുന്നില്ല. സേനാപതിയായി വാഴുന്ന കാലത്തും കൗരവരാജന്റെ ആജ്ഞാകരനായിട്ട് മാത്രമേ അദ്ദേഹം വൎത്തിയ്ക്കുന്നുള്ളൂ. അവനവന്റെ കൃത്യങ്ങളിൽ ഏതാനും ഒരുവിധം ചെയ്തു് കൃതാൎത്ഥനായി പുകഴ്ച്ചയേററു്, പുറമേ ഭാവിച്ചില്ലെങ്കിലും, ഉള്ളിൽ ഞെളിഞ്ഞിരിയ്ക്കുന്നവർ ഭീഷ്മ-ചരിത്രത്തെ പഠിച്ച് അടക്കവും ഒതുക്കവും വരുത്തേണ്ടതാ-ണ്. മഹാന്മാരുടെ ചരിത്രത്തിൽ മനസ്സിനെ വ്യാപരി-പ്പിക്കുന്നതിലുള്ള ആനന്ദം മററൊന്നിലുമില്ലെന്ന് തന്നെ പറയണം. ലോകചരിത്രം മഹാന്മാർ ചെയ്തിട്ടുള്ള പ്രവൃ-ത്തികളുടെ ഒരു വിവരണം മാത്രമല്ലയോ? അവരുമായി അ-ല്പകാലമെങ്കിലും സഹവസിയ്ക്കുന്നതിന് ഇടവരുന്നത് എ-ത്ര ആനന്ദപ്രദമാണ്? അവരുടെ ജീവിതത്തെ നാം കാണു-ന്നത് എത്രതന്നെ അപൂൎണ്ണമായിട്ടാണെങ്കിലും, അപ്രകാരം ചെയ്യുന്നതിൽനിന്ന് നമുക്കു ഏതാണ്ടു് ഗുണം സിദ്ധിയ്ക്കാ-തെ വരുന്നില്ല. മഹാന്മാർ സൂൎയ്യനെപ്പോലെ സ്വയംപ്ര-കാശന്മാരാകുന്നു. സൂൎയ്യകിരണങ്ങൾ അല്പമായി തട്ടുന്നിട-ത്തുപോലും അന്ധകാരം വെടിയുന്ന കണക്ക്, മഹാന്മാ-രുടെ ചരിത്രലാഞ്ഛനപെടുന്നവന് ജ്ഞാനം വരാതിരിയ്ക്കാ-യില്ല. കരദീപംപോലെ ഊതിയാൽ കെടുന്നതല്ല മഹാ-ന്മാരുടെ ശക്തി. വൈദ്യുതശക്തിപോലെ അതു് ഇതരന്മാ-രെ ബലാൽ ആകൎഷിയ്ക്കുന്നു. ഏതു് ദുൎഘടഘട്ടത്തിലും മഹാന്മാരുടെ സാന്നിധ്യം ആശ്വാസത്തേയും, വിശ്വാസ-

ത്തേയും നൽകുന്നു. നമ്മുടെ മതം എന്തായിരുന്നാലും നമ്മെക്കാൾ മേലായി ഒന്നുണ്ടെന്ന് നമുക്ക് വിശ്വാസത്തെ ജനിപ്പിക്കുന്നു. 'മതം' എന്നു നാം പറയുന്നത് മനുഷ്യന്റെ ബാഹ്യാചാരപരമ്പരയേയാണെന്ന് തെറ്റിദ്ധരിച്ചുകൂടാ. ഒരു മനുഷ്യൻ ഏതിനെ സത്യമെന്ന് ഗാഢമായി വിശ്വസിച്ച് പ്രവൎത്തിയ്ക്കുന്നോ, അഥവാ, ഏതു് ദുർഘടഘട്ടത്തിലും തുണയായി കരുതിവെച്ചിരിയ്ക്കുന്നോ, അതാകുന്നു അവന്റെ മതം. അനാദ്യന്തമായി കാണുന്ന ലോകത്തിനും നമുക്കുമായി എന്തു് ചാൎച്ചയുണ്ടെന്നും, അതിൽ നമ്മുടെ ഗതി എന്തെന്നും, കൃത്യമെന്തെന്നും നാം ബോധിയ്ക്കുന്നുവോ അതാകുന്നു നമ്മുടെ മതം. ഈ ബോധത്തെ ആശ്രയിച്ചല്ലാതെ നമ്മുടെ സകല പ്രവൃത്തികളും ഇരിയ്ക്കയില്ല. ഒരു മനുഷ്യന്റെയാകട്ടെ ഒരു സമുദായത്തിന്റെയാകട്ടെ ഈ ബോധം എന്തെന്ന് നമുക്കു അറിയാൻ കഴിഞ്ഞാൽ ആ മനുഷ്യന്റേയോ സമുദായത്തിന്റേയോ ചരിത്രമെന്തായിരിയ്ക്കുമെന്ന് നിൎണ്ണയിയ്ക്കാൻ പ്രയാസമില്ല. ലോകത്തിൽ നടക്കുന്ന സകല കാൎയ്യങ്ങൾക്കും നിദാനങ്ങളില്ലാതെയിരിയ്ക്കുന്നില്ലെങ്കിലും, ഞാനാണ് അവയ്ക്ക് കാരണമെന്ന് വിചാരിയ്ക്കുന്ന അഹമ്മതി അജ്ഞതമൂലം ഉത്ഭവിയ്ക്കുന്നതാണെന്നും, സ്വകൃത്യനിൎവ്വഹണത്തിൽ മുഖംനോക്കി പ്രവൃത്തിയ്ക്കുന്നതും അന്യന്മാൎക്ക് കഴിയുന്ന ന്യായമായ ക്ഷേമത്തെ ചെയ്യുന്നതിൽ പ്രതിഫലേച്ഛയുണ്ടാകുന്നതും അയുക്തമാണെന്നും ഭഗവൽഗീതയിൽ ഉപദേശിച്ചിട്ടുള്ള കൎമ്മസന്ന്യാസതത്വത്തിന് വിശിഷ്ടോദാഹരണമായി വ്യാസർ പ്രതിപാദിച്ചിട്ടുള്ള പാത്രമാകുന്നു ഭീഷ്മർ. നിഷ്കാമമായ കൎമ്മത്തിനുള്ള മാഹാത്മ്യത്തേയും തന്നിമിത്തം ലോകത്തിൽ സിദ്ധിയ്ക്കുന്ന യശസ്സിനേയും ഭീഷ്മരുടെ ചരിത്രം പ്രത്യക്ഷമാക്കുന്നതാണ്.

51